

അധികാരം ജനങ്ങളിലേക്ക്

വികസനരേഖ



നടവുർ ഗ്രാമപഞ്ചായത്ത്





മടവൂർ ഗ്രാമ പഞ്ചായത്ത്

വികസനരേഖ

ഒൻപതാംപദ്ധതി ജനകീയപദ്ധതി

Resources & Topographical Map
MADAVOOR GRAMA
PANCHAYATH





"സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്
ജനസാമാന്യത്തിന് എപ്പോൾ തോന്നുന്നുവോ അപ്പോൾ മാത്രമാണ്
ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക"

– ഗാന്ധിജി –

നമ്മെ വിളിക്കുന്നു

മുല്ലനേഴി

ആത്മാഭിമാന കൊടിക്കൂറ പൊക്കുവാൻ
കൂട്ടുകാരേ നമുക്കൊത്തുചേരാം
കാലങ്ങളായി നാം കാത്തുകാത്തിരുന്നൊരാ-
ക്കാലമിതാ നമ്മളുടെ മുന്നിലെത്തി

ഇവിടെ നമ്മൾ തലവെട്ടിച്ചകലരുതേ!
ഇവിടെ നമ്മൾ തലയാട്ടിത്തുലയരുതേ!
ഇവിടെ നമ്മളുണരുക
ഇവിടെ നമ്മളുയരുക
ഇവിടെയെന്തു വേണമെന്നു-
നമ്മൾ നിശ്ചയിക്കുക

മണ്ണിൽ നിന്നു മഴയിൽ നിന്നു-
വെയിലിൽ നിന്നു മോചനം
നല്കിടുന്ന വൃത്തിയുള്ള വീടുകൾ ചമയ്ക്കുക
നല്ല വഴി, നല്ല തൊഴിൽ, നല്ല ജീവിതത്തിനായ്
നല്ലപോലെ മെയ്യനങ്ങി നല്ലനാളു തീർക്കുക

നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളാണ് നമ്മളുടെ
നന്മ തിന്മ തീർപ്പതും

മുകളിൽനിന്നു നമ്മളെ
ഭരിക്കുവാൻ കൊതിപ്പവർ
മുഞ്ഞിവീർത്തു മാറിനിന്നു
വഴിമുടക്കുവാൻ വരാം.

അവരെ മാറ്റിനിർത്തുവാൻ
നമ്മളൊന്നു ചേരുക
നമ്മളാണു നമ്മളുടെ
നന്മതിന്മ തീർക്കുക

ഭാരതാംബ നമ്മളെ, ഗ്രാമജീവിതങ്ങളെ
ഭാവി ഭദ്രമാക്കുവാൻ വിളിക്കയാണു കൂട്ടരേ



ഇ.എം.എസ്. നമ്പൂതിരിപ്പാട്
അദ്ധ്യക്ഷൻ
ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി,
ജനകീയാസൂത്രണപ്രസ്ഥാനം, കേരളം

പ്രിയസഖാവേ,

താങ്കൾ അയച്ച കത്തുകിട്ടി . മടവൂർ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പ്രസ്ഥാനപരിപാടികൾക്ക് ഞാൻ ഭാവുകങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം

ഇ.എം.എസ് നമ്പൂതിരിപ്പാട്

സ്വീകർത്താവ്
ശ്രീമതി കെ. എസ്. ശാരദാമ്മ,
പ്രസിഡന്റ്,
മടവൂർ ഗ്രാമപഞ്ചായത്ത്.

ഇ.കെ. നായനാർ
മുഖ്യമന്ത്രി



പ്രിയപ്പെട്ട ശ്രീമതി ശാരദാമ്മ

മടവൂർ ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പരിപാടികളെകുറിച്ചുള്ള അറിയിപ്പ് കിട്ടി. കൂടുതൽ കരുത്തോടെ മുന്നേറുക. ആശംസകൾ


സ്നേഹപൂർവ്വം

ഇ. കെ നായനാർ


സമർപ്പണം

മഹത്തായൊരു സാംസ്കാരിക പൈതൃകം നമുക്ക് സമ്മാനിച്ച സാഹിത്യ സാംസ്കാരിക നവോത്ഥാന നായകന്മാരുടെയും പിറന്നനാടിന്റെ മോചനത്തിനുവേണ്ടി പടപൊരുതിയ ആത്മാഭിമാനികളായ ധീരദേശാഭിമാനികളുടേയും വീരസ്മരണകൾക്കു മുന്നിൽ ചരിത്രമുറങ്ങുന്ന മടവൂരിന്റെ കുതിച്ചുചാട്ടത്തിനു തുടക്കം കുറിക്കുന്ന ഈ വികസന റിപ്പോർട്ട് ഞങ്ങൾ ആദരവോടെ സമർപ്പിക്കുന്നു.


മടവൂർ ഗ്രാമപഞ്ചായത്ത് മുൻ സാരഥികൾ




ശ്രീ. എം. ബാലകൃഷ്ണൻനായർ
പ്രഥമപ്രസിഡന്റ്




ശ്രീ.പി.എം.കുഞ്ഞിരാമകുറുപ്പ്



അഡ്വ. എം.ദേവദാസ്



ശ്രീ.എൻ.ദേവദാസ്



അഡ്വ. വി. മോഹനൻ




ശ്രീ കെ. ത്രിവിക്രമൻനായർ

മടവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



ശ്രീമതി. കെ.എസ്. ശാരദാമ്മ
(പ്രസിഡന്റ്)




ശ്രീ.എം. സിദ്ദിഖ്
(വൈസ് പ്രസിഡന്റ്)



ശ്രീമതി.എസ്.വസന്ത
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ)

മെമ്പർമാർ




ശ്രീ.എസ്.ആർ.ചാന്ദ്മോഹൻ
(വാർഡ് 1)




ശ്രീ.ആർ. രാധാകൃഷ്ണനുണ്ണിത്താൻ
(വാർഡ് 2)




ശ്രീമതി.ആർ. ബേബി അമ്മ
(വാർഡ് 3)



ശ്രീ.സി.രവീന്ദ്രൻ ഉണ്ണിത്താൻ
(വാർഡ 4)



ശ്രീ.എം.ആർ. ജയകൃഷ്ണൻ
(വാർഡ് 5)



ശ്രീ.എ.രാഘവൻ
(വാർഡ് 8)

ഉള്ളടക്കം

1.	നാന്ദി	11
2.	ആമുഖം	12
3.	ജനകീയാസൂത്രണപദ്ധതി മടവൂർ ഗ്രാമപഞ്ചായത്ത്	13
4.	പ്രസിഡന്റിന്റെ കത്ത്	14
5.	പഞ്ചായത്ത് പൊതുവിവരങ്ങൾ	15
6.	ഭരണചരിത്രം	16
7.	സാംസ്കാരികപൈതൃകം ഐതിഹ്യവും നാട്ടറിവുകളും	20
8.	കൃഷിയും ജലസേചനവും	26
9.	മൃഗസംരക്ഷണവും മൽസ്യബന്ധനവും	33
10.	വിദ്യാഭ്യാസം	36
11.	കുടിവെള്ളവും പൊതുജനാരോഗ്യവും	45
12.	വ്യവസായം	52
13.	ഗതാഗതവും ഊർജ്ജവും	56
14.	പാർപ്പിടവും സാമൂഹ്യക്ഷേമവും	65
15.	സംസ്കാരം	70
16.	വനിതാക്ഷേമം	74
17.	സഹകരണം	79
18.	പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	84
19.	വിവേസമാഹരണം	88

നന്ദി

സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ട് പിന്നിട്ടിട്ടും നമ്മുടെ ഗ്രാമങ്ങളും ഗ്രാമീണരും വികസനത്തിന്റെ ചുറ്റുമ്പലത്തിനുവെളിയിലാണ്. ഭാരതത്തിന്റെ നട്ടെല്ല് ഗ്രാമങ്ങളാണെന്നും പരിവർത്തനത്തിന് തുടക്കം കുറിക്കേണ്ടത് ഗ്രാമങ്ങളിൽ നിന്നാണെന്നുമുള്ള ഗാന്ധിയൻ സങ്കല്പങ്ങൾക്കും വീക്ഷണങ്ങൾക്കും സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ തിരിച്ചടി നേരിട്ടു. ഗാന്ധിജിയുടെ രാമരാജ്യ സങ്കല്പം പൂർണ്ണമല്ലെങ്കിലും അത്തരത്തിലുള്ളൊരു അധികാര വികേന്ദ്രീകരണത്തിന് വർഷങ്ങൾ വീണ്ടും കാത്തിരിക്കേണ്ടിവന്നു. 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനം നമ്മുടെ പ്രശ്നങ്ങൾ കുറച്ചെങ്കിലും പരിഹരിക്കുമെന്ന് പ്രതീക്ഷിക്കാം.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രസക്തിയെക്കുറിച്ച് ഇന്ന് സർവ്വ വ്യാപകമായ ചർച്ചകൾ നടക്കുകയാണ്.നമ്മുടെ വികസനത്തിനുവേണ്ടി പഞ്ചവത്സര പദ്ധതികളിലൂടെ ഇതിനകം കോടിക്കണക്കിന് രൂപ ചെലവഴിച്ചെങ്കിലും ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ പലതും പ്രശ്നങ്ങളായിതന്നെ അവശേഷിക്കുന്നു. ജനപങ്കാളിത്തത്തിലൂടെയും വിഭവ സമാഹരണത്തിലൂടെയും മാത്രമേ ഇവ ഭാഗികമായെങ്കിലും പരിഹരിക്കാനാകുകയുള്ളു.

നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യലക്ഷ്യങ്ങളിൽ ഒന്ന് ഗ്രാമസ്വരാജ് ആയിരുന്നു. ബൽവന്ത്റായ്മേത്ത, അശോക്മേത്ത തുടങ്ങിയവർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ കുറിച്ചും ദന്ത്വാലാ കമ്മിറ്റിക ബ്ലോക്ക്തല സ്ഥാപനങ്ങളെ കുറിച്ചും ഒട്ടനവധി പഠനങ്ങൾ നടത്തി. 1959-78 കാലഘട്ടങ്ങളിലായി അനവധി കമ്മിറ്റികളും റിപ്പോർട്ടുകളും ഉണ്ടായി. 1979 ൽ ജില്ലാഭരണനിയമം പാസ്സായി. 1993 ൽ ഭരണഘടനയുടെ 73-ാം ഭേദഗതിയനുസരിച്ച് പഞ്ചായത്തീരാജ് ഭരണസംവിധാനം യാഥാർത്ഥ്യമായി.

ജനാധിപത്യ അധികാര വികേന്ദ്രീകരണ സ്വപ്നംസാക്ഷാത്കരിക്കുന്നതിന് ഇനിയുമേറെ കടമ്പകൾ പിന്നിടണം. ഭരണഘടനാ ഭേദഗതി നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണത്തിലും ഘടനയിലും ഏറെ മാറ്റങ്ങൾ വരുത്തി. ഇതിന്റെ ഫലമായി കേവലം മാർഗ നിർദ്ദേശകതത്വങ്ങൾ എന്ന നിലയിൽ നിന്ന് പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾ ഇന്ന് ഇൻഡ്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും അതിവിശിഷ്ടവുമായ ഘടകങ്ങളായി മാറിയിരിക്കുന്നു.

നാടിന്റെ വികസനപ്രവർത്തനങ്ങളിൽ ജനകീയ ആസൂത്രണപ്രവർത്തനങ്ങൾക്കുള്ള പങ്കിനെകുറിച്ച് ജനങ്ങൾ ബോധവാന്മാരാണെന്നതിന് ഏറ്റവും വലിയ തെളിവ് ഗ്രാമസഭകളിൽ പങ്കെടുത്ത ജനക്കൂട്ടങ്ങളായിരുന്നു. അഭിപ്രായ ഭിന്നതകൾ മറന്ന് നാടിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്ക്വേണ്ടി അവർ കൂട്ടായ നിർദ്ദേശങ്ങൾ നൽകി.

വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്ന നിർദേശങ്ങളുടെയും ആവശ്യങ്ങളുടെയും അന്തഃസത്ത ചോർന്ന് പോകാതെ ഞങ്ങൾ ക്രോഡീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. കുറ്റങ്ങളും കുറവുകളും ഇല്ലെന്നല്ല. തെറ്റുകൾ മനുഷ്യസാധാരണമാണല്ലോ. എങ്കിലും പോരായ്മകൾ ഒഴിവാക്കി സമഗ്രമാക്കാൻ ഞങ്ങൾ കഴിവതും ശ്രമിച്ചിട്ടുണ്ട്.

മഹത്തായ ഈ സംരംഭത്തിന് ഞങ്ങളെ പ്രോത്സാഹിപ്പിച്ചവരും സഹായിച്ചവരും ഏറെയാണ്. അവരോടുള്ള നന്ദിയും ആദരവും കടപ്പാടും ഞങ്ങൾ ഹൃദയത്തിന്റെ മണിച്ചെപ്പുകളിൽ സൂക്ഷിച്ചുകൊണ്ട്. നാളെയുടെ പുരോഗതിക്കുതകുന്ന ഈ വികസന റിപ്പോർട്ട് സാടിമാനം സമർപ്പിക്കുകയാണ്.

സമഗ്രമായ ഈ പഠന റിപ്പോർട്ട് പദ്ധതികളായി മാറ്റാൻ ഇനി കാലമേറെയില്ല. അതുകൊണ്ടുതന്നെ ഇത് നല്ല നാളെയ്ക്ക് വേണ്ടിയുള്ള വികസന റിപ്പോർട്ടാണ്. അതേ, ഭാവിയുടെ പ്രശാന്തമായ ജലപരപ്പുകളെ ഇളക്കി മറിക്കുന്ന ഒരു നാളെയുടെ പാട്ട്. ജലപ്പരപ്പിലെ ചിറ്റോളങ്ങളിലെല്ലാം പ്രത്യാശ നിറയ്ക്കുന്ന ഒരു നാളെയുടെ പാട്ട്. നല്ലൊരു നാളെയുടെ ആ പാട്ടുകേട്ട് നമുക്ക് കൂടുതൽ ഊർജ്ജസ്വലരാകാം.

സ്നേഹാദരങ്ങളോടെ,

ആർ. ബാലകൃഷ്ണപിള്ള — **വി.എസ്. സതീശ്ചന്ദ്രൻ**

ജെ. തുളസീധരകുറുപ്പ് — **എസ്. അരുളിധരൻ**

(എഡിറ്റേഴ്സ്)

ആമുഖം

ആസൂത്രണചരിത്രത്തിൽ പുതിയൊരു അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് വൻപിച്ചൊരു സാമൂഹിക മുന്നേറ്റത്തിന് കളമൊരുക്കുകയാണ് നമ്മുടെ സംസ്ഥാനം. കേരളത്തിന്റെ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആവിഷ്ക്കരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്നാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്. ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ മുഖമുദ്ര വികേന്ദ്രീകരണവും ജനപങ്കാളിത്തവും ആയിരിക്കണമെന്ന് നമ്മുടെ ഗവൺമെന്റ് ഉറച്ചുവിശ്വസിക്കുന്നു. വികസനം ഗ്രാമതലത്തിൽ നിന്നാണ് ആരംഭിക്കേണ്ടതെന്ന ചിന്താഗതിക്ക് ഏറെ പ്രാധാന്യമുണ്ട്.

കേരളത്തിൽ ജനപങ്കാളിത്തത്തോടെ നടത്തിയ സാമൂഹിക മുന്നേറ്റ പ്രവർത്തനങ്ങൾ അനവധിയായിരുന്നു. സ്വാതന്ത്ര്യാനന്തരം നമ്മുടെ ഗ്രാമങ്ങളിൽ പൊന്തിവന്ന ഗ്രന്ഥശാലാപ്രസ്ഥാനം, സാക്ഷരതാപ്രസ്ഥാനം എന്നിവ കേരളത്തെയാകെ തൊട്ടുണർത്തുകയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാവുകയുംചെയ്തു.

1951 ൽ ആരംഭിച്ച നമ്മുടെ ആസൂത്രണ പ്രക്രിയ കേന്ദ്രീകൃതമായിരുന്നു. വികസനമെന്നാൽ ഉദ്യോഗസ്ഥതലത്തിൽ മാത്രം നടത്തേണ്ടതാണെന്ന ധാരണ പടർന്നുപിടിച്ചു. ചുരുക്കത്തിൽ ആസൂത്രണവും നടത്തിപ്പും ജനങ്ങളെ പങ്കെടുപ്പിക്കാതെ ഭരണതലത്തിൽ മാത്രം കൈകാര്യം ചെയ്യേണ്ടവിഷയമായി അധഃപതിച്ചു. ഇത് ഒരു ദുരന്തത്തിന്റെ രൂപത്തിലാണ് നമ്മെ ബാധിച്ചത്. കേരളത്തിന്റെ വികസന മുരടിപ്പിനുകാരണവുമിതാണ്.

ഇതിൽ നിന്ന് കേരളത്തെ കര കയറ്റാനുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഭരണഘടനയുടെ 73-ാം ഭേദഗതിപ്രകാരം ഗ്രാമസഭകൾക്ക് പ്രധാനപ്പെട്ട ചുമതലകളാണ് ലഭിച്ചിരിക്കുന്നത്. ആസൂത്രണ പരിപാടിയിൽ ഗ്രാമീണജനങ്ങൾ പങ്കെടുക്കുന്നതോടെ ജനാധിപത്യവൽക്കരണത്തിന്റെ ഒരുപുതിയ യുഗം പിറക്കുകയാണ്. ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയുടെ സാധ്യതകളെയും ജനങ്ങളുടെ ആവശ്യങ്ങളെയും കണക്കിലെടുത്ത് പരിപാടികൾ ആവിഷ്ക്കരിക്കാൻ വികേന്ദ്രീകൃത ആസൂത്രണത്തിന് മാത്രമേ കഴിയുകയുള്ളൂ. പ്രാദേശികാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാനും പ്രാദേശികമായി വിവേ സമാഹരണം നടത്താനും ജനകീയാസൂത്രണപദ്ധതിയിലൂടെ സാധിക്കും.

വികസനത്തിന്റെ പേരിൽ ഇക്കഴിഞ്ഞ നാലര ദശാബ്ദകാലത്തിനിടയ്ക്ക് കോടിക്കണക്കിനുരൂപ ചെലവഴിച്ചു. എങ്കിലും അതിന്റെ ഗുണഫലം സാധാരണ ജനങ്ങൾക്ക് വേണ്ടരീതിയിൽ ലഭ്യമായിട്ടുണ്ടോയെന്ന് സംശയമാണ്.

കഴിഞ്ഞ അരനൂറ്റാണ്ടിലെ ആസൂത്രണത്തിന്റെ അനുഭവത്തിൽ നിന്ന് തന്നെ മുൻകാലരീതികൾ ആതേപടി പിൻതുടർന്നാൽ ഏറെ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയില്ലെന്ന് നമുക്ക് ബോധ്യമായി. പദ്ധതി ആസൂത്രണത്തിൽ പറ്റിയ പാളിച്ചകൾ പോരായ്മകളും ജനങ്ങളുടെ പ്രശ്നങ്ങൾ പലതും പരിഹരിക്കാനാവാത്ത അവസ്ഥയിലാക്കി.

ഇതിൽ നിന്ന് നമ്മുടെ സംസ്ഥാനത്തെ മോചിപ്പിക്കാനുള്ള ഒരു ബൃഹത്തായ പദ്ധതിക്കാണ് തുടക്കം കുറിച്ചിരിക്കുന്നത്. 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഉത്തരവാദപ്പെട്ട ചുമതലകളാണ് ജനങ്ങൾക്ക് നല്കിയിരിക്കുന്നത് . നമ്മുടെ ആവശ്യങ്ങളും ആവലാതികളും നമ്മൾതന്നെ കണ്ടെത്തി അവ പരിഹരിക്കാനുള്ള അസുലഭമുഹൂർത്തം. നമ്മുടെ നാടിന്റെ മുഖമായ മാറ്റാനുള്ള മഹത്തായൊരു യജ്ഞത്തിൽ അഭിമാനത്തോടെ നമുക്ക് പങ്കാളികളാകാം. അതിലൂടെ രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയയിൽ ഭാഗഭാക്കാകാം.

ജനകീയാസൂത്രണപദ്ധതി
മടവൂർ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് തുടക്കം കുറിച്ചു കൊണ്ട് സെപ്റ്റംബർ 26 ന് പഞ്ചായത്തിലെ ആദ്യത്തെ വിശേഷാൽ ഗ്രാമസഭ അഞ്ചാം വാർഡിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഒക്ടോബർ 5 ന് 9–ാം വാർഡിൽ കൂടിയ വിശേഷാൽ ഗ്രാമസഭയോടെ പഞ്ചായത്തിലെ വികസന പ്രക്രിയയുടെ പ്രഥമഘട്ടം പൂർത്തിയായി. ഗ്രാമസഭകളുടെ സംഘാടനത്തിന് പഞ്ചായത്ത് കമ്മിറ്റിയും ജില്ലാതല പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാരും നേതൃത്വം നൽകി. ഗ്രാമസഭകളിലെ ജനപങ്കാളിത്തം ആവേശകരവും അഭൂതപൂർവ്വവുമായിരുന്നു. സ്ത്രീകളും പിന്നോക്ക വിഭാഗക്കാരും സാധാരണക്കാരുമൊക്കെ നാടിന്റെ പ്രശ്നങ്ങൾ ഒത്തൊരുമിച്ച് ചർച്ച ചെയ്തു.

ഈ കൂട്ടായ്മയും ചർച്ചയും വികസനത്തിന്റെ നൂതന മേഖലകളിലേക്ക് എത്തിക്കുന്നവയായിരുന്നു. കാർഷിക വ്യാവസായിക മേഖലകളിൽ ശ്രദ്ധേയമായമാറ്റത്തിന് തുടക്കം കുറിക്കാൻ കഴിയുന്ന അനവധി ക്രിയാത്മക നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു. ഇവ നമ്മുടെ നാടിന്റെ പുരോഗതിയിൽ ജനങ്ങളുടെ പങ്കാളിത്തവും താല്പര്യവും വ്യക്തമാക്കുന്നവയായിരുന്നു. ഇവ യാഥാർത്ഥ്യമായാൽ നമ്മുടെ ഗ്രാമത്തിന്റെ മുഖച്ഛായ മാറുമെന്നതിൽ സംശയമില്ല.

വിശേഷാൽ ഗ്രാമസഭകൾക്ക് ശേഷം ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നെങ്കിലും പഞ്ചായത്തിലെ രണ്ടാം ഘട്ട പരിശീലനത്തിന് ശേഷമാണ് ഇത് പൂർത്തിയായത്. ദ്വിതീയ വിവരശേഖരണം, വികസന റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കുവേണ്ടി സംഘടിപ്പിച്ച രണ്ടാംഘട്ട പഞ്ചായത്തു തല ശില്പശാലയിൽ 50 പേർ പങ്കെടുത്തു. ഡേറ്റകൾ ശേഖരിക്കുന്നതിനുവേണ്ടി 4 കോർഗ്രൂപ്പുകൾ രൂപീകരിച്ചു. ഡേറ്റാകളക്ഷൻ, ട്രാൻസിറ്റ് വാക്ക് എന്നിവയിലൂടെ ദ്വിതീയ സ്ഥിതിവിവരക്കണക്കുകളും പഞ്ചായത്തിന്റെ ഭൂപ്രകൃതിയും, വിവിധ വിഭവങ്ങളെ പറ്റിയുള്ള വിവരങ്ങളും ശേഖരിച്ചു. വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതിയുടെ അവലോകന റിപ്പോർട്ട് അവതരിപ്പിക്കുകയും നാട്ടിലെ തലമുതിർന്ന കാരണവന്മാരെയും കർഷകരെയും നേരിൽ കണ്ട് ചർച്ച നടത്തി നമ്മുടെ കാർഷിക സാംസ്കാരിക പാരമ്പര്യത്തെ കുറിച്ചുള്ള മെച്ചപ്പെട്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

സ്വാതന്ത്ര്യ സമരസേനാനി ശ്രീ ഐക്കരഴികത്ത് ഗോപാലപിള്ള, റിട്ട അദ്ധ്യാപകരായ ശ്രീ ഏറത്ത് ഗോപാലക്കുറുപ്പ്, ശ്രീ കുട്ടിനാട്ട് എ. ബാലകൃഷ്ണൻനായർ ശ്രീ കാവിൽ വി ഗോപിനാഥൻ നായർ, ശ്രീ കെ ഗോപാലപിള്ള, ശ്രീ മടവൂർ ശ്രീധരൻനായർ, ശ്രീ കെ. ത്രിവിക്രമൻനായർ ശ്രീ എ കെ രാമചന്ദ്രൻനായർ കഥകളി ആചാര്യനായ ശ്രീ മടവൂർ വാസുദേവൻ എന്നിവർ നമ്മുടെ നാടിന്റെ സാംസ്കാരിക പെരുമയെ കുറിച്ചും പാരമ്പര്യത്തെ കുറിച്ചും വിലപ്പെട്ട ഒട്ടേറെവിവരങ്ങൾ നൽകി. ഈ പ്രതിഭകളെ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ വികസനറിപ്പോർട്ട് പൂർത്തിയാക്കാൻ ഞങ്ങളെ സഹായിച്ച LRP മാർ, കൺവീനർമാർ, കണക്കുകളും വസ്തുതകളും യഥാസമയം എത്തിച്ചുതന്ന ഉദ്യോഗസ്ഥൻമാർ, പഞ്ചായത്തിന്റെ വിവേ ഭൂപടം വരച്ചുതന്ന ശ്രീ പ്രദീപ്, ശ്രീ കാർത്തികേയൻ നായർ എന്നിവരോട് ഞങ്ങൾക്ക് ഏറെ കടപ്പാടുണ്ട്.

വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന നിർദ്ദേശങ്ങൾ, വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച സ്ഥിതിവിവരങ്ങൾ, സന്നദ്ധപ്രവർത്തകർ ശേഖരിച്ച ദ്വിതീയ വിവരശേഖരണം എന്നിവ ക്രോഡീകരിച്ചാണ് ഈ വികസനറിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പരിമിതികൾ ഏറെയുണ്ടെങ്കിലും വികസനത്തിന് കൊതിക്കുന്ന ഒരു കൊച്ചു ഗ്രാമത്തിന്റെ ഭാവി വികസന പന്ഥാവിലെ ഒരു രജത രേഖയായി മാറുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ സാഭിമാനം ഈ വികസന റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

പ്രസിഡന്റിന്റെ കത്ത്

ഗ്രാമസഭകളിൽ ആവേശത്തോടെ പങ്കെടുത്ത നൂറുകണക്കിനാളുകളുടെക്രിയാത്മക നിർദ്ദേശങ്ങളുടേയും വികാരവിചാരങ്ങളുടേയും സമന്വയമാണ് മടവൂർഗ്രാമപഞ്ചായത്തിന്റെ ഈ വികസന റിപ്പോർട്ട്. ഒൻപതാം ജനകീയാസൂത്രണ പദ്ധതിയുടെ പ്രാധാന്യവും പൊരുളും ജനങ്ങൾ മനസ്സിലാക്കി എന്നതിനുദാഹരണമാണ് വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തം . സാധാരണ പൊതുവേദികളിൽ നിന്നകന്നു നിൽക്കുന്ന വനിതകൾ തങ്ങളുടെ പ്രശ്നങ്ങൾക്കൊപ്പം നാടിന്റെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വികസനത്തിൽ പങ്കാളികളാകാൻ സ്വമേധയാ മുന്നോട്ടു വന്നത് വികസനചരിത്രത്തിലെ ഒരു പുത്തൻ അനുഭവമായിരുന്നു. പുരുഷന്മാരേക്കാൾ സ്ത്രീകൾ കൂടുതലുള്ള നമ്മുടെ പഞ്ചായത്തിലെ സ്ത്രീപങ്കാളിത്തം അഭിമാനകരമായ ഒരു മാറ്റത്തിന്റെ സൂചനയാണ്. ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ, കോർ ഗ്രൂപ്പുകൾ സംഘടിപ്പിച്ച സ്ഥിതിവിവരക്കണക്കുകൾ, നാട്ടറിവുകൾ, കാരണവന്മാരിൽ നിന്ന് ലഭിച്ച വിവരങ്ങൾ എന്നിവയാണ് ഈ റിപ്പോർട്ടിന് അടിസ്ഥാനം.

ഇതിനുപിന്നിലെമനുഷ്യ പ്രയത്നം വാക്കുകൾക്കതീതമാണ്. മടവൂരിന്റെ വികസനചരിത്രത്തിലെ ഒരു സുവർണരേഖയെന്ന് വിശേഷിപ്പിക്കാവുന്ന ഈ വികസനറിപ്പോർട്ടിന്റെ പൂർണതയ്ക്ക് വേണ്ടി അഹോരാത്രം പ്രയത്നിച്ച ജില്ലാതല റിസോഴ്സ് പേഴ്സൺമാർ, സ്ഥിതിവിവരക്കണക്കുകൾ നൽകിയ ഉദ്യോഗസ്ഥൻമാർ, കൺവീനർമാർ, ഈ റിപ്പോർട്ടിന്റെ സമഗ്രതയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ചവർ എന്നിവരോട് പഞ്ചായത്ത് ഭരണസമിതിയുടെ നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിന്റെ ഈ വികസന രേഖ ഗൗരവമായ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

മടവൂർ
15-12-96

കെ.എസ്.ശാരദാമ്മ
(പ്രസിഡന്റ്)

മടവൂർ ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	മടവൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	മടവൂർ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	മടവൂർ പള്ളിക്കൽ ഡിവിഷനുകൾ (വാർഡ് 1)
ബ്ലോക്ക് പഞ്ചായത്ത്	കിളിമാനൂർ
താലൂക്ക്	ചിറയിൻകീഴ്
ജില്ല	തിരുവനന്തപുരം
അസംബ്ലി മണ്ഡലം	കിളിമാനൂർ
വിസ്തീർണ്ണം	18.53 ച. കി. മി
ജനസംഖ്യ	18541 (സെൻസസ് 1991)
വാർഡുകളുടെ എണ്ണം	9


പഞ്ചായത്ത് അതിരുകൾ

വടക്ക്	പള്ളിക്കൽ, ചടയമംഗലം പഞ്ചായത്തുകൾ
കിഴക്ക്	നിലമേൽ പഞ്ചായത്ത്
തെക്ക്	കിളിമാനൂർ നഗരൂർ പഞ്ചായത്ത്
പടിഞ്ഞാറ്	നാവായ്ക്കുളം പഞ്ചായത്ത്

പ്രസിഡന്റ്	ശ്രീമതി. കെ. എസ്. ശാരദാമ്മ
വൈസ്പ്രസിഡന്റ്	ശ്രീ എം. സിദ്ധിഖ്
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ	ശ്രീമതി എസ്. വസന്ത

ജനസംഖ്യാ വിതരണം

വാർഡ്	ജനസംഖ്യ			സാക്ഷരത (ശതമാനത്തിൽ)	
	ആൺ	പെൺ	ആകെ	ആൺ	പെൺ
1	989	1112	2101	83.01	75.54
2	1132	1193	2325	81.54	74.66
3	1062	1211	2273	77.12	70.69
4	967	1044	2011	83.97	78.07
5	1270	1286	1556	83.30	75.19
6	965	1139	2104	81.24	77.53
7	917	956	1873	73.00	68.83
8	744	806	1550	69.08	60.42
9	829	919	1748	80.33	73.01
ആകെ	**8875**	**9666**	**18541**	**79.62**	**73.12**



ഭരണചരിത്രം

ത്യാഗോജ്ജ്വലമായ നേട്ടങ്ങളിലൂടെ നാടിന്റെ മാനം കാത്ത ധീരദേശാഭിമാനികളായ യുഗ പ്രഭാവന്മാരുടേയും സാഹിത്യ സാംസ്കാരിക നായകന്മാരുടെയും ജന്മം കൊണ്ട് അനുഗ്രഹീതമായ പ്രദേശമാണ് മടവൂർ.

1953 ൽ ആയിരുന്നു മടവൂർ പഞ്ചായത്ത് രൂപം കൊണ്ടത്. സർവ്വശ്രീ കുട്ടിനാട് എം. ബാലകൃഷ്ണൻനായർ, കെ. രാഘവൻ, പകൽക്കുറി മാധവൻപിള്ള, മറവക്കുഴി രാമൻപിള്ള, കാഞ്ഞിരങ്ങാട്ട് മാധവൻപിള്ള, പി. എം കുഞ്ഞിരാമക്കുറുപ്പ്, അബ്ദുൾ റഹ്മാൻ കുഞ്ഞ് എന്നിവരായിരുന്നു പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ. ഇതിൽ നിന്ന് ശ്രീ എം ബാലകൃഷ്ണൻ നായരെ പ്രസിഡന്റായി തെരഞ്ഞെടുത്തു. 1957 ജൂൺ ആറിന് അന്നത്തെ പ്രസിഡന്റ് ഗവൺമെന്റ് സർവ്വീസിൽ പ്രവേശിച്ചതോടെ ശ്രീ പി. എം കുഞ്ഞിരാമക്കുറുപ്പ് പ്രസിഡന്റായി. തുടർന്ന് തെരഞ്ഞെടുപ്പിനുശേഷം 1964 ജനുവരി ഒന്നാംതീയതി അഡ്വ. എം ദേവദാസ് പഞ്ചായത്ത് പ്രസിഡന്റായി ചുമതല ഏറ്റെടുത്തു.

1977 ൽ നമ്മുടെ പഞ്ചായത്ത് രണ്ടായി വിഭജിക്കപ്പെട്ടു. അങ്ങനെ മടവൂരും പള്ളിക്കലും രണ്ട് പഞ്ചായത്തുകളായി. എന്നാൽ ഇന്നും മടവൂർ വില്ലേജിലെ ചില പ്രദേശങ്ങൾ പള്ളിക്കൽ പഞ്ചായത്തിലും പള്ളിക്കൽ വില്ലേജിലെ ചില സ്ഥലങ്ങൾ മടവൂർപഞ്ചായത്തിലുമായി സ്ഥിതിചെയ്യുന്നു.

സർവ്വശ്രീ എൻ. ദേവദാസ് അഡ്വ. വി.മോഹനൻ, കെ ത്രിവിക്രമൻനായർ എന്നിവർ തുടർന്ന് നമ്മുടെ പഞ്ചായത്തിന്റെ സാരഥികളായി. ഇപ്പോൾ ശ്രീമതി കെ. എസ് ശാരദാമ്മയാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മടവൂർ പഞ്ചായത്തിന് ഒരാസ്ഥാനം നിർമ്മിക്കാൻ 20 സെന്റ് സ്ഥലം സൗജന്യമായി നൽകിയത് മടവൂർ പുത്തൻവീട്ടിൽ ശ്രീ പി. ഗോപാലകൃഷ്ണക്കുറുപ്പാണ്. ഇവിടെയാണ് ഇന്നത്തെ പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്നത്.

മടവൂർ പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി ഓവർഹെഡ് ടാങ്ക് നിർമ്മാണത്തിനുവേണ്ടി രണ്ട് സെന്റ് സ്ഥലവും കൃഷിഭവന് സ്വന്തംകെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി അഞ്ച് സെന്റ് സ്ഥലവും സൗജന്യമായി നൽകിയത് മാമണ്ണൂർ മഠത്തിൽ ശ്രീമാൻ കേശവരു കേശവരു ആണ്. കക്കോട് അഗ്രോസെൻറിന്വേണ്ടി ശ്രീ ശങ്കരൻ, ശ്രീകൊച്ചുഗോവിന്ദൻ, മുളവന അഗ്രോസെന്ററിന് വേണ്ടി ശ്രീമതി ദേവകിയമ്മ, ശ്രീഗോപാലൻ എന്നിവരും സ്ഥലംസംഭാവന ചെയ്തു.

വർഷങ്ങൾക്ക് മുമ്പുതന്നെ സാമൂഹിക സാംസ്കാരികം രംഗങ്ങളിൽ ഒരു കുതിച്ചുചാട്ടത്തിന് നമ്മുടെ ഗ്രാമം തയ്യാറായി. തിരുവിതാം കൂറിൽ ക്ഷേത്രപ്രവേശന വിളംബരം നടപ്പാക്കിയെങ്കിലും നമ്മുടെ പ്രദേശങ്ങളിൽ അധഃകൃതരുടെ പിന്നോക്കാവസ്ഥ തുടർന്നു. ഇവരെ സമൂഹികമായി ഉയർത്തുന്നതിന് മടവൂർ ശ്രീ എൻ. ബലരാമൻ പിള്ളയുടേയുംപഞ്ചായത്ത് പ്രസിഡന്റായിരുന്ന കുട്ടിനാട് ശ്രീ എം ബാലകൃഷ്ണൻനായരുടേയും നേതൃത്വത്തിൽ ഹരിജനങ്ങളെ ഉൾപ്പെടുത്തി പന്തിഭോജനം നടത്തിയത് നമ്മുടെ പഞ്ചായത്തിലെ ഹരിജനോദ്ധാരണപ്രവർത്തനങ്ങളുടെ നാന്ദിയായിരുന്നു.

തിരുവനന്തപുരംജില്ലയിലെ ആദ്യ ഗ്രാമീണ ശുദ്ധജല പദ്ധതി 1968 ൽ ഉദ്ഘാടനം ചെയ്യപ്പെട്ടത് നമ്മുടെ പഞ്ചായത്തിലാണ്. ഇതിനുപിന്നിലെ പ്രധാന പ്രേരക ശക്തി ശ്രീ കെ ത്രിവിക്രമൻനായരായിരുന്നു. മടവൂരിന്റെ സമഗ്രവികസനത്തിന് തുടക്കം കുറിച്ച ഒട്ടനവധിപദ്ധതികൾ അദ്ദേഹത്തിന്റെ ശ്രമഫലമാണ്.

കേരളത്തിന്റെ തേക്കേ അറ്റത്ത് തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ സ്ഥിതിചെയ്യുന്ന ശാന്തസുന്ദരമായൊരു കൊച്ചുഗ്രാമമാണ് മടവൂർ, കിളിമാനൂർ, നഗരൂർ, നാവായിക്കുളം, പള്ളിക്കൽ,

ചടയമംഗലം, നിലമേൽ പഞ്ചായത്തുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശമാണ് 18.53 ച. കി. മീറ്റർ വിസ്തീർണ്ണമുള്ള മടവൂർ ഗ്രാമപഞ്ചായത്ത്. മണ്ണിനോട് പടവെട്ടി കൃഷിയിടങ്ങളിൽ കനകം വിളയിക്കുന്ന അദ്ധ്വാനശീലരായ കർഷകരും പട്ടിണിപാവങ്ങളും സാധാരണ ജനങ്ങളും ധാരാളമുള്ള ഒരു ഗ്രാമമാണിത്.

രാഷ്ട്രീയ രംഗം

സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് കേരളത്തിന്റെ സാമൂഹികരംഗത്തുണ്ടായ പരിവർത്തനത്തിന്റെ അലയടികൾ മടവൂരും എത്തി. അന്ധവിശ്വാസങ്ങൾക്കും അനാചാരത്തിനും, അയിത്തത്തിനുമെതിരെയുള്ള പ്രവർത്തനങ്ങൾ നമ്മുടെ സാംസ്കാരിക രംഗത്ത് മാറ്റത്തിന്റെ കാഹളമൂതി. കുടിയൊഴിപ്പിക്കൽ, ദുർബല വിഭാഗങ്ങൾക്കെതിരെയുള്ള മർദ്ദനങ്ങൾ എന്നിവക്കെതിരെയുള്ള ചെറുത്ത് നിൽപുകൾ സജീവമായി. സാമൂഹിക സമത്വമെന്ന ആശയത്തിന് സാർവ്വത്രികമായ പിന്തുണ ലഭിച്ചുതുടങ്ങി. ഈ പ്രവണതകൾക്ക് ഉത്തേജകശക്തിയായി ഇടതുപക്ഷ ആശയഗതികളും പ്രസ്ഥാനങ്ങളും വളർന്നുവന്നു. ഭൂമിതം അവസാനിപ്പിക്കണമെന്ന ആവശ്യവുമായി കർഷകപ്രസ്ഥാനം ഉണർന്നു 1957 ലെ കുടിയൊഴിപ്പിക്കൽ നിയമവും 1959 ലെ ഭൂപരിഷ്ക്കരണ നിയമവും, വിദ്യാഭ്യാസനിയമവും നമ്മുടെ നാട്ടിൽ ചലനങ്ങളുണ്ടാക്കി. 1973 ൽ സ എ കെ ഗോപാലന്റെ നേതൃത്വത്തിൽ മടവൂർ മാമണ്ണൂർ മഠംവക മിച്ചഭൂമിയിൽ ഒരു മാസത്തിലേറെക്കാലം നീണ്ടുനിന്ന മിച്ചഭൂമി സമരം മടവൂരിന്റെ സമരചരിത്രത്തിലെ മറ്റൊരു ചുവടുവയ്പായിരുന്നു. നമ്മുടെ നാട്ടിൽ ഭൂമിതം അവസാനിപ്പിക്കാനും കുടികിടപ്പുകാർക്ക് ഭൂമിയുടെ അവകാശം ലഭിക്കാനും വാരകൃഷിക്കാർക്ക് ഭൂ ഉടമകളാകാനും ഐതിഹാസികമായ ഈ സമരങ്ങളിലൂടെ കഴിഞ്ഞു. ഇത് നമ്മുടെ സാംസ്കാരിക നവോത്ഥാനത്തിന് ആക്കംകൂട്ടി.

വ്യത്യസ്ത മതവിഭാഗങ്ങൾ സൗഹാർദ്ദത്തോടെ കഴിയുന്ന നമ്മുടെ നാട്ടിൽ മതത്തിന്റെയോ ജാതിയുടെയോ രാഷ്ട്രീയത്തിന്റെയോ പേരിൽസംഘർഷമില്ല. മേത്തായൊരു സാംസ്കാരിക തനിമയുടേയും സഹിഷ്ണുതയുടേയും തെളിവാണിത്. ക്ഷേത്രങ്ങളിലേയും പള്ളികളിലേയും ആഘോഷങ്ങൾ ജാതീതമായ ചിന്താഗതിക്കതീതമായ സഹവർത്തിത്വം ഊറപ്പാക്കുന്നു.

പ്രധാന ക്ഷേത്രങ്ങൾ

ക്ഷേത്രോത്സവങ്ങൾ ഇവിടെ മാനവസാഹോദര്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും സമന്വയ വേദികളായി മാറുന്നു. ഉത്സവങ്ങൾ ഉത്സാഹത്തിമിർപ്പോടെ നാടിന്റെ ദേശീയോത്സവങ്ങളായി ആഘോഷിക്കുന്നു. ജാതീയമായ വേർതിരിവുകളോ ഉച്ചനീചത്വങ്ങളോ സങ്കുചിതചിന്താഗതികളോ ഇല്ലാതെ വ്യത്യസ്തമതവിഭാഗങ്ങൾ പങ്കെടുക്കുന്ന ക്ഷേത്രോത്സവങ്ങൾ സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റെയും വേദികളായി ജാതിമതഭേദമെന്യേ വിശാലമായൊരു പ്രദേശത്തിന്റെ സാംസ്കാരിക ജീവിതത്തിൽ സവിശേഷമായ സ്വാധീനം ചെലുത്തുന്ന മടവൂർ തൃക്കുന്നത്ത് കളരിയിൽ ദേവീക്ഷേത്രത്തിലെ ഉത്സവം നമ്മുടെ ഗ്രാമത്തിന്റെ ദേശീയോത്സവമായികൊണ്ടാടുന്നു. നമ്മുടെ സ്ഥലനാമത്തിന്റെ ഐതിഹ്യവുമായി ബന്ധപ്പെട്ട മടവൂർ മഹാദേവർ ക്ഷേത്രം, ആനകുന്നം ക്ഷേത്രം തെറ്റിക്കുഴിക്ഷേത്രം, വിളക്കാട് ക്ഷേത്രം, മുച്ചോട്ട് ക്ഷേത്രം, കുഴ്ലൻകുന്ന് ക്ഷേത്രം , മണ്ടയ്ക്കാട് ക്ഷേത്രം, കൂരിശ്ശോട് ക്ഷേത്രം എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ഹൈന്ദവാരാധനാലയങ്ങൾ.

മുസ്ലീം പള്ളികൾ

മുസ്ലീം പള്ളികളോടനുബന്ധിച്ചുള്ള ആഘോഷങ്ങളിലും ജാതിമത ചിന്താഗതികൾക്കതീതമായ സഹവർത്തിത്വം കാണാം. മതപ്രഭാഷണങ്ങളിലും മറ്റ് ആഘോഷങ്ങളിലും മതങ്ങൾക്കതീതമായൊരു സഹകരണം ഇന്ന് ദൃശ്യമാണ്. ഞാറയിൽക്കോണം മടവൂർ, എലിക്കുന്നുമുകൾ എന്നിവിടങ്ങളിലാണ് പഞ്ചായത്തിലെ പ്രധാന മുസ്ലീം പള്ളികൾ സ്ഥിതിചെയ്യുന്നത്.

ക്രിസ്ത്യൻ പള്ളി

നമ്മുടെ പഞ്ചായത്തിലെ ന്യൂനപക്ഷമായ ക്രിസ്ത്യാനികളുടെ ഏക ആരാധനാലയം വലിയകുന്നിൽ സ്ഥിതിചെയ്യുന്ന ക്രിസ്ത്യൻ പള്ളിയാണ്.

പ്രധാന സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഒറ്റനോട്ടത്തിൽ

സർക്കാർ സ്ഥാപനങ്ങൾ

പോസ്റ്റാഫീസ്, ഇലക്ട്രിസിറ്റി ആഫീസ്, വില്ലേജ് ആഫീസ് ആയുർവേദാശുപത്രി, ഇ എസ് ഐ ഡിസ്പെൻസറി, ചാലംകോണം പ്രൈമറി ഹെൽത്ത് സെന്റർ, കുടുംബക്ഷേമ ഉപകേന്ദ്രം, കൃഷിഭവൻ, മൃഗാശുപത്രി, എന്നിവയാണ് ഗ്രാമപഞ്ചായത്തിലെ പ്രധാന സർക്കാർ സ്ഥാപനങ്ങൾ.

ബാങ്കിംഗ്മേഖല

മടവൂർ സർവ്വീസ് സഹകരണബാങ്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ മടവൂർ ശാഖയുമാണ് പഞ്ചായത്തിലെ പ്രധാന ബാങ്കിംഗ് സ്ഥാപനങ്ങൾ. ഇവകൂടാതെ സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ബാങ്കുകളും ഉണ്ട്.

മാർക്കറ്റുകൾ

മടവൂർ, പുലിയൂർ കോണം, സീമന്തപുരം, തുമ്പോട് കരിമ്പുവിള, മടവൂർ ഗാർഡൻ സ്റ്റേഷൻ എന്നിവിടങ്ങളിലാണ് പഞ്ചായത്തിലെ പബ്ലിക് മാർക്കറ്റുകൾ സ്ഥിതിചെയ്യുന്നത്.

മാവേലിസ്റ്റോർ

മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ സാധാരണ ജനങ്ങൾക്കെത്തിക്കുന്നതിനു വേണ്ടി സർക്കാർ ആരംഭിച്ച മാവേലിസ്റ്റോർ മടവൂരിൽ സർവ്വീസ് സഹകരണബാങ്ക് കെട്ടിടത്തിൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു.

കശുവണ്ടി ഫാക്ടറികൾ

മടവൂർ, എലിക്കുന്നാം മുകൾ, തങ്കക്കല്ല്, മാങ്കോണം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾ നമ്മുടെ വ്യാവസായിക മേഖലയെ ആഴത്തിൽ സ്വാധീനിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഞാറയിൽകോണം എം എൽ പി സ്, തുമ്പോട് സി എൻ പിസ് എൽ പി എസ്, മടവൂർ എൽ പി എസ്, പുലിയൂർ കോണം ഗവ. എൽ പി എസ്. സി എൻ പി എസ് യു പി എസ്, എസ് വി യു പി എസ് പുലിയൂർകോണം, മടവൂർ എൻ എസ് എസ് എച്ച് എസ് എന്നിവയാണ് നമ്മുടെ പ്രധാന സ്കൂളുകൾ. ഇവകൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഇവയ്ക്ക് അനുപൂരകമായി പ്രവർത്തിക്കുന്ന നഴ്സറികളും സമാന്തര വിദ്യാലയങ്ങളും നമ്മുടെ വിദ്യാഭ്യാസ മേഖലയെ സമ്പന്നമാക്കുന്നു.

വായനശാലകൾ

ആനക്കുന്നം കലാപോഷിണി ഗ്രന്ഥശാല, മടവൂർ നവോദയം ഗ്രന്ഥശാല, വേമൂട് കലാമന്ദിർ വായനശാല, സീമന്തപുരം വൈ എം എ ലൈബ്രറി, ഞാറയിൽകോണം വായനശാല എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന വായനശാലകൾ.

ഭൂപ്രകൃതി

കാടുകളും മേടുകളും കുന്നുകളും മലകളും താഴ്വാരങ്ങളും നിറഞ്ഞ സവിശേഷവും മനോഹരവുമായൊരു ഭൂപ്രകൃതി മടവൂരിനുണ്ട്. ചെറിയ ചരിവുള്ള പ്രദേശങ്ങൾ, താഴ്വാരങ്ങൾ, സമതലങ്ങൾ, കുന്നുംപുറങ്ങൾ, എന്നിങ്ങനെ ഭൂപ്രകൃതിയെ 4 ആയി തിരിക്കാം.

കൃഷി നെല്ല് തെങ്ങ്, റബർ, മരച്ചീനി, കവുങ്ങ്, കുരുമുളക്, വാഴ, ഇഞ്ചി, പയറുവർഗ്ഗങ്ങൾ, പച്ചക്കറി, എന്നിവയാണ് പ്രധാന കൃഷിയിനങ്ങൾ.

പഞ്ചായത്തിലെ പൊതു ഭൂവിനിയോഗം

ഭൂമിയുടെ ഇനം	വിസ്തീർണ്ണം (ഹെക്ടറിൽ)
നിലം	649
പുരയിടം	5280
പുറമ്പോക്ക്	438
കൃഷിയോഗ്യമായ തരിശ്	123
ആകെ	4490

പരിസ്ഥിതി പ്രശ്നം

മണ്ണൊലിപ്പ്, അനധികൃത പാറപൊട്ടിക്കൽ, പുകമലിനീകരണം എന്നിവ നിമിത്തമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് അത്യാവശ്യമാണ്.

ഇലഭൃത

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ ചെറുതും വലുതുമായ ചിറകൾ, കിണറുകൾ, തോടുകൾ, ഊറ്റുകുഴികൾ, എന്നിവയാണ്. പ്രധാനപ്പെട്ട 11 തോടുകളും 10 പൊതുകുളങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്തുണ്ട്. ചിറകളുടെയും ചെറുകുളങ്ങളുടെയും ഇന്നത്തെ അവസ്ഥ പരിതാപകരണമാണ്. യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഇവയിൽ ജലംസംഭരിച്ച് നിർത്താൻ കഴിയുന്നില്ല അതിനാൽ മൺസൂൺകാലത്ത് ലഭിക്കുന്ന മഴവെള്ളം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ നമുക്ക്കഴിയുന്നില്ല.

ജനസാന്ദ്രത

പഞ്ചായത്തിലെ ആകെ ജനസംഖ്യ 18,541 ആണ് 4749 കുടുംബങ്ങളാണ്. നമ്മുടെ പഞ്ചായത്തിലാകെയുള്ളത് ഒരു കുടുംബത്തിലെ അംഗസംഖ്യ ശരാശരി 3.9 ആണ്. സംസ്ഥാന ശരാശരിയായ 5.1 നേക്കാളും കുറവാണിത്. ജനസാന്ദ്രത ഒരു സ്വ. കിമി.ന് 1001 ആണ്.

കാലാവസ്ഥ.

ഋതുക്കളുടെ മാറ്റങ്ങൾക്കനുസരിച്ച് വേനലും മഴയും സുലഭമായി ലഭിക്കുന്നു. ഇടവപ്പാതി, തുലാവർഷം എന്നിവ സമൃദ്ധമായി ലഭിക്കുന്നു. വേനൽമഴ പലപ്പോഴും കൃഷിയെ സഹായിക്കുന്നു.

ചരിത്രമുറങ്ങുന്ന നമ്മുടെ നാട് ഇന്ന് വികസനം തേടുകയാണ്. അടിയന്തിരമായി പരിഹരിക്കേണ്ട പ്രശ്നങ്ങൾ അനവധിയാണ്. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, എന്നിവ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയിലും ഒട്ടനവധി വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനുള്ളശ്രമങ്ങൾ നടന്നുവരുന്നു. വ്യവസായികമായി പിന്നോക്കം നിൽക്കുന്ന ഇവിടെ പുതിയ വ്യവസായ സംരംഭങ്ങളും ഫാക്ടറികളും സ്ഥാപിക്കേണ്ടതുണ്ട്. ഒരു വശത്ത് തൊഴിലില്ലായ്മയും മറുവശത്ത് തൊഴിലാളി ദൗർലഭ്യവും അനുഭവപ്പെടുന്നു. ഇവ പരിഹരിക്കാൻ സംഘടിതവും ആസൂത്രിതവുമായ ദീർഘവീക്ഷണത്തോടുകൂടിയതുമായ ഒരുസമീപനം അത്യാവശ്യമാണ്. ഒൻപതാം ജനകീയാസൂത്രണ പദ്ധതിക്ക് അതിനുകഴിയുമെന്നും വരും കാലങ്ങളിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനം ഏറെകുറെ എല്ലാ രംഗങ്ങളിലും പൂർത്തിയാക്കാൻ കഴിയുമെന്നും നമുക്ക് പ്രത്യാശിക്കാം.

ട്രാൻസെക്ട് AB

ഭൂപ്രകൃതി	ചെറിയ ചരിവ്	താഴ്വാരം	ചെറിയ ചരിവ്	സമതലം	സമതലം
മൺതരം	കളിമൺ	കളിമൺ	മണലിന്റെ അംശംചേർന്ന കളിമൺ	മണലിന്റെ അംശം ചേർന്നകളിമൺ	മണലിന്റെ അംശം ചേർന്നകളിമൺ
സസ്യാവരണം	റബർ, തെങ്ങ്, ഫലവൃക്ഷങ്ങൾ ഇടവിള	നെല്ല്	റബർ, തെങ്ങ്, ഫലവൃക്ഷങ്ങൾ ഇടവിള	തെങ്ങ്, ഫലവൃക്ഷങ്ങൾ ഇടവിള	തെങ്ങ്, ഫലവൃക്ഷങ്ങൾ ഇടവിള
പരിസ്ഥിതി പ്രശ്നങ്ങൾ	മണ്ണൊലിപ്പ്	നെല്പാടം	മണ്ണൊലിപ്പ്		

ട്രാൻസെക്ട് CD

പരിസ്ഥിതി പ്രശ്നങ്ങൾ	സസ്യാവരണം	മൺതരം	ഭൂപ്രകൃതി
-	റബർ, തെങ്ങ്, ഫലവൃക്ഷങ്ങൾ	കളിമൺ	ചെറിയ ചരിവ്
പാറപൊട്ടിക്കൽ	-	കരിങ്കൽ പാറ	കരിങ്കൽപാറ
-	റബർ, തെങ്ങ്, കശുമാവ്, ഫലവൃക്ഷങ്ങൾ, ഇടവിള	കളിമൺ പാറക്കെട്ട്	ചെറിയ ചരിവ്
നെല്പാടം	നെല്ല്	കളിമൺ	സമതലം
-	തെങ്ങ്, ഫലവൃക്ഷങ്ങൾ, ഇടവിള	കളിമൺ	ചെറിയ ചരിവ്
-	തെങ്ങ് ഫലവൃക്ഷങ്ങൾ ഇടവിള	കളിമൺ	സമതലം
നെല്പാടം	നെല്ല്	കളിമൺ	താഴ്വാരം
-	റബർ , തെങ്ങ്, ഫലവൃക്ഷങ്ങൾ, ഇടവിള	കളിമൺ	ചെറിയ ചരിവ്
-	റബർ, തെങ്ങ് , ഫലവൃക്ഷങ്ങൾ, ഇടവിള	കളിമൺ	സമതലം
-	തെങ്ങ്, ഫലവൃക്ഷങ്ങൾ ഇടവിള	കളിമൺ	ചെറിയ ചരിവ്
പാറപൊടിക്കൽ	റബർ, തെങ്ങ്, ഫലവൃക്ഷങ്ങൾ ഇടവിള,	കളിമൺ പാറക്കെട്ട്	ചെറിയ ചരിവ്



സാംസ്കാരികപൈതൃകം നാട്ടറിവും ഐതിഹ്യവും

ലോകോത്തരമായ പൗരാണിക സംസ്കാരങ്ങളെ പോലെ വിശ്വവിഖ്യാതമായൊരു സംസ്കാരമാണ് ആർഷഭാരത സംസ്കാരം. ഭാരതത്തിൽ ജീവിച്ചിരുന്ന ക്രാന്തദർശികളായ ആചാര്യൻമാർ രൂപം നൽകിയ മഹത്തായ ഈ സംസ്കാരം ജീവിതത്തിന്റെ സമസ്ത മേഖലകളെയും പ്രതിനിധാനം ചെയ്തിരുന്നു. ജീവിതഗന്ധിയായ ഈ സംസ്കാരം നമ്മുടെ മുഖ്യധാരയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തി. ഋഷിമാർ കരതലാമലകം പോലെ നൂറ്റാണ്ടുകൾ കാത്തുസൂക്ഷിച്ച ആർഷസംസ്കാരം പിന്നീട് കടന്നാക്രമണങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയമായി. എല്ലാ പാശ്ചാത്യവൽക്കരിക്കാനുള്ള ശ്രമത്തിനിടയിൽ നമ്മുടെ സാംസ്കാരിക പൈതൃകവും പിച്ചിച്ചീന്താനുള്ള സംഘടിത ശ്രമങ്ങൾ ഇന്ന് നടക്കുന്നുണ്ട്. ഇതിനെതിരെ ജാഗരൂകരാകേണ്ടത് ദേശാഭിമാനികളായ മുഴുവൻ ആളുകളുടെയും കടമയാണ്.

ആർഷ ഭാരത സംസ്കാരം പോലെ തന്നെ മഹത്തായ ഒരു സാംസ്കാരിക ധാര നമ്മുടെ കൊച്ചുകേരളത്തിലും ശതാബ്ദങ്ങളായി നിലനിന്നിരുന്നു. ഭാർഗവക്ഷേത്രമായ കേരളത്തിന്റെ സാംസ്കാരിക തനിമയുടെ സമുജ്ജ്വല പ്രതീകം ബ്രഹ്മക്ഷത്ര തേജസുകളുടെ സമ്മോഹന സമ്മേളനമായ പരശുരാമനാണ്. സഹിഷ്ണുത, ധർമ്മ ധീരത, സാരള്യം എന്നിവ നമ്മുടെ സംസ്കാരത്തിന്റെ മഹത്തായ സവിശേഷതകളാണ്. പ്രകൃതിയുടെ പ്രതികൂലാവസ്ഥയുമായി മത്സരിച്ചുകഴിയുന്ന കേരളീയ ജനതയിൽ സഹിഷ്ണുതയൊരു കെടാവിളക്കായി നിലനിൽക്കുന്നു. മതത്തിന്റെ പേരിൽ പരസ്പരം മത്സരിക്കുകയും തമ്മിലടിക്കുകയും കൊല ചെയ്യുകയും ചെയ്ത ജനങ്ങളിൽ തികച്ചും വ്യത്യസ്തമായ ഒരു സാംസ്കാരിക ചരിത്രമായിരുന്നു നമ്മുടേത്. മറുനാടുകളിൽ മതത്തിന്റെ ചരിത്രം താളിയോലകളിൽ എഴുതിയപ്പോൾ കേരളത്തിന്റെ [illegible] തുടയുടെ തങ്കലിപികളിൽ എഴുതിച്ചേർത്തു. മഹത്തായൊരു സാംസ്കാരിക നവോത്ഥാനത്തിന് ഇത് കാരണമായി.

മരുമക്കത്തായം സ്വീകരിച്ചിരുന്ന മാപ്പിളമാരും കാരുകുത്തി കൂടുമവളർത്തിയിരുന്ന മുസ്ലീങ്ങളും [illegible] സംസ്കാരത്തിന്റെ മഹത്തായ സവിശേഷതയാണ് ഹിന്ദുക്കളും മുസ്ലീംങ്ങളും ക്രിസ്ത്യാനികളും തമ്മിലുള്ള സഹിഷ്ണുത ജന്യമായ ഈ സൗഹാർദ്ദം കേരളത്തിലല്ലാതെ മറ്റെങ്ങും കാണാനാവില്ല. മതത്തിന്റെയും ജാതിയുടെയും പേരിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ചോരപ്പുഴകൾ ഒഴുകിയപ്പോഴും കേരളം ഐശ്വര്യത്തിന്റെയും സമാധാന ജീവിതത്തിന്റെയും മണിത്തൊട്ടിലായി മാറി.

സാംസ്കാരിക തനിമയിൽ നമ്മുടെ നാടും പിന്നിലല്ല. നൂറ്റാണ്ടുകളുടെ സാംസ്കാരിക പാരമ്പര്യമുറങ്ങുന്ന നാടാണ് മടവൂർ. ദേശനാമത്തിന്റെ ആവിർഭാവത്തെ പറ്റി വ്യക്തമായ സൂചനകളൊന്നും ലഭ്യമല്ല. പലനാടുകളുടെയും എന്നപോലെ തന്നെ നമ്മുടെ നാടിന്റെ പേരും ഐതീഹ്യങ്ങളാലും വായ്മൊഴികളാലും കെട്ടുപിണഞ്ഞുകിടക്കുന്നു. മാധ്യവ്യൻ എന്നൊരുമുനി പ്രാചീന കാലഘട്ടത്തിൽ ഇവിടെ ജീവിച്ചിരുന്നെന്നും പൂജാദികർമ്മങ്ങൾക്ക് വേണ്ടി അദ്ദേഹം നിരവധി ബ്രാഹ്മണരെ ഇവിടെ കൂടിയിരുത്തിയിരുന്നുവെന്നും ഒരു കൂട്ടമാളുകൾ വിശ്വസിച്ചിരുന്നു. അവരുടെ താമസത്തിനുവേണ്ടി നമ്മുടെ നാടിന്റെ പലഭാഗങ്ങളിലും ഒട്ടനവധി മഠങ്ങൾ നിർമ്മിച്ചു. മാമണ്ണൂർ മഠം,

തുറുവല്ലൂർ മഠം, താമരശ്ശേരി മഠം, ആനകുന്നത്തു മഠം, മത്തൻചേരിമഠം, അതിനടുത്തുണ്ടായിരുന്ന മറ്റൊരു മഠം, സീമന്തപുരത്തിനുസമീപത്തുണ്ടായിരുന്ന മഠം, വിളയ്ക്കാട്ട് രണ്ട് മഠങ്ങൾ എന്നീ മഠങ്ങൾ ഇങ്ങനെ ഉണ്ടായവയാണ്. മഠങ്ങളോടനുബന്ധിച്ച് പരദേവതാക്ഷേത്രങ്ങളും നിർമ്മിച്ചിരുന്നു. വരേണ്യവർഗ്ഗക്കാരായ ഇവർ ക്രമേണ ഭൂമിയുടെ അധിപന്മാരായി.

ഇതിൽപല മഠക്കാർക്കും നാടുവാഴികളുമായി ബന്ധമുണ്ടായിരുന്നു. പ്രശസ്തമായ മുറജപത്തിൽ പൗരോഹിത്യ കർമ്മങ്ങൾക്ക് ഇവരിൽ പലരെയും ക്ഷണിച്ചിരുന്നു. പിൽക്കാലത്ത് അന്യംതിന്നും, സ്ഥലംവിട്ടുപോയും, വസ്തുവകകൾ കൈമാറ്റംചെയ്തും പലമഠങ്ങളും നാമാവശേഷമായി. ഇവയിൽ പലതിന്റേയും അവശിഷ്ടങ്ങൾ നമ്മുടെ നാട്ടിൽ ഇന്നും കാണാം. അങ്ങനെ മഠങ്ങളുടെ ഊര് മഠവൂർ ആയി. തലമുറകൾ പറഞ്ഞ് പറഞ്ഞ് പിന്നീട് അത് ഗ്രാമ്യഭാഷയിൽ മടവൂർ ആയി മാറിയതാണെന്ന് ചിലർ വിശ്വസിക്കുന്നു. ഇതാണ് കൂടുതൽ യുക്തി സഹം മാധ്യവ്യപൂരമാണ് മടവൂർ ആയതെന്നാണ് ചിലരുടെ വാദം. എന്തായാലും മഠങ്ങളും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഒരു സംസ്കാരം നമ്മുടെ ദേശത്തിന്റെ സാമൂഹിക സാംസ്കാരിക ധാരയിൽ അന്തർലീനമായിട്ടുണ്ടെന്ന് പറയാതെ തരമില്ല.

ജന്മികളും കുടുമകളുമായിരുന്ന ബ്രാഹ്മണർ ഉദാരമതികളും സമാധാന പ്രിയരുമായിരുന്നു. സാധാരണ ജനങ്ങളെയും കർഷകരേയും സഹായിച്ചിരുന്ന അവർ ജനങ്ങളുടെ ബഹുമാനങ്ങൾക്ക് പാത്രമായിരുന്നു. വേദോച്ചാരണങ്ങളും ശാന്തിയും സമാധാനവും സമ്പത്തും നിറഞ്ഞുനിന്നിരുന്ന ഈ സാമൂഹ്യാന്തരീക്ഷം സംസ്കാര സമ്പന്നമായൊരു പൈതൃകം നമ്മുടെ ഗ്രാമത്തിന് സംഭാവനചെയ്തു. ഈ ബ്രാഹ്മണ സഹവാസം കൊണ്ട് സംസ്കൃതഭാഷാ സ്വാധീനം, കഥകളി തുടങ്ങിയ കലാരൂപങ്ങളുമായി ബന്ധം എന്നിവ ജനങ്ങളിലുമുണ്ടായി. ഇന്നാരെന്നും അജ്ഞാതരുമായ ഒട്ടനവധി ആളുകൾ ഈ നാടിന്റെ സാംസ്കാരിക ധാരയിൽ സംഭാവനകൾ നല്കി. വളക്കുറുള്ള സാമൂഹിക പശ്ചാതലത്തിൽ നിന്ന് ഭൈവോർജ്ജം വലിച്ചെടുത്ത് ആ നമ്മുടെ മാതൃഭൂമി ചെറുതും വലുതുമായ ഒട്ടനവധി കലാകാരന്മാർക്കും സാംസ്കാരിക നായകന്മാർക്കും ജന്മം നൽകി.

കലാസാംസ്കാരിക രംഗങ്ങളിൽ വെട്ടിത്തിളങ്ങിയ പ്രതിഭാധനരായ ഒട്ടനവധി കലാകാരന്മാരും സാഹിത്യകാരന്മാരും, സാംസ്കാരിക നായകന്മാരും നമ്മുടെ നാട്ടിലുണ്ടായിരുന്നു. അവരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെകുറിച്ച് അവ്യക്തമായ വിവരങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ. അർഹമായ ആദരവോ സ്ഥാനമോ ലഭിക്കാതെ വിസ്മരിക്കപ്പെട്ട മഹാരഥന്മാരായ പ്രതിഭകളെകുറിച്ച് നമ്മുടെ നാട്ടുകാർക്കുപോലും പറയത്തക്കവിവരങ്ങൾ ഇല്ല.

മടവൂരിന്റെ മഹത്തായ സാംസ്കാരിക തനിമ വളർത്തി എടുക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിച്ച വ്യക്തികളും സ്ഥാപനങ്ങളും ഏറെയാണ്. മടവൂരിന്റെ രാജശില്പിയായ ശ്രീ മടവൂർ കാളു ആശാൻ നമ്മുടെ നവോത്ഥാന നായകനായ ശ്രീ മടവൂർ സി. നാരായണപിള്ള, പിറന്ന നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ ശ്രീ മടവൂർ. എസ് നീലകണ്ഠപിള്ള, ശ്രീ ജി സി കുറുപ്പ്, ജന്മംകൊണ്ട് മടവൂർകാരനായ ശ്രീ സി എൻ ശ്രീകണ്ഠൻനായർ, കഥകളി ആചാര്യന്മാരായ ശ്രീ പരമേശ്വരൻപിള്ള ആശാൻ, ശ്രീബാഹുലേയൻ പിള്ള ആശാൻ അനവധി ശിഷ്യഗണങ്ങളുടെ ഓർമ്മകളിലൂടെ അമരത്വംനേടിയ അദ്ധ്യാപക ശ്രേഷ്ഠരായിരുന്ന മടവൂർ ശ്രീ എൻ ബാലരാമൻപിള്ള ചാത്തറ ശ്രീ എൻ നാരായണൻനായർ നമ്മുടെ പഞ്ചായത്തിലെ ആദ്യ അദ്ധ്യാപികയായിരുന്ന ശ്രീമതി. നാരായണി തുടങ്ങിയ മഹാത്മാക്കൾ നാടിന്റെ സാംസ്കാരി വളർച്ചയിൽ നിർണ്ണായക പങ്ക് വഹിച്ചു.

നമ്മുടെ വിദ്യാഭ്യാ, സാംസ്കാരിക മേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ഇവരാരും ഇന്ന് നമ്മളോടൊപ്പമില്ല എങ്കിലും യുഗപ്രഭാവരായ ഇവർ കൊളുത്തിയ കൈത്തിരിവെട്ടം അന്ധകാരത്തിന്റെ കൂരിരുൾ ഭേദിക്കാൻ എന്നും നമ്മളോടൊപ്പമുണ്ടായിരിക്കും. മഹാരഥന്മാരായ ഈ മഹാത്മാക്കളുടെ ത്യാഗോജ്ജ്വലമായ നേട്ടങ്ങൾ എന്നും നമുക്ക് വീരപുളകങ്ങളായിരിക്കും.

മടവൂർ എസ് നീലകണ്ഠപിള്ള ബി എ ബി എൽ

തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ നമ്മുടെ കൊച്ചുഗ്രാമം വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്. സർ സി പി രാമസ്വാമി അയ്യരുടെ കിരാത ഭരണം അവസാനിപ്പിക്കാനും ഉത്തരവാദ ഭരണം സ്ഥാപിക്കാനും, ശ്രീ പട്ടംതാണുപിള്ള ശ്രീ സി കേശവൻ ശ്രീ ടി എം വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ സ്റ്റേറ്റ് കോൺഗ്രസ് സമരം ആരംഭിച്ചപ്പോൾ വക്കീൽ പണി ഉപേക്ഷിച്ച് സമരത്തിന്റെ മുൻനിരയിലേക്ക് ശ്രീ നീലകണ്ഠപിള്ള രംഗത്തുവന്നു. പോലീസും അഞ്ച് രൂപാ പോലീസ് എന്നറിയപ്പെട്ടിരുന്ന ഗുണ്ടാസംഘങ്ങളും സമരത്തെ അടിച്ചമർത്തിയിരുന്ന സമയത്ത് അവയെ അതിജീവിച്ചുകൊണ്ട് മടവൂർ നേതാജി മൈതാനത്ത് (ഇന്ന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിൽക്കുന്ന സ്ഥലം) അനേകം പൊതുസമ്മേളനങ്ങൾ നീലകണ്ഠപിള്ളയും ജി സി കുറുപ്പും ചേർന്ന് സംഘടിപ്പിച്ചു. യോ

ഗസ്ഥലത്തിന് നേതാജി മൈതാനമെന്ന് പേരിട്ടതും ജി. സി കുറുപ്പ് ആയിരുന്നു. താലൂക്കിന്റെ പല പ്രദേശങ്ങളിലും അധികാരികളെ വെല്ലുവിളിച്ചുകൊണ്ട് യോഗങ്ങൾ സംഘടിപ്പിക്കാൻ വക്കീലദ്ദേഹം തയ്യാറായി. എതിർപ്പുകളെ തന്റേടത്തോടെ നേരിടുകയും ആത്മാഭിമാനത്തോടെ പിറന്ന നാടിന്റെ മോചനത്തിന് വേണ്ടി പോരാടുകയും ചെയ്ത ഈ ധീരദേശാഭിമാനി സ്വാതന്ത്ര്യ ലബ്ധിക്ക് തൊട്ട് മുമ്പ് അന്തരിച്ചു മടവൂരിന് നേരിട്ട തീരാനഷ്ടമായിരുന്നു ഇത്.

ഐ എൻ എ സമരഭടനായിരുന്ന കുറിച്ചിയിൽ ശ്രീകേശവൻപിള്ള അയിക്കരഴികത്ത് ഗോപാലപിള്ള എന്നിവരും നമ്മുടെ നാടിന്റെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ തങ്ങളുടെതായ പങ്കുവഹിച്ചു. ശ്രീ. കേശവപിള്ളയെ പിന്നീട് ഗവൺമെന്റ് താമ്രപത്രം നൽകി ആദരിച്ചു.

സാംസ്കാരിക നായകന്മാർ

കാവിൽ കാളു ആശാൻ (1857 1885)

മടവൂരിന്റെ സാംസ്കാരിക ചരിത്രത്തിൽ മറക്കാനാവാത്തത വ്യക്തിമുദ്രപതിപ്പിച്ച യുഗപ്രഭാവനായിരുന്നു കാവിൽ കാളു ആശാൻ. മടവൂർ ചെറുകര ബാലകൃഷ്ണപിള്ള ആശാന്റെയും നാരായണിയമ്മയുടെയും മകനായി കാവിൽ വീട്ടിൽജനിച്ചു. പിതൃദത്തമായ നാമധേയം കാളിദാസൻ എന്നായിരുന്നുപിന്നീട് അത് ലോപിച്ച് കാളു ആശാനായി മാറി. പിതാവിൽ നിന്നും മലയാളം അഭ്യസിച്ച അദ്ദേഹം കിളിമാനൂർ കോട്ടൂർ നീലകണ്ഠപിള്ള ആശാനിൽ നിന്ന് സംസ്കൃതത്തിൽ വ്യുൽപ്പത്തിനേടി. കുട്ടിക്കാലത്തു തന്നെ അസാധാരണമായ പ്രതിഭാശക്തി പ്രകടിപ്പിച്ചിരുന്ന അദ്ദേഹം കുവലയാനന്ദം ലീലാവതി എന്നിവ ഹൃദിസ്ഥമാക്കി. തർക്കം, വ്യാകരണം എന്നിവയിലും പ്രാവീണ്യം നേടി. ഭാഷയിലും സംസ്കൃതത്തിലും ഒന്നുപോലെ കാവ്യരചന നടത്തിയിരുന്ന അദ്ദേഹത്തിന്റെ പ്രധാന കവിതകൾ പ്രഹ്ലാദ ചരിതം, ആട്ടക്കഥ, ശങ്കരാചരിതം കിളിപ്പാട്ട്, ശാകാക സല്ലാപം സംസ്കൃത ചമ്പു എന്നിവയാണ്. പാഞ്ചാലി സ്വയം വരം കിളിപ്പാട്ട്. സോമവാര പ്രതമാഹാത്മ്യം തുള്ളൽ പാട്ട് എന്നിവയും അദ്ദേഹത്തിന്റെ കൃതികളായി കണക്കാക്കുന്നുവെങ്കിലും ഇപ്പോൾ ഇവ ലഭ്യമല്ല.

മടവൂർ സി നാരായണപിള്ള

നമ്മുടെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്തെ സമ്പന്നമാക്കിയ മടവൂരിന്റെ കുലപതിയായിരുന്നു മടവൂർ ശ്രീ സി നാരായണപിള്ള. വയയ്ക്കൽ സാർ എന്ന് പ്രശസ്തനായ അദ്ദേഹമായിരുന്നു നമ്മുടെ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ചത്. ഏകദേശം ഒന്നേകാൽ നൂറ്റാണ്ടുമുമ്പ് നമ്മുടെ നാട്ടിൽ മഹത്തായൊരു വിദ്യാഭ്യാസ സ്ഥാപനം അദ്ദേഹം നടത്തിയിരുന്നു. ഈ വിദ്യാലയത്തിൽ നിന്ന് 'വെർണ്യാകുലർ' ബിരുദം നേടുന്നവർക്ക് അദ്ധ്യാപകരായും. ഗവൺമെന്റ് സർവ്വീസിലെ മറ്റ് ഉദ്യോഗസ്ഥരായും നിയമനം ലഭിച്ചിരുന്നു. കൊല്ലം, കൊട്ടാരക്കര, ചിറയിൻകീഴ്, താലൂക്കുകളിൽ വിവിധ ഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ താമസിച്ച് പഠിച്ചിരുന്നു.

സാഹിത്യ രംഗത്തും അദ്ദേഹം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. മഹാകവി ഉള്ളൂർ, കെ. സി കേശവപിള്ള എന്നിവർ സി. നാരായണപിള്ളയുടെ സമകാലീനരും സുഹൃത്തുക്കളുമായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ഇന്ന് ലഭ്യമല്ല. മടവൂരിന്റെ മഹാനായ ആചാര്യന്റെ ഓർമ്മയ്ക്കായി പിന്നീട് സ്ഥാപിച്ചിട്ടുള്ളതാണ് തൂമ്പോട് സി എൻ എസ് എൽ പി എസ് ഉം സി എൻ പി എസ് യു പി എസും ഉം.

വരേണ്യവർഗ്ഗത്തിന്റെ പരിലാളനങ്ങളാൽ പുഷ്ടി പ്രാപിച്ച കഥകളിയെന്ന കലാരൂപം നമ്മുടെ മണ്ണിൽ ആഴത്തിൽ വേരോടി. കേളികൊട്ടിന്റെ മംഗളനാദത്താൽ ആകൃഷ്ടരായി ക്ഷേത്രപറമ്പുകളിലെത്തുന്ന ആളുകൾ കഥകളിയെന്ന കലാരൂപത്തിന്റെ മാന്ത്രികപ്രഭയിൽ നേരം പുലരുവോളം ലയിച്ചിരുന്നു. ഉത്സവകാലങ്ങളിൽ ഇത് ഗ്രാമീണരുടെ ശീലമായി മാറി. അന്നിവിടെ കഥകളിയോഗങ്ങളും കളിയാശാന്മാരും നടന്മാരുമുണ്ടായിരുന്നു. 'മടവൂർ കഥകളിയുടെ നാട്' എന്ന പ്രശസ്തി ദൂരസ്ഥലങ്ങളിൽ പോലും വ്യാപിച്ചിരുന്നു. കളിവിളക്കുകൾക്ക് മുന്നിൽ ആടിത്തളർന്ന പ്രതിഭാധനരായ കലാകാരന്മാരെ സഹൃദയർ അഭിമാനത്തോടെ സ്മരിച്ചിരുന്നു.

നൃത്തം, നൃത്യം, നാട്യം എന്നിവയുടെ സമ്മോഹന സമ്മേളനമായ കഥകളി ഒരു കാലഘട്ടത്തിൽ നമ്മുടെ ജനങ്ങളുടെ ആശയും ആവേശവുമായിരുന്നു. എന്നാൽ മഹത്തായ ഈ ക്ലാസിക്കൽ കലാരൂപത്തിന് പിന്നീട് അപഭ്രംശം നേരിട്ടു.

പരമേശ്വരൻ പിള്ള ആശാൻ

1988 ൽ മടവൂർ താഴേ വേമൂട് വീട്ടിൽ ജനിച്ച പരമേശ്വരൻപിള്ള ആശാൻ കഥകളി രംഗത്തിന് മഹത്തായ സംഭാവന നൽകി. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം സംസ്കൃതം, ജ്യോതിഷം എന്നിവ സ്വയം പഠിക്കുകയും അവഗാഹം നേടുകയും ചെയ്തു.

കുട്ടികാലത്തു തന്നെ കഥകളിയിൽ ആകൃഷ്ടനായ അദ്ദേഹം അയണിക്കാട്ടു കോണത്തു നടത്തിയിരുന്ന

കളരിയിൽ നിന്ന് കഥകളി അഭ്യസിച്ചു. പതിനഞ്ചാം വയസിൽ അരങ്ങേറ്റം നടത്തിയ അദ്ദേഹത്തിന്റെ ഇഷ്ടവേഷങ്ങൾ രൗദ്രഭീമൻ, നരസിംഹം, ഹനുമാൻ എന്നിവയായിരുന്നു. അരനൂറ്റാണ്ടുകാലം പ്രശസ്തരായ കലാകാരന്മാരെ ചേർത്ത് അദ്ദേഹം കഥകളിയോഗം നടത്തിയിരുന്നു. തെക്കൻ കേരളത്തിലെ പല ക്ഷേത്രങ്ങളിലും വ്യത്യസ്ത വേഷങ്ങൾ അവതരിപ്പിച്ച് അദ്ദേഹം പ്രശസ്തനായി. കൊച്ചാശാൻ എന്ന് പ്രശസ്തനായ അദ്ദേഹം, തിരുവനന്തപുരം, പെരിങ്ങമ്മല, ചെറ്റച്ചൽ, വിതുര, ചാവർകോട് എന്നീ സ്ഥലങ്ങളിൽ താമസിച്ച് കഥകളി അഭ്യസിച്ചിരുന്നു. ബാലി ഉത്ഭവം എന്നൊരു ആട്ടക്കഥയും എഴുതി രംഗത്തവതരിപ്പിക്കുകയും ചെയ്തു. 1962 ആനകുന്നം കലാപോഷിണി വായനശാലയുടെ വാർഷികത്തോടനുബന്ധിച്ച് നടത്തിയ കഥകളിയിൽ ഹരിച്ചന്ദ്ര ചരിതത്തിലെ കാലകണ്ഠന്റെ വേഷംകെട്ടിയ ആശാനെ കലാമണ്ഡലം കൃഷ്ണൻനായർ അകമഴിഞ്ഞ് ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. അന്ന് മന്ത്രിയായിരുന്ന പി. കെ വേലപ്പൻ ആശാനെ പൊന്നാട ചാർത്തി ആദരിച്ചു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പലരും ഇന്ന് കഥകളി രംഗത്തെ അതി പ്രശസ്ത കലാകാരന്മാരാണ്. മടവൂർ വാസുദേവൻനായർ, കുറ്റിക്കാട് കേശവപ്പണിക്കർ, ഗോവിന്ദക്കുറുപ്പ്, ആശാന്റെ പുത്രനായിരുന്നബാഹുലേയൻപിള്ള, എന്നിവർ ആശാന്റെ പ്രമുഖ ശിഷ്യരാണ്. ജീവിതം മുഴുവൻ കഥകളിരൂപത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി ഉഴിഞ്ഞുവച്ച ആ ധന്യാത്മാവിനെ കുറിച്ചുള്ള ഓർമ്മ മടവൂർ നിവാസികളെ എന്നും തരളിതമാക്കും.

ബാഹുലേയൻപിള്ള

പരമേശ്വരൻപിള്ള ആശാന്റെ സീമന്തപുത്രൻ കൃഷ്ണൻ അർജ്ജുനൻ നളൻ, രൗദ്രഭീമൻ, ദുര്യോധനൻ എന്നീ വേഷങ്ങളിൽ പ്രസിദ്ധനായിരുന്നു. മടവൂർ വാസുദേവൻ നായരോടൊപ്പം രംഗത്തെത്തിയ ആശാന് നിർഭാഗ്യവശാൽ ഒരു വ്യക്തിത്വം നേടാൻ കഴിയാതെ പോയി.

മടവൂർ വാസുദേവൻ നായർ

മടവൂരിന്റെ കലാപൈതൃകം ഭദ്രമായി സംരക്ഷിക്കുകയും കഥകളിയെന്ന കലാരൂപത്തിന് മഹത്തായ സംഭാവന നൽകുകയും ചെയ്ത ലോകപ്രശസ്തനായ ശ്രീ.വാസുദേവൻനായർ മടവൂരിന്റെ പ്രിയ പുത്രനാണ്. പരമേശ്വരൻപിള്ള ആശാനായിരുന്നു ആദ്യഗുരു 13-ാം വയസ്സിൽ കച്ചകെട്ടിയ കൊച്ചുവാസു ആശാന്റെ വീടിനു സമീപത്തുള്ള കുരിശ്ശോട്ട് ക്ഷേത്രത്തിൽ അരങ്ങേറ്റം നടത്തി. അരങ്ങേറ്റത്തിൽ തന്നെ രണ്ട് വേഷങ്ങൾ ഭാനുമതിയും ഉത്തരനും കെട്ടേണ്ടിവന്നു. പരമേശ്വരൻപിള്ള ആശാന്റെവീട്ടിൽ മൂന്ന് വർഷത്തോളം ഗുരുകുല സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹത്തിന്റെ അടുത്ത ഗുരുനാഥൻ കുറിച്ചിയിൽ കുഞ്ഞൻപിള്ള ആശാനായിരുന്നു. ഒരുവർഷം ആശാന്റെ ശിഷ്യനായി കഴിച്ചുകൂട്ടി. കഥകളി രംഗത്തെ അതികായനായിരുന്ന ഗുരുചെങ്ങന്നൂർ രാമൻപിള്ള ആശാനായിരുന്നു പിന്നീട് വാസുദേവൻനായരുടെ ഗുരു. പതിനേഴുമുതൽ ഇരുപത്തിയെട്ടുവയസ്സുവരെ ഊണിലും ഉറക്കത്തിലും ആശാനോടൊപ്പം കഴിച്ചുകൂട്ടി. പത്തുവർഷത്തോളം അദ്ദേഹം കൊട്ടാരം കഥകളി നടനായിരുന്നു കൂടമാളൂർ കരുണാകരൻനായരും മടവൂർ വാസുദേവൻനായരുമായിരുന്നു അക്കാലത്തെ പ്രശസ്ത സ്ത്രീ വേഷക്കാർ.

1968 മുതൽ 77 വരെ വാസുദേവൻനായർ കലാമണ്ഡലത്തിൽ അദ്ധ്യാപകനായിരുന്നു. 77 മുതൽ പകൽക്കുറി കലാ ഭാരതിയുടെ പ്രിൻസിപ്പൽ എന്ന നിലയിൽ കഥകളി പ്രതിഭകളെ വാർത്തെടുക്കുന്ന മഹായത്നത്തിൽ വ്യാപൃതനായി കഴിയുന്നു.

എല്ലാ വേഷങ്ങളും ആശാൻ കെട്ടുമെങ്കിലും ആചാര്യനായ ഗുരുചെങ്ങന്നൂരിനെ പോലെ നരകാസുരൻ, ബാണൻ, ജരാസന്ധൻ, ഘടോൽക്കചൻ എന്നിവയാണ് ശ്രീ മടവൂർ വാസുദേവൻ നായരുടെ ഇഷ്ടവേഷങ്ങൾ.

തുളസീ വനം അവാർഡ് (1984)

കേരളകലാമണ്ഡലം അവാർഡ്(1991)

ആലപ്പുഴ കഥകളി ക്ലബ് അവാർഡ് എന്നിവ മഹാനായ ഈ കലാകാരനെ തേടി എത്തി. കഥകളി വേഷത്തിന്റെ പ്രശസ്തി ലോകത്തെമ്പാടുമെത്തിച്ച വാസുദേവൻനായർ അനുഗൃഹീതമായ പാട്ടുകാരൻകൂടിയാണ്. തിരുവനന്തപുരം ആകാശവാണിയിലും ദൂരദർശനിലും അദ്ദേഹം സ്ഥിരമായി പരിപാടികൾ അവതരിപ്പിക്കാറുണ്ട്.

സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി ജപ്പാൻ, ഇന്തോനേഷ്യ ഹവായ്, ജർമ്മനി, ഫിജി, ആസ്ട്രേലിയ അമേരിക്ക, കാനഡ ലണ്ടൻ ഹോങ്കോങ് എന്നിവിദേശരാജ്യങ്ങളിൽ പര്യടനം നടത്തുകയും പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു മഹാനായ ഈ കലാകാരൻ സവിശേഷമായ വ്യക്തിത്വത്തോടൊപ്പം ഇന്നും കലാരംഗത്ത് തലയുയർത്തി നിൽക്കുന്നു.

മടവൂർ ഉണ്ണികൃഷ്ണൻ

യുവകലാകാരനായ കലാമണ്ഡലം ഉണ്ണികൃഷ്ണൻ ചുരുങ്ങിയ കാലം കൊണ്ടുതന്നെ കഥകളി രംഗത്ത് തനതായ വ്യക്തിമുദ്രപതിപ്പിച്ചു.

രാധാകൃഷ്ണൻ

ചെണ്ടയിൽ കേരളത്തിൽ പ്രശസ്തനായ ശ്രീ. രാധാകൃഷ്ണൻ ഈ രംഗത്ത് തിളങ്ങുന്ന കലാകാരനാണ്.

വേമുട്ടിൽ മാധവൻപിള്ളയാശാൻ

വാസനാ സമ്പന്നനായൊരു നിമിഷ കവിയായിരുന്നു മാധവൻപിള്ള ആശാൻ. കിളിമാനൂർ കൊട്ടാരത്തിൽ നടന്ന നിമിഷ കവിതാ രചനാ മത്സരത്തിൽ ഇദ്ദേഹം സമ്മാനാർഹനായിട്ടുണ്ട്. മനോഹരങ്ങളായ തിരുവാതിരകളിപ്പാട്ടുകൾ, കുത്തിയോട്ടപ്പാട്ടുകൾ, കമ്പടികളിപ്പാട്ടുകൾ എന്നിവ ആശാന്റെ സംഭാവനകളായിട്ടുണ്ട്. ഈ നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന സംഘങ്ങൾ പലതും ആശാന്റെ പാട്ടുകളെയാണ് ഇപ്പോഴും ആശ്രയിക്കുന്നത്. ആശാൻ രചിച്ച കുപ്പായം കുമ്മി അതീവഹൃദ്യമാണ്.

ജി.സി കുറുപ്പ്

ജി.സി. എന്ന ചുരുക്കപ്പേരിൽ പ്രശസ്തനായിരുന്ന ശ്രീ. ജി. ചന്ദ്രശേഖരക്കുറുപ്പ് വിവിധ കാലരൂപങ്ങൾ കൈകാര്യം ചെയ്തിരുന്ന ബഹുമുഖ പ്രതിഭയായിരുന്നു. ഹരികഥ, പാഠകം, നാടകാഭിനയം, നാടക രചന, ആട്ടക്കഥ രചന എന്നിങ്ങനെ വിവിധ രംഗങ്ങളിൽ തനതായ മുദ്രപതിപ്പിച്ച പ്രതിഭാ ശാലിയായിരുന്നു. ജി. സി കുറുപ്പ്, നല്ലൊരു വാഗ്മിയും അദ്ധ്യാപകനും ആവേശ വിജൃംഭിതനായ സ്വാതന്ത്ര്യ സമര ഭടനുമായിരുന്നു അദ്ദേഹം തൊട്ടതെല്ലാം പൊന്നാക്കി കടന്നു പോയി.

സി.എൻ. ശ്രീകണ്ഠൻ നായർ

മടവൂരിന്റെ സാംസ്കാരിക സ്വാതന്ത്ര്യ ചരിത്രത്തിൽ ഇതിഹാസ നായകനായി തീർന്ന മടവൂർ എസ്. നീലകണ്ഠപിള്ളയുടെ പുത്രനായിരുന്ന സി. എൻ ശ്രീ കണ്ഠൻനായർ കലി, കാഞ്ചനസീത, ലങ്കാലക്ഷ്മി , സാകേതം തുടങ്ങിയ കൃതികളുടെ മലയാള നാടകവേദിയിൽ പരിവർത്തനത്തിന് കാഹളമൂതി

മടവൂർ ഭാസി

സംഭവ ബഹുലമായൊരു കാലഘട്ടത്തിനുശേഷം നമ്മുടെ സാംസ്കാരിക രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച നാടകാചാര്യനായിരുന്നു. മടവൂർ ഭാസിയെന്ന പ്രശസ്തനായ ശ്രീ ഭാസ്ക്കരൻനായർ. സർവ്വകലാശാല ബിരുദം നേടിയിട്ടും സർക്കാർ ജോലിക്ക് ശ്രമിക്കാതെ അമച്വർ നാടകവേദിയിലും പ്രൊഫഷണൽ നാടകരംഗത്തും റേഡിയോ നാടകങ്ങളിലും പങ്കെടുത്ത് പ്രശസ്തനായിമാറി. മലയാളി, കേരള ജനത എന്നീ പത്രങ്ങളുടെ പത്രാധിപ സമിതിയിലും പ്രവർത്തിച്ചു. 1966 ൽ ആകാശവാണിയിൽ സ്റ്റാഫ് ആർട്ടിസ്റ്റായി ചേർന്നു. തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയ അദ്ദേഹം ദൃശ്യവേദി എന്ന കഥകളി ക്ലബ് ഉണ്ടാക്കി. 1985 ൽ ആകാശവാണി അസിസ്റ്റന്റ് എഡിറ്ററായി റിട്ടയർ ചെയ്തു. ആകാശവാണിയിൽ നാടകങ്ങളുടെ ചുമതല വഹിച്ചിരുന്ന കാലത്ത് ഒട്ടേറെ നല്ല നാടകങ്ങൾ എഴുതി അവതരിപ്പിച്ചു. അഗ്നി ശുദ്ധി, അഴിയാത്ത കെട്ടുകൾ, വേരുകൾ, സംഘട്ടനം, ഇലിക്കുന്ന മഞ്ഞുകുട്ടി എന്നിവയാണ് അദ്ദേഹത്തിന്റെര പ്രധാന നാടകങ്ങൾ നാടകവേദി, ലഘുഭരതം, മലയാള നാടക സർവ്വസ്വം മലയാള നാടകവേദിയുടെ കഥ ഡോറിയൻ ഗ്രേയുടെ ചിത്രം എന്നിവ അദ്ദേഹത്തിന്റെ മറ്റ് പ്രധാനകൃതികൾ.

1990 ൽ മലയാള നാടകസർവ്വസ്വത്തിന് സംസ്ഥാന അവാർഡും 1994 ൽ സംഗീത നാടക അക്കാഡമി അവാർഡും അദ്ദേഹത്തിന് ലഭിച്ചു.

മടവൂർ കൊച്ചുനാരായണപിള്ള

മടവൂരിലെ അമച്വർ നാടകരംഗത്ത് വളർന്ന കൊച്ചുനാരായണപിള്ള ഇന്ന് ഏറെ പ്രശസ്തനാണ്. അഖിലേന്ത്യാ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന രംഗപ്രഭാത് എന്നകുട്ടികളുടെ നാടകവേദിയിലൂടെ അദ്ദേഹം മലയാള നാടകവേദിക്ക് മഹത്തായ സംഭാവനനൽകി. കുട്ടികളുടെ നാടകാവതരണത്തെയും നാടകവേദിയെയും കുറിച്ച് ലോകവ്യാപകമായി ചർച്ചചെയ്യപ്പെടുന്ന ഇക്കാലത്ത് കുട്ടികളുടെ നാടക വേദിയുടെ പ്രസക്തി ഏറെയാണ്. നാടകവേദിയെകുറിച്ച് മൗലികമായൊരു കാഴ്ചപ്പാടു പുലർത്തുന്ന ഇദ്ദേഹം ജി. ശങ്കരപിള്ള തുടക്കം കുറിച്ച തനതു നാടകസങ്കേതങ്ങൾ അടിസ്ഥാനമാക്കി കുട്ടികളുടെ നാടകാഭിരുചി വളർത്തിയെടുക്കാനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കുന്നു.

മടവൂർ രാമചന്ദ്രൻ

പ്രൊഫഷണൽ നാടകങ്ങളിലൂടെ നാടകവേദിയിലെത്തിയ അനുഗ്രഹീത കലാകാരനാണ് മടവൂർ രാമചന്ദ്രൻ. കേരളത്തിലെ പ്രശസ്തങ്ങളായ ഒട്ടനവധി നാടക സമിതികളിലൂടെ ആയിരത്തോളം കഥാപാത്രങ്ങൾക്ക് വേഷ ഭാവങ്ങൾ നൽകി. സിനിമാ രംഗത്തും അറിയപ്പെടുന്ന നടനാണ്.

മടവൂർ ദേവദാസ്

അനുഗ്രഹീതനായ ഒരു നാടക നടനായിരുന്നു അമച്വർ പ്രൊഫഷണൽ നാടകവേദികളിൽ നിറഞ്ഞുനിന്നിരുന്ന ശ്രീ. ദേവൻ. അദ്ദേഹത്തിന്റെ അകാല നിര്യാണം ഈ നാടിനുണ്ടായ തീരാ നഷ്ടംതന്നെയാണ്.

കലാസാംസ്കാരിക രംഗങ്ങളിൽ മുൻപന്തിയിൽ

നിന്ന മടവൂരിന്റെ സാംസ്കാരിക പാരമ്പര്യമുയർത്തി പിടിക്കുന്നതിൽ ശ്രദ്ധേയമായ പങ്ക് വഹിച്ച വ്യക്തികൾ അനവധിയാണ്. സർവ്വശ്രീ ഏറത്ത് എം. ഗോപാലക്കുറുപ്പ്, കെ. ബാലൻപിള്ള, എൻ. സുകുമാരൻനായർ, കെ. ത്രിവിക്രമൻനായർ, കുട്ടിനാട്ട് കെ. ബാലകൃഷ്ണക്കുറുപ്പ്, എന്നിവർ അഭിനയസിദ്ധിയിലൂടെ പ്രശസ്തരായവരാണ്. ഇവരിൽ പലരും വ്യത്യസ്ത തൊഴിൽ മേഖലകൾ തേടിപ്പോയില്ലായിരുന്നുവെങ്കിൽ മടവൂരിന് പ്രതിഭാധനരായ ഒട്ടനവധി കലാകാരന്മാരെ ലഭിക്കുമായിരുന്നു.

മഹത്തായൊരു സാംസ്കാരിക തനിമയുടെ നാടാണ് മടവൂർ. ചിറയിൻകീഴ് താലൂക്കിന്റെ വടക്കേയറ്റത്തായി തിരുവനന്തപുരം-കൊല്ലം ജില്ലാ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഒരു സാധാരണ ഗ്രാമപ്രദേശമാണിത്. ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയും അനുബന്ധ തൊഴിലുകളുമാണ്. പട്ടണിപാവങ്ങളും അദ്ധ്വാനശീലരുമായൊരു ജനവിഭാഗം മണ്ണിനെ പൊന്നാക്കാൻ പകലന്തിയോളം അദ്ധ്വാനിക്കുന്നു. ഇവരുടെ രക്തത്തിന്റെയും വിയർപ്പിന്റെയും ഗന്ധമാണ് [illegible]. വ്യത്യസ്ത ജനവിഭാഗങ്ങൾ ഒരമ്മ പെറ്റമക്കളെപ്പോലെ കഴിഞ്ഞു കൂടുന്ന നമ്മുടെ ഗ്രാമത്തിൽ സാമുദായിക മത സംഘർഷങ്ങളോ രാഷ്ട്രീയ സംഘർഷങ്ങളോ ഇല്ലെന്നുപറയാം. വ്യത്യസ്ത രാഷ്ട്രീയ ചിന്താഗതിക്കാരും മതവിഭാഗങ്ങളും നമ്മുടെ നാട്ടിൽ സമന്വയത്തിന്റെ വീരഗാഥകൾ രചിച്ചു. ക്ഷേത്രോത്സവങ്ങളും പള്ളിയിലെ ആഘോഷങ്ങളും ഒരുമിച്ച് ആഘോഷിക്കുന്ന നമ്മുടെ ഗ്രാമത്തിൽ മതഭ്രാന്തിന്റെയും സങ്കുചിത ചിന്താഗതിക്കാരുടെയും വേരുകൾ ഓടിയിട്ടില്ലെന്നത് ആശ്വാസകരമാണ്. യുഗപ്രഭാവന്മാരായ പൂർവ്വ സൂരികൾ നമ്മുടെ സാംസ്കാരിക അങ്കണത്തിൽ കൊളുത്തിയ സമന്വയത്തിന്റെ ഭദ്രദീപം ഒരു കെടാവിളക്കായി നമ്മുടെ മനോമുകുരത്തിൽ ഇന്നും തെളിഞ്ഞു നിൽക്കുന്നു. സാംസ്കാരിക രാഷ്ട്രീയ കായിക കലാ സാഹിത്യ രംഗങ്ങളിൽ എന്നും മുൻപന്തിയിലായിരുന്ന നമ്മുടെ കടമ മഹത്തായ ആ ജ്യോതിസ് കെടാതെ സൂക്ഷിക്കുകയാണ്. അതിനുവേണ്ടി സാംസ്കാരിക വിധ്വംസക ശക്തികളെ മാറ്റിനിർത്തി യുവതലമുറ പ്രവർത്തിക്കുമെന്നും ദശാബ്ദങ്ങളുടെ ഊഷ്മളമായ സാംസ്കാരിക പാരമ്പര്യത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ച് നമ്മുടെ നാടിന്റെ സാംസ്കാരിക പുരോഗതി മാനം മുട്ടെ ഉയർത്തുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

"സ്വാതന്ത്ര്യം തുടങ്ങേണ്ടത് താഴെ നിന്നാണ്.
അങ്ങനെ ഓരോ ഗ്രാമവും മുഴുവൻ അധികാരവുമുള്ള
ഒരു റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം.
അതിന്റെ അർത്ഥം ഓരോ ഗ്രാമവും സ്വയംപര്യാപ്തമാകണം എന്നതാണ്.
സ്വന്തം കാര്യങ്ങൾ നോക്കാൻ കഴിവുള്ളതുമാകണം"

– ഗാന്ധിജി –



കൃഷി ജലസേചനം

നൂറ്റാണ്ടുകളായി ഒരു കാർഷികരാജ്യമാണ് ഭാരതം. ദശാബ്ദങ്ങളായി നമ്മുടെ പ്രധാന ധനമാർഗം കൃഷിയാണ്. കർഷകരുടെ അദ്ധ്വാനത്തിന്റെ ഫലമായി കാർഷികരംഗം സമ്പന്നവും സ്വയം പര്യാപ്തവുമായിരുന്നു. മഹത്തായൊരു കാർഷികസംസ്കാരം നിലനിന്നിരുന്ന നമ്മുടെ ഗ്രാമഗ്രാമാന്തരങ്ങൾ അദ്ധ്വാനവർഗത്തിന്റെ വീരഗാഥകളാൽ പുളകം കൊണ്ടിരുന്നു. വരുമാനത്തോടൊപ്പം അന്തസും മാന്യതയുമുള്ള ഒരു തൊഴിലായി കൃഷി വളർന്നിരുന്നു. വൈദികസാഹിത്യവും സംസ്കാരവും കാർഷികവൃത്തിയെ മഹത്തായ ഒരു തൊഴിലായി കണക്കാക്കി പ്രോത്സാഹിപ്പിച്ചിരുന്നു. അന്നവിചാരത്തിൽ ഏർപ്പെട്ടതിനുശേഷം മാത്രം ആത്മവിചാരത്തിൽ ഏർപ്പെട്ടിരുന്ന നമ്മുടെ ഋഷിമാർ അന്നത്തെ ദൈവമായി കണക്കാക്കിയിരുന്നു. എന്നാൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന മഹത്തായ കാർഷിക സംസ്കാരത്തിന് ഇന്ന് തിരിച്ചടി നേരിട്ടിരിക്കുന്നു.

എല്ലാ രംഗങ്ങളിലും കണ്ടുവരുന്ന നിസ്സംഗതയും ആധുനികതയുടെ തള്ളിക്കയറ്റത്തിനിടയിലുണ്ടായ സാംസ്കാരികാധഃപതനവും വിദേശാധിപത്യവും നമ്മുടെ കാർഷികമേഖലയെ തളർത്തി. ആധുനിക കൃഷിരീതികളും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും നമ്മുടെ കാർഷികമേഖലയിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തി. ഉല്പാദനരംഗത്ത് വലിയൊരു കുതിച്ചുചാട്ടത്തിന് തുടക്കം കുറിച്ചെങ്കിലും മാനുഷികമൂല്യങ്ങളേയും ബന്ധങ്ങളേയും ആധുനികവൽക്കരണം തളർത്തി. തൊഴിലാളി കുടുംബാംഗങ്ങളെല്ലാം ഒത്തൊരുമിച്ച് പണിയെടുത്തിരുന്ന കാർഷികമേഖലയിലായിരുന്നു ഈ മാറ്റം ഏറെ പ്രകടമായത്. വിത്ത് വിതയ്ക്കുമ്പോൾ പ്രാവിനെ ആട്ടി ഓടിക്കാൻ വരമ്പുകൾക്ക് ചുറ്റും ഓടി നടന്നിരുന്ന കൊച്ചുകുട്ടിയും മാതാപിതാക്കൾ പണിയെടുക്കുമ്പോൾ സമീപത്തുള്ള ഓലത്തുമ്പുകളിൽ കെട്ടിയ തൊട്ടിലിൽ സുഖമായുറങ്ങിയിരുന്ന കുട്ടിയുമെല്ലാം നമ്മുടെ മനസിൽ നിറഞ്ഞു നില്ക്കുന്ന ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകൾ മാത്രമായി. ഏകദേശം ഒരു ദശാബ്ദത്തിനു മുമ്പുവരെ തൊഴിലാളികൾക്ക് അദ്ധ്വാനത്തിന് പ്രതിഫലമായി ലഭിച്ചിരുന്നത് കാർഷിക ഉല്പന്നങ്ങളായിരുന്നു. അത് തൊഴിലാളി കുടുംബങ്ങളുടെ പട്ടിണി മാറ്റാൻ പര്യാപ്തമായിരുന്നു. എന്നാൽ സാമ്പത്തിക കാർഷിക മേഖലയിലുണ്ടായ ആധുനികവൽക്കരണം കാർഷികമേഖലയേയും ബാധിച്ചു. വേലക്കൂലി പണമായി ലഭിച്ചതോടെ ഭൂവുടമയും തൊഴിലാളികളും തമ്മിലുള്ള ബന്ധം ശിഥിലമായി. അദ്ധ്വാനത്തിന് കണക്ക് പറഞ്ഞ് വേതനം വാങ്ങാനും സംഘടിതശക്തിയിലൂടെ അവകാശാനുകൂല്യങ്ങൾ നേടിയെടുക്കാനും തൊഴിലാളികൾക്ക് കഴിഞ്ഞെങ്കിലും തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള ആത്മബന്ധത്തിന് അന്ത്യം കുറിച്ചു. മറ്റെന്തിനെക്കാളും പ്രാധാന്യം അവകാശങ്ങൾ നേടിയെടുക്കുന്നതിനായതോടെ കാർഷികരംഗത്തിന്റെ മരണമണി മുഴങ്ങി.

സേവനവേതനവ്യവസ്ഥകളിൽ മാറ്റങ്ങൾ ഏറെ ഉണ്ടായെങ്കിലും കാർഷികമേഖലയിൽ ഇന്ന് ആവശ്യാനുസരണം തൊഴിലാളികളെ ലഭിക്കുന്നില്ല. നമ്മുടെ പരമ്പരാഗത കാർഷികവിളകളായ നെല്ല്, മരച്ചീനി, വാഴ, കാച്ചിൽ, ചേന, ചേമ്പ്, പയറുവർഗങ്ങൾ എന്നിവ ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായി. തെങ്ങ്, കവുങ്ങ് എന്നിവയുടെ സ്ഥാനം ഇന്ന് റബ്ബർ കയ്യടക്കിയിരിക്കുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ കാർഷികവിളകൾ നാണ്യവിളകൾക്ക് വഴിമാറിയതോടെ നമ്മുടെ കാർഷികമേഖല രൂക്ഷമായ പ്രതിസന്ധിയിലായി. തൊഴിലാളികളുടെ ക്ഷാമവും രാസവളങ്ങളുടേയും കീടനാശിനികളുടേയും അമിതമായ വിലവർദ്ധനവും കാർഷിക ചെലവിനത്തിൽ ഉണ്ടായ ഭീമമായ വർധനവും കാർഷിക

മേഖലയുടെ നട്ടെല്ലൊടിച്ചു.

ഗൾഫ് മലയാളികൾ നാട്ടിലേയ്ക്കയക്കുന്ന പണത്തിന്റെ സിംഹഭാഗവും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത്. കാർഷികമേഖലയേക്കാൾ ആകർഷകമായ ശമ്പളം ലഭിക്കുന്ന നിർമ്മാണ മേഖലയിലേക്ക് കർഷകത്തൊഴിലാളികൾ ചേക്കേറാൻ ഇതു കാരണമായി. കാർഷികമേഖലയിലെ രൂക്ഷമായ തൊഴിൽ പ്രതിസന്ധിക്ക് ഒരു കാരണമിതാണ്.

മറ്റ് പല പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പഞ്ചായത്ത് സാമ്പത്തികമായി ഏറെ പിന്നിലാണ്. നമ്മുടെ നാടിന്റെ ഏറ്റവും പ്രധാന ധനമാർഗം കൃഷിയാണ്. പ്രതികൂലസാഹചര്യങ്ങളുമായി മത്സരിക്കുന്ന നമ്മുടെ കർഷകർ പലപ്പോഴും നിലനില്പിനുവേണ്ടി ഏറെ ബുദ്ധിമുട്ടുന്നു. നല്ലൊരു വിഭാഗം ജനങ്ങളുടെയും ജീവിതമാർഗം കൃഷിയാണെങ്കിലും കൃഷിയെ ഗൗരവമായൊരു തൊഴിലായി പലരും കാണുന്നില്ലെന്നത് വിരോധാഭാസമായിത്തോന്നാം. നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന 4391 നാമമാത്ര കർഷകരും 137 ചെറുകിട കർഷകരും 17 വൻകിട കർഷകരുമുണ്ട്. പഞ്ചായത്തിലാകെ 3280 ഏക്കർ പുരയിടത്തിലും 649 ഏക്കർ നിലത്തിലുമാണ് കൃഷി ചെയ്യുന്നത്.

നമ്മുടെ പ്രധാനകൃഷി നെല്ലാണ്. ഏഴ് ഏലകളിലായി 200 ഹെക്ടർ പ്രദേശത്ത് നെൽക്കൃഷി നടത്തുന്നു. ഇതിൽ 155 ഏക്കർ പ്രദേശത്ത് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നിലവിലുണ്ട്. ഇതിൽ ഏറ്റവും വലിയ കൃഷിപ്രദേശം പടിഞ്ഞാറ്റേലയാണ്. 40 ഹെക്ടർ പ്രദേശത്തായി 255 കർഷകർ നെല്ലുല്പാദനവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. പടിഞ്ഞാറ്റേല, കിഴക്കനേല, നടുവത്തേല പ്രദേശങ്ങളാണ് നമ്മുടെ പരമ്പരാഗത നെല്ലറകൾ. എന്നാൽ പല പ്രദേശങ്ങളിലും പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റ് കൃഷിപ്പണികൾക്കും വേണ്ടി വയലുകൾ മണ്ണിട്ട് നികത്തുന്നത് നമ്മുടെ ഉല്പാദനരംഗത്തെ മാത്രമല്ല പരിസ്ഥിതിയേയും പ്രതികൂലമായി ബാധിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ നെൽക്കൃഷിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

നെൽക്കൃഷി സംബന്ധിച്ച വിവരങ്ങൾ
ഗ്രൂപ്പ് ഫാമിംഗ് പട്ടിക 1(1)

നമ്പർ	ഏരിയ	വിസ്തീർണം ഹെക്ടറിൽ	കർഷകരുടെ എണ്ണം
1	പടിഞ്ഞാറ്റേല	40	225
2	വിളയ്ക്കാട്	25	90
3	നടുവത്തേല	25	75
4	അറുകാഞ്ഞിരം	20	71
5	പുലിയൂർക്കോണം	10	24
6	കിഴക്കനേല	25	115
7	പഴുവടി	10	34
	ആകെ	**155**	**664**

പരമ്പരാഗത കാർഷികവൃത്തിയിൽ വ്യാപൃതരായിരുന്ന കർഷകർ പലരും കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് ആധുനിക യന്ത്ര ഉപകരണങ്ങൾ ഉപയോഗിച്ച് കൃഷി ഫലപ്രദമാക്കാൻ ശ്രമിക്കുന്നുവെന്നത് ആശാസ്യമാണ്. കൃഷിഭവന്റേയും പാടശേഖരസമിതികളുടേയും സാന്നിദ്ധ്യവും നിർദേശങ്ങളും കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് നിർണായകമായ പങ്ക് വഹിക്കുന്നു. കാർഷികോപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിന് കർഷകർക്കും സമിതികൾക്കും സബ്സിഡിയോടുകൂടി സാമ്പത്തികസഹായം ഇന്ന് ലഭിക്കുന്നു.

നെൽക്കൃഷിക്ക് ഉപയോഗിക്കുന്ന പ്രധാന ഉപകരണങ്ങൾ പട്ടിക 1(2)

ഉപകരണം	എണ്ണം
പവർ ടില്ലർ	3
നാടൻ കലപ്പ	73
റോക്കർ സ്പ്രെയർ	16
നാപ്സ്യാക്ക് സ്പ്രെയർ	13

നമ്മുടെ കൃഷി - പ്രത്യേകിച്ചും നെൽക്കൃഷി - പലപ്പോഴും മഴയുമായുള്ള ഒരു ചൂതാട്ടമായി മാറുന്നു. അതിവൃഷ്ടിയും അനാവൃഷ്ടിയും പലപ്പോഴും നാശനഷ്ടങ്ങൾക്ക് കാരണമാവുകയും കർഷകരുടെ നട്ടെല്ലൊടിക്കുകയും ചെയ്യുന്നു. പ്രതികൂലകാലാവസ്ഥയുടെ ഫലമായി കൃഷിനാശമുണ്ടാകുമ്പോൾ കൃഷിഭവൻ മുഖേന അർഹരായ കർഷകർക്ക് ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുന്നു. വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ 1994-95 ൽ 14 കർഷകർക്കായി 975 രൂപയും 95-96ൽ 15 കർഷകർക്കായി 10577 രൂപയും വിതരണം ചെയ്തു. ഇങ്ങനെ നെൽക്കൃഷിയെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളും ധനസഹായങ്ങളും അനവധിയാണ്.

നമ്മുടെ പഞ്ചായത്തിലെ ശ്രദ്ധേയമായ മറ്റൊരു കൃഷി തെങ്ങാണ്. പാവപ്പെട്ടവരും സാധാരണക്കാരുമായ ജനങ്ങളുടെ ജീവിതത്തിൽ ഈ കൃഷി ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുള്ള കേരകർഷകർ ഇന്ന് ഒട്ടനവധി പ്രതിസന്ധികൾ അഭിമുഖീകരിക്കുകയാണ്. കാറ്റുവീഴ്ചയും മറ്റ് രോഗങ്ങളും തെങ്ങിനെ ബാധിക്കുന്ന ഏറ്റവും വലിയ ഭീഷണിയായി മാറിയിരിക്കുന്നു. നാളികേരത്തിന്റെ വില ഇടിവും കേരോല്പന്നങ്ങളുടെ വിപണന സൗകര്യമില്ലായ്മയും കേരകർഷകരുടെ നിലനില്പിനെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തി

ലാകെ 2526 ഏക്കറിൽ ഇന്ന് തെങ്ങ് കൃഷി ചെയ്യുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടിക 1(3)

വാർഡു നമ്പർ	തെങ്ങു കൃഷിയുടെ വിസ്തീർണ്ണം ഏക്കറിൽ	കായ്ഫലം ഉള്ളവ	കായ്ക്കാത്തത്	ആകെ
1	302	19237	604	19841
2	375	23870	750	24620
3	284	18232	340	18578
4	395	25065	1185	26250
5	302	19904	936	20840
6	262	16947	393	17340
7	212	16570	300	16870
8	191	14410	285	14695
9	203	15282	605	15887
ആകെ	2526	1,69,523	5398	174921

നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗതകൃഷികൾ പലതും നാണ്യവിളകൾക്ക് വഴിമാറിയതോടെ നമ്മുടെ കാർഷികരംഗം അനുഭവിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. ഉൽപന്നങ്ങളുടെ വിലയിടിവും തൊഴിലാളികളുടെ ദൗർലഭ്യവും നാണ്യവിളകളിലേക്കുള്ള വഴിമാറ്റത്തിന് പ്രേരകമായി. കായ്ഫലമുള്ള തെങ്ങുകൾ വരെ വെട്ടിമാറ്റി റബ്ബർകൃഷി ചെയ്യുന്നത് ഇന്ന് സാധാരണമാണ്. കാർഷികോല്പന്നങ്ങൾ ആ പ്രദേശത്തിലെതന്നെ ജനങ്ങളുടെ ആഹാരപ്രശ്നം പരിഹരിച്ചിരുന്നു. എന്നാൽ നാണ്യവിളകൾ സാമ്പത്തികനേട്ടത്തിനു മാത്രമേ സഹായിക്കുന്നുള്ളു. മാർക്കറ്റിന്റെ ഏറ്റക്കുറച്ചിൽ കണക്കാക്കി ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ശ്രമിക്കുന്ന ആധുനികമനുഷ്യൻ മറ്റെന്തിനേക്കാളും സാമ്പത്തികനേട്ടത്തിനാണ് ഇന്ന് പ്രാധാന്യം നൽകുന്നത്. നമ്മുടെ കാർഷികരംഗത്തേക്ക് ഏറ്റവും ഒടുവിൽ കടന്നുവന്ന റബ്ബർകൃഷി ഓരോ വർഷം കഴിയുന്തോറും കൂടുതൽ മേഖലയിലേക്ക് വ്യാപിക്കുകയാണ്. ഈ സ്ഥിതി തുടർന്നാൽ വാഴ, മരച്ചീനി, ചേമ്പ് തുടങ്ങിയ ഉല്പന്നങ്ങളെല്ലാം റബ്ബറിന് വഴിമാറുകയും ആഹാരത്തിനുവേണ്ടി പൂർണമായും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുകയും ചെയ്യും. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 200 ഹെക്ടർ പ്രദേശത്ത് റബ്ബർകൃഷി ചെയ്യുന്നു. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും റബ്ബർകൃഷി വ്യാപകമായിട്ടുണ്ടെങ്കിലും ഒരു ദീർഘകാലവിളയായ റബ്ബറിന്റെ ഉല്പാദനം പൂർണമായി ഇവിടെ ആരംഭിച്ചിട്ടില്ല. റബ്ബർ കൃഷിയുടെ തള്ളിക്കയറ്റത്തിനിടയിലും നാമമാത്രമായെങ്കിലും മറ്റു കൃഷികളും ഇന്നും നിലനിൽക്കുന്നുവെന്നത് ആശ്വാസകരമാണ്. പ്രധാനകൃഷികളും കൃഷിഭൂമിയുടെ അളവും ഉല്പാദനവും ചുവടെ ചേർക്കുന്നു.

വിവിധ വിളവിവരപ്പട്ടിക 1 (4)

വിളകൾ ഇനം	വിസ്തീർണം ഹെക്ടർ	ആകെ ഉല്പാദനം	പരമാ: ഉല്പാദനക്ഷമത (ഹെക്ടർ)
1 നെല്ല് (ഞാറുവിള)	200	420 ടൺ	2100 കി.ഗ്രാം
2 നെല്ല് (രണ്ടാംവിള)	200	380 ടൺ	1900 കി.ഗ്രാം
3 പയർ	30	12 ടൺ	400 കി.ഗ്രാം
4 പച്ചക്കറി	2	-	-
5 തെങ്ങ്	850	31.41ലക്ഷം	3696 എണ്ണം
6 വാഴ	50	250ടൺ	5 ടൺ
7 മരച്ചീനി	25	70 ടൺ	2800 കി
8 കുരുമുളക്	50	75	750 കി.
9 പ്ലാവ്	3	4800 എണ്ണം	1600 എണ്ണം
10 റബ്ബർ	200	3000 കി	15 കി (ശരിയാണോ)
11 കവുങ്ങ്	5	2250 കി	450 കി

കർഷകർ ഏറെയും റബ്ബർപോലുള്ള നാണ്യവിളകളെ പ്രോത്സാഹിപ്പിക്കുന്നതിനാൽ നമ്മുടെ കാർഷികരംഗത്തിന്റെ വളർച്ച മന്ദഗതിയിലാണ്. പയർ, പച്ചക്കറി, മരച്ചീനി, വാഴ തുടങ്ങിയ കൃഷികൾ ഇന്ന് അപ്രത്യക്ഷമായി മാറിക്കൊണ്ടിരിക്കുന്നു. ഒരു കാലത്ത് നമ്മുടെ വീട്ടുവളപ്പിനെ അലങ്കരിച്ചിരുന്ന വാഴ, പയർ, പച്ചക്കറി എന്നിവയ്ക്കുവേണ്ടി ഇന്ന് നാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ്. കോഴിവളർത്തൽ മറ്റൊരുദാഹരണമാണ്. തമിഴ്നാട്ടിൽനിന്ന് എത്തുന്ന ആയിരക്കണക്കിന് മുട്ടകളാണ് നമ്മുടെ വിപണിയിൽ ദിവസവും വിറ്റഴിക്കുന്നത്. താരതമ്യേന ചെലവുകുറഞ്ഞ മുട്ടക്കോഴിവളർത്തൽ മുമ്പ് എല്ലാ വീടുകളിലും സജീവമായിരുന്നതിനാൽ മുട്ടയ്ക്ക് മറ്റാരെയും ആശ്രയിക്കേണ്ടിവന്നിരുന്നില്ല. എല്ലാരംഗത്തും കാണപ്പെടുന്ന അലസതയും മാന്ദ്യവും കാർഷികരംഗത്തേയും തളർത്തിയെന്ന് പറയാതെ തരമില്ല.

കാർഷികരംഗത്തിന്റെ മേന്മ വീണ്ടെടുക്കുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഗവൺമെന്റ് ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകസമിതികൾ രൂപീകരിക്കുകയും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും, ആധുനിക ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായവും കേരവികസനസമിതികളുമൊക്കെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹായകമായി മാറുന്നു.

പട്ടിക 1(5)

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വിതരണം ചെയ്ത പ്രധാന നടീൽ വസ്തുക്കൾ

ഇനം	എണ്ണം 93-94	94-95	95-96
തെങ്ങ് (WCT)	950	WCT1000	1550
(TXD)	50	-	TXD 65
			DXT 18
കശുമാവ്	-	320	-
കുരുമുളക്	2500	1000	4575
കൊക്കോ	-	-	160
വാഴ	-	1000	1000
ഫലവർഗം	315	105	115

സാമൂഹ്യവനവൽക്കരണ പരിപാടികളുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ഒട്ടനവധി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. അവയുടെ വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

വിതരണത്തൈകളുടെ പട്ടിക 1(6)

ഇനം	വിതരണം ചെയ്ത തൈകളുടെ എണ്ണം 1991	1992	1993
പെരുമരം	2000	2500	1200
അൽബിസിയ	1130	1525	750
സപ്പോട്ട	150	-	-
കാറ്റാടി	1040	1000	-
പൂമരുത്	250	-	-
ഗുൽമോഹർ	635	-	-
ഇലഞ്ഞി	250	-	-
മഹാഗണി	1055	1325	-
പേര	750	500	-
കണിക്കൊന്ന	750	-	-
അഗസ്ത്യമുരിങ്ങ	200	-	-
ഇക്രന്ത	-	-	950

94,95,96 വർഷങ്ങളിലെ കണക്കുകൾ ലഭിച്ചിട്ടില്ല.

വളത്തിന്റെ ഉപഭോഗം:-

പരമ്പരാഗത കാർഷിക സമ്പ്രദായങ്ങൾ നിലവിലിരുന്ന കാലത്ത് വളപ്രയോഗത്തിനും നാടൻ സമ്പ്രദായങ്ങളാണ് ഉപയോഗിച്ചിരുന്നത്. ചാണകം, പച്ചില വളങ്ങൾ, ചാരം എന്നിവയായിരുന്നു പ്രധാനവളങ്ങൾ. എന്നാൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കടന്നുവന്നതോടെ കാർഷികമേഖലയും ആധുനികവൽക്കരണത്തിന് വിധേയമായി. രാസവളങ്ങളുടേയും കീടനാശിനികളുടേയും അമിതമായ ഉപയോഗം സൃഷ്ടിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ അനവധിയാണ്. അമിതമായ വളപ്രയോഗം മണ്ണിന്റെ സ്വാഭാവികമായ ഉർവ്വരത നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. രാസവളങ്ങൾ കാർഷികോല്പന്നങ്ങളുടെ ഉല്പാദനം ത്വരിതപ്പെടുത്തുമെങ്കിലും അതൊരു താല്ക്കാലികപ്രതിഭാസംമാത്രമാണ്. എങ്കിലും ജൈവവളങ്ങളേക്കാൾ കൂടുതൽ കർഷകർ ഇഷ്ടപ്പെടുന്നതും പ്രാധാന്യം കൽപ്പിക്കുന്നതും രാസവളങ്ങൾക്കാണ്. മടവൂർ സർവ്വീസ് സഹകരണബാങ്കിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വളംഡിപ്പോയിൽ നിന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിറ്റഴിക്കപ്പെട്ട രാസവളങ്ങളും കീടനാശിനികളും തന്നെ ഇതിന് തെളിവാണ്. സ്വകാര്യവളംഡിപ്പോകളിൽ നിന്നും വിറ്റഴിച്ച വളങ്ങൾ ഇതിന് പുറമേയാണ്.

1995-96 വർഷത്തിൽ വിതരണം ചെയ്ത രാസവളങ്ങൾ പട്ടിക 1(7)

നമ്പർ	വളത്തിന്റെ പേര്	ഉപയോഗിച്ച രാസവളത്തിന്റെ അളവ്
1	ഫാക്ടംഫോസ്	70.500 കിഗ്രാം
2	പൊട്ടാഷ്	15.000 കിഗ്രാം
3	യൂറിയ	18.000 കിഗ്രാം
4	അമ്മോണിയ	7.500 കിഗ്രാം
5	റബ്ബർ മിക്ചർ	48.000 കിഗ്രാം
6	മറ്റ് മിക്ചറുകൾ	4.500 കിഗ്രാം
7	എല്ലുപൊടി	4.500 കിഗ്രാം
8	മഗ്നീഷ്യം സൾഫേറ്റ്	750 കിഗ്രാം
9	കീടനാശിനികൾ	10.000 രൂപ

കാർഷികമേഖലയുടെ പുരോഗതി ജലസേചനസൗകര്യങ്ങളുടെ ലഭ്യതയെ അടിസ്ഥാനമാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ കാർഷികോല്പാദനം വർധിപ്പിക്കുന്നതിന് ജലസേചനസൗകര്യങ്ങൾ വർധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ നാട്ടിൽ പ്രധാനമായും ജലസേചനസൗകര്യത്തിന് ആശ്രയിക്കുന്നത് കുളങ്ങളേയും തോടുകളേയുമാണ്. എന്നാൽ പലപ്പോഴും ഇവയിൽ ആവശ്യത്തിന് ജലം ലഭിക്കാറില്ല. അതു കൃഷിയെ - പ്രത്യേകിച്ചും, നെൽക്കൃഷിയെ സാരമായി ബാധിക്കുന്നു. അതിനാൽ കുളങ്ങളും തോടുകളും സംരക്ഷിച്ച് കാർഷികമേഖലയെ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പ്രധാന ചെറുകിട ജലസേചനത്തോടുകൾ
പട്ടിക 1(8)

നമ്പർ	തോടിന്റെ പേര്	ആകെ നീളം മീറ്റർ	വീതി മീറ്റർ	സംരക്ഷിക്കപ്പെട്ട നീളം മീറ്റർ
1.	പടിഞ്ഞാറ്റേലാ-ആനകുന്നം	2014	3	100
2.	വിളയ്ക്കാട്	1246	1	500

3.	കിഴക്കനേലാ വേമുട്	1523	6	520
4.	ചാങ്ങയിൽക്കോണം കിഴക്കനേല	700	2	-
5.	അറുകാഞ്ഞിരം നടുവത്തേല	1422	2	100
6.	പുലിയൂർക്കോണം വേമുട്	1724	2	525
7.	തോളൂർ- ആനകുന്നം	1984	2	600
8.	മണ്ണടിക്കോണം-മുട്ടയം	1500	7	1000
9.	വാഴമൺ-കീഴ്ച്ചിറ	500	1	100
10.	മുട്ടയം തോട്	1000	1	-
11.	ഞാറയിൽകോണം ഏലാതോട്	1800	0.5	-

മേൽപ്പറഞ്ഞ തോടുകളുടെ വശങ്ങൾ കെട്ടി സംരക്ഷിയ്ക്കുകയും ഏലാകളിൽ ജലസേചനസൗകര്യമെത്തിക്കുന്നതിനുവേണ്ടി ബണ്ടുകളും ക്രോസ്ബാറുകളും നിർമ്മിക്കുകയും വേണം. ജലസേചനസൗകര്യം കുറഞ്ഞ പ്രദേശങ്ങളിൽ തലക്കുളങ്ങൾ നിർമ്മിച്ചും ഉറവകൾ സംരക്ഷിച്ചും കുളങ്ങളും കിണറുകളും വ്യത്തിയാക്കിയും ജലസേചനസൗകര്യങ്ങൾ വർധിപ്പിക്കേണ്ടതാണ്. കാർഷികാവശ്യത്തിന് കിണറുകളും കുളങ്ങളും നിർമ്മിച്ച് ജലസേചനസൗകര്യം വർധിപ്പിക്കുന്നതിന് കൃഷിഭവൻ മുഖേന സബ്സിഡിയോടുകൂടിയ ദീർഘകാലവായ്പകൾ കർഷകർക്ക് ലഭിക്കുന്നുണ്ട്.

മടവൂർ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് വക കിണറുകൾ, കുളങ്ങൾ പട്ടിക 1 (9)

വാർഡ്	10 സെന്റിന് താഴെ	കുളങ്ങൾ 10-30 സെന്റ്വരെ	40-50 സെന്റ് വരെ	കിണറുകൾ
1	1	-	1	3
2	-	1	-	2
3	1	-	1	5
4	-	1	1	4
5	2	3	1	4
6	-	-	-	4
7	1	-	-	1
8	-	-	-	3
9	1	1	-	4
ആകെ	6	6	4	30

പഞ്ചായത്ത് കുളങ്ങൾക്കും പൊതുക്കിണറുകൾക്കും പുറമേ സ്വകാര്യഭൂമിയിലുള്ള കുളങ്ങളും ജലസേചനത്തിന് വേണ്ടി ഉപയോഗിക്കുന്നു. എന്നാൽ പലപ്പോഴും ഇവ വേണ്ട രീതിയിൽ സംരക്ഷിക്കാൻ ഉടമകൾ തയ്യാറാകുന്നില്ല. കാർഷികബാങ്കുകളുടേയും കൃഷിഭവന്റേയും സാമ്പത്തിക സഹായത്തോടെ കാർഷികാവശ്യത്തിനുവേണ്ടി കർഷകർ കുളം കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്തുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

മടവൂർ ഗ്രാമപഞ്ചായത്ത്
CCS for SE/MF ആസ്തിവിവരപട്ടിക 1(10)

വാർഡ്	കുളങ്ങൾ	വാട്ടർ ടാങ്കുകൾ	പമ്പ് ഹൗസുകൾ	പമ്പ് സെറ്റുകൾ	ജലസേചനം ലഭിക്കുന്ന കൃഷിയിടം
1	15	50	10	56	28
2	8	40	18	48	24
3	12	30	11	39	20
4	9	45	20	52	26
5	11	30	12	38	19
6	7	35	11	42	21
7	10	28	8	32	16
8	9	22	8	31	15
9	12	35	11	47	23
ആകെ	93	315	109	338	192

97-98 സാമ്പത്തിക വർഷത്തിൽ കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് കൃഷിഭവൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

1. 30 സെന്റ് പുരയിടം സ്വന്തമായിട്ടുള്ള ഹരിജൻ കർഷകന് കൃഷിയാവശ്യത്തിനുവേണ്ടി സൗജന്യമായി കിണർ കുഴിച്ചുകൊടുക്കും.
2. പഴവർഗ വികസനപദ്ധതിപ്രകാരം ഒരു ഏക്കറിൽ ഫലവൃക്ഷങ്ങൾ നട്ടിട്ടുള്ള കർഷകന് സബ്സിഡിയും രാസവളത്തിന്റെ പെർമിറ്റും കൊടുക്കും.
3. വെറ്റിലക്കൃഷി കൂടുതൽ പ്രദേശത്തേക്ക് വ്യാപിപ്പിക്കുന്നതിന് ലോണും സബ്സിഡിയും നൽകും.
4. പ്രത്യേക ഘടകകൃഷി പ്രോഗ്രാം.
   a. വെറ്റിലക്കൃഷി - 3 സെന്റ് ഒരു യൂണിറ്റ് - 3700/രൂപ
   b. ഇഞ്ചിക്കൃഷി - 2 സെന്റ് ഒരു യൂണിറ്റ് 500/രൂപ
   c. വാഴക്കൃഷി 3 സെന്റ് ഒരു യൂണിറ്റ് 375/രൂപ
   d. തെങ്ങുകൃഷി 10 സെന്റ് ഒരു യൂണിറ്റ് 120/രൂപ
5. സമഗ്രനാളികേരവികസനപദ്ധതി
   a. കിണർ 2500/ സബ്സിഡി
   b. പമ്പ്സെറ്റ് 2500/ സബ്സിഡി
   c. കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീം - ഹെക്ടർ 10000
   d. റോക്കർ സ്പ്രെയർ 50% സബ്സിഡി
   e. തെങ്ങ്കയറ്റ യന്ത്രം - 50% സബ്സിഡി
6. നാളികേരവികസനബോർഡ് തെങ്ങിന്റെ വളക്കിറ്റുകൾ നൽകുകയും രോഗം വന്ന തെങ്ങ് മുറിച്ചു മാറ്റുന്നതിന് ധനസഹായം നൽകുകയും ചെയ്യും.

ഗ്രാമസഭകളിൽ നിന്ന് ഉയർന്ന നിർദ്ദേശങ്ങൾ

1. മണ്ണടിക്കോണം കിടാരക്കുഴി ഭാഗത്ത് ഒരു മിനി ഡാം നിർമ്മിച്ച് പഴുവടി ഏലയിലെ ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണം.

2. മരിതൻ ചേരിക്കോണം മുതൽ ആനകുന്നം വരെ പടിഞ്ഞാറ്റേല വലിയ തോടിന്റെ അറ്റകുറ്റപ്പണികൾ നടത്തി പുതിയ ചിർപ്പുകളും തടയണകളും കെട്ടി ഏലയിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കണം.

3. വിളയ്ക്കാട് കുളം അറ്റകുറ്റപ്പണികൾ നടത്തുകയും പമ്പ്സെറ്റ് സ്ഥാപിക്കുകയും വിളയ്ക്കാട് മുതൽ മുതലവരെ കൈത്തോടുകൾ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുകയും വേണം.

4. ചാങ്ങയിൽക്കോണം ഏലാക്കുളവും അത് മുതൽ ഹരിജൻ കോളനിവരെയുള്ള ഏലാത്തോട് വശങ്ങൾ കെട്ടി സംരക്ഷിച്ച് അടിക്കടിയുണ്ടാകുന്ന കൃഷിനാശം തടയുകയും തോടിന്റെ ഇരുകരകളേയും ബന്ധിപ്പിച്ചുകൊണ്ട് നടപ്പാലങ്ങൾ നിർമ്മിക്കുകയും വേണം.

5. മുട്ടയം ഏലയിൽ ജലസേചനത്തിനുവേണ്ടി ഏരുപൊയ്ക, കരുക്കോത്തിക്കോണം, മേച്ചിറ എന്നിവിടങ്ങളിൽ നീരുറവകൾ സംരക്ഷിക്കുകയും അറുകാഞ്ഞിരം, പുവത്തൂർ, ഇരുന്നല്ലിക്കോണം കുഴിക്കാട് ഏലകളിൽ തലക്കുളം നിർമ്മിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തുകയും ശുദ്ധജലക്ഷാമം പരിഹരിക്കുകയും വേണം. തെന്നാൻകോണം, മൈലോട്ടുകോണം ലാവേറ്റിപൊയ്ക എന്നീ ഏലകളുടെ തലയ്ക്കൽ തലക്കുളങ്ങൾ നിർമ്മിച്ച് ജലസേചനസൗകര്യമുണ്ടാക്കണം.

6. മൂന്നാം വിളമുതൽ പാതിരിയോടുവരെയുള്ള ഏലാതോടിന്റെ വീതി കൂട്ടുകയും വശങ്ങൾ കെട്ടി സംരക്ഷിച്ച് മടവീഴ്ച തടയുകയും ജലസേചനസൗകര്യമുണ്ടാക്കുകയും വേണം. പുത്തിനാപുരം, പള്ളിവാതുക്കൽ ആലുകുഴി, പാതിരിയോട് എന്നിവിടങ്ങളിൽ ക്രോസ്ബാറുകളും നടപ്പാലങ്ങളും നിർമ്മിക്കണം.

7. വേമൂട്, പഴവൂർക്കോണം, താമലഴികം, സീമന്തപുരം, ചാങ്ങയിൽക്കോണം, മുച്ചോട്ട, ചാലാംകോണം, ആനകുന്നം, നക്രാംകോണം, ഇലഞ്ഞിക്കോട് കോണം – എന്നിവിടങ്ങളിലെ കുളങ്ങൾ പുതുക്കിപ്പണിത് തോടുകൾ നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കണം.

8. വേമൂട് മുതൽ മണലുവട്ടം വരെയുള്ള ഏലാത്തോട് മേവർത്തുവാതുക്കൽ മുതൽ കാഞ്ഞിരപ്പള്ളിയാവരെയുള്ള തോട്, കൃഷ്ണൻകുന്ന് – വേമൂച് തോട് ചാങ്ങയിൽ ക്കോണം – പനച്ചോത്തിൽ ഏലാത്തോട്, പെരിങ്ങോട്ടുകോണം കിഴക്കനേലതോട്, ചൂരോട്തോട്, തോളൂർ– ആനകുന്നംതോട്, പഞ്ചവടിപ്പാലം മുതൽ അയക്കരെഴികത്തുവാതുക്കൽവരെയുള്ള തോട് – എന്നിവ വശങ്ങൾ കെട്ടി സംരക്ഷിക്കുകയും ഏലാകളിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുകയും വേണം.

9. വാഴമൺതോട്ടിൽ മണ്ണടിക്കോണം ഭാഗത്തെ നശിച്ചുപോയ ചെക്ക് ഡാമിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും വാഴമൺ–ചൂരോട് ഏലയുടെ സംരക്ഷണത്തിന് വാഴമൺ പാലത്തിനുസമീപം ഷട്ടർ സ്ബാർ പുനർനിർമ്മിക്കുകയും തോടിന്റെ വിവിധ ഭാഗങ്ങളിൽ തടയണകൾ നിർമ്മിക്കുകയും വേണം.

10. ഏറ്റിൻകടവ് പുനരുദ്ധരിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കണം.

11. ചെങ്കോട്ടുകോണം ചതുപ്പുനിലം പുനർനിർമ്മിക്കണം ചെയ്യണം. ഏലായിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കണം.

12. മാങ്കുഴിത്തലക്കൽ മുതൽ മാങ്കോണംവരെയുള്ള തോട് സൈഡ്കെട്ടി നെൽക്കൃഷിക്ക് ജലസേചനസൗകര്യം ഏർപ്പെടുത്തുകയും നടുക്കുന്നിൽ, മാങ്കുഴി, ടുക്കോട്ടുകോണം, കുറുക്കുളത്തുകോണം, മണലുവട്ടം, ചാങ്ങയിൽക്കോണം, ചാലാംകോണം ആശുപത്രി വാതുക്കൽ, മാങ്കോണം, ഈട്ടിമൂട് എന്നിവിടങ്ങളിൽ നടപ്പാലങ്ങൾ നിർമ്മിക്കുകയും വേണം.

13. വിളക്കാട് കുളത്തിന്റെ കിഴക്കുഭാഗത്തുകൂടി തോടുണ്ടാക്കി കരക്കൃഷിക്ക് ജലസേചനസൗകര്യമുണ്ടാക്കണം.

14. വിളയ്ക്കാട് – അയന്നിക്കാട്ടുകോണം ഏലയിൽ ടില്ലർ, ട്രാക്ടർ എന്നിവ ഇറക്കുന്നതിന് റോഡുകൾ നിർമ്മിക്കണം.

15. ചാങ്ങയിൽ കോണം ചിറ ചോർച്ച മാറ്റി, ചിറപൊട്ടിച്ച് ശുദ്ധജലത്തിനും, കൃഷിക്കുമായി പമ്പ് സെറ്റ് സ്ഥാപിച്ച് ഉപയോഗക്ഷമമാക്കണം.

പ്രശ്നങ്ങൾ

1. മണ്ണിന്റെ ഉർവ്വരതയില്ലായ്മ
2. മണ്ണൊലിപ്പ്
3. ജലസേചനസൗകര്യത്തിന്റെ അപര്യാപ്തത
4. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ
5. ജൈവവളങ്ങളുടെ അഭാവം
6. കാലാവസ്ഥയിലുണ്ടാകുന്ന അപ്രതീക്ഷിതമാറ്റങ്ങൾ
7. തൊഴിലാളികളുടെ ക്ഷാമം
8. അത്യുല്പാദനശേഷിയുള്ള വിത്തുകളുടെ ലഭ്യതക്കുറവ്
9. ആധുനികകാർഷികോപകരണങ്ങളുടെ അപര്യാപ്തത
10. രാസവളത്തിന്റെ അമിതമായ വിലവർദ്ധനവും വർദ്ധിച്ച കാർഷിക ചെലവുകളും
11. കാർഷികോല്പന്നങ്ങളുടെ വിലയിടിവ്
12. അശാസ്ത്രീയമായ കൃഷി രീതികൾ
13. കീടബാധ
14. ഉൽപ്പന്നസംസ്കരണത്തിനും വിപണനത്തിനുമുള്ള ബുദ്ധിമുട്ടുകൾ
15. നിലവിലുള്ള ജലസേചനമാർഗ്ഗങ്ങളുടെ ദുരുപയോഗം
16. നെൽപ്പാടങ്ങൾ നികത്തുന്ന പ്രവണത.
17. തരിശുഭൂമികൾ.

സാധ്യതകൾ

1. തരിശുഭൂമികൾ വിളഭൂമികളാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കണം.
2. നെൽപ്പാടങ്ങൾ നികത്തുന്നത് നിരുത്സാഹപ്പെടുത്തണം.
3. ആധുനികരീതിയിലുള്ള കാർഷികരീതികൾ പ്രോത്സാഹിപ്പിക്കണം.
4. മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ഊർജ്ജിതപ്പെടുത്തണം.
5. നിലവിലുള്ള ജലസേചനപദ്ധതികൾ പുനരുദ്ധരിക്കുകയും അനുയോജ്യമായ സ്ഥലത്ത് പുതിയവ നിർമ്മിക്കുകയും വേണം.
6. കാർഷിക നഴ്സറികൾ ആരംഭിക്കുകയും മെച്ചപ്പെട്ട, തൈകളും വിത്തിനങ്ങളും ലഭ്യമാക്കുകയും വേണം.
7. കാർഷികോല്പന്നങ്ങളുടെ സംഭരണവിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
8. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ കാർഷികമേഖലയിലേക്കാനയിക്കുന്നതിനുള്ള സമഗ്രപദ്ധതികൾക്ക് രൂപം നൽകണം.
9. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം എല്ലാ മേഖലകളിലും എത്തിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വേണം.
10. ആവശ്യമായ കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആധുനിക ക്ലിനിക്കുകൾ സ്ഥാപിക്കണം.
11. പയറുവർഗങ്ങൾ, പച്ചക്കറി, വാഴ, കിഴങ്ങുവർഗങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യണം.
12. കൃഷി മേഖലയിലെ തൊഴിൽ ദൗർലഭ്യം പരിഹരിക്കുന്നതിന് ആസൂത്രിതമായ ശ്രമങ്ങൾ തുടങ്ങണം.
13. പൊതു ഞാറ്റടികൾ, കൃഷി സമ്പ്രദായം എന്നിവ ആരംഭിക്കണം.

നമ്മുടെ കാർഷികരംഗം ദിനംപ്രതി മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. നെല്ലും, തെങ്ങും, മരച്ചീനിയുമൊക്കെ നമ്മുടെ കാർഷികമേഖലയിൽനിന്ന് അപ്രത്യക്ഷമായി മാറിക്കൊണ്ടിരിക്കുന്നു. കേരളീയരുടെ മുഖ്യാഹാരം നെല്ലരിയാണെങ്കിലും അതിന് നമ്മൾ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കേരവൃക്ഷങ്ങളുടെ നാടായ കേരളത്തിൽനിന്ന് കേരവൃക്ഷങ്ങൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പണ്ട് പാവപ്പെട്ട ജനങ്ങളുടെ നിത്യാഹാരമായിരുന്ന മരച്ചീനിയുടെ ഉല്പാദനം ഗണ്യമായി കുറഞ്ഞെങ്കിലും മഹത്വം വർദ്ധിച്ച്, നക്ഷത്ര ഹോട്ടലുകളിൽ സമ്പന്നരുടെ വിശിഷ്ടഭോജ്യമായി മാറിക്കൊണ്ടിരിക്കുന്നു. മിച്ച ഭൂമികുറവും മനുഷ്യശേഷി കൂടുതലുമുള്ള നമ്മുടെ നാട്ടിൽ ഇന്നനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഭക്ഷ്യദൗർലഭ്യത്തെക്കുറിച്ച് സമഗ്രമായ പഠനങ്ങൾ നടത്തി. ഇവ പരിഹരിക്കാൻ ദീർഘവീക്ഷണത്തോടുകൂടി ശാസ്ത്രീയസമീപനം സ്വീകരിക്കുകയും വേണം. എങ്കിൽ മാത്രമേ കാർഷികരംഗത്തിന്റെ നഷ്ടപ്പെട്ട പ്രൗഢിയും മഹത്വവും വീണ്ടെടുക്കാൻ കഴിയുകയുള്ളൂ. ഇതിന് പഞ്ചായത്ത്തലത്തിൽ ശ്രമങ്ങൾ ആരംഭിക്കണം.

സാദ്ധ്യതകൾ/പരിഹാരങ്ങൾ

(1) ധാരാളം ഇലലഭ്യതയുള്ള വാഴമൺതോട്ടിലെ കിടാരക്കുഴി വെള്ളച്ചാട്ടത്തിൽ ഒരു മിനിഡാം കെട്ടി വെള്ളം സംഭരിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്. അതിനാൽ ഈ പ്രദേശത്ത് ഒരു മിനിഡാം കെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം കുടിവെള്ളക്ഷാമവും പരിഹരിക്കണം. അതോടൊപ്പംതന്നെ കുറഞ്ഞചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യതയും ഈ പ്രദേശത്തുണ്ട്.

(2) പഞ്ചായത്തിലെ നെൽപ്പാടങ്ങളിൽ ജലസേചനസൗകര്യം എത്തിക്കുന്നതിന് ഏലാത്തോടുകളും കുളങ്ങളും സംരക്ഷിക്കുകയും പുതിയ ജലസ്രോതസുകൾ നിർമ്മിക്കുകയും വേണം. ഗ്രാമസഭകൾ നിർദ്ദേശിച്ചതുപോലെ എല്ലാ ഏലാത്തോടുകളും പുനർനിർമ്മാണം നടത്തി ജലസേചനസൗകര്യം വർദ്ധിപ്പിക്കണം. വിവിധ ഏലാകളിൽ തലക്കുളങ്ങൾ നിർമ്മിക്കുകയും കൈത്തോടുകൾ നിർമ്മിക്കുകയും വേണം. ആവശ്യമായ പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം മുഖേനയും ജലസേചനസൗകര്യം ഏർപ്പെടുത്തണം.

(3) കൃഷിയിടങ്ങളിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വാമനപുരം നദീതടപദ്ധതിയുടേയും കല്ലട ഇറിഗേഷൻ പദ്ധതിയുടേയും കനാലുകൾ തിരുവനന്തപുരം കൊല്ലം ജില്ലാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന മടവൂർ പഞ്ചായത്ത് പ്രദേശംവരെ വ്യാപിപ്പിക്കണം. ചിറയിൻകീഴ് താലൂക്കിൽ ഈ പദ്ധതികളുടെ പ്രയോജനം ഇതുവരെ ലഭിച്ചിട്ടില്ല.

(4) മടവൂർ കേന്ദ്രമാക്കി ഒരു കാർഷിക സംഭരണ വിപണനകേന്ദ്രം ആരംഭിക്കണം.

(5) കാർഷികോപകരണങ്ങളും അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നതിന് ഒരു കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.

(6) കാർഷികമേഖലയുടെ മഹത്ത്വം വീണ്ടെടുത്ത് അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ കാർഷികമേഖലയിലേക്ക് ആകർഷിക്കണം.

(7) ശാസ്ത്രീയമായി ജൈവവളങ്ങൾ ഉല്പാദിപ്പിച്ച് രാസവളങ്ങളുടെ ഉപഭോഗം കുറയ്ക്കുകയും മണ്ണിന്റെ ഉർവ്വരത വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം.

(8) ചെറുകിടകർഷകർക്ക് കൃഷിക്ക് സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുകയും പലിശരഹിത ദീർഘകാലവായ്പകൾ ലഭ്യമാക്കുകയും വേണം.

(9) പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേകപദ്ധതികൾ നടപ്പാക്കണം.



മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

മനുഷ്യൻ കൂട്ടമായി സഞ്ചരിച്ചിരുന്ന കാലം മുതൽ മൃഗങ്ങളെ വളർത്തുകയും പരിപാലിക്കുകയും ചെയ്തിരുന്നു. കാർഷികോൽപ്പന്നങ്ങൾ കൊണ്ടും മൃഗസമ്പത്തുകൊണ്ടുമാണ് അക്കാലത്ത് മനുഷ്യർ നിത്യജീവിതം കരുപ്പിടിപ്പിച്ചിരുന്നത്. ലോകത്ത് ഏറ്റവുമധികം മൃഗസമ്പത്തുള്ള രാജ്യമാണ് ഇൻഡ്യ. ഇൻഡ്യയിലെ 80% ജനങ്ങളും ഗ്രാമനിവാസികളായതിനാൽ മൃഗസംരക്ഷണപരിപാടികൾക്ക് സാദ്ധ്യത വളരെ കൂടുതലാണ്. എന്നാൽ നമ്മുടെ നാട്ടിൽ മൃഗപരിപാലനം ശാസ്ത്രീയമായ രീതിയിൽ നടക്കുന്നില്ല. ദശാബ്ദങ്ങൾക്ക് മുമ്പ് നമ്മുടെ മൃഗപരിപാലനം പ്രാചീന സങ്കേതങ്ങൾ അനുസരിച്ചായിരുന്നു നിലനിന്നിരുന്നത്. നാടൻ കന്നുകാലികളെയാണ് അന്ന് പരിപാലിച്ചിരുന്നത്. എന്നാൽ 1960-ന് ശേഷം ക്ഷീരോത്പാദനരംഗത്ത് പ്രകടമായ പുരോഗതിയുണ്ടായി. 1962-ൽ രണ്ട് ലക്ഷം മെട്രിക് ടൺ എന്ന ഉത്പാദന ശരാശരിയിൽനിന്നും 25 ലക്ഷം മെട്രിക് ടൺ എന്ന നിലയിലേക്ക് പാലുൽപ്പാദനം വർദ്ധിച്ചു. പാലുൽപ്പാദനത്തിന്റെ ദേശീയ ശരാശരി വർദ്ധന തോത് 4.75 ശതമാനം എന്ന നിലയിൽ ആയിരിക്കുമ്പോൾ കേരളത്തിലേത് 9.3 ശതമാനം എന്ന നിലയിലെത്തിക്കുവാൻ കഴിഞ്ഞത് ഈ മേഖലയിൽ നടപ്പിലാക്കിയ ശാസ്ത്രീയമായ പദ്ധതിപ്രവർത്തനങ്ങൾ മൂലമാണ്.

പാലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുക, അത് കൂടുതൽ ലാഭകരമാക്കുക, ആധുനികശാസ്ത്രസാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുക, ക്ഷീരസഹകരണ മേഖല ശക്തമാക്കുക, പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, പുൽകൃഷി പ്രോത്സാഹിപ്പിക്കുക, ദുർബ്ബല വിഭാഗത്തിലെ കർഷകർക്ക് പരമാവധി സഹായമെത്തിക്കുക, അഭ്യസ്തവിദ്യരായ വനിതകൾക്ക് സ്വയംതൊഴിൽ സാദ്ധ്യതകൾ പ്രായോഗികമാക്കുക, ഗ്രാമീണ ജനങ്ങളുടെ ആരോഗ്യപരമായ ഭക്ഷണക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക, പാലുൽപ്പാദകർക്ക് പരമാവധി വില ലഭ്യമാക്കുക തുടങ്ങിയവയാണ് ക്ഷീര വികസന വകുപ്പിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. ജനകീയ അടിത്തറയോടെ നടപ്പിലാക്കുവാൻ ക്ഷീര സഹ

വാർഡ്	നാടൻ കാള		കാളസങ്കരം വംശ വർദ്ധന	മറ്റു ഇനം	പശു-നാടൻ കറവ ഉള്ളത്	കറവ ഇല്ലാത്തത്	പശു-സങ്കരം കറവ ഉള്ളത്	കറവ ഇല്ലാത്തത്	എരുമ കറവ ഉള്ളത്	കറവ ഇല്ലാത്തത്	ആട്	പട്ടി
I	44	4	18	22	41	50	13	-	-	264	154	
II	48	-	20	32	48	62	18	4	1	372	120	
III	18	-	10	110	12	228	14	1	-	262	102	
IV	3	-	12	12	1	127	18	2	1	247	118	
V	3	-	16	22	1	216	12	1	-	226	112	
VI	1	1	12	12	2	114	13	-	-	208	120	
VII	1	-	8	2	1	210	14	-	-	217	116	
VIII	2	-	15	10	4	119	7	-	-	208	105	
IX	1	-	8	7	2	102	2	-	-	119	201	
	121	5	119	229	112	1228	111	8	2	2123	1148	

കരണ സംഘങ്ങൾക്ക് ഭരണനിയന്ത്രണവും ക്ഷീരവികസന വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് മൃഗസംരക്ഷണം തികച്ചും നാടൻരീതിയിലായിരുന്നു. കാലം കഴിഞ്ഞതോടുകൂടി അത്യുൽപ്പാദനശേഷിയുള്ള പശുക്കളേയും മറ്റ് മൃഗങ്ങളേയും വളർത്തി മൃഗസംരക്ഷണത്തിലുള്ള ആദായം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ വിവരപട്ടിക ചുവടെ ചേർക്കുന്നു : 2 (1)

നമ്മുടെ പഞ്ചായത്തിൽ കോഴിവളർത്തൽ വളരെ സമൃദ്ധമായി നടന്നുവരുന്നു. എന്നാൽ ആധുനിക സങ്കേതങ്ങളുപയോഗിച്ചും ശാസ്ത്രീയമായും കോഴിവളർത്തൽ പരിപോഷിപ്പിക്കപ്പെടുന്നില്ല. ആയതിനാൽ കോഴിവളർത്തൽ സമഗ്രമായി ശാസ്ത്രവൽക്കരിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ വളർത്തുന്ന കോഴികളുടെ വാർഡ് തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ വളർത്തുപക്ഷി വിവരപട്ടിക 2 (2)

വാർഡ്	പുവൻ കോഴി	പിടക്കോഴി മുട്ട ഇടുന്നത്	പിടക്കോഴി മുട്ട ഇടാത്തത്	താറാവ് ആൺ	താറാവ് പെൺ
I	2286	530	232	6	12
II	3428	1126	328	1	4
III	5682	1329	247	2	1
IV	1687	688	327	8	12
V	2887	724	230	2	1
VI	3426	482	112	3	2
VII	2836	1242	280	1	3
VIII	2429	782	230	2	1
IX	3248	629	124	3	2
ആകെ	**27909**	**7512**	**2110**	**28**	**38**

പഞ്ചായത്തിൽ തൻവർഷം 225 പട്ടികൾക്കും പശുക്കൾക്കും പേവിഷബാധയ്ക്ക് എതിരെ പ്രതിരോധകുത്തിവയ്പ് നൽകി. പേവിഷബാധയേറ്റതിനുശേഷം അഞ്ച് പശുക്കൾക്കും ആറ് ആടുകൾക്കും മൂന്ന് പട്ടികൾക്കും കുത്തിവയ്പുകൾ നൽകി. ആകെയുള്ള പശുക്കളിൽ കൃത്രിമബീജസങ്കലനം നടത്തിയവ 553- ഉം രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ 160 ഉം ആണ്. കിടാരികൾ ആകെ 1444- ഉം കൃത്രിമബീജസങ്കലനം നടത്തിയവ 186- ഉം ആണ്. എരുമയുടെ കാര്യത്തിൽ ഇവ 11 - ഉം 6- ഉം ആണ്.

ഗ്രാമസഭയിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ ഊർജ്ജിത കന്നുകാലി പ്രജനന കേന്ദ്രം സ്ഥാപിക്കുകയും ക്ഷീരകർഷകർക്ക് അത്യുല്പാദന ശേഷിയുള്ള പശുക്കൾ, ആടുകൾ, കന്നുകുട്ടികൾ മേൽത്തരം കോഴികൾ എന്നിവ ലഭ്യമാക്കുകയും വേണം. അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യണം. ഇറച്ചിക്കോഴി, മുയൽ, മുട്ടക്കോഴി എന്നിവ വളർത്തുന്നതിന് യൂണിറ്റ് സ്ഥാപിക്കണം. കോഴിത്തീറ്റ, കന്നുകാലിതീറ്റ എന്നിവ ഉൽപാദിപ്പിക്കുന്നതിനുള്ള ചെറുകിട യൂണിറ്റ് സ്ഥാപിക്കണം. ഓരോ മൃഗസംരക്ഷണ ഉപകേന്ദ്രം പുലിയൂർ ക്കോണത്തും, കക്കോട്ടും ചാലാക്കോണത്തും ആരംഭിക്കണം. പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തണം. പഞ്ചായത്ത് തലത്തിൽ ഒരു ഹാച്ചറി, ഗോട്ട്ഫാം, മാതൃകാഡയറി കേന്ദ്രം, അറവുശാല, മാംസസംസ്ക്കരണ യൂണിറ്റ് എന്നിവ അടിയന്തിരമായി സ്ഥാപിക്കണം. ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായം നൽകണം. നിലവിലുള്ള തകരപ്പറമ്പ് മൃഗാശുപത്രികെട്ടിടം വിപുലീകരിച്ച് ചുറ്റുമതിൽ കെട്ടിസംരക്ഷിക്കുകയും ചെയ്യണം. പാൽ ശേഖരണ കേന്ദ്രം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ആരംഭിക്കണം. വീട്ടുവളപ്പിൽ മുട്ടക്കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. അനധികൃത കശാപ്പ് നിരോധിച്ച് ഞാറയിൽകോണം പബ്ലിക് മാർക്കറ്റിൽ ലൈസൻസോടുകൂടിയ കശാപ്പുശാല ആരംഭിക്കണം. താറാവ് കൃഷിക്കാർക്ക് ശാസ്ത്രീയ പരിശീലനം നൽകണം. മടവൂർ എസ്. ബി. റ്റിക്ക് സമീപമുള്ള ഐ. സി. ഡി. പി സബ്സെന്റർ വികസിപ്പിക്കണം. ആട്, പശു തുടങ്ങിയവ വാങ്ങുന്നതിന് കർഷകർക്ക് കുറഞ്ഞപലിശ നിരക്കിൽ വായ്പകൾ അനു

വളർത്തുമൃഗ രോഗവിവരപട്ടിക 2 (3)

	കന്നസംബന്ധി	ശ്വാസകോശരോഗം	ഉപാപചയരോഗം	രക്തരോഗം	ശ്വാസകോശരോഗം	പരാദരോഗം	പ്രത്യുത്പാദനം	വസൂരി	അകിടുവീക്കം	മുടന്തൻപനി
പശു	836	1832	532	1282	842	1329	687	1288	230	49
ആട്	422	1226	322	327	227	282	232	-	120	-
പട്ടി	5	1	-	2	-	8	-	-	-	-
കോഴി	122	12	-	-	-	-	-	-	-	-

വദിക്കണം. മൂന്നാംവിളയിൽ ക്ഷീരവ്യവസായ സഹകരണസംഘം ആരംഭിക്കണം. എല്ലാ വളർത്തുമൃഗങ്ങൾക്കും രോഗപ്രതിരോധ കുത്തിവയ്പുകൾ സൗജന്യമായി നൽകണം. പുൽകൃഷിക്കാവശ്യമായ വിത്ത് കർഷകർക്ക് സൗജന്യമായി നൽകണം. അത്യാധുനിക ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിക്കണം.

മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷി നാമമാത്രമായി മാത്രമേ നടക്കുന്നുള്ളു. ഈ മേഖലയിൽ കർഷകർക്കുള്ള അജ്ഞതയും സൗകര്യക്കുറവുമാണ് അവരെ ഈ രംഗത്തുനിന്നും പിന്തിരിപ്പിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ ചെറുതും വലുതുമായ കുളങ്ങളും ജലാശയങ്ങളും ഉപയോഗപ്പെടുത്തി മത്സ്യകൃഷി നടത്താവുന്നതാണ്. പഞ്ചായത്തിൽ പരമ്പരാഗതമായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരില്ല. എന്നാൽ മത്സ്യസംഭരണ വിതരണ രംഗത്ത് നൂറിലേറെ തൊഴിലാളികൾ പണിയെടുക്കുന്നു. വിശാലമായ കാഴ്ചപ്പാടോടുകൂടി ഒരു സമഗ്ര ആസൂത്രണം നടത്തി നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷിയും സംഭരണവും വിപണനവും പരിപോഷിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

മടവൂർ പഞ്ചായത്തിലെ സാദ്ധ്യതയുള്ള എല്ലാ കുളങ്ങളിലും ജലാശയങ്ങളിലും ശാസ്ത്രീയമായ മത്സ്യകൃഷി ആരംഭിക്കണം. മത്സ്യവിപണനം നടത്തുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ തൊഴിൽമേഖല നടത്തിക്കൊണ്ടുപോകുന്നതിന് വാഹനവായ്പയും മറ്റ് ധനസഹായവും നൽകണം. മത്സ്യകൃഷി നടത്തുന്നവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകണം. മത്സ്യകൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് പഞ്ചായത്ത് വക കുളങ്ങൾ പാട്ടവ്യവസ്ഥയിൽ നൽകണം. മത്സ്യതൊഴിലാളിപെൻഷൻ വർദ്ധിപ്പിക്കുകയും അപകടമരണമടയുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുകയും ചെയ്യണം.

പ്രശ്നങ്ങളും സാദ്ധ്യതകളും

1. പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു ഗ്രാമീണ കന്നുകാലി പ്രജനനകേന്ദ്രം സ്ഥാപിക്കുകയും അത്യുൽപാദനശേഷിയുള്ള പശുക്കൾ, ആടുകൾ, കന്നുകുട്ടികൾ, മേൽത്തരം കോഴികൾ എന്നിവ ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടാകണം.

2) പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇറച്ചിക്കോഴി, മുയൽ, മുട്ടക്കോഴി എന്നിവ വളർത്തുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷകർക്ക് സഹായധനവും പരിശീലനവും നൽകണം.

3) പഞ്ചായത്തിൽ മടവൂർ ടൗൺ കേന്ദ്രമാക്കി കന്നുകാലി തീറ്റ കോഴിത്തീറ്റ എന്നിവ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ചെറുകിട യൂണിറ്റ് സ്ഥാപിക്കണം.

4) അനധികൃത കശാപ്പ് നിരോധിക്കുന്നതിനും ശുദ്ധമായ മാംസം ലഭ്യമാക്കുന്നതിനും ഒരു അംഗീകൃത അറവുശാല സ്ഥാപിക്കുകയും മാംസ സംസ്കരണത്തിന് ഒരു കേന്ദ്രം തുടങ്ങുകയും ചെയ്യണം.

5) നിലവിലുള്ള മൃഗാശുപത്രിയിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി ആധുനികസജ്ജീകരണങ്ങളോടുകൂടി വിപുലീകരിക്കുകയും ആശുപത്രിയ്ക്ക് ചുറ്റുമതിൽ കെട്ടുകയും കെട്ടിട സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യണം.

6) എല്ലാ വാർഡുകളിലും മൃഗസംരക്ഷണത്തെക്കുറിച്ചും മത്സ്യബന്ധനത്തെക്കുറിച്ചുമുള്ള സെമിനാറുകൾ നടത്തി കർഷകരെ ബോധവൽക്കരിക്കുകയും കൂടുതൽ ഇനങ്ങളെ ഈ മേഖലകളിലേക്ക് കൊണ്ടുവരികയും വേണം.

7) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്രമായ പരിപാടികൾ തയ്യാറാക്കി നമ്മുടെ പഞ്ചായത്തിലെ എല്ലാ കുളങ്ങളിലും മത്സ്യകൃഷി നടപ്പിലാക്കണം.

8) നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുക. മത്സ്യഫെഡുമായി സഹകരിച്ച് പഞ്ചായത്ത് ആസ്ഥാനമാക്കി മത്സ്യസംഭരണ-സംസ്കരണ-വിതരണ കേന്ദ്രം ആരംഭിക്കണം.

9: മത്സ്യവിപണന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, മത്സ്യവിപണനം നടത്തുന്നതിന് നിലവിലുള്ള എല്ലാ മാർക്കറ്റുകളിലും ശുചിത്വമുള്ള സ്റ്റാളുകൾ കെട്ടി വിപണന സൗകര്യം മെച്ചപ്പെടുത്തണം.

10. മൃഗപരിപാലനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എല്ലാ വാർഡുകളിലും മാസത്തിലൊരിക്കൽ വിദഗ്ദ്ധരായ മൃഗഡോക്ടർമാർ സന്ദർശിച്ച് ചികിത്സകൾ നൽകുകയും കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം.

11. മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി കന്നുകാലിപ്രദർശനം, കന്നുകുട്ടി പ്രദർശനം എന്നിവ സംഘടിപ്പിക്കണം.

12. പഞ്ചായത്തിലെ എല്ലാ വളർത്തുമൃഗങ്ങൾക്കും സൗജന്യമായി ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

❖ ❖ ❖ ❖



വിദ്യാഭ്യാസം

സമീപ പ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ ഉയർന്ന നിലവാരം പുലർത്തുന്ന പ്രദേശമാണ് മടവൂർ. പല കാലഘട്ടങ്ങളിലായി ഉണ്ടായ സാംസ്കാരിക നവോത്ഥാനത്തിന്റെ അലയടികൾ ഏറ്റുവാങ്ങാനും അതുവഴി വിദ്യാഭ്യാസ രംഗത്തുമുന്നേറാനും നമ്മുടെ കൊച്ച് ഗ്രാമത്തിന് കഴിഞ്ഞു. ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം നമ്മുടെ പഞ്ചായത്തിന്റെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ രംഗത്തും പ്രതിഫലിക്കുകയുണ്ടായി. നമ്മുടെ വിദ്യാഭ്യാസ പൈതൃകത്തിന് വിദ്യാഭ്യാസ വിചക്ഷണന്മാർ നൽകിയ സംഭാവന വിസ്മരിക്കാവുന്നതല്ല. പുരാതന കാലഘട്ടം മുതൽ നിലനിന്നിരുന്നകുടിപള്ളിക്കൂടങ്ങൾ, സംസ്കൃത വിദ്യാലയങ്ങൾ നമ്മുടെ വിദ്യാഭ്യാസ മേഖലയെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്.

മടവൂർ ക്ഷേത്രത്തിനുസമീപം യുഗപ്രഭാവനായ മടവൂർ ശ്രീ സി നാരായണപിള്ള നടത്തിയിരുന്ന കുടിപ്പള്ളിക്കൂടമായിരുന്നു നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ നവോത്ഥാനത്തിന് തുടക്കംകുറിച്ചത്. അക്കാലത്ത് രാജ സഭയിൽ അംഗീകാരമുള്ള കവികൾക്കും പണ്ഡിതന്മാർക്കും മാത്രമെ വിദ്യാലയങ്ങൾ നടത്തുവാൻ അനുവാദമുണ്ടായിരുന്നുള്ളു. സംസ്കൃത പണ്ഡിതനും കവിയും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന ശ്രീ സി. നാരായണപിള്ള തുടക്കം കുറിച്ച സരസ്വതീക്ഷേത്രം 1869 ൽ ഇപ്പോഴത്തെ മടവൂർ ഗവ. എൽ പി. എസ് കാമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിച്ചു. ഈ വിദ്യാലയത്തിൽ നെടുമങ്ങാട്, ചിറയിൻകീഴ്, കൊട്ടാരക്കര താലൂക്കുകളിൽ നിന്നും വിദ്യാർത്ഥികൾ എത്തിയിരുന്നു. സംസ്കൃതത്തിനും കലകൾക്കും പ്രാധാന്യം നൽകിയിരുന്ന ഇവിടെ ശാസ്ത്രീയമായി അഭ്യസനം നടന്നിരുന്നു. മടവൂരിന്റെകുലപതിയായിരുന്ന ശ്രീ സി. നാരായണ പിള്ളയുടെ അദ്ധ്യക്ഷതയിലായിരുന്നു ഈ സ്ഥാപനം നടന്നിരുന്നത്.

നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഈമാറ്റത്തിന് തുടക്കം കുറിച്ച ഈ മഹദ് സ്ഥാപനമാണ് പിൽക്കാലത്ത് മടവൂർ ഗവ. എൽ പി എസ് ആയിമാറിയത്.

മടവൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ സവിശേഷമായ സ്ഥാനമലങ്കരിച്ച മറ്റൊരു വിദ്യാഭ്യാസ സ്ഥാപനം മടവൂർ പടിഞ്ഞാറ്റേലയിൽ വാക്കയിൽ ശ്രീ കൃഷ്ണപിള്ള തുമ്പോട് ആരംഭിച്ച വിദ്യാലയമായിരുന്നു. പിൽക്കാലത്ത് കീഴ്ചിറയിൽ ശ്രീ മാധവനും [illegible] എന്ന വ്യക്തിക്ക് ഇത് കൈമാറുകയും മടവൂരിന്റെ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ച വയക്കൽസാർ എന്നറിയപ്പെടുന്ന ശ്രീ സി നാരായണപിള്ളയുടെ സ്മാരകമായി സി. എൻ. പി എസ് വി എം സ്കൂൾ എന്ന് നാമകരണം നടത്തുകയും ചെയ്തു. വിദ്യാഭ്യാസ നിലവാരത്തിലും അച്ചടക്കത്തിലും കീർത്തികേട്ട ഈ സ്ഥാപനം പിന്നീട് പത്തൊൻപതംഗ കമ്മിറ്റിക്ക് കൈമാറി. പിന്നീടത് സി എൻ പി എസ് ഗവ എൽ പി എസും ഉം സി എൻ പി എസ് യു പി എസും ആയിമാറി.

വിദ്യാഭ്യാസം സാർവ്വത്രികമായിമാറിയതോടുകൂടി നമ്മുടെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വിദ്യാലയങ്ങളുണ്ടായി. പുലിയൂർകോണം, തുമ്പോട്, മടവൂർ എന്നിവിടങ്ങളിൽ നിന്നും ഗവൺമെന്റ് ലോവർ പ്രൈമറിസ്കൂളുകളും ഞാറയിൽ കോണത്ത് ഒരു എഡിഡഡ് പ്രൈമറി സ്കൂളും തുമ്പോട്, പുലിയൂർകോണം, മടവൂർ എന്നിവിടങ്ങളിൽ എയിഡസ് യു പി സ്കൂളുകളും മടവൂരിൽ ഒരു എയിഡഡ് ഹൈസ്കൂളും പ്രവർത്തിക്കുന്നു.

വിദ്യാലയങ്ങളുടെ വിശദവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

സ്കൂളിന്റെ പൊതുവിവരം പട്ടിക 3(1)

ക്രമനമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം		
			M	F	ആകെ	M	F	ആകെ
1.	N.S.S H. S മടവൂർ	എയിഡഡ്	723	690	1413	13	39	52
2	C.N.P.S.U.P.S തുമ്പാട്	എയിഡഡ്	295	284	579	3	18	21
3	S.V.U.P.S പുലിയൂർക്കോണം	എയിഡഡ്	151	162	313	5	9	14
4	ഗവ. L.P.S മടവൂർ	സർക്കാർ	230	228	458	3	9	12
5	C.N.P.S.L.P.S തുമ്പാട്	സർക്കാർ	196	223	419	4	5	9
6	L.P.S പുലിയൂർക്കോണം	സർക്കാർ	138	144	282	4	3	7
7	മുസ്ലീം L.P.S ഞെയിൽക്കോണം	എയിഡഡ്	119	98	217	2	4	6

മടവൂർ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ
വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ
പൊതുനിലവാരം പട്ടിക 3 (2)
കുട്ടികളുടെ പൊതുനിലവാരം (മാർക്ക്)

സ്റ്റാന്റേഡേർഡ്	ആൺ	പെൺ	ആകെ	30%–40%	40-50%	50-60%	60%മുകളിൽ	ആകെ
1	158	164	322	–	–	–	–	–
2	201	174	375	–	–	–	–	–
3	175	189	364	118	105	61	38	314
4	149	166	315	86	79	52	48	266
5	206	191	397	86	113	59	54	842
6	203	205	408	138	92	66	70	366
7	225	234	459	161	77	66	95	399
8	203	172	375	207	29	57	34	327
9	194	183	377	180	47	59	40	326
10	138	154	292	101	38	72	42	253
ആകെ കുട്ടികൾ	1852	1829	3681	1077	581	492	443	2593
ശതമാനം	50.31	49.69	100	41.54	22.41	18.97	17.08	100

സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരപ്പട്ടിക 3(3)

സ്കൂളിന്റെ പേര്	ആകെ ഡിവിഷൻ	കെട്ടിടങ്ങളുടെ എണ്ണം		മുറികളുടെ എണ്ണം		ആവശ്യമുള്ള സാധനങ്ങൾ					ഫർണിച്ചർ ഓഫീസ്	കോമ്പസ് വിസ്തൃതി ഏക്കറിൽ
		സ്ഥിരം	അർധസ്ഥിരം	സ്ഥിരം	അർധ സ്ഥിരം	ബ്ലാക്ക് ബോർഡ്	ഡസ്ക്	ബഞ്ച്	മേശ	കസേര		
N.SS H S മടവൂർ	34	9	-	53	-	4	25	40	10	10	10	.3
CNPSUPS തുമ്പാട്	15	4	1	3	-	-	40	10	5	5	2	.92
SVUPS പുലിയൂർകോണം	9	1	2	7	5	-	45	-	-	-	-	1108
ഗവ LPS മടവൂർ	11	2	1	7	3	-	-	6	1	2	-	.65
ഗവ LPS പുലിയൂർകോണം	8	1	1	3	3	-	32	20	6	10	2	.85
ഗവ CNPS LPSതുമ്പാട്	12	1	-	6	-	-	10	-	-	5	1	1.06
മുസ്ലിം LPS ഞാറയിൽ കോണം	6	2	-	8	-	2	-	15	5	7	3	1.15
ആകെ	95	20	5	87	11	6	152	91	27	29	18	8.71

വിദ്യാലയ സൗകര്യ വിവരപ്പട്ടിക 3(4)

നമ്പർ	സ്കൂളിന്റെ പേര്	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി	മൂത്രപ്പുര എണ്ണം	കക്കൂസ് എണ്ണം	പാചക മുറി	വൈദ്യുതി കണക്ഷൻ	കളി സ്ഥലം	കിണർ
1.	N.S.S Hമടവൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	2	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2.	CNPSUPതുമ്പാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	2	3	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3.	SVUPSപുലിയൂർകോണം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4	ഗവ LPSപുലിയൂർകോണം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	3	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5.	ഗവ CNPSLPതുമ്പാട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
6.	ഗവ LPSമടവൂർ	ഉണ്ട്	ഇല്ല	സയൻസ് കോർണർ	ഇല്ല	2	1	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
7	മുസ്ലിം LPSഞാറയിൽകോണം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	1	1	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്

മടവൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളുടെ വരവ് ചെലവ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 3 (5)

സ്കൂളിന്റെ പേര്	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക്	ഉപകരണങ്ങൾ, ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾക്ക്	ഉപകരണങ്ങൾ ഓഡിയോവിഷ്വൽ ഉപയോഗ സാധനങ്ങൾ	സ്പോർട്സ്	കലാവിനോദങ്ങൾക്ക്	ലൈബ്രറിക്ക്	ഉച്ചഭക്ഷണത്തിന്	മറ്റിനങ്ങൾക്ക്	സർക്കാർ സഹായം	തദ്ദേശസ്വയംഭരണങ്ങളിൽ നിന്നുള്ള സഹായം	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	പി.ടി.എ ഫണ്ട്	മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള വരവ്	ആകെ വരവ്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
N.S.S.H.S.U.P മടവൂർ	6326	-	-	1327	1025	-	4375	349	1373	-	1373	14740.80	-	1931	-	16671/80
C.N.P.S.U.P.S തുണ്ടത്ത്	-	-	500	500	10000	500	5000	5000	3000	-	3000	2700	-	1500	-	4200
S.V.U.P.S. പുലിയൂർകോണം	1500	300	150	200	600	220	8125	1500	952	-	952	2132	-	2450	7061	12595
ഗവ. L.P.S മടവൂർ	-	-	-	-	-	-	3000	-	-	-	-	-	-	4000	-	4000
ഗവ. L.P.S പുലിയൂർകോണം	8000	1500	500	2000	3000	2000	10000	2000	2500	-	2500	2000	-	2000	-	2000
C.N.P.S ഗവ L.P.S തുണ്ടത്ത്	-	500	-	-	-	-	10000	100	841	-	841	-	121	2000	-	2121
മുസ്ലീം.L.P.S ഞാറയിൽകോണം	1845	900	-	1500	2000	350	4000	550	-	-	-	-	-	200	150	350
ആകെ	17671	3200	1150	5527	16625.	3070	44500	9499	8666	-	8666	19572/80	121	14081	7211	41937/80

N.S.S.H.S ലെ കഴിഞ്ഞ 5 വർഷത്തെ SSLC വിജയശതമാനപ്പട്ടിക 3(6)

വർഷം	ആകെപരീക്ഷയ്ക്കിരുന്നവർ		വിജയിച്ചവർ		വിജയശതമാനം
	ആൺ	പെൺ	ആൺ	പെൺ	
1992	175	160	60	80	41.79
1993	153	177	65	93	47.88
1994	157	166	62	63	38.70
1995	172	150	52	81	41.30
1996	136	160	48	77	42.22

നമ്മുടെ പഞ്ചായത്തിൽ 6 ട്യൂട്ടോറിയലുകളും 3 പാരലൽ കോളേജുകളും സമാന്തരസ്ഥാപനങ്ങളായി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ കൂടി 40 ഓളം വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് ഭാഗികമായെങ്കിലും തൊഴിൽ സൗകര്യം നൽകുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളുടെ വിജയ ശതമാനം ഉയർത്തുന്നതിൽ ഈ സ്ഥാപനങ്ങളുടെ സേവനം വളരെ വലുതാണ്.

ഗ്രാമസഭയിൽ നിന്നുള്ള നിർദേശങ്ങൾ

മടവൂർ ഗവഃ എൽ.പി. എസ്സിന് 50 സെന്റ് സ്ഥലം കൂടി അക്വയർ ചെയ്ത് വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനും സ്കൂൾ കോമ്പൗണ്ടിന്റെ സുരക്ഷിതത്വത്തിനുവേണ്ടി ചുറ്റുമതിൽ കെട്ടുവാനും ഒരു രണ്ടുനില സ്കൂൾ കെട്ടിടം നിർമ്മിക്കുവാനും നിർദ്ദേശിക്കുന്ന മടവൂർ ഗവഃ എൽ. പി. എസ് അപ്ഗ്രേഡ് ചെയ്ത് യു.പി. എസ് ആക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നു.

മുടവൂർ ഗ്രാമപഞ്ചായത്തിലെ ഏക ഹൈസ്കൂളായ എൻ. എസ്. എസ്. എച്ച്. എസിൽ പ്ലസ്സു അഥവാ വൊക്കേഷ്ണൽ ഹയർ സെക്കൻറ്ററി ആരംഭിക്കുവാനും സ്കൂളിലെ വിദ്യാഭ്യാസപരമായ ശോച്യാവസ്ഥ പരിഹരിച്ച് നിലവാരം ഉയർത്താനും വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാനും നിർദ്ദേശം ഉണ്ടായി. വാർഡിലെ അക്ഷര സംഘങ്ങൾ വികസനകേന്ദ്രങ്ങൾ ആയി ഉയർത്താനും പ്രമേയം പാസ്സാക്കി.

പുലിയൂർക്കോണം ഗവ. എൽ.പി. എസിന് രണ്ടു നിലയിൽ ഒരു കെട്ടിടം സ്ഥാപിച്ച് സൗകര്യം വർദ്ധിപ്പിച്ച് ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കുകയും സ്കൂൾ സമീപത്തുനിന്നും ചന്തമാറ്റി പുലിയൂർക്കോണത്തുതന്നെ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്ത് സ്ഥാപിക്കേണ്ടതുമാണ്. സ്കൂളിനോട് ചേർന്ന് ഒരു പാചകപ്പുര നിർമ്മിക്കുകയും കിണർ വൃത്തിയാക്കി പമ്പു സെറ്റു സ്ഥാപിക്കുകയും ചെയ്യുക. സ്കൂളിലേക്ക് ഉച്ചഭക്ഷണത്തിനുള്ള സാധനങ്ങൾ കൊണ്ടുവരാനുള്ള വഴി വാഹനഗതാഗതയോഗ്യമാക്കുകയും സ്കൂളിനു ചുറ്റുമതിൽ കെട്ടുകയും ചെയ്യുക. എൽ.പി.എസിനോട് ചേർന്ന് പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കുകയും വേണം.

പുലിയൂർക്കോണം എൽ.പി. എസിൽ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഉയർന്നനിലവാരമുള്ള അധ്യയനം നൽകുകയും "നൈബറിംങ്ങ്" സ്കൂൾ സമ്പ്രദായം നടപ്പിലാക്കുകയും വേണം. സാക്ഷരതാ തുടർ വിദ്യാഭ്യാസപരിപാടിയുടെ ഭാഗമായി പഞ്ചായത്തിൽ ആകമാനം അക്ഷരസംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. സ്കൂളുകളിൽ നൽകുന്ന ഉച്ചഭക്ഷണം പോഷകസംപുഷ്ടമാക്കണം. അറുകാഞ്ഞിരം, വേട്ടക്കാട്ടുക്കോണം കേന്ദ്രമാക്കി ഒരു എൽ.പി. എസ് സ്ഥാപിക്കുക.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളായ ലക്ഷംവീട് കോളനി, മാങ്കുഴി ഹരിജൻ കോളനി, അടുക്കോടുക്കോണം ഹരിജൻ കോളനി, ക്ലാവറക്കുന്ന്, കുവക്കുഴി എന്നീ സ്ഥലങ്ങളിൽ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നില്ക്കുന്നതും പഠിത്തം നിർത്തിയതുമായ കുട്ടികളെ വിദ്യാഭ്യാസരംഗത്തേക്ക് തിരിച്ചു കൊണ്ടുവരണം. പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ പൊതുമേഖലയിൽ നഴ്സറി സ്കൂൾ ആരംഭിക്കണം, എൽ.പി, യു.പി, എച്ച്. എസ് തലങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള പ്രോത്സാഹനസമ്മാനങ്ങൾ ഏർപ്പെടുത്തുക.

മടവൂർ ഗവഃ CNPS LPS ന് ഒരു കെട്ടിടം കൂടി നിർമ്മിക്കുകയും ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുകയും ചെയ്യണം. മടവൂർ CNPS LPS നോടനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാഭ്യാസം ആരംഭിക്കണം.

ചാലിൽ, മുടിയൂർക്കോണം, മുളവന എന്നിവിടങ്ങളിൽ അങ്കണവാടികൾ ആരംഭിക്കുക. കായിക വിദ്യാഭ്യാസരംഗം പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കണം. പൊതുവിദ്യാഭ്യാസ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് രക്ഷകർത്താക്കൾക്ക് പ്രോത്സാഹനം നൽകണം. ആറാം വാർഡിലെ 2 ഹരിജൻ കോളനികളിലും സീമന്തപുരത്തും നഴ്സറി സ്കൂളുകൾ ആരംഭിക്കണം, മടവൂർ ഗ്രാമപഞ്ചായത്തിലെ സാക്ഷരതാതുടർവിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഭാഗമായി ആരം

ഭിച്ചിട്ടുള്ള അക്ഷരസംഘങ്ങളെ വികസനപ്രവർത്തന ങ്ങളുമായി ബന്ധപ്പെടുത്തുക.

ഏഴാംവാർഡിൽ നിലവിലുള്ള ഞാറയിൽക്കോണം മുസ്ലീം LPS-നോട് അനുബന്ധിച്ച് ഒരു പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുക. വാർഡിലെ സാക്ഷരതാ തുടർ വിദ്യാഭ്യാസപരിപാടികൾ കാര്യക്ഷമമാക്കുക. വിദ്യാഭ്യാ സരംഗത്തെ നിലവാരത്തകർച്ച നേരിടുന്നതിന് അധ്യാ പകരെയും രക്ഷാകർത്താക്കളെയും സ്കൂൾ അടിസ്ഥാ നത്തിൽ പങ്കെടുപ്പിച്ച് ബോധവൽക്കരണപരിപാടികൾ നടത്തുക. നിലവിലുള്ള പ്രൈമറി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് UPS ആക്കുക. SSLC പാസായവർക്ക് തൊഴിൽ മേഖലകൾ കണ്ടെത്തുവാൻ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനും ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം ആരംഭിക്കുക. സ്കൂൾ PTA കളിൽ അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പുറമെ മറ്റു പൊതുപ്രവർത്ത കരേയും വിദ്യാഭ്യാസരംഗത്ത് അനുഭവജ്ഞാനമുള്ളവ രെക്കൂടി പങ്കെടുപ്പിക്കുക.

7, 8, 9 വാർഡുകൾക്ക് പ്രയോജനപ്രദമാകും വിധം കക്കോട് കേന്ദ്രമാക്കി പ്രീപ്രൈമറിയോടുകൂടിയ ലോ വർ പ്രൈമറി സ്കൂൾ ആരംഭിക്കുക. തോളൂർ, ആന കുന്നം കേന്ദ്രങ്ങളാക്കി ഓരോ അംഗൻവാടികളും വാർ ഡിൽ ആരംഭിക്കുക. വാർഡിൽ ഒരു സാങ്കേതികവി ദ്യാഭ്യാസസ്ഥാപനം ആരംഭിക്കുക. സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി വാർഡിൽ ഊർജ്ജിതമായി നട പ്പിലാക്കുക. ശിശുവിഹാറിലെ പഠനസൗകര്യം മെച്ച പ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കുക. മാതൃഭാ ഷയോടൊപ്പം ഇംഗ്ലീഷുമീഡിയവും തുടങ്ങുക, വാഹ നസൗകര്യം ലഭ്യമാക്കുക. കുട്ടികൾക്ക് സൗജന്യഭക്ഷ ണവും ഫീസ് സൗജന്യവും നടപ്പിലാക്കുക.

പരിഹാരനിർദ്ദേശങ്ങൾ

തുമ്പോട് CNPS ഗവ:LPSന് 160' X 20' കെട്ടിടം നിർ മ്മിച്ച് സൗകര്യം മെച്ചപ്പെടുത്തുക. പുലിയൂർകോണം ഗവ: LPS ന് 100' X 20' കെട്ടിടവും കോമ്പൗണ്ടുവാളും നിർമ്മിക്കുക.

മടവൂർ ഗവ: LPS ന് 40' X 20' കെട്ടിടവും കോമ്പൗ ണ്ടുവാളും നിർമ്മിക്കുക. പുലിയൂർക്കോണം, ഞാറയിൽ കോണം എന്നീ സ്ഥലങ്ങളിലും LPS-നോടനുബന്ധിച്ച് പ്രീപ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കുക. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി മടവൂർ ഗ്രാമപഞ്ചായത്തിൽ 'പ്ലസ്സു' ഉൾപ്പെടു ത്തി വൊക്കേഷണൽ ഹയർ സെക്കൻറ്ററി സ്കൂൾ അ നുവദിക്കണം.

കായികരംഗം പ്രോത്സാഹിപ്പിക്കുന്നതിന് മടവൂർ പഞ്ചായത്തിൽ തുമ്പോട് മിച്ചഭൂമി കേന്ദ്രമാക്കി ആ ധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേഡിയം നിർമ്മിക്കുക. യാത്രാസൗകര്യങ്ങൾ വളരെ കുറവായ പഞ്ചായത്തിലെ 7, 8, 9 വാർഡിലെ കുട്ടികൾ 3 കി ലോമീറ്ററോളം നടന്നുവേണം പ്രൈമറി സ്കൂളിൽ പോ കുവാൻ. ആയതിനാൽ കക്കോട് കേന്ദ്രമാക്കി പ്രീപ്രൈ മറി സൗകര്യത്തോടുകൂടി കൂടിയ ഒരു LPS ആരംഭിക്ക ണം.

പഞ്ചായത്തിലെ HS ഒഴികെയുള്ള എല്ലാ സ്കൂളി കളിലെയും വിദ്യാർത്ഥികൾക്ക് ക്ലാസ് മുറികളിൽ ഡസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ആയത് കുട്ടി കൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇത് പരിഹരി ക്കാൻ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഒരു മി നിമം പരിപാടിയുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് വച്ച് എഴുതുന്നതിനും പുസ്തകങ്ങൾ സൂക്ഷിക്കുന്നതി നും ആവശ്യമായി ഡസ്കുകൾ നിർമ്മിച്ച് നൽകണം.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും റേഡിയോ. ടേപിറിക്കാർഡർ, ടി.വി സെറ്റ്, വി.സി. ആർ, വിസി പി, സിനിമാ പ്രോജക്ടർ, സ്ലൈഡ് പ്രൊജക്ടർ, കമ്പ്യൂ ട്ടർ എന്നിവ സൗകര്യപ്പെടുത്തി പഠനനിലവാരം ഉ യർത്തുകയും സ്കൂൾ വിദ്യാഭ്യാസം ആകർഷകമാ ക്കുകയും ചെയ്യുക.

പൊതു ഔപചാരിക വിദ്യാഭ്യാസമാകെ പഞ്ചാ യത്ത് രാജ് സംവിധാനത്തിൻ കീഴിലായിരിക്കുന്നു. നി ലവിലുള്ള സ്കൂളുകളുടെ വിദ്യാഭ്യാസ ഗുണമേൻമ വർ ദ്ധിപ്പിച്ച് നിലനിറുത്തുകയാണ് ഗ്രാമപഞ്ചായത്തുകൾ ചെയ്യേണ്ടത്. ഇതിന് വിദ്യാർത്ഥികൾ, അധ്യാപകരക്ഷാ കർത്താക്കൾ എന്നവരോടൊപ്പം സ്കൂൾ ഉൾപ്പെ ടുന്ന സമൂഹത്തെയാകെ സഹകരിപ്പിക്കേണ്ടതുണ്ട്. സർ ക്കാർ തലത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന വി ദ്യാജ്യോതി QIP, MLL, DPEP പദ്ധതികളെ സമന്വയിപ്പി ച്ച് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സമ ഗ്രസ്കൂൾ വിദ്യാഭ്യാസവികസന പദ്ധതി ആവിഷ്ക രിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഈ വിദ്യാഭ്യാസവികസ നപദ്ധതി വിഭാവനം ചെയ്യേണ്ടുന്ന കാര്യങ്ങൾ ചു വടെ ചേർക്കുന്നു:-

1. ഒന്നുമുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർത്ഥി കളിൽ പൊതുവെ ഓരോ ക്ലാസിലും പ്രതീക്ഷിക്കപ്പെ ടുന്ന മിനിമം പഠനനിലവാരം ഉറപ്പാക്കുക.
2. ഒന്നാം ക്ലാസ്സിൽ എത്തുന്ന എല്ലാ വിദ്യാർത്ഥിക ളും പത്താം ക്ലാസിൽ എത്തുന്നു എന്ന് ഉറപ്പാക്കുക.
3. പത്താം ക്ലാസിൽ എത്തുന്ന എല്ലാവരും അവ ശ്യപഠനനിലവാരത്തോടെ വിജയിക്കുമെന്ന് ഉറപ്പാക്കു ക.
4. പഞ്ചായത്തിൽ നിലവിലുള്ള ഹൈസ്കൂളിലെ SSLC വിജയശതമാനം ക്രമേണ വർദ്ധിപ്പിക്കുക.
5. പഞ്ചായത്തിലെ പ്രീപ്രൈമറി വിദ്യാഭ്യാസം ശാ സ്ത്രീയമായി പരിഷ്ക്കരിച്ച് എല്ലാ പ്രൈമറി സ്കൂളു കളിലും പ്രീപ്രൈമറി വിദ്യാഭ്യാസം ഏർപ്പെടുത്തുക.
6. ആധുനികപഠനബോധന തന്ത്രങ്ങൾക്കായി അ ധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ ഗവ:തല ത്തിൽ സംഘടിപ്പിക്കുക.

7. പഞ്ചായത്തുതലത്തിൽ വിദ്യാലയങ്ങളുടെ കൂട്ടായ്മയായ പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് പ്രവർത്തനത്തിലൂടെ നിലവിലുള്ള വിഭവങ്ങളും സംവിധാനങ്ങളും പ്രാവീണ്യങ്ങൾക്കും പരമാവധി പ്രയോജനപ്പെടുത്തുക.

8. പഠനനിലവാരം ഉയർത്തുന്നതിനാവശ്യം വേണ്ട പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സ്കൂൾ ആകർഷകമാക്കുന്നതിനും ജനപങ്കാളിത്തം നേരിടുന്നതിനുമായി ബോധവൽക്കരണം നടത്തുക.

9. വ്യക്തിത്വത്തിന്റെ സമഗ്രമായി വികസനത്തിന് ആവശ്യമായ പഠനബോധനതന്ത്രങ്ങൾ മൂല്യനിർണ്ണയരീതികൾ പഠനാനുബന്ധവും പഠനേതരവുമായ പ്രവർത്തനങ്ങൾ എന്നിവ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

10. പഞ്ചായത്തിലെ പൊതു ഔപചാരിക സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തിയും ആകർഷകമാക്കിയും സംരക്ഷിക്കുക.

11. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിഹാരബോധനവും മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പോഷണബോധനവും നൽകുക.

12. യാതൊരു നിയന്ത്രണവുമില്ലാതെ വ്യാപകമായി അൺ എയിഡഡ് വിദ്യാലയങ്ങൽ ആരംഭിച്ച് വിദ്യാഭ്യാസത്തെ കച്ചവടവത്ക്കരിക്കുന്ന പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തുക.

13. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി സമൂഹത്തിൽ നിലനിൽക്കുന്ന വികലവും വികൃതവുമായി വിദ്യാഭ്യാസ സങ്കൽപ്പങ്ങൾക്കെതിരെ ജനകീയാഭിപ്രായം സംഘടിപ്പിക്കുക.

14. ഗ്രാമപഞ്ചായത്തുതലത്തിൽ അധ്യാപക സംഗമങ്ങൾ ഉണ്ടാക്കണം. പഞ്ചായത്തിലെ എല്ലാ അധ്യാപകരും ഒന്നിച്ചു കൂടി പൊതു തന്ത്രങ്ങൽ ആവിഷ്ക്കരിച്ചശേഷം വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി പിരിഞ്ഞ് പ്രത്യേകം സമ്മേളിക്കണം. വിവിധതലങ്ങളിൽ അധ്യാപക പരിശീലനങ്ങളും പുനഃപരിശീലനങ്ങളും നടത്തണം. സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്തി പ്രവർത്തനക്ഷമമാക്കണം. സ്കൂൾ ലബോറട്ടറികളുടെ ഇന്നുള്ള ശോചനീയാവസ്ഥ പരിഹരിച്ച് ശാസ്ത്രാധ്യാപനം കൂടുതൽ ശാസ്ത്രീയമാക്കണം. അധ്യാപക സഹായ ശില്പശാലകൾ സംഘടിപ്പിക്കണം.

പഠന അക്കാഡമിക് തലം:-

ജനകീയ സഹകരണത്തോടെ സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൽ വർദ്ധിപ്പിക്കണം. സ്കൂളിന് ആകർഷകമായ നെയിം ബോർഡ്, നോട്ടീസ് ബോർഡ് , സ്കൂളിന്റെ സ്ഥാനം അടയാളപ്പെടുത്തിയ ഗ്രാമപ്പഞ്ചായത്ത് 'മാപ്' സ്കൂൾ പ്ലാനും സ്റ്റാഫിന്റെയും കുട്ടികളുടെയും മറ്റും എണ്ണവും സൂചിപ്പിക്കുന്ന പട്ടികകൾ ഉണ്ടായിരിക്കണം. class മുറികളും കോമ്പൗണ്ടും ശുചിയായിരിക്കണം. സ്കൂൾ കോമ്പൗണ്ടിൽ വൃക്ഷത്തൈകൾ നട്ട് സംരക്ഷിക്കണം. സ്കൂൾ-യൂണിഫോറം, അസംബ്ലി, ദേശീയദിനാചരണങ്ങൾ, സയൻസ് കോൺഗ്രസ്, ക്ലബ്ബുകൾ, സമാജങ്ങൾ, ബാലോത്സവങ്ങൾ , ചുമർപത്രം, കൈ എഴുത്തുമാസിക, ബാലകലോത്സവം, യുവജനോത്സവം, കായികപ്രവർത്തനങ്ങൽ, ഗൈഡൻസ് സെൽ ആരോഗ്യപരിപാലനം, പരിസരശുചിത്വം, പഠനവിനോദയാത്രകൾ, ലൈബ്രറിയും , വായനാകോർണറുകളും, സ്കൂൾ വാർഷികം, എന്നിവ ചിട്ടയായും ഫലപ്രദമായും സംഘടിപ്പിക്കുക.

ജനകീയതലം: വിദ്യാലയവും സമൂഹവുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും സ്കൂളിന് ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ സ്ഥാപനമാക്കുകയുമാണ് വേണ്ടത്. ഇതിലേക്കായി സംഘടിപ്പിക്കേണ്ടവ:-

പി.ടി. എ, മാതൃസംഗമം:- പി.ടി. എ ഒരു ചടങ്ങ് എന്നതിനുപരി അടുക്കും, ചിട്ടയും ഉള്ളതാക്കണം, സ്കൂളിനെ വീടുമായി ബന്ധപ്പെടുത്താൻ ഏറ്റവും നല്ല ഉപാധിയാണ് മാതൃസംഗമങ്ങൾ. ഇത് സ്കൂൾ തലത്തിലും, ക്ലാസ് തലത്തിലും സംഘടിപ്പിക്കുക. മാതൃസംഗമത്തിൽ പൊതുവായകാര്യങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം, ശിശുപരിപാലനം, അടുക്കളമാനേജ്മെന്റ് , അടുക്കളത്തോട്ടം ആരോഗ്യശീലങ്ങൾ എന്നിവയിൽ ക്ലാസുകളും സംഘടിപ്പിക്കണം.

ജനകീയ വിദ്യാഭ്യാസ സമിതി.

സ്കൂളിന്റെ താൽപര്യത്തിനാവശ്യം വേണ്ട സഹായസഹകരണങ്ങൽ നൽകുന്നതിന് പഠനനിലവാരം ഉയർത്തുന്നതിനും സമൂഹത്തിലെ എല്ലാവരുടെയും പ്രാതിനിധ്യം ഉൾക്കൊള്ളുന്ന ഒരു സമിതി രൂപീകരിക്കണമെന്നും സ്കൂളും പരിസരവും സംരക്ഷിക്കുക ശുചിത്വം ഉറപ്പുവരുത്തുകയും ചെയ്യുക. അധ്യാപകരുടെ കുറവ് പരിഹരിക്കാൻ അടിയന്തിര ശ്രദ്ധ പതിപ്പിക്കുക.

ജനകീയ മോണിട്ടറിംങ്ങിന് ഉചിതമായ തീരുമാനങ്ങൾ എടുത്ത് നടപ്പാക്കുക. കൊഴിഞ്ഞ് പോക്കുതടയുക. പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുക. ഭവന സന്ദർശനം നടത്തുക. അയൽക്കൂട്ടങ്ങളും, കുട്ടികളും ക്യാമ്പും സന്ദർശിക്കുക. നിർമ്മാണ പ്രവർത്തനങ്ങൾ, കരകൗശല പരിപാടികൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങി എല്ലാ മേഖലകളിലും അത്യാവശ്യമായ ജനകീയ പങ്കാളിത്തം ആർജ്ജിക്കുകയാണ് സമിതി ചെയ്യേണ്ടത്. ഇതിലേക്കായി സ്കൂൾതലത്തിലും പഞ്ചായത്തുതലത്തിലും ജനകീയ വിദ്യാഭ്യാസ സമിതികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

സ്കൂൾ സമിതി: സ്കൂൾ സമിതികളായിരിക്കണം ഈ പരിപാടിയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഗ്രാമം, ബ്ലോക്ക്, ജില്ല സമിതികളുമായി വേണ്ടവിധത്തിൽ ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കാൻ കഴി

യണം. പി.ടി എ. എക്സിക്യൂട്ടീവ് അംഗങ്ങൾ സ്കൂൾ സ്ഥിതി ചെയ്യുന്ന വാർഡിലെ ഗ്രാമപഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, സാമൂഹ്യവിദ്യാഭ്യാസ സന്നദ്ധ പ്രവർത്തകർ Rtd അധ്യാപകർ , എന്നിങ്ങനെയുള്ളവർ അംഗങ്ങളായ സമിതിയാവണം വേണ്ടത്. പഞ്ചായത്തു മെമ്പർ പ്രസിഡന്റും, P TA പ്രസിഡന്റ് വൈസ് പ്രസിഡന്റും ഹെഡ്മാസ്റ്റർ കൺവീനറും ഒരധ്യാപകനും ഒരു വിദ്യാഭ്യാസ പ്രവർത്തകനും ജോയിന്റ് കൺവീനർമാരും ആകണം.

പഞ്ചായത്തുസമിതി:- ഗ്രാമപഞ്ചായത്തിലെ സ്കൂളുകളെയും ജനങ്ങളെയും കൂട്ടിയിണക്കുന്ന പ്രധാന കണ്ണിയായിരിക്കണം പഞ്ചായത്തു സമിതി. പഞ്ചായത്തു സ്കൂൾ കോംപ്ലക്സിന്റെ അന്തഃസത്ത പൂർണ്ണമായും നിറവേറ്റുന്ന ചുമതല ഈ സമിതിക്കാവണം. പഞ്ചായത്തുതല അധ്യാപക പരിശീലനങ്ങളും അധ്യാപകസംഗമങ്ങലും സംഘടിപ്പിക്കുകയും പഞ്ചായത്തിലെ വിദ്യാലയങ്ങളെ സംയോജിപ്പിക്കുകയും ചെയ്യണം. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ , ശുചീകരണം, കുടിവെള്ളം ലഭ്യമാക്കൽ സൗകര്യങ്ങൾ എന്നീ കാര്യങ്ങൾ സമിതിക്കാർ പ്രത്യേകം ശ്രദ്ധിക്കണം.

ജില്ലാപഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സാമൂഹ്യ വിദ്യാഭ്യാസ സന്നദ്ധസംഘടനാ പ്രതിനിധികൾ പ്രധാന ഔദ്യോഗിക സ്ഥാപനങ്ങളുടെ പ്രതിനിധികൾ പിടി എ പ്രസിഡന്റുമാർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, അധ്യാപക പ്രതിനിധികൾ, എന്നിവർ അംഗങ്ങളായ സമിതിയാവണം ഇത്. പഞ്ചായത്തു പ്രസിഡന്റ് ചെയർമാനും പഞ്ചായത്ത് സെക്രട്ടറി കൺവീനറും ഒരു വിദ്യാഭ്യാസ പ്രവർത്തകൻ ജോയിന്റ് കൺവീനറും, ഒരധ്യാപകൻ കോ- ഓർഡിനേറ്ററും ആയി പ്രവർത്തിക്കണം.

സാക്ഷരതാ പ്രസ്ഥാനം

കേരളത്തിലാകമാനം ഒരു ദിവസം കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ നടത്തിയ നിരക്ഷരരുടെ സർവ്വെ നമ്മുടെ പഞ്ചായത്തിലും 1990 ഏപ്രിൽ മാസം 8-ാം തീയതി നടന്നു. പഞ്ചായത്തിലാകമാനം 60 സ്കൂഡുകളാണ് പ്രവർത്തനം നടത്തിയത്. ഈ സർവ്വെ പ്രകാരം ജനസംഖ്യ 18274 ആയിരുന്നു. ഇതിൽ 2348 നിരക്ഷരെ കണ്ടെത്തുകയുണ്ടായി. അതിൽ 846 പുരുഷന്മാരും 1502 സ്ത്രീകളുമായിരുന്നു. സർവ്വെയുടെ അടിസ്ഥാനത്തിൽ മടവൂർ പഞ്ചായത്തിലെ സാക്ഷരത 87. 15% ആയിരുന്നു. നിരക്ഷരർ കേവലം 12.85%.

അക്ഷരകേരളം - പഞ്ചായത്ത് ഘടന- ഒന്നാംഘട്ടം

സാക്ഷരതാ പ്രവർത്തനത്തിൽ ഓരോ പഞ്ചായത്തും ഓരോ സബ് പ്രോജക്റ്റ് ആയിട്ടാണ് പ്രവർത്തിച്ചിരുന്നത്. ചിറയിൽകീഴ് താലൂക്കിലെ മടവൂർ പ്രോജക്ടിന്റെ കോഡ് 01311 ആയിരുന്നു. ഈ പ്രോജക്റ്റിന്റെ ഔദ്യോഗിക ഭാരവാഹി A.P.O യും, ചെയർമാൻ പഞ്ചായത്ത് പ്രസിഡന്റും കൺവീനർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറും ജോഃകൺവീനർ ഒരുപൊതുപ്രവർത്തകനും ആയിരുന്നു. ജില്ലാതലത്തിൽ പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ, മാസ്റ്റർ ട്രെയിനർമാർ , ഇൻസ്ട്രക്ടർമാർ, വാർഡ്മെമ്പറന്മാർ, രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ തുടങ്ങി എല്ലാ തുറകളിലുമുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഇത് നടന്നത്. പഞ്ചായത്ത് സാക്ഷരതാസമിതി, വാർഡ്മെമ്പറന്മാർ , രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ തുടങ്ങി എല്ലാ തുറകളിലുമുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഇത് നടന്നത്. പഞ്ചായത്ത് സാക്ഷരതാസമിതി, വാർഡുതല സാക്ഷരതാസമിതി, പഠനകേന്ദ്രം അതിനും പുറമെ മോണിറ്ററിംഗിനുവേണ്ടിയുള്ള ജനകീയസമിതി - ഇതായിരുന്നു പഞ്ചായത്ത് സാക്ഷരതാസമിതിയുടെ ഘടന. അക്കാഡമിക് തലത്തിൽ ട്രെയിനിംഗിനും അവലോകനത്തിനുമായി ഒരു അക്കാഡമിക് കൗൺസിലറുമുണ്ടായിരുന്നു. പദ്ധതി വിജയിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ പരിപൂർണ്ണ സഹായം ലഭിച്ചു. പഞ്ചായത്തുതലസാക്ഷരതാ വിളംബരം പഞ്ചായത്തിലെ ഏറ്റവും പ്രായം കൂടിയ ശ്രീമതി ചിന്ന മടവൂർ ഗവഃ LPS ൽ വച്ച് നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് നവസാക്ഷരരുടെ കലാപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

1991 ഫെബ്രുവരി 23ന് നാവായകുളത്തുവച്ച് നടന്ന ചിറയിൻകീഴ് താലൂക്ക് അക്ഷരോത്സവത്തിൽ പഞ്ചായത്തിലെ പഠിതാവായ ബാലൻ (വാർഡ്-9) അക്ഷരഗീതത്തിൽ ഒന്നാം സമ്മാനംനേടി തുടർന്ന് നടന്ന പഞ്ചായത്ത് മേളയിലും ലളിതഗാനത്തിലും ഒന്നാം സമ്മാനം നേടി. ഒന്നാം കൊല്ലത്തിൽ പ്രൈമർ 1, 2, 3 പൂർത്തിയാക്കിയവർക്ക് എല്ലാം പരീക്ഷ നടത്തി. പരീക്ഷയിൽ പങ്കെടുത്തവരിൽ 70% വിജയികളായി. പ്ലാന്താനം കോളനിയിൽ നിന്നായിരുന്നു ഏറ്റവുമധികം പഠിതാക്കൾ വിജയിച്ചത്.

സംസ്ഥാനത്ത് പല കാരണങ്ങളാൽ നിർജ്ജീവമായ സാക്ഷരതാപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിലും അതേ നിലയിലാണ്. എന്നാൽ പഞ്ചായത്തിൽ ഒരു പാർട്ട് ടൈം കോ- ഓർഡിനേറ്ററെ നിയമിച്ച് സാക്ഷരതാ സമിതി 10/5/96 ൽ പുനഃസംഘടിപ്പിക്കുകയുണ്ടായി.

30/5/96 ൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന യോഗത്തിൽ വച്ച് വിവിധ വാർഡുകളിൽ അക്ഷരസംഘങ്ങൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഇന്ന് പഞ്ചായത്തിലെ വിവധഭാഗങ്ങളിലായി 44 പഠിതാക്കൾ പഠിക്കുന്നു. രണ്ടാംഘട്ടത്തിലുള്ള ജനപങ്കാളിത്തക്കുറവും സംസ്ഥാനതലത്തിലുള്ള പ്രോജക്ടിന്റെ അഭാവവുംമൂലം കാര്യക്ഷമമായി തുടർ സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിൽ നടക്കുന്നില്ല.

പഞ്ചായത്തിലെ നിരക്ഷരരുടെ എണ്ണം വാർഡ് തലത്തിൽ ചുവടെ ചേർക്കുന്നു.

1990 ഏപ്രിൽ 8 സർവ്വേ പട്ടിക 3 (7)

വാർഡ്	ജനസംഖ്യ	നിരക്ഷരുടെ എണ്ണം		ആകെ	മുസ്ലിം നിരക്ഷർ		ആകെ	നിരക്ഷരർ		ആകെ
		M	F		M	F		M	F	
I	2103	88	107	195	22	32	54	38	42	80
II	2325	137	223	360	66	109	175	26	40	66
III	2311	144	229	373	48	85	133	56	38	94
IV	2000	63	149	212	7	9	16	23	40	63
V	2478	103	192	295	13	20	33	43	44	87
VI	1923	61	132	193	2	8	10	46	63	109
VII	1896	103	154	257	43	84	127	41	24	65
VIII	1546	83	170	253	24	54	78	50	91	141
IX	1691	64	146	210	14	26	40	23	57	80
ആകെ	**18274**	**846**	**1502**	**2348**	**239**	**427**	**666**	**286**	**439**	**725**

സാദ്ധ്യതകൾ

1. ഔപചാരികവും അനൗപചാരികവുമായ മേഖലയിലുള്ള നിരക്ഷരത പരിഹരിക്കപ്പെടണം.

2. സ്കൂൾ കുട്ടികൾക്ക് സൗജന്യമായി ട്യൂഷൻ നൽകാനുള്ള സന്നദ്ധ വിദ്യാദാനഗ്രൂപ്പുകൾ രൂപീകരിച്ചും സ്കൂൾ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുകയും താഴെക്കിടയിൽ നിൽക്കുന്ന കുട്ടികളുടെ നിലവാരം വർദ്ധിപ്പിക്കുകയും വേണം.

3. വാർഡ് അടിസ്ഥാനത്തിലും ചിലവാർഡുകളിൽ കോളനികൾ കേന്ദ്രീകരിച്ചും തുടർ പഠനകേന്ദ്രങ്ങൾ നിലവിൽ വരണം. പഠന കേന്ദ്രത്തിൽ വരുന്ന തൊഴിൽ നൈപുണ്യമുള്ള പഠിതാക്കളുടെ തൊഴിൽ പരിചയം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തണം

4. ഗ്രാമത്തിന് ആവശ്യമായ കരകൗശലവസ്തുക്കൾ നിർമ്മിക്കുകയും പരിശീലനം നൽകുകയും വേണം. തൊഴിൽ പരിശീലനവും ഉല്പന്ന നിർമ്മാണവും വരുമാന ജനകമായതിനാൽ ഈ കേന്ദ്രങ്ങളിലേക്ക് നിരക്ഷരെ ആകർഷിക്കുവാൻ കഴിയും. തുടർന്ന് അവരിൽ അക്ഷരബോധം ജനിപ്പിക്കാവുന്നതാണ്. ഇതിലേയ്ക്കായി അഭ്യസ്തവിദ്യരും സന്നദ്ധമനോഭാവവുമുള്ള യുവതീ യുവാക്കളെ ഇൻസ്ട്രക്റ്റർമാരായി നിയമിക്കണം. അവർക്ക് ഏതെങ്കിലും തൊഴിൽ പരിചയമുള്ളവരാണെങ്കിൽ വളരെ നന്ന്. പഞ്ചായത്തിലെ വിദ്യാഭ്യാസസമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ഓരോ തുടർ പഠന കേന്ദ്രവും പ്രവർത്തിക്കേണ്ടത്. ഈ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. ഇതിനായി ഒരു മുഴുവൻ സമയ സാക്ഷരതാ കോ- ഓഡിനേറ്ററെ നിയമിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. കോ- ഓർഡിനേറ്റർക്കും ഇൻസ്ട്രക്ടർമാർക്കും വേതനം നൽകുവാനുള്ള സംവിധാനവുമുണ്ടാകണം.





കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യം

ഒരു പ്രദേശത്തെ ആരോഗ്യരംഗം അവിടത്തെ കാലാവസ്ഥ, ജനങ്ങളുടെ വിദ്യാഭ്യാസം, പരിസരശുചിത്വം, ശുചിത്വബോധ്, ജീവിതചര്യ, ശുദ്ധജലലഭ്യത എന്നീ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അരനൂറ്റാണ്ടിന് മുമ്പ് നമ്മുടെ ജനങ്ങളുടെ ആരോഗ്യാവസ്ഥ താരതമ്യേന മെച്ചമായിരുന്നില്ല.

എന്നാൽ ആരോഗ്യരംഗത്തെ വികസന തന്ത്രത്തിലൂണ്ടായ ചില വൈകല്യങ്ങളും ഗ്രാമങ്ങൾ നഗരവൽക്കരിച്ചതിന്റേയും ഫലമായി കാലാവസ്ഥയിലും പ്രകൃതിസംതുലിതാവസ്ഥയിലും ഉണ്ടായ സാരമായ മാറ്റങ്ങളും ജനസംഖ്യാ വർദ്ധനവും ആരോഗ്യരംഗത്തേയും ബാധിച്ചു. വികസനത്തോടൊപ്പം തന്നെ ആരോഗ്യരംഗത്തും പ്രകടമായ മാറ്റങ്ങൾ കണ്ടുതുടങ്ങി. കേരളത്തിലെ ഉയർന്ന സാക്ഷരതയും സാർവ്വത്രികമായ വിദ്യാഭ്യാസവും ആരോഗ്യരംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. പൊതുമരണനിരക്കിലും, ശിശുമരണനിരക്കിലും മറ്റു വികസിത രാജ്യങ്ങളോട് കേരളം കിടപിടിക്കുമ്പോൾ രോഗാതുരതയുടെ കാര്യത്തിൽ നാം വളരെ മുന്നിലാണെന്ന പ്രതിഭാസം കാണാം. കേരളത്തിന്റെ ഈ സ്വഭാവം തന്നെ നമ്മുടെ പഞ്ചായത്തിന്റെ കാര്യത്തിലും നിലനിൽക്കുന്നു. പാരമ്പര്യ തൊഴിലിൽ നിന്നുള്ള വ്യതിയാനവും കായികാദ്ധ്വാനം ചെയ്യുന്നതിലുള്ള വിമുഖതയും നൂതന ജീവിതക്രമവും അന്യനാടുകളുമായി നമുക്കുള്ള ബന്ധവും ഇതിന് കാരണമായി പറയാം. താരതമ്യേന ഉയർന്ന വിദ്യാഭ്യാസയോഗ്യതയും ആരോഗ്യരംഗത്തെപ്പറ്റി മുന്നറിവുള്ളവരുമായ പഞ്ചായത്തിലെ ജനങ്ങൾ ആരോഗ്യരംഗത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. എന്നാൽ ഗർഭിണികളുടേയും കുട്ടികളുടേയും കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളുമാണ്. സംസ്ഥാനത്തെ ശിശുമരണനിരക്ക് 16- ഉം പൊതുമരണനിരക്ക് 5.9 മാണ് (ആയിരത്തിന്). പഞ്ചായത്തിലെ ശിശുമരണനിരക്ക് 4ന് താഴെയും മാതൃമരണം ഇല്ലെന്നും പറയാം. കേരളത്തിന്റെ ശരാശരി ജനനനിരക്ക് 17 ആണ്. എന്നാൽ പഞ്ചായത്തിലേത് 10.12 ആണ്.

60 വയസ്സിന് മുകളിലുള്ള ജനസംഖ്യയുടെ അനുപാതം കൂടിവരികയാണ്. ആരോഗ്യരംഗത്തെ മുന്നേറ്റം കാരണമായ ഒരു സാമൂഹ്യപ്രശ്നത്തിന് വഴിതെളിച്ചു. കുടുംബബന്ധങ്ങൾ ശിഥിലമാവുകയും കൂട്ടുകുടുംബങ്ങളില്ലാതാവുകയും ചെയ്തതോടെ വൃദ്ധജനങ്ങൾ അനാഥരും അശരണരുമായി മാറി. അവർക്കർഹമായ പരിഗണനയോ പരിചരണമോ സ്നേഹമോ കുടുംബത്തിൽ നിന്നോ സമൂഹത്തിൽനിന്നോ ലഭിക്കാതായി. ഇങ്ങനെ കാരുണ്യം തേടുന്ന വാർദ്ധക്യം സമൂഹത്തിന്റെ ശാപമായി മാറി. ഇതിനെതിരെ ബോധവൽക്കരണം നടത്തുകയും ശാരീരികമായും മാനസികമായും കഷ്ടപ്പാടുകൾ അനുഭവിക്കുന്ന വൃദ്ധരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുകയും വേണം.

പഞ്ചായത്തിലെ ആരോഗ്യപരിപാലന പ്രശ്നങ്ങൾ

സർക്കാർ തലത്തിൽ ഇ. എസ്. ഐ ഉൾപ്പെടെ രണ്ട് അലോപ്പതി ആശുപത്രികളും, ഒരു സ്വകാര്യ ആശുപത്രിയും ഒരു ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയും രണ്ട് സ്വകാര്യ ഡിസ്പെൻസറികളും സ്വകാര്യമേഖലയിൽ മൂന്ന് ഹോമിയോ ഡിസ്പെൻസറികളും നാലു മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളുമാണ് പഞ്ചായത്തിന്റെ ആരോഗ്യപരിപാലന രംഗത്ത് സ്ഥായിയായി പ്രവർത്തിക്കുന്നത്. ഗവ: Grant in aid കൂടി നടത്തുന്ന ഒരു ആയുർവേദ ഡിസ്പെൻസറി

ചാലാംകോണം പ്രൈമറി ഹെൽത്ത് സെന്റർ

മടവൂർ പഞ്ചായത്ത് ഓഫീസിൽ നിന്ന് ഒരു കി ലോമീറ്റർ അകലെ ചാലാംകോണം എന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന ഏകസർക്കാർ സ്ഥാപനമാണിത്. ഹെൽത്ത് സെന്ററിൽ ചെല്ലുന്ന എല്ലാ രോഗികൾക്കും ആവശ്യമായ മരുന്നും ഗുളികകളും അവിടെനിന്ന് തന്നെ ലഭിക്കുന്നു. ധാരാളം രോഗികൾ ചികിത്സയ്ക്കെത്തുന്ന ഹെൽത്ത് സെന്ററാണിത്. വികസന സാദ്ധ്യത വളരെ യധികമുള്ള ഈ ഹെൽത്ത് സെന്ററിന് പരിമിതികൾ ഏറെയാണ്. അരയേക്കർ ഭൂമിയിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രിയുടെ വികസനത്തിന് ഇനിയും ഭൂമി, കെട്ടിടം , ഫർണീച്ചർ തുടങ്ങിയവ വേണ്ടിയിരിക്കുന്നു.

മടവൂർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി

മടവൂർ കൃഷിഭവന് സമീപം പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി തുടക്കത്തിൽ നല്ല പ്രവർത്തനമാണ് കാഴ്ചവെച്ചത്. നാനൂറോളം രോഗികൾ ഇവിടെ ദിവസേന വന്നുകൊണ്ടിരുന്നത് ഇപ്പോൾ ഏകദേശം അൻപതിന് താഴെയാണ്. പ്രശ്നങ്ങൾക്ക് നടുവിലാണ് ഈ സർക്കാർ സ്ഥാപനം. സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്തതാണ് അടിസ്ഥാന പ്രശ്നം. കൃത്യനിഷ്ഠയില്ലാത്ത ജീവനക്കാരും ആവശ്യത്തിന് വേണ്ട മരുന്നില്ലായ്മയും ഈ സ്ഥാപനത്തിന്റെ പ്രവർത്തനം താറുമാറാക്കി. ഗതാഗതസൗകര്യം വേണ്ടുവോളമുണ്ടായിട്ടും രോഗികൾ അവിടേയ്ക്ക് തിരിഞ്ഞുനോക്കാത്തത് രോഗമില്ലാത്തിട്ടല്ല, പ്രത്യുത സേവന പരിമിതി കൊണ്ട് മാത്രമാണ്.

ഇ. എസ്. ഐ ഡിസ്പെൻസറി, മടവൂർ.

ഗവൺമെന്റ് എൽ. പി. എസിന് സമീപമായി വാടകകെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം കശുവണ്ടിത്തൊഴിലാളികളുടെ അഭയകേന്ദ്രമാണ്. ഔട്ട് പേഷ്യന്റിന്റെ എണ്ണത്തിനനുസരിച്ചുള്ള ഡോക്ടർമാർ ഇല്ലാത്തതും എല്ലാ സീസണിലും മരുന്ന് ലഭ്യമല്ലാത്തതും വൈകുന്നേരം ഡോക്ടറുടെ സേവനം കിട്ടാനില്ലാത്തതുമാണ് പ്രധാന പ്രശ്നങ്ങൾ. മൂന്നോളം ഡോക്ടർമാരുടെ സേവനം ഇവിടെ അത്യാവശ്യമാണെന്ന് കാണാം. ബന്ധപ്പെട്ട അധികാരികളെ പലതവണ അറിയിച്ചത് വഴി ഒരു ഡോക്ടറുടെ സേവനം കൂടി ലഭിക്കുവാനുള്ള ഗവൺമെന്റ് ഓർഡറായെങ്കിലും സാമ്പത്തിക കാരണങ്ങളാൽ അത് ഫലപ്രാപ്തിയിലെത്തിയിട്ടില്ല. അഴിമതി നടക്കുന്നതായി രോഗികൾക്ക് പരാതിയുമുണ്ട്.

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്നാശുപത്രികളിൽ പരിമിതമായെങ്കിലും ഇൻപേഷ്യന്റ് വിഭാഗമുണ്ട്. സീസണിൽ ഈ ആശുപത്രികളിൽ വലിയ തിരക്കാണ്. പഞ്ചായത്തിലെ ഒരു സ്വകാര്യ അലോപ്പതി ആശുപത്രിയിൽ എക്സ്-റേ, ഇ.സി.ജി, ലാബ് സൗകര്യങ്ങളുണ്ട്. ബാക്കി 2 ആശുപത്രികളിൽ ആയുർവേദ ചികിത്സ ലഭിക്കുന്നു. മൂന്ന് ഹോമിയോ ഡിസ്പെൻസറികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ഈ സൗകര്യങ്ങളൊന്നും തന്നെ പര്യാപ്തമല്ലാത്തതിനാൽ ധാരാളം രോഗികൾ താലൂക്കിലേയും ജില്ലയിലേയും മെച്ചപ്പെട്ടതും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളുള്ളതുമായ ഗവ: സ്വകാര്യ ആശുപത്രികളെ തേടി പോവുകയും ചെയ്യുന്നു.

കക്കോട് മാതൃശിശുസംരക്ഷണ കേന്ദ്രം, തുമ്പോട് കുടുംബക്ഷേമകേന്ദ്രം, ചാലാംകോണം പി. എച്ച്. സെന്ററിനോടനുബന്ധിച്ചു മാതൃശിശുസംരക്ഷണകേന്ദ്രം എന്നിവ സ്വന്തം കെട്ടിടത്തിലും പുലിയൂർകോണത്ത് ഉള്ള മാതൃശിശുസംരക്ഷണകേന്ദ്രം വാടകകെട്ടിടത്തിലും പ്രവർത്തിക്കുന്നു. ഇതിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് പറയാൻ കഴിയില്ലെങ്കിലും മോശമല്ല. മേൽപ്പറഞ്ഞ മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും അമ്മമാർക്കും പ്രയോജനകരമല്ല. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണിതിന് കാരണം. ആയതിനാൽ പഞ്ചായത്തിലെ മറ്റു സ്ഥലങ്ങളിൽ - ശിശുവിഭാഗത്തിനോടനുബന്ധിച്ചും, ഞാറയിൽ കോണത്തും ഓരോ മാതൃശിശു സംരക്ഷണകേന്ദ്രം അനിവാര്യമാണ്.

കുട്ടികളുടെ ആരോഗ്യപോഷണനിലവാരം 4(1)

കുട്ടികൾ	നോർമൽ		ഒന്നാം ഗ്രേഡ്		
	ആൺ	പെൺ	ആകെ	ആൺ	പെൺ
1 വയസ്സിന് താഴെ	92	115	207	2	2
1-3 വയസ്	256	270	526	7	9
3-6 വയസ്	335	349	684	5	7
ആകെ	**683**	**734**	**1417**	**14**	**18**

ആറുവയസിന് താഴെയുള്ള 1417 കുട്ടികളിൽ ലഘുവായ പോഷണക്കുറവുള്ള (ഒന്നാംഗ്രേഡ്) 32 (2.25%) കുട്ടികൾ മാത്രമേ നമ്മുടെ പഞ്ചായത്തിൽ കാണുന്നുള്ളു. രണ്ടാം ഗ്രേഡിലും മൂന്നാം ഗ്രേഡിലുമുള്ള ഒരു കുട്ടിപോലും പഞ്ചായത്തിലില്ല. (പട്ടിക 4(1)). പഞ്ചായത്തിലെ മുഴുവൻ കുട്ടികളെയും പൂർണ ആരോഗ്യമുള്ളവരാക്കിത്തീർക്കാൻ തക്കവിധത്തിലുള്ള ആരോഗ്യ പോഷണപദ്ധതി സമഗ്രമായി നടപ്പിലാക്കേണ്ടതുണ്ട്. ആയതിനാൽ എല്ലാ മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളുടേയും പ്രവർത്തനം ഗവൺമെന്റ് പി. എച്ച്. സെന്ററിന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ച് പഞ്ചായത്തിലെ കുട്ടികളുടേയും അമ്മമാരുടേയും ആരോഗ്യരക്ഷാപ്രവർത്തനങ്ങളും പുനഃസംവിധാനംചെയ്ത് കാര്യക്ഷമമാക്കണം. 12 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്കൂളുകളിൽ നിന്നും മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളിൽ

നിന്നും ഉച്ചക്ഷേണം ലഭിച്ചുവരുന്നു.

ഗർഭിണികളുടേയും കുട്ടികളുടേയും ആരോഗ്യപരി

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവയ്പ്പ് വിവരപ്പട്ടിക 4 (2)

കുട്ടികൾ	ബി. സി.ജി	ഡി. റ്റി. പി				പോളിയോ				ഡി.റ്റി.				മീസി ൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസിൽ താഴെ	162	288	298	282	142	288	298	282	142	-	-	-	-	180
1-3 വയസ്	-	-	-	-	-	-	-	-	-	-	-	-	-	11
3-6 വയസ്	-	-	-	-	-	-	-	-	-	24	32	-	-	-

ടെറ്റനസ് ടോക്സൊയിഡ് (TT) 4 (3)

ഗർഭിണികൾ	1D	2D	BD
	45	54	1

പാലനത്തിൽ ഗ്രാമപഞ്ചായത്ത് വളരെമുന്നിലാണെന്ന് താഴെകൊടുത്തിരിക്കുന്ന പട്ടിക തെളിയിക്കുന്നു.

പഞ്ചായത്തിലെ പകർച്ച വ്യാധികളെ വിലയിരുത്തുമ്പോൾ പൊതുവെ ആശാവഹമായ കുറവ് കാണുന്നില്ല. അതിനാൽ പകർച്ചാ വ്യാധികൾ നിവാരണം ചെയ്യുന്നതിനുവേണ്ടി വിവിധ ആരോഗ്യപ്രവർത്തകരുടെയും സ്ഥാപനങ്ങളുടെയും സേവനം കൂടുതൽ മെച്ചപ്പെടുത്തണം.

ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥാപനത്തിലെ (ESI) OP എണ്ണം (പ്രതിവർഷം) 4(4)

വർഷം	OPഎണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം ത്വക്രോഗം	വാതരോഗം	പകർച്ചാ വ്യാധികൾ	മറ്റുള്ളവ
1992-93	15671	317	1017	2331	12006
1993-94	17590	405	1761	2761	12663
1994-95	20945	520	1819	4211	14395
1995-96	17239	391	1421	3211	12216

പകർച്ചാവ്യാധിവിവരം - ശതമാന നിരക്കിൽ (PH സെന്റർ)

വർഷം	ജലജന്യ രോഗം	വായുജന്യ രോഗം	പ്രാണിജന്യ രോഗം	മറ്റുള്ളവ
1993-94	25.7	35.8	7.8	30.7
1994-95	33.7	30.9	2.5	32.9
1995-96	24.13	41.2	2.8	31.87

പഞ്ചായത്തിൽ IRDP സർവ്വേ പ്രകാരം ആകെ വേണ്ടുന്ന കക്കൂസുകളുടെ എണ്ണം 1557 ആണ് അതിൽ വിവിധ പദ്ധതികളിലൂടെ 704 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. ഇനി പൂർത്തീകരിക്കേണ്ടത് 853 കക്കൂസുകൾ ആണ്. താഴെ കൊടുത്തിരിക്കുന്ന പട്ടിക4(6)ൽ നിന്നും വാർഡുതല വിവരം ലഭിക്കുന്നതാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

- സർക്കാർ തലത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക
- ചാലാം കോണം PH സെന്ററിന് 50 സെന്റ് സ്ഥലം കൂടിയ വാങ്ങി കിടക്കകളോട് കൂടി കെട്ടിടം, കാർട്ടേഴ്സ്, ചുറ്റുമതിൽ എന്നിവ കെട്ടി, പുതുതായി സ്റ്റാഫിനെയും നിയമിച്ച് ആശുപത്രി സേവനം 24 മണിക്കൂറും ആക്കുക.
- സർക്കാർ ആയുർവേദ ആശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കി ടി സ്ഥാപനത്തിലെ സേവനം മെച്ചപ്പെടുത്തുക.
- പുലിയൂർകോണത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന കുടുബക്ഷേമകേന്ദ്രത്തിന് സ്ഥിരമായി സ്ഥലവും കെട്ടിടവുമുണ്ടാക്കിയും, തുമ്പോട്, കക്കോട് എന്നിവിടങ്ങളിലെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ വികസിപ്പിച്ച് ഡോക്ടറുടെ സേവനമാക്കിയും പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- മടവൂർസൗൺ, മാങ്കോണം, എലിക്കുന്നാംമുകൾ, തങ്കക്കല്ല് എന്നീ സ്ഥലത്തെ കശുവണ്ടി ഫാക്ടറികളിൽ നിന്നും പുറത്തേക്ക് വരുന്ന പുകയും മറ്റും ദീർഘകാലാടിസ്ഥാനത്തിൽ ഉണ്ടാക്കുന്ന വിന പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

സാനിട്ടറി കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം (വാർഡ് തലം) 4 (6)

വാർഡ്	IRDPസർവ്വേ കക്കൂസ് ഇല്ലാത്ത വീടുകൾ	പൂർത്തീകരിച്ചവ	ഇനി വേണ്ടുന്നവ
1	198	100	98
2	164	90	74
3	266	85	181
4	173	35	138
5	138	100	38
6	200	130	70
7	185	65	120
8	154	85	69
9	125	60	65
ആകെ	1557	704	853

- മടവൂർ ഗവ. LPS സമീപവും, മടവൂർ ടൗണിലും, തുമ്പോട് ജംഗ്ഷനിലും ഓരോ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

- പഞ്ചായത്ത് ശിശുവിഹാറിന് സമീപവും ഞാറയിൽകോണത്തും ഓരോ മാതൃശിശു സംരക്ഷണ ഉപകേന്ദ്രം വീതം സ്ഥാപിക്കുക.

- പഞ്ചായത്തിലെ എല്ലാ പ്രധാന റോഡുകളിലും സൗകര്യാർത്ഥം ഓടകൾ നിർമ്മിച്ചും നിലവിലുള്ളവ വൃത്തിയാക്കി സംരക്ഷിച്ചും മാലിന്യങ്ങൾ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

- കക്കോട് പാറയിൽ കംപ്രസറും, ശക്തിയേറിയ സ്ഫോടകവസ്തുക്കളും ഉപയോഗിച്ച് പാറപൊട്ടിക്കുന്നതു മൂലമുണ്ടാകുന്ന മാലിന്യങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും ഒഴിവാക്കുക.

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ പേർക്കും സൗജന്യമായി കക്കൂസ് നിർമ്മിച്ച് നൽകുക.

- തകരപ്പറമ്പ്, മണ്ണടികോണം, മാങ്കുഴി, വലിയ പച്ച ലക്ഷം വീട്കോളനി, ചാങ്ങയിൽ കോണം, കുറിച്ചി എന്നിവിടങ്ങളിൽ അങ്കണവാടികൾ ആരംഭിക്കുക.

- നിലവിലുള്ള എല്ലാ മാർക്കറ്റുകളിലെയും മാലിന്യം നീക്കം ചെയ്യുവാനുള്ള സ്ഥിരം സംവിധാനമേർപ്പെടുത്തുക.

- നൂതന സങ്കേതങ്ങൾ ഉപയോഗിച്ച് മാർക്കറ്റുകൾ പുനഃസംവിധാനം ചെയ്ത് കൂടുതൽ സൗകര്യപ്രദമാക്കി, പരിസര മലിനീകരണം ഒഴിവാക്കി കൂടുതൽ കച്ചവട സൗകര്യം ഉണ്ടാക്കുക. ഗാർഡർ സ്റ്റേഷൻ ചന്തയ്ക്ക് ചുറ്റുമതിൽ കെട്ടി മാർക്കറ്റ് സ്റ്റാൾ നിർമ്മിക്കുകയും ചെയ്യുക.

- പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും സമഗ്രമായ കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തി ആരോഗ്യസംരക്ഷണം പരിപാലിക്കുക.

അലഞ്ഞുതിരിഞ്ഞ് നടക്കുന്ന പട്ടികളെ ആറ് മാസത്തിലൊരിക്കൽ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ബോധവൽക്കരണ ക്ലാസ്സും സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുക.

- വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്നവർക്ക് മൂന്ന് മാസത്തേക്ക് സാമ്പത്തിക സഹായവും പോഷകാഹാരങ്ങൾ നൽകുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുക.

- ചുമടുതാങ്ങി ജംഗ്ഷനു സമീപമുള്ള അനധികൃത ബിസ്സി പൗൾട്രി ഫാം പരിസരമലിനീകരണത്തിനും, പകർച്ചവ്യാധിക്കും കാരണമാകുന്നതിനാൽ അതിന്റെ പ്രവർത്തനം നിരോധിക്കുക.

- വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.

- പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക.

പ്രശ്നങ്ങൾ

വിവിധ മേഖലയിലുള്ള ചികിത്സാ സമ്പ്രദായത്തിന്റെ അപര്യാപ്തത.

നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലസൗകര്യവും ഉപകരണങ്ങളും ഇല്ലായ്മ.

വിദഗ്ധ ഡോക്ടറന്മാരുടെ (specialist) സേവനമില്ലായ്മ, അന്തരീക്ഷ മലിനീകരണം.

ആരോഗ്യ പരിപാലനത്തെപ്പറ്റി ജനങ്ങൾക്കുള്ള അവബോധക്കുറവ്.

കാലാകാലങ്ങളിൽ പകർച്ചവ്യാധി തടയുന്നതിനുള്ള സമഗ്രപദ്ധതികളുടെ അഭാവം.

ഓടകളിലും മറ്റ് ചതുപ്പ് നിലങ്ങളിലും മലിനജലം കെട്ടിക്കിടക്കൽ.

അസംതുലിത കാലാവസ്ഥാ പ്രശ്നങ്ങൾ

വേനൽ കാലത്തുള്ള ശുദ്ധ ജലലഭ്യതയുടെ അപര്യാപ്തത

അമിത ശബ്ദ മലിനീകരണം.

ആവശ്യാനുസരണം മരുന്നുകളും പോഷകാഹാരങ്ങളും ഇല്ലായ്മ.

ആധുനിക ഭക്ഷണ രീതിയോട് ജനങ്ങൾക്കുള്ള ആഭിമുഖ്യം.

സുഖഭോഗവസ്തുക്കളുടെ അമിതമായ ഉപയോഗം.

അമിത രാസവളങ്ങൾ, കീടനാശിനികൾ ഇവ ഉപയോഗിച്ച കാർഷികോൽപ്പന്നങ്ങളുടെ ഉപയോഗം.

സാധ്യതകൾ പരിഹാരമാർഗ്ഗങ്ങൾ .

1. മടവൂർ കേന്ദ്രമാക്കി ഹോമിയോ ആശുപത്രി കെട്ടിട സൗകര്യമുണ്ടാക്കി സ്ഥാപിക്കാവുന്നതാണ്.
2. നിലവിലുള്ള സർക്കാർ അലോപ്പതി ആശുപത്രി എക്സ്റേ, ഇ.സി.ജി, ലബോറട്ടറി തുടങ്ങിയ ആധുനിക സംവിധാനങ്ങളോട് കൂടി വികസിപ്പിച്ച് വിവിധ വിദഗ്ധ ഡോക്ടറന്മാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുക. ആശുപത്രി വികസനത്തിനാവശ്യമായ ഭൂമി വാങ്ങി ചുറ്റുമതിൽ കെട്ടി സ്ഥലസൗകര്യം വർധിപ്പിക്കണം.
3. സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് ആവശ്യമായ ഭൂമിവാങ്ങി കെട്ടിടം നിർമ്മിച്ച് സ്ഥാപനത്തിന്റെ സേവനം കൂടുതൽ മെച്ചപ്പെടുത്തുക.
4. പുലിയൂർ കോണത്തെ മാതൃശിശു സംരക്ഷണ ഉപകേന്ദ്രത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കിയും മറ്റ് ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും ചെയ്യണം.
5. പഞ്ചായത്തിലെ വിവിധ കശുവണ്ടി ഫാക്ടറികളിൽ നിന്ന് പുറത്തേക്ക് വരുന്ന പുകയും മറ്റ് മാ

ലിന്യങ്ങളും പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടികളും ഉടനടി സ്വീകരിച്ച് പരിസര വാസികളുടെ ആരോഗ്യം സംരക്ഷിക്കണം.

6. ജനത്തിരക്കേറിയ പ്രദേശങ്ങളായ നാട്ടിലെ വിവിധ ജംഗ്ഷനുകളിൽ ഇന്നനുഭവിക്കുന്ന പ്രാഥമിക അസൗകര്യങ്ങൾ ദൂരികരിയ്ക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ മടവൂർ ഗവഃ എൽ. പി. എസ് ജംഗ്ഷൻ, മടവൂൽ ടൗൺ, തുമ്പോട് ജംഗ്ഷൻ എന്നിവിടങ്ങളിൽ ഓരോ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കണം.
7. ഇന്ന് നിലവിലുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ എണ്ണം അപര്യാപ്തമായതിനാൽ എല്ല പ്രദേശത്തെയും ജനങ്ങൾക്ക് സേവനം ലഭ്യമാകുന്നില്ല. അതിനാൽ പഞ്ചായത്ത് ശിശുവിഹാറിന് സമീപത്തും ഞാറയിൽകോണത്തും ഓരോ മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കണം.
8. നമ്മുടെ ആരോഗ്യമേഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള ഓടകൾ വൃത്തിയാക്കി സംരക്ഷിക്കുന്നതിനും മാർക്കറ്റുകളിലും മറ്റു പൊതു സ്ഥലങ്ങളിലുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സ്ഥിരമായ നടപടികൾ സ്വീകരിക്കണം.
9. കക്കോട് മേഖലയിൽ കംപ്രസറും,ശക്തിയേറിയ സ്ഫോടകവസ്തുക്കളും ഉപയോഗിച്ച് പാറപൊട്ടിക്കുന്നത് മൂലം പരിസര മലിനീകരണം വർധിച്ചു വരുന്നതുകൂടാതെ ഈ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളിലേയും വെള്ളം ക്രമാതീതമായി കുറയുന്നതിനാൽ കഠിനമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ശക്തിയേറിയ സ്ഫോടനത്തിന്റെ ആഘാതത്താൽ കെട്ടിടങ്ങൾക്ക് ബലക്ഷയം ഉണ്ടാകുകയും, ശബ്ദ മലിനീകരണം ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ സാരമായി ബാധിക്കുകയും ചെയ്യുന്നു. അതിനാൽ കക്കോട്പാറയിൽ കംപ്രസറും ശക്തിയേറിയ സ്ഫോടകവസ്തുക്കളും ഉപയോഗിച്ച് പാറ പൊട്ടിക്കുന്നതു അവസാനിപ്പിക്കണം.
10. ICDS, DWCRA, അംഗനവാടികൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. നിലവിലുള്ള കെട്ടിടത്തെ അറ്റകുറ്റപ്പണികൾ ചെയ്തു കൂടുതൽ സൗകര്യപ്രദമാക്കുകയും സ്വന്തമായി കെട്ടിടം ഇല്ലാത്ത സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുകയും വേണം.
11. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെയും മലിനീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കർശനമായി നിരോധിക്കുക.
12. ESI ഡിസ്പെൻസറിയുടെ ഇന്നുള്ള ശോച്യാവസ്ഥ ഇല്ലാതാക്കാൻ ഓർഡർ ആയിട്ടുള്ള ഡോക്ടറന്മാരെ നിയമിക്കുന്നതിന് ശക്തമായി സർക്കാരിനെ സ്വാധീനിക്കുകയും രണ്ട് ഷിഫ്റ്റിൽ പ്രവർത്തനം നടത്തുകയും, വർഷത്തിൽ 2 തവണ മരുന്ന് വിതരണം ചെയ്യുന്നത് മൂന്ന് മാസത്തിലൊരിക്കൽ വീതമാക്കുകയും ചെയ്താൽ ഇന്നുള്ള പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താം.

കുടിവെള്ളം

ആരോഗ്യപുരോഗതിയുടെ മുഖ്യസൂചകങ്ങളിലൊന്നാണ് കുടവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. ശുദ്ധജല അപര്യാപ്തത നമ്മുടെ നാട്ടിൽ അതിരൂക്ഷമാണ്.പഞ്ചായത്തിലെ മുഖ്യകുടിവെള്ള ഉറവിടങ്ങൾ, കിണർ, കുഴൽകിണർ ശുദ്ധജലവിതരണ കേന്ദ്രം എന്നിവയാണ്. കുടിവെള്ളത്തിലൂടെ പകരുന്ന രോഗം നമ്മുടെ നാട്ടിൽ വർധിച്ചുവരുന്നു. ഛർദ്ദി അതിസാരം തുടങ്ങിയ രോഗങ്ങൾ വെള്ളത്തിലൂടെ പകരുന്നവയാണ്. ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും നമ്മുടെ വിവിധ ജല സ്രോതസ്സുകളുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ കാണാവുന്നതാണ്.

കുടിവെള്ള സ്രോതസ്സ് (വാർഡ് തലത്തിൽ) 4 (7)

വാർഡ്	പൊതുടാപ്പുകൾ	പൊതു കുഴൽകിണർ	പൊതുകിണർ
1	12	2	3
2	4	3	1
3	-	4	5
4	8	3	3
5	8	5	3
6	8	3	4
7	-	3	1
8	-	2	3
9	2	-	1

പട്ടികയിൽ നിന്നും 7,8,9 എന്നീ വാർഡുകളിൽ പ്രധാനകുടിവെള്ള സ്രോതസുകളായി പൊതു ടാപ്പ്, കുഴൽകിണർ, പൊതുകിണർ എന്നിവയുടെ എണ്ണം താരതമ്യേന കുറവാണെന്നും അതിനാൽ ടി പ്രദേശങ്ങളിൽ ജലക്ഷാമം കൂടുതലാണെന്നും അനുമാനിക്കാം. അതുപോലെ ഇന്നുള്ള 24 പൊതുകിണറുകളിൽ കൂടുതലും ഉപയോഗ്യമല്ല. ഉപയോഗക്ഷമതയുള്ളവ തന്നെ വേനൽകാലത്ത് ദലദൗർലഭ്യം ഉള്ളവയുമാണ്. പല കുഴൽ കിണറുകളും ജല ലഭ്യതയുടെ അഭാവം മൂലം പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിൽ 1967-68ൽ ആരംഭിച്ച വാട്ടർ സപ്ലൈസ്കീമാണ് പ്രധാനപ്പെട്ട കുടിവെള്ള സ്രോതസ്സ്, മടവൂർ ചിറയിൽ നിന്നാണ് ഇതിന് ആവശ്യമായ ജലം പമ്പു ചെയ്ത് വിതരണം ചെയ്യുന്നത്. വേനൽക്കാലത്ത് ജലക്ഷാമംമൂലം തുടർച്ചയായി ജലവിതരണം നടക്കു

ന്നില്ല. ഈ പദ്ധതി മൂലം നമ്മുടെ പഞ്ചായത്തിലെ ചുരുക്കം ചില പ്രദേശങ്ങളിൽ മാത്രമേ ജലവിതരണം നടക്കുന്നുള്ളു. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ കക്കോട്, അമ്പിളിമുക്ക്, വലിയകുന്ന് മുളവനതുടങ്ങിയ പ്രദേശങ്ങളിൽ ജലവിതരണം ഇതുവരെയും നടത്താൻ കഴിഞ്ഞിട്ടില്ല. പട്ടിക കാണുക.

ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ മടവൂർ, പഴയകുന്നുമേൽ, കിളിമാനൂർ പഞ്ചായത്തുകളെ ചേർത്തുകൊണ്ടുള്ള സ്കീം നടപ്പിലാക്കുക.
2. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് മടവൂർചിറ ശാസ്ത്രീയമായി സംരക്ഷിച്ച് നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം വിപുലീകരിക്കുക.
3. പാറയിൽ വാതുക്കൽ നിന്ന് എസ്റ്റുകടവുവരെയുള്ള റോഡിൽ പുതുതായി പൈപ്പ്ലൈൻ സ്ഥാപിച്ചും കുറിച്ചിയിൽ നിന്നുമുള്ള പൈപ്പ്ലൈൻ ചെമ്പകത്തിൽവാതുക്കൽ വരെ നീട്ടിയും കുറിച്ചിയിൽ നിന്ന് ബ്ലാവൂർ കോണത്തേക്കും പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.
4. പുലിയൂർക്കോണം, എലിക്കുന്നാംമുകൾ, ഈട്ടിമൂട് തങ്കക്കല്ല്, മാങ്കുഴി, ചാങ്ങയിൽകോണം, ചാലാംകോണം, കൃഷ്ണൻകുന്ന്, പനപ്പാംകുന്ന് എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക.
5. മടവൂർ വിളയ്ക്കാടുവരെയുള്ള പൈപ്പ്ലൈൻ മൂഴി-കൊല്ലായിൽ, മണ്ടയ്ക്കാട്, വേമൂട്, ഏലാറോഡുവരെയും അയണിക്കാട്ടുകോണുനിന്ന് മണലുവട്ടംവരെയും പൈപ്പ്ലൈൻ നീട്ടുക.
6. ആനകുന്നത്തുള്ള പൈപ്പ്ലൈൻ മൂന്നാംവിളതോളീർ, തെന്നാൻകോണം, കക്കോട്, ലാവേറ്റിപൊയ്ക, വിളയിൽവാതുക്കൽ വരെ നീട്ടുക.
7. ഗാർഡർ സ്റ്റേഷൻ, കാരൽകുളം, ബ്ലാവൂർകോണം, ഹരിജൻ കോളനി, തറട്ടഹരിജൻ കോളനി. ക്ലാന്താനം ഹരിജൻ കോളനി, മരിതൻഞ്ചേരികോണം ഹരിജൻ കോളനി എന്നിവിടങ്ങളിൽ പുതുതായി പൈപ്പ്ലൈൻ ഇട്ട് കുടിവെള്ളം ലഭ്യമാക്കുക.
8. മടവൂർ മാർക്കറ്റ് ജംഗ്ഷനിൽ നിന്നുള്ള പൈപ്പ്ലൈൻ മൂന്നാംവിളവരെ നീട്ടുക.
9. നിലവിലുള്ള പഞ്ചായത്തിലെ പൊതുകിണറുകൾ ആഴം കൂട്ടി കുടിവെള്ളം ലഭ്യമാക്കുക
10. ലാവേറ്റിപൊയ്ക, ഇടമുടുമ്പ് കോളനി, അടുക്കോട്ടുകോണം, വട്ടക്കൈയ്യ, ക്ലാവരക്കുന്ന്, പാറമുകൾ, ചാങ്ങയിൽക്കോണം, മഠാംവിള, മൺകുഴിതലയ്ക്കൽ, മണ്ണടിക്കോണം, ചാലാംകോണം, മണലുവട്ടം , കാരോട്ടുകോണം, പനപ്പാംകുന്ന്, നവോദയാ അംഗനവാടി കോമ്പൗണ്ട്, മടവൂർ ലക്ഷംവീട് കോളനി മേലേവിള ജംഗ്ഷൻ എന്നിവിടങ്ങളിൽ പുതുതായി കുഴൽ കിണറുകൾ കുഴിക്കുക.
11. ഞാറയിൽക്കോണം മുസ്ലീം LPS ന് സമീപം, പൂന്തൽ വാരം, ചാങ്ങയിൽക്കോണം, മൂന്നാംവിള, മടവൂർ ഗവ. LPS ന് തെക്ക്ഭാഗം, കുറുങ്ങളത്തുക്കോണം എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിച്ച് പ്രദേശത്ത് ശുദ്ധജല വിതരണം ലഭ്യമാക്കുക.
12. കുറങ്കുളത്തുക്കോണം, ചാങ്ങയിൽകോണം, കുളത്തിൻ കരകുളം പൊതുകിണർ വൃത്തിയാക്കി ഭിത്തികെട്ടി പമ്പ് സെറ്റ് സ്ഥാപിച്ച് ടി പ്രദേശത്തെ ഹരിജൻ കോളനികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുക.
13. നാവായ്ക്കുളം- മടവൂർ പഞ്ചായത്തു അതിർത്തിയിലുള്ള മുല്ല നല്ലൂർകുളം ഉപയോഗപ്പെടുത്തി വലിയകുന്നു പ്രദേശത്ത് ജലവിതരണ പദ്ധതി ആരംഭിയ്ക്കുക.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മിക്ക പ്രദേശങ്ങളിലും വേനൽക്കാലത്ത് സ്ഥിരമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. ചില പ്രദേശങ്ങളിൽ മണ്ണിനടിയിൽ കരിങ്കൽപാറകളുള്ളതിനാൽ കിണറുകൾ കുഴിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
3. കുഴൽകിണറുകളിൽ പലതിലും പ്രതീക്ഷിച്ച വെള്ളം ലഭിക്കുന്നില്ല.
4. പൈപ്പുവെള്ളം എല്ലായ്പോഴും ലഭിക്കാറില്ല.
5. ടാപ്പുകളുടെ തകരാറ് മൂലം ധാരാളം കുടിവെള്ളം നഷ്ടമാകുന്നു.
6. ടാപ്പ്വെള്ളം ജലസേചനത്തിനായും വാഹനങ്ങൾ കഴുകുന്നതിനും കന്നുകാലികളെ കുളിപ്പിക്കുന്നതിനും ചിലയിടങ്ങളിൽ ഉപയോഗിക്കുന്നു.
7. കുഴൽ കിണറുകളിലേയും വാട്ടർ സപ്ലൈ സ്കീമുകളിലെയും പൈപ്പുകൾ തുരുമ്പ് പിടിച്ച് ഉപയോഗ്യമല്ലാത്തതായി തീർന്നിരിക്കുന്നു.
8. പഞ്ചായത്തിൽ എല്ലായിടത്തും പൈപ്പ് വഴിയുള്ള ജലവിതരണം ലഭ്യമല്ല.
9. ജലസ്രോതസുകളുടെ കുറവ്.
10. പഞ്ചായത്തിലെ ജലവിതരണ കേന്ദ്രത്തിലെ പ്രവർത്തന സംവിധാനത്തിന്റെയും ജീവനക്കാരുടെയും പോരായ്മ.

സാധ്യതകൾ

- മടവൂർ, കിളിമാനൂർ, പഴയകുന്നുമേൽ പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ വേൾഡ്ബാങ്കിന്റെ സഹായത്തോട് കൂടി കിളിമാനൂർ വാ

ട്ടർ സപ്ലൈ സ്കീം അംഗീകരിച്ചിട്ടുണ്ട്. ഈ സ്കീമിൽ ഓവർ ഹെഡ് ടാങ്കുകൾ നിർദ്ദേശിച്ചിരിക്കുന്നതു പോലെ കിളിമാനൂർ, പഴയകുന്നുമേൽ പഞ്ചായത്തുകളിൽ മാത്രമാണ്. ഈ ടാങ്കുകളിൽ നിന്നും 12 km ദൂരെയുള്ള മടവൂർ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വെള്ളം ലഭിക്കുവാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ മടവൂരിലെ ഉയർന്ന പ്രദേശമായ മുളവന കുന്നിൽ ഒരു ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് വെള്ളം ശേഖരിച്ച് പഞ്ചായത്തിലെ വിവിധഭാഗങ്ങളിൽ വിതരണം നടത്തി കുടിവെള്ള ക്ഷാമം പരിഹരിക്കണം.

- നിലവിലുള്ള എല്ലാ പൊതുകിണറുകളും ആഴത്തിൽ കൂഴിച്ച് ഉപയോഗയോഗ്യമാക്കുക.
- എല്ലാ പൊതുടാപ്പുകളുടെയും അറ്റുകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.
- പൊതുവിതരണത്തിനുള്ള വെള്ളം ശുദ്ധീകരിക്കണം.
- അത്യാവശ്യമുള്ള സ്ഥലത്തിൽ പൊതുടാപ്പുകൾ നിർമ്മിക്കുക.
- പഞ്ചായത്തിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ നിന്ന് പഞ്ചായത്തിലെ 7, 8, 9 എന്നീ വാർഡുകളിലെ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാൻ പ്രയാസമാണ്. അതിനാൽ കക്കോട് കേന്ദ്രമാക്കി ' ഒരു മിനി വാട്ടർ സപ്ലൈ സ്കീം' നടപ്പിലാക്കി ആ പ്രദേശങ്ങളിലെ കുടവെള്ളക്ഷാമം പരിഹരിക്കപ്പെടണം.
- കുഴൽ കിണറുകളിൽ നിന്ന് ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇരുമ്പ് പൈപ്പ് മാറ്റി PVC പൈപ്പ് ഉപയോഗിക്കണം.
- പഞ്ചായത്തിലെ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം പുനരുദ്ധരിച്ച് പഞ്ചായത്തിലെ സാധ്യതയുള്ള പ്രദേശത്ത് ജലവിതരണം നടത്തുക.
- ഭൂഗർഭവകുപ്പിന്റെ സാങ്കേതിക ഉപദേശത്തോടുകൂടി പഞ്ചായത്തിൽ ഭൂഗർഭ ജലം കിട്ടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ച് PVC പൈപ്പ് ഇട്ടു ശുദ്ധജലം ലഭ്യമാക്കുക. മടവൂർ പഞ്ചായത്തിന്റെ വലിയകുന്നിൽ ഒരു ഓവർ ഹെഡ് ടാങ്ക് സ്ഥാപിച്ച് നാവായ്ക്കുളം പഞ്ചായത്ത് അതിർത്തിയിലുള്ള മുല്ലനെല്ലൂർ കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ഇരു പഞ്ചായത്തിലെയും ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുക.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണുള്ളത്

സമൂഹത്തിന്റെ താഴെതട്ടിലുള്ള ജനങ്ങൾക്ക്
പഞ്ചായത്ത്രാജ്-നഗരസഭാസ്ഥാപനങ്ങൾവഴി തങ്ങളുടേത് മാത്രമായ
ഒരു ആസൂത്രണപദ്ധതിയുടെ രൂപം നൽകാനും നടപ്പാക്കാനും സാധിക്കും.
ജനങ്ങളിൽ അടിച്ചേൽപ്പിക്കപ്പെടുന്ന പദ്ധതിയിൽനിന്നും വ്യത്യസ്തമായിരിക്കും ഇത്.


●

സർക്കാർ നടപ്പാക്കുന്ന ഈ ആസൂത്രണപരിപാടിയിൽ
എല്ലാ രാഷ്ട്രീയകക്ഷികളുടെയും സാമൂഹിക സാംസ്കാരിക സംഘടനകളുടെയും
കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഓരോ വ്യക്തിയുടെയും
പങ്കാളിത്തം ഉണ്ടാവും.

●

സമൂഹത്തെ ആകെ ലക്ഷ്യമാക്കിയുള്ള ആസൂത്രണപരിപാടിയിൽനിന്നും
വ്യത്യസ്തമായ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന
സാമൂഹിക സേവനമേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള
ഒരു സമീപനമായിരിക്കും വികേന്ദ്രീകൃത ആസൂത്രണപദ്ധതിക്കുള്ളത്.

ഇ.എം.എസ്



വ്യവസായം

ഏതൊരു പ്രദേശത്തിന്റേയും പുരോഗതിയുടെ അടിസ്ഥാനഘടകം വ്യവസായികവളർച്ചയാണ്. കാർഷിക-വ്യാവസായിക മേഖലകൾ പരസ്പരപൂരകങ്ങളായതിനാൽ വ്യാവസായിക വളർച്ച കാർഷികമേഖലയേയും സ്വാധീനിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പരമ്പരാഗതവ്യവസായങ്ങളുടെ ഒരു ശൃംഖലതന്നെ ഉണ്ടായിരുന്നു. ഈറ, ചൂരൽ, പനയോല, കൈതയോല എന്നിവ ഉപയോഗിച്ച് ദുർബലരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ ഒരു ജനവിഭാഗം വട്ടി, കൂട്ട, പരമ്പ് എന്നിവ നിർമ്മിച്ച് വിപണനം നടത്തിയിരുന്നു. എന്നാൽ പലപ്പോഴും ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമായിരുന്ന ഇവരുടെ അദ്ധ്വാനത്തിന് മാന്യമായ വേതനം ലഭിച്ചിരുന്നില്ല. തൊഴിൽ വൈദഗ്ദ്ധ്യം നേടിയവരുടെ കുറവും, അസംസ്കൃതസാധനങ്ങളുടെ ലഭ്യതക്കുറവും, സ്ഥിരമായ വരുമാനമില്ലായ്മയും പുതിയ തൊഴിൽ മേഖലകൾ തേടി പോകാൻ അവരെ പ്രേരിപ്പിച്ചു. തലമുറകൾ പൈതൃകമായി കൈമാറിയ ഒരു കുടിൽ വ്യവസായത്തിന്റെ തകർച്ചയ്ക്ക് ഇതു കാരണമായി. ചാങ്ങയിൽക്കോണം (മണലുവട്ടം) കാരോട് (മണ്ണടിക്കോണം) എന്നിവിടങ്ങളിലെ ചുരുക്കം ചില തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടിയാണെങ്കിലും ഈ വ്യവസായം അന്യം നിൽക്കാതെ സംരക്ഷിയ്ക്കുന്നുവെന്നത് ആശ്വാസകരമാണ്.

മടവൂർ പഞ്ചായത്തിന്റെ കഴിഞ്ഞ ഒരു നൂറ്റാണ്ടു കാല ചരിത്രം പരിശോധിക്കുമ്പോൾ നമ്മുടെ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുന്നതിനോ നിർഭാഗ്യവശാൽ നമുക്ക് കഴിഞ്ഞിട്ടില്ല. പൊതുമേഖലയിലോ സഹകരണമേഖലയിലോ പുതിയ വ്യവസായ യൂണിറ്റുകളൊന്നും ഒട്ടനവധി അനുകൂലസാഹചര്യങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലന്നുള്ളത് ഗൗരവമായി കാണുകയും അതിന് പരിഹാരം കണ്ടെത്തുകയും വേണം. വരുംകാല തലമുറ ഇതിന് എക്കാലവും കടപ്പെട്ടിരിക്കും.

കശുവണ്ടിവ്യവസായം

നമ്മുടെ പഞ്ചായത്തിലെ പ്രഥമ വ്യവസായ സംരംഭം ഇന്ന് മടവൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കശുവണ്ടിഫാക്ടറിയാണ്. കൊല്ലത്തെ വ്യവസായപ്രമുഖനായിരുന്ന ശ്രീ. തങ്ങൾകുഞ്ഞ് മുസലിയാർ തുടക്കം കുറിച്ച ഈ ഫാക്ടറി നമ്മുടെ നാടിന്റെ വ്യാവസായിക പുരോഗതിയിലും ഇവിടുള്ളവരുടെ ജീവിതസാഹചര്യങ്ങളിലും പ്രത്യക്ഷവുംപരോക്ഷവുമായ ഒട്ടനവധി മാറ്റങ്ങൾ ഉണ്ടാക്കി. സംവത്സരങ്ങൾക്ക് മുമ്പ് ആരംഭിച്ച ഈ ഫാക്ടറിയിൽ പരിമിതികൾ ഏറെയുണ്ടെങ്കിലും ഇന്നും പണി നടന്നുവരുന്നു. പഞ്ചായത്തിന്റെ മറ്റുപ്രദേശങ്ങളിൽ ആരംഭിച്ച ഫാക്ടറികൾ പലതും കാലത്തിന്റെ കുത്തൊഴുക്കിൽ നിലം പതിച്ചെങ്കിലും മാങ്കോണം, എലിക്കുന്നാംമുകൾ, തങ്കക്കല്ല് എന്നീ കശുവണ്ടിഫാക്ടറികൾ ഇന്നും തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ ഏറ്റവുമധികം തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി മേഖല ഇന്ന് പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ എണ്ണത്തിൽ ഏറെ വർദ്ധനവുണ്ടായിട്ടില്ലെന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും അസംസ്കൃതവസ്തുവായ കശുവണ്ടിയുടെ ദൗർലഭ്യവും നിമിത്തം മാസങ്ങളോളം പണിനടക്കാറില്ല. അതിനാൽ മറ്റ് മേഖലകൾ തേടിപോകാൻ നിർബന്ധിതരായി മാറുന്നു. നിർഭാഗ്യകരമായ ഈ സാഹചര്യം ഒഴിവാക്കേണ്ടത് ഈ മേഖലയുടെ വികസനത്തിന് അത്യാവശ്യമാണ്.

മോഡേൺ ഫുഡ്പ്രോഡക്ട്സ്
(മടവൂർ കാഷ്യൂ ഫാക്ടറി) പട്ടിക 5(1)

ലൈസൻസ് നമ്പർ 6618
രജിസ്റ്റർ നമ്പർ Q 59
പണി എടുക്കുന്ന തൊഴിലാളികളുടെയും മാസ ശമ്പളക്കാരുടേയും എണ്ണം

	സ്ത്രീ	പുരുഷൻ
ഷെല്ലിംഗ്	303	-
പീലിംഗ്	311	-
ഗ്രേഡിംഗ്	64	-
മൈക്കാട്	10	1
സ്റ്റാഫ്	13	4
ആകെ	701	5

M.M. കാഷ്യൂ എക്സ്പോർട്ട്, മാങ്കോണം
ലൈസൻസ് നമ്പർ CHW TVM/B/25T/98

	സ്ത്രീ	പുരുഷൻ	ആകെ
ഷെല്ലിംഗ്	120		120
പീലിംഗ്	100		100
ഗ്രേഡിംഗ്	20		20
മാസശമ്പളം	4		2
ആകെ	244	2	246

തൊഴിലാളികളുടെ സേവന-വേതനവ്യവസ്ഥകളിൽ ഇന്ന് ഏറെ മാറ്റമുണ്ടായിട്ടുണ്ട്. സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും തൊഴിലാളി യൂണിയനുകളും ഇക്കാര്യത്തിൽ വഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ല. എങ്കിലും ഇനിയും പരിഹാരം കണ്ടെത്തേണ്ട അടിസ്ഥാന പ്രശ്നങ്ങൾ അനവധിയാണ്.

പഞ്ചായത്തിലെ ഏറ്റവും വലിയ കശുവണ്ടി ഫാക്ടറിയായ മടവൂർ ഫാക്ടറി കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുക്കുകയും പിന്നീട് ചില പ്രത്യേക സാഹചര്യങ്ങളാൽ പഴയ ഉടമയ്ക്കുതന്നെ കൈമാറേണ്ടിവരികയും ചെയ്തു. നയപരമായ ഈ വൈകല്യവും പാളിച്ചയും നിമിത്തം ജോലിസ്ഥിരത, നിരവധി ആനുകൂല്യങ്ങൾ, ശമ്പളവർധനവ്, പെൻഷൻ എന്നിവ തൊഴിലാളികൾക്ക് നഷ്ടമായി.

ആധുനിക യന്ത്രോപകരണങ്ങളുടേയും സാങ്കേതിക ജ്ഞാനത്തിന്റേയും അഭാവം ഈ മേഖലയിൽ സങ്കീർണമായ അനവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അനാരോഗ്യകരമായ ചുറ്റുപാടുകളിലുള്ള പണിപുകയും ഫാക്ടറികളിൽനിന്ന് പുറത്തേയ്ക്കൊഴുകുന്ന മാലിന്യങ്ങളും തൊഴിലാളികളുടെ മാത്രമല്ല ജനങ്ങളുടേയുംആരോഗ്യത്തിന് ഭീഷണിയായി മാറുന്നു. മാരകമായ ഈ

അന്തരീക്ഷമലിനീകരണം അന്തരീക്ഷത്തിലെ ഓസോൺ മേഖലയെ തകർക്കുകയും മനുഷ്യ ജീവനു ഭീഷണിയായി മാറുകയും ചെയ്യുന്നു. ഈ മലിനീകരണങ്ങൾ ഫലപ്രദമായി തടയാൻ ഒരു ഫാക്ടറിയിലും സംവിധാനങ്ങൾ ഇല്ലെന്നുള്ളത് ഗൗരവമായി കാണുകയും പഞ്ചായത്ത് തലത്തിൽ ഇവ പരിഹരിക്കുന്നതിനുള്ള പരിപാടികൾ കൈക്കൊള്ളുകയും വേണം.

2. കരിങ്കൽ വ്യവസായം മൂന്ന് ദശാബ്ദത്തിലേറെക്കാലമായി നമ്മുടെ സാമ്പത്തിക തൊഴിൽ മേഖലയിൽ പണിയെടുക്കുന്നുണ്ടെങ്കിലും ഈ വ്യവസായം സംഘടിതവും ശക്തവുമായിട്ടുള്ളത് കക്കോട് മേഖലയിലാണ്. സാമ്പത്തികമായി ഏറെ പിന്നോക്കം നിന്നിരുന്ന കക്കോട് പ്രദേശത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ ഈ വ്യവസായത്തിനു കഴിഞ്ഞു. മറുനാടുകളിൽ നിന്നുള്ള വിദഗ്ദ്ധ തൊഴിലാളികൾ വരെ ഇന്ന് ഇവിടെ പണിയെടുക്കുന്നു. ജനങ്ങളുടെ ജീവിതമാർഗവും സാമ്പത്തികോപാധിയുമായി ഈ വ്യവസായം വളർന്നിരിക്കുന്നു. ഒരു പ്രദേശത്തിന്റെ സമഗ്രമായ മാറ്റത്തിന് തുടക്കം കുറിച്ചെങ്കിലും ഈ വ്യവസായം ഇന്ന് ഉയർത്തുന്ന ഭീഷണിയും വെല്ലുവിളിയും കണ്ടില്ലെന്ന് നടിക്കുന്നതിലർത്ഥമില്ല. ഇത്തരം സാമൂഹിക-പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

യന്ത്രവൽക്കരണം ഒരു പരിധിവരെ ആശാസ്യമാണെങ്കിലും അമിതോപയോഗം പലപ്പോഴും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. പാറപൊട്ടിക്കാൻ ജാക്ക്ഹാമർപോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനാൽ ഒട്ടേറെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും സാമ്പത്തിക നേട്ടവും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ഒരു ന്യൂനപക്ഷത്തിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. സാമ്പത്തികമായ ഈ അന്തരം ഉയർത്തുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയുംപരിഹാരമാർഗങ്ങൾ കണ്ടെത്തുകയും വേണം.

ചുരുക്കം ചിലരുടെ ലൈസൻസിന്റെ മറവിൽ ആധുനികമാർഗങ്ങൾ ഉപയോഗിച്ച് കക്കോട് പ്രദേശത്തു നടത്തുന്ന പാറപൊട്ടിക്കൽ സംഘർഷങ്ങളും പരിസ്ഥിതി നാശത്തിനും കാരണമാകുന്നു. പാറക്ഷണങ്ങൾ തെറിച്ചുവീണ് വീടുകൾക്കും വിളകൾക്കും നാശനഷ്ടങ്ങൾ ഉണ്ടാവും ജനങ്ങൾക്ക് പരുക്കേൽക്കുകയും ചെയ്യുന്നു. സ്ഫോടനഫലമായുണ്ടാകുന്ന ശക്തമായ ആഘാതത്താൽ കിണറുകൾക്ക് നാശം സംഭവിക്കുകയും ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു. അതിനാൽ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ഈ വിപത്തിൽ നിന്ന് സംരക്ഷണം നൽകുന്നതിന് പഞ്ചായത്തു തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണം.

3. കളിമൺ വ്യവസായം

നമ്മുടെ നാട്ടൽ നിന്ന് പൂർണമായി അപ്രക്ഷമായൊരു പരമ്പരാഗത കുടിൽ വ്യവസായമാണിത്. പ

ഞ്ചായത്തിന്റെ പല പ്രദേശങ്ങളിലായി ഒട്ടനവധി തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ വ്യവസായത്തിന്റെ സമഗ്രപുരോഗതിക്കും വികസനത്തിനും വിപണനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി തകരപറമ്പ് കേന്ദ്രമാക്കി ഒരു സൊസൈറ്റിരൂപം കൊണ്ടെങ്കിലും ഭരണസമിതിയുടെ വൈകല്യവും പിടിപ്പുകേടും നിമിത്തം ആ സ്ഥാപനംഅടച്ചുപൂട്ടേണ്ടിവന്നു. കളിമണ്ണിന്റെ അഭാവവും വിറകിന്റെ വിലവർദ്ധനവും ഈ വ്യവസായത്തെ തളർത്തിയ പ്രധാനഘടകങ്ങളായിരുന്നു. തമിഴ്നാട്ടിൽനിന്ന് കൊണ്ടുവരുന്ന കളിമൺ പാത്രങ്ങൾ വിറ്റഴിച്ചാണ് ഈ മേഖലയിൽ പണിയെടുത്തിരുന്ന പല തൊഴിലാളികളും ഇന്ന് ഉപജീവനം നടത്തുന്നത്.

4. തേനീച്ച വ്യവസായം

ഏകദേശം മൂന്ന് ദശാബ്ദങ്ങൾക്കുമുമ്പ് നമ്മുടെ നാട്ടിൽ സജീവമായിരുന്ന ഒരു കുടിൽ വ്യവസായമായിരുന്നു തേനീച്ച വളർത്തൽ. വലിയ മുതൽമുടക്കില്ലാതെ ലാഭകരമായി നടത്തിയിരുന്ന ഈ വ്യവസായത്തിൽ ഏറെ കർഷകർ വ്യാപൃതരായിരുന്നു. എന്നാൽ രസകരമായ ഈ തൊഴിലും നമ്മുടെ നാട്ടിൽനിന്ന് പൂർണ്ണമായി അപ്രത്യക്ഷമായി. വിപണനസൗകര്യങ്ങളുടെ കുറവ് യുവതലമുറയുടെ താല്പര്യമില്ലായ്മ സാങ്കേതിക ജ്ഞാനത്തിന്റെ അഭാവം എന്നിവയായിരുന്നു ഈ ചെറുകിട വ്യവസായത്തിന്റെ നാശത്തിന് കാരണങ്ങൾ.

5. ഇഷ്ടിക നിർമ്മാണം

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഒരു പതിറ്റാണ്ടുമുമ്പുവരെ സജീവമായിരുന്നു ഒരു വ്യവയാസവും ഇന്ന് തകർച്ചയെ നേരിടുകയാണ്. അനുയോജ്യമായ മണ്ണിന്റെ ലഭ്യതക്കുറവും വിറകിന്റെ വിലവർദ്ധനവുംഇലദൗർലഭ്യവും തൊഴിലാളികളുടെകുറവും ഈ വ്യവസായ മേഖലയുടെ നാശത്തിന് കളമൊരുക്കി.

6. പ്രിന്റിംഗ് പ്രസ്

ഇന്ന് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റൊരു വ്യവസായ യൂണിറ്റ് പ്രിന്റിംഗ് പ്രസുകളാണ്. ചെറുകിട വനിതാവ്യവസായ യൂണിറ്റായി രജിസ്റ്റർ ചെയ്ത രണ്ട് പ്രസുകൾ ഉൾപ്പെടെ മൂന്ന് പ്രസുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഏകദേശം പതിനഞ്ചോളം പേർക്ക് തൊഴിൽ നൽകാൻ ഈ വ്യവസായ യൂണിറ്റുകൾക്ക് കഴിയുന്നുണ്ട്.

ഗ്രാമസഭകളിൽനിന്ന് ഉയർന്ന നിർദ്ദേശങ്ങൾ

1. റബ്ബർ ഉപയോഗിച്ച് കളിക്കോപ്പുകൾ, ബാഗ്, ചെരിപ്പ് എന്നിവയും റബ്ബർ തടി സംസ്കരിച്ച് ഗൃഹോപകരണങ്ങളും നിർമ്മിക്കുന്ന ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കണം.
2. DWCRA പദ്ധതിപ്രകാരം പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ചെറുകിട വ്യവസായയൂണിറ്റുകൾ ആരംഭിക്കണം.
3. പഞ്ചായത്തിന്റെ വ്യത്യസ്തഭാഗങ്ങളിലായി മെഴുകുതിരി, തീപ്പെട്ടി, സോപ്പ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക, സാങ്കേതികസഹായങ്ങൾ ലഭ്യമാക്കണം.
4. പഞ്ചായത്ത് തലത്തിൽ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.
5. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കെൽട്രോണിന്റെ ഒരു അസംബ്ലിംഗ് യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.
6. ക്രഷർയൂണിറ്റ്, കൊപ്രാ സംഭരണം, സിമന്റ് ബ്ലോക്ക് നിർമ്മാണം, റബ്ബർ, നെല്ലറി എന്നിവ തുടങ്ങുന്നതിന് ദീർഘകാല വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കണം.
7. പുലിയൂർക്കോണം കേന്ദ്രമാക്കി ഒരു മാവേലി സ്റ്റോറും പച്ചക്കറി വിപണന കേന്ദ്രവും ആരംഭിക്കണം.
8. ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ ഇളമ്പ്രക്കോട്ടുമലയിൽ ഒരു വ്യവസായ യൂണിറ്റ് (Industrial Estate) ആരംഭിക്കണം.
9. പ്രാദേശിക ഉൽപ്പന്നങ്ങൾ സംഭരിച്ച് സംസ്ക്കരിച്ച് വിപണനം നടത്തുന്നതിനുള്ള യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ്, കുട, അച്ചാറുകൾ, എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകളും ആരംഭിക്കണം.
10. പരമ്പരാഗതവ്യവസായ കളിമൺ പാത്രനിർമ്മാണയൂണിറ്റ് അറുകാഞ്ഞിരം ഭാഗത്ത് സ്ഥാപിക്കണം.
11. സഹകരണാടിസ്ഥാനത്തിൽ ഒരു വസ്ത്രനിർമ്മാണശാല രണ്ടാം വാർഡിൽ ആരംഭിക്കണം.12. സഹകരണാടിസ്ഥാനത്തിൽ അരിയാക്കി വിപണം നടത്തുന്നതിനുവേണ്ടി ഒരു റൈസ്മിൽ സഹകരണമേഖലയിൽ സ്ഥാപിക്കണം.
13. കീഴ്ച്ചിറ, മണ്ണടിക്കോണം, ചാങ്ങയിൽക്കോണം എന്നിവിടങ്ങളിലെ ചുടുകട്ടവ്യവസായം പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.
14. പരമ്പരാഗതകുടിൽ വ്യവസായങ്ങളായ കുട്ട, വട്ടി, മുറം, പായ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് ചാങ്ങയിൽക്കോണം (മണലുവട്ടം) മണ്ണടിക്കോണം (കാരോട്) എന്നിവിടങ്ങളിൽ ആരംഭിക്കണം.
15. മുളക്, മല്ലി എന്നിവ കവറുകളിലാക്കി വിതരണം ചെയ്യുന്നതിനുള്ള ഒരു വ്യവസായ യൂണിറ്റ് തു

മ്പോട് കേന്ദ്രമാക്കി ആരംഭിക്കണം.

16. പഞ്ചായത്ത് തലത്തിൽ ഒരു ഹോളോബ്രിക്സ് യൂണിറ്റ് മുന്നാം വിള കേന്ദ്രമാക്കി ആരംഭിക്കണം.
17. വലിയകുന്ന് കേന്ദ്രമാക്കി ഒരു കശുവണ്ടി ഫാക്ടറി ആരംഭിക്കണം.
18. ചെങ്കോട്ടുകോണത്ത് ഒരു പ്രസ് ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണം.
19. പഞ്ചായത്ത് തലത്തിൽ ഒരു പാൽ വിതരണസംസ്കരണകേന്ദ്രം ആരംഭിക്കണം.

പ്രശ്നങ്ങൾ


1. നല്ലൊരുവിഭാഗം തൊഴിലാളികൾ - പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികൾ- പണിയെടുക്കുന്ന കശുവണ്ടി മേഖലയിലെ പലപ്രശ്നങ്ങളും പരിഹരിഹരിക്കാൻ കഴിഞ്ഞിട്ടില്ല അസംസ്കൃതസാധനങ്ങളുടെ അപര്യാപ്തത, തൊഴിൽ സ്ഥിരത ഗ്രാറ്റുവിറ്റി, ESI, അപകട മരണത്തിനുള്ള നഷ്ടപരിഹാരം, പ്രസവാനുകൂല്യങ്ങൾ, ശമ്പളവർദ്ധനവ്, പെൻഷൻ- ഇവ പൂർണമായും പരിഹരിക്കപ്പെട്ടിട്ടില്ല.
2. അപകടകരമായ സാഹചര്യങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക്- പ്രത്യേകിച്ചും പാറത്തൊഴിലാളികൾക്ക് - സംരക്ഷണം, സൗജന്യ ഇൻഷുറൻസ് പദ്ധതി ക്ഷേമനിധിയും പെൻഷൻ എന്നിവ ഏർപ്പെടുത്തണം.
3. തേനീച്ച വളർത്തൽ, ഇഷ്ടികനിർമ്മാണം, കളിമൺ പാത്രവ്യവസായം എന്നിവയ്ക്ക് പ്രോത്സാഹനമോ ധനസഹായമോ ലഭിക്കുന്നില്ല.
4. സാമ്പത്തിക-സാങ്കേതിക സഹായത്തിന്റേയുംബോധവൽക്കരണത്തിന്റേയും അഭാവം.
5. പുതിയ വ്യവസായങ്ങൾക്ക് ലൈസൻസ്, വൈദ്യുതി യന്ത്രോപകരണങ്ങൾ എന്നിവ ലഭിക്കാനുള്ള ബുദ്ധിമുട്ടും സാങ്കേതിക പ്രശ്നങ്ങളും. അസംസ്കൃതവസ്തുക്കളുടെ അഭാവം.
7. വിദഗ്ദ്ധതൊഴിലാളികളുടെ കുറവ്.

സാദ്ധ്യതകൾ

1. തീപ്പെട്ടി, മെഴുകുതിരി, സോപ്പ്, ഹോളോബ്രിക്സ്, ബീഡി നിർമ്മാണം എന്നിവയുടെ യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ആരംഭിക്കുന്നത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒരു പരിധിവരെ സഹായിക്കും.
2. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് പഞ്ചായത്ത് തലത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണകേന്ദ്രം ആരംഭിക്കണം: കാർഷികോല്പന്നങ്ങൾക്ക് മാന്യമായ വില ലഭിക്കുന്നതിനും ഗുണമേൻമയേറിയ കാലിത്തീറ്റ ലഭ്യമാക്കുന്നതിനും ഇത് സഹായകമാകും.
3. റബ്ബർ ഉപയോഗിച്ച് ചെരിപ്പ്, കുടകൾ, എന്നിവ നിർമ്മിക്കുന്നതിനും റബ്ബർ തടി സംസ്കരിച്ച് ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നതിനുമുള്ള ഒരു ഫാക്ടറി പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.
4. കെൽട്രോണിന്റെ ഒരു അസംബ്ലിംഗ് യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കണം. വനിതകൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇത് സഹായകമാകും.
5. പാൽ സംഭരിച്ച് സംസ്കരിച്ച് ഉല്പന്നങ്ങളാക്കി പഞ്ചായത്ത് തലത്തിൽ വിതരണം നടത്തുന്നതിനുള്ള ഒരു വ്യവസായയൂണിറ്റ് മടവൂർ കേന്ദ്രമായി ആരംഭിക്കണം.
6. റോഡുമാർഗവും ജലമാർഗവും ഗതാഗതസൗകര്യമുള്ളതുംകൊല്ലം-തിരുവനന്തപുരം ജില്ലകളുടെ അതിർത്തിയിലായി 436 ഏക്കറിൽ വ്യാപിച്ചുകിടക്കുന്നതുമായ ഇളമ്പ്രക്കോട് വനഭൂമി വ്യവസായ എസ്റ്റേറ്റിന് (Industrial Estate) അനുയോജ്യമാണ്. നാഷണൽ ഹൈവേയും എം.സി. റോഡിന്റേയും സാമീപ്യം യാത്രാസൗകര്യം ലഘൂകരിക്കുന്നു. വൈദ്യുതി, ഗതാഗത സൗകര്യം എന്നിവ ഈ പ്രദേശത്തുണ്ട്. താരതമ്യേന ജനവാസം കുറഞ്ഞ ഈ പ്രദേശത്ത് ഒരു വ്യവസായ എസ്റ്റേറ്റ് തുടക്കം കുറിക്കണമെന്ന് ഗ്രാമസഭകളും പഞ്ചായത്ത് കമ്മിറ്റിയും ആവശ്യപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. തൊഴിലില്ലാത്ത യുവജനങ്ങളുടെ ബാഹുല്യമനുസരിച്ച് സംഘടിതമേഖലയിൽ ഭൂരിപക്ഷമാളുകൾക്കും തൊഴിൽ നൽകാൻ കഴിയാത്ത അവസ്ഥയിൽ നൂതനമായ തൊഴിൽ പദ്ധതികൾ വഴി തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ആസൂത്രിതമായ തീവ്രയത്നപരിപാടികൾ ആരംഭിക്കണം.
2. സ്വയം തൊഴിൽ കണ്ടെത്താനാഗ്രഹിക്കുന്നവർക്കായി കമ്പ്യൂട്ടർവൽക്കരിച്ച എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ബ്ലോക്ക്/ജില്ലാ തലത്തിൽ ആരംഭിക്കുകയും ബോധവൽക്കരണ സെമിനാർ ആരംഭിക്കുകയും വേണം.
3. സാങ്കേതിക ജ്ഞാനം, ദീർഘകാലവായ്പകൾ, അസംസ്കൃതവസ്തുക്കൾ, യന്ത്രസാമഗ്രികൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം വിപണനസൗകര്യങ്ങളും ഏർപ്പെടുത്തണം.
4. പരിമിതസാദ്ധ്യതകൾമാത്രമുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും ദീർഘകാലാടിസ്ഥാനത്തിൽ ശാശ്വതമായ തൊഴിലും സ്ഥിരവരുമാനവും ഉറപ്പാക്കുന്നപദ്ധതികൾമാത്രം പ്രോത്സാഹിപ്പിക്കുകയും വേണം.
5. ഇതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ വിശദമായ സർവ്വേ നടത്തുകയും അർഹരായവരെ കണ്ടെത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും വേണം.



ഗതാഗതവും ഊർജ്ജവും

ഒരു പ്രദേശത്തിന്റെ വികസനത്തിൽ അതിപ്രധാനമായ പങ്കുവഹിക്കുന്ന ഒന്നാണ് ഗതാഗതം. അതുകൊണ്ട് റോഡുകളുടെ വികസനം സാദ്ധ്യമായാൽ മാത്രമേ ഒരു ഗ്രാമത്തിന്റെ വികസനം പൂർണ്ണമാകുകയുള്ളു. കാർഷിക മേഖലയുടെയും വ്യാവസായിക മേഖലയുടെയും മറ്റു മേഖലകളുടെയും വികസനത്തിൻ റോഡ് വികസനം അനിവാര്യമാണ്. കാർഷിക മേഖലയിലേക്ക് വിത്തുകൾ വളങ്ങൾ, കാർഷികോപകരണങ്ങൾ, യന്ത്രങ്ങൾ തുടങ്ങിയവകൊണ്ടുപോകുന്നതിനും, അവിടെനിന്നും കാർഷികോല്പന്നങ്ങൾ കമ്പോളങ്ങളിലേക്കും പട്ടണങ്ങളിലേക്കും കൊണ്ടുപോകുന്നതിനും റോഡുഗതാഗതം അത്യവശ്യമാണ്. വ്യവസായശാലകളിൽ അസംസ്കൃത വസ്തുക്കൾ എത്തിക്കുന്നതിനും അവിടെ നിന്ന് ഉത്പാദിപ്പിച്ച വസ്തുക്കൾ വ്യത്യസ്തസ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും റോഡുകൾ കൂടിയേ കഴിയൂ. ചുരുക്കിപ്പറഞ്ഞാൽ കാർഷിക മേഖലയുടെയും വ്യാവസായിക മേഖലയുടെയും വികസനം റോഡ് ഗതാഗതത്തിന്റെ വികസനത്തെ ആശ്രയിച്ചാണിരിക്കുന്നത്.

മടവൂർ ഗ്രാമപഞ്ചായത്തിൽ വാഹനഗതാഗതം റോഡുകളെ ആശ്രയിച്ചാണ് നടക്കുന്നത്. മറ്റുഗതാഗതമാർഗ്ഗങ്ങളായ റെയിൽവേ ഗതാഗതമോ ജലഗതാഗത മാർഗ്ഗങ്ങളോ നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ടുതന്നെ റോഡുവികസനം നമ്മുടെ പഞ്ചായത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. മടവൂർ ഗ്രാമപഞ്ചായത്തിൽ റോഡിന്റെ വലിയൊരു ശൃംഖല തന്നെ ഉണ്ടെങ്കിലും അവ ഇന്നും നാടിന്റെ വികസനത്തിന് പര്യാപ്തമല്ല. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ശരിയായ റോഡ് ലിങ്ക് ഇല്ലാത്തതു മൂലം ആ പ്രദേശങ്ങൾ വികസനം കടന്നു ചെല്ലാത്ത ഒറ്റപ്പെട്ട പ്രദേശങ്ങളായി അവശേഷിക്കുന്നു. പഞ്ചായത്തിൽ നിവിലുള്ള പല റോഡുകളുടെയും അവസ്ഥ വളരെ ശോചനീയമാണ്. ആവശ്യാനുസരണം വീതിയോ ശരിയായ അറ്റകുറ്റപ്പണികളോ മെറ്റലിംഗ് ടാറിംഗ് സൗകര്യങ്ങളോ ഇല്ലാത്തതുകൊണ്ട് വാഹനഗതാഗതം വളരെ അപകടകരവും ദുഷ്കരവും ആയിക്കൊണ്ടിരിക്കുന്നു. വർദ്ധിച്ചുവരുന്ന വാഹനഗതാഗതനിരക്കും നമ്മുടെ റോഡുകളുടെ ശോചനീയാവസ്ഥയും ഒട്ടനവധി അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും കാരണമായി മാറുന്നു. അതിനാൽ മനുഷ്യജീവിതത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് റോഡുകൾ വീതികൂട്ടുകയും ടാറിംഗ് നടത്തി സംരക്ഷിക്കുകയും വേണം.

നിലവിലുള്ള പഞ്ചായത്തുറോഡുകൾ PWD റോഡുകളുമായും, ദേശീയപാതകളുമായും ബന്ധിപ്പിക്കുമ്പോൾ മാത്രമേ ഗ്രാമീണറോഡുകൾ കൂടുതൽ ഉപയോഗപ്രദമാകുന്നുള്ളു. ഗ്രാമീണ റോഡുകളെ പ്രധാനറോഡുകളുമായി ബന്ധിപ്പിക്കുന്നതിന് കൂടുതൽ പാലങ്ങൾ ആവശ്യമാണ്. പാലങ്ങളുടെ അഭാവം മൂലം വളരെ കൂടുതൽ പ്രദേശങ്ങൾക്ക് മാർക്കറ്റുകളുമായോ വികസിത പ്രദേശങ്ങളുമായോ റോഡ് ലിങ്ക് ഇല്ല. ഇപ്പോൾ നിലവിലുള്ള പാലങ്ങൾ പലതും തന്നെ കാലപ്പഴക്കം കൊണ്ട് ബലക്ഷയം വന്നതും വളരെ വീതി കുറഞ്ഞതുമാണ്.

മടവൂർ ഗ്രാമപഞ്ചായത്തിൽ മൊത്തം റോഡുകളുടെ നീളം 131 കിലോമീറ്ററാണ്. അതിൽ PWD റോഡ് ഉൾപ്പെടെ 21 കിലോമീറ്റർ ദൈർഘ്യം മാത്രമേ ടാർ ചെയ്തിട്ടുള്ളു. പഞ്ചായത്തിന്റെ കീഴിലുള്ള റോഡുകളുടെ ദൈർഘ്യം 121 കിലോമീറ്ററാണ്. അതിൽ 11 കിലോമീറ്റർ റോഡുമാത്രമേ ടാർ ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളു. ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന പി.ഡബ്ല്യു.ഡി. റോഡിന്റെ ദൈർഘ്യം കേവലം 10

കിലോമീറ്റർ മാത്രമാണ്.

മടവൂർ ഗ്രാമപഞ്ചായത്ത്
റോഡുകളുടെ സ്ഥിതിവിവരപ്പട്ടിക 6 (1)

റോഡ് ഇനം	നീളം കിലോമീറ്ററിൽ
PWD റോഡ്	10 കിലോമീറ്റർ
പഞ്ചായത്ത് ടാർ ചെയ്ത റോഡ്	11 കിലോമീറ്റർ
മെറ്റൽ റോഡ്	ഇല്ല
പഞ്ചായത്ത് തടം	110 കിലോമീറ്റർ.

ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ

റോഡുകളെ സംബന്ധിച്ച് ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പൊതുവെ ടാർ ചെയ്യുന്നതിനും വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുന്നതിനും പുതുതായി റോഡു നിർമ്മിക്കുന്നതിനും ബസ്സ് സർവ്വീസുകൾ ആരംഭിയ്ക്കുന്നതിനുമാണ്.

ടാർ ചെയ്യേണ്ട റോഡുകൾ :-

1. തങ്കക്കല്ല്-ചാലാംകോണം റോഡിൽ കിഴക്കനേലഭാഗം സൈഡ് വാൾ കെട്ടിയും കലുങ്കുകൾ നിർമ്മിച്ചും മണ്ണിട്ട് നികത്തിയും ചാലാംകോണം ജംഗ്ഷനുമായി ബന്ധിപ്പിച്ച്, മെറ്റലിംഗ് ടാറിംഗ് നടത്തി വാഹനഗതാഗതയോഗ്യമാക്കുക.
2. പുലിയൂർകോണം - ചാങ്ങയിൽകോണം റോഡിൽ പുലിയൂർ കോണത്ത് പാലം നിർമ്മിച്ചും സൈഡ് കെട്ടിയും റോഡ് ടാർ ചെയ്യണം.
3. മാങ്കോണം ആറുകാഞ്ഞിരം റോഡ് വീതികൂട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
4. കാഞ്ഞാംവിള റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.
5. മടവൂർ ഗവൺമെന്റ് L.P.S വിളയ്ക്കാട് കൊല്ലായിൽ മുതലറോഡ് വികസിപ്പിച്ച് ടാർ ചെയ്ത് വാഹനഗതാഗതയോഗ്യമാക്കുക.
6. മടവൂർ എൽ.പി. എസ് മണലുവട്ടം റോഡ് ഇളമ്പ്രക്കോട് റോഡുമായി ബന്ധിപ്പിച്ച് വീതി വർദ്ധിപ്പിച്ചും ടാറിംഗ് നടത്തിയും വാഹനഗതാഗതയോഗ്യമാക്കുക.
7. ചുമടുതാങ്ങി-മുളവന-കൈപ്പള്ളിക്കോണം-ചാലാംകോണം റോഡ് പണി പൂർത്തിയാക്കി ടാർ ചെയ്യുക.
8. മുടിയൂർകോണം-ചാലാംകോണംറോഡ് ടാർ ചെയ്ത് യാത്രായോഗ്യമാക്കുക.
9. തുമ്പോട്-കൈതോട് PWD റോഡ് വികസിപ്പിച്ച് റീ മെറ്റലിംഗും ടാറിംഗും നടത്തി വാഹനഗതാഗതം സുഗമമാക്കുക.
10. മടവൂർ മാവിൻമൂട് ജംഗ്ഷൻ മുതൽ തകരപ്പറമ്പു വരെയുള്ള PWD റോഡ് വികസിപ്പിച്ച് റീമെറ്റലിംഗും ടാറിംഗും നടത്തി സൈഡുവാളും കെട്ടി ഗതാഗതയോഗ്യമാക്കുക.
11. കശുവണ്ടിഫാക്കറി - ആനകുന്നം റോഡ് പൂർണ്ണമായി ടാർ ചെയ്യുകയും ഈ റോഡ് ആനകുന്നും മലവിള റോഡുമായി ബന്ധിപ്പിക്കുകയും ചെയ്യുക.
12. ഞാറയിൽകോണം എം. എൽ. പി. എസ്, ചേങ്കോട്ടുകോണം റോഡ് മഠത്തുവിള വാതുക്കൽ വരെ വികസിപ്പിച്ച് മെറ്റലിംഗ് ടാറിംഗ് നടത്തണം.
13. അമ്പിളിമുക്കിൽ നിന്ന് വലിയകുന്ന് വഴി കാഞ്ഞിരം വിള തയ്ക്കാവിലേക്കുള്ള റോഡിൽ ഏറെഭാഗം നികത്തി. റോഡ് നിർമ്മിച്ച് ടാർ ചെയ്ത് വാഹനഗതാഗത സൗകര്യം ഉണ്ടാക്കണം.
14. കക്കോട് - പടിയ്ക്കാമുറി ഏലാറോഡ് കാട്ടുപുതുശ്ശേരി റോഡുമായി (പാരിപ്പള്ളി -നിലമേൽ റോഡിനേയും ആനകുന്നം മൂന്നാംവിളറോഡിനേയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്) ബന്ധപ്പെടുത്തി വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക.
15. വിളയിൽ വാതുക്കൽ-മൂലവട്ടം ലാവേറ്റിപൊയ്ക റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.
16. ഗാർഡർ സ്റ്റേഷൻ - കാരംകുളത്തുകോണം കുറിച്ചി- മ്ലാവൂർകോണം റോഡിന്റെ സൈഡ്വാൾ കെട്ടി വികസിപ്പിച്ച് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.
17. എലിക്കുന്നാം മുകൾ വേട്ടയ്ക്കാട്ടുകോണം - നമ്പാകോണം റോഡ് ടാർ ചെയ്യുക.
18. പുലിയൂർകോണം - അറുകാഞ്ഞിരം റോഡ് വികസിപ്പിച്ച് ആവശ്യമായ സ്ഥലത്ത് കലുങ്ക് കെട്ടി റോഡ് ഗതാഗതയോഗ്യമാക്കുക.
19. എലികുന്നാംമുകൾ - ഈട്ടിമൂട് റോഡ് (PWD റോഡിനെയും തുമ്പോട്- കൈതോട്- പാരിപ്പള്ളി - നിലമേൽ റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ്) ടാർ ചെയ്ത് സൈഡ്വാൾ കെട്ടി ഗതാഗതയോഗ്യമാക്കി മാങ്കുഴി ഹരിജൻ കോളിനിയിലേക്കുള്ള ഗതാഗതസൗകര്യം വികസിപ്പിക്കുക.
20. ചാങ്ങയിൽ കോണം- താഴത്തുപാറയിൽ വാതുക്കൽ റോഡ് വികസിപ്പിച്ച്, റോഡ് പനപ്പാംകുന്ന് ചാങ്ങയിൽക്കോണം റോഡുമായി ബന്ധിപ്പിക്കണം.
21. പാരിപ്പള്ളി-നിലമേൽ റോഡിന്റെ ആനകുന്നമുതൽ എലിക്കുന്നുമുകൾ വരെയുള്ള പുറംപോക്ക് വ്യക്തികൾ കൈവശപ്പെടുത്തുന്നത് തടയുകയും സൈഡ്വാൾ കെട്ടി റീമെറ്റലിംഗും ടാറിംഗും നടത്തി വാഹനഗതാഗതയോഗ്യമാക്കുക.
22. കീഴ്ചിറ-മണ്ണടിക്കോണം റോഡ് മെറ്റലിംഗ് ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കുക.
23. പ്ലാവറക്കോണം-മുളവനറോഡ് വികസിപ്പിച്ച് ഗ

താഗതയോഗ്യമാക്കുക.

24 മടവൂർ ലക്ഷംവീട് കോളനിയിൽ നിന്ന് ആരംഭിച്ച് – മടവൂർ മഹാദേവക്ഷേത്രത്തിന് സമീപം എത്തി ച്ചേരുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.

25 C.N.P.S.U.P.S സീമന്തപുരം റോഡ് മെറ്റലിംഗ് നടത്തി ടാർ ചെയ്യുക.

26. തുമ്പോട് – നാവായ്ക്കുളം റോഡിന്റെ ടാർ വീതി വർദ്ധിപ്പിച്ച് റീ ടാറിംഗ് നടത്തുക.

27. കരിമ്പുവിള – വലിയകുന്ന് ഹരിജൻ കോളനി റോഡിൽ ഏലാഭാഗം സൗജന്യമായി പഞ്ചായത്ത് റോഡിനും വേണ്ടി വിട്ടുകിട്ടുകയും വയൽ മണ്ണിട്ട് നികത്തി റോഡ് നിർമ്മാണം പൂർണ്ണമായും ശ്രമ ദാനമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേ ഷിക്കുന്ന സൈഡ്വാൾകെട്ടലും റോഡ് ടാറിംഗ് നടത്തേണ്ടതും വലിയകുന്ന ഹരിജൻ കൊളനി യുടെ ഗതാഗത വികസനത്തിന് അത്യാന്താപേ ക്ഷിതമാണ്.

28. മണ്ണുവിള റോഡ് വഴി കക്കാട് റോഡുമായി ബ ന്ധിപ്പിക്കുക.

29. നാവായ്ക്കുളം– തുമ്പോട്റോഡിൽ നിന്നും പ്ലാ ന്താനം ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡ് ടാർ ചെയ്യണം.

30. വേട്ടയ്ക്കാട്ടുകോണം–മുട്ടുകോണം കോളനി റോ ഡ് വീതി കൂട്ടി ടാർ ചെയ്യുക.

31 വേട്ടയ്ക്കാട്ടുകോണം നമ്പൻകോണം റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

32. വട്ടകൈത–ചാങ്ങയിൽകോണം റോഡ് വികസി പ്പിച്ച് സൈഡ്വാൾകെട്ടി വാഹനഗതാഗതയോ ഗ്യമാക്കുക.

33. വട്ടകൈത പെട്ടിക്കുന്ന്, പുലിയൂർകോണം വഴി (മാങ്കുഴി ഹരിജൻ കോളിനി റോഡ്) പുലിയൂർ കോണത്ത് സൈഡ്വാൾകെട്ടിയും കലുങ്ക് നിർ മ്മിച്ചും വാഹനഗതാഗതയോഗ്യമാക്കുക.

34 പനപ്പാംകുന്ന് പെരിങ്ങോട്ടുകോണം റോഡ് ഏ ലംഭാഗം നികത്തി മെറ്റലിംഗും ടാറിംഗും നടത്തി വാഹനഗതാഗതയോഗ്യമാക്കുക.

35 ചാലാം കോണം ഇലവുംകുന്നത്ത് വാതുക്കൽ റോഡ് വീതികൂട്ടി മെറ്റലിംഗും ടാറിംഗും നടത്തു ക.

36. മടവൂർ വറ്റലൂർ കാവ്റോഡ് ടാർ ചെയ്യുക.

37. സീമന്തപുരം–കൊഴുവിൻചിറ മുട്ടയം റോഡ് ടാർ ചെയ്യണം.

38 സീമന്തപുരം YMA റോഡിന്റെ ടാർ ചെയ്തഭാഗത്തി ന്റെ വീതികൂട്ടുകയും അറ്റകുറ്റപ്പണികൾ നടത്തു കയും വേണം.

39. കൃഷ്ണൻകുന്ന് കാരോട്ടുകോണം റോഡ് വീതികൂ ട്ടി മെറ്റലിംഗ് ടാറിംഗ് നടത്തുക.

40. മൂടപ്പാറ ചാങ്ങയിൽ കോണം റോഡ് സൈ ഡ്വാൾകെട്ടി മെറ്റലിംഗ് ടാറിംഗ് നടത്തുക.

41. തുമ്പോട് വാഴമൺ പാതുക്കൽ പഴുവടി റോഡ് (മിച്ചഭൂമിവഴിയുള്ള) വികസിപ്പിച്ച് മെറ്റലിംഗ് ടാ റിംഗ് നടത്തുക

42. വേമൂട്–കൃഷ്ണൻകുന്ന് റോഡിന്റെ ടാറിന്റെ വീതി വർദ്ധിപ്പിച്ച് റീ മെറ്റലിംഗും ടാറിങ്ങും നടത്തുക.

43. പനപ്പാംകുന്ന് – നവോദയാബാലവാടി റോഡ്, വാവച്ചേരി–ചാങ്ങയിക്കോണം–റോഡ്, പനപ്പാം കുന്ന്–ചാങ്ങയിൽക്കോണം റോഡ്. ഈന്തന്നൂർ– OLHS മണ്ണടിക്കോണം പനപ്പാംകുന്ന് – പുള്ളി പ്പച്ച, പനപ്പാംകുന്ന് – LPS കിഴക്കനേലാ റോഡ് എന്നിവ ടാർ ചെയ്ത് വികസിപ്പിക്കുകയും മറ്റ് റോ ഡുകളുമായി ബന്ധിപ്പിക്കുകയും വേണം.

44. എലിക്കുന്നാം മുകൾ – വേളാകുന്ന്റോഡ് സൈ ഡ്വാൾകെട്ടി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്ക ണം.

45. ചാലാംകോണം–മുടിയൂർകോണം റോഡ് ടാർ ചെ യ്ത് ഗതാഗതയോഗ്യമാക്കുക.

46 തോളൂർ–തോളൂർ റോഡ്, ആനകുന്നം – കിഴേ ത്താമരശ്ശേരി ഏലറോഡ്, ആനകുന്നം പടിഞ്ഞാ റ്റേല റോഡ്, ആനകുന്നം – കിഴക്കനേല റോഡ്, വിളയിൽ പാതൂതൽ–കിഴക്കനേല എന്നീ റോ ഡുകൾ സഞ്ചാരയോഗ്യമാക്കണം.

47. മഠത്തിൽവിള ചേങ്കോട്ടുകോണം റോഡ് ഗതാഗ തയോഗ്യമാക്കണം.

വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കേണ്ടവ

1. മാങ്കോണത്തുനിന്ന് ക്ലാവറകുന്നിലേക്ക് റോഡ് നിർ മ്മിച്ച് ഈ റോഡിനെ അടുക്കോട്ടുകോണം റോ ഡുമായി ബന്ധിപ്പിച്ച് ഗതാഗതസൗകര്യംതീരെ ഇ ല്ലാത്ത ക്ലാവറക്കുന്ന് അടുക്കോട്ടുകോണം കുറ ങ്കുളത്തുകോണം എന്നീ പ്രദേശങ്ങളിലേക്ക് വാ ഹനങ്ങൾ എത്തിച്ചേരുന്നതിനുള്ള സൗകര്യം ഉണ്ടാ ക്കണം.

2. പുലിയൂർകോണം–ചാങ്ങയിൽകോണം റോഡിൽ പുലിയൂർകോണത്ത് പാലം നിർമ്മിച്ച് ഈ റോ ഡിനെ പനപ്പാംകുന്നുമായി ബന്ധിപ്പിക്കുക.

3. എലികുന്നാം മുകൾ മേലേ പൂവത്തൂർ റോഡ് പൂ വത്തൂർവഴി എലിക്കുന്നാം മുകളിലേക്ക് വികസി പ്പിച്ച് ഗതാഗതയോഗ്യമാക്കുക.

4. മൂഴി– ആനക്കുന്നം റോഡ് വികസിപ്പിച്ച് സഞ്ചാര യോഗ്യമാക്കുക.

5. കുരിശ്ശോട് ക്ഷേത്രത്തിന് സമീപത്തുനിന്നും ഇരു ഭാഗത്തേയ്ക്കും പോകുന്ന റോഡ് ഗതാഗതയോ ഗ്യമാക്കുക.

6. പനപ്പാംകുന്ന് കഴക്കനേല റോഡ് സഞ്ചാരയോ ഗ്യമാക്കുക.

7. ഈന്തന്നൂർ ലക്ഷം വീട് കോളനിമുതൽ മണ്ണടി

കോണം വരെ റോഡ് ഗതാഗതയോഗ്യമാക്കുക.

8. കാരോട്ടുകോണം ഇടവഴി സഞ്ചാരയോഗ്യമാക്കുക.
പാറയിൽ വാതുക്കൽ നിന്നാരംഭിച്ച് ചാലിൽവരെ ടാർ ചെയ്തിട്ടുള്ള റോഡ് മുളവന റോഡുമായി ബന്ധിപ്പിക്കുക.
9. പാറയിൽ ഏറ്റിൻകടവ് റോഡ് വികസിപ്പിച്ച് വാഹനഗതാഗതയോഗ്യമാക്കുക.
10. പാറയിൽ വാതുക്കൽ നിന്നാരംഭിച്ച് ചാലിൽ വരെ ടാർ ചെയ്തിട്ടുള്ള റോഡ് മുളവന റോഡുമായി ബന്ധിപ്പിക്കുക.
11. S.B.T പടിഞ്ഞാറ്റേലാതടം വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കണം .
12. മടവൂർ കശുവണ്ടി ഫാക്ടറിയുടെ വടക്കുവശത്തുകൂടി പടിഞ്ഞാറ്റേ ലയിലേക്കുള്ള തടം വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.
13. ഞാറയിൽകോണം തോളൂർ റോഡിൽ നിന്നും പള്ളിവാതുക്കൽ റോഡ് അമ്പിളിമുക്കിലേക്ക് വയൽ നികത്തി നിർമ്മിക്കണം.
14. കാഞ്ഞിരംവിള ത്യക്കാവിന് സമീപത്തുനിന്നും ഞാറയിൽ കോണം ഏലായിലേക്കുള്ള ഇടവഴി വീതികൂട്ടി വലിയ കുന്ന് പള്ളിവരെ വാഹനഗതാഗത സൗകര്യം ഉണ്ടാക്കണം.
15. ഞാറയിൽകോണം ഏലായിൽ നിന്നും കടവിള ജംഗ്ഷനിലേക്കുള്ള ഇടവഴി വീതികൂട്ടി ഏലാഭാഗത്ത് ഒരു ഫുഡ് ബ്രിഡ്ജ് നിർമ്മിക്കണം.
16. മൂന്നാംവിള ആനക്കുന്നം റോഡ് ചെന്നു ചേരുന്ന ആനക്കുന്നം പാലം വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.
17. സദ്ദാംമുക്കിൽ നിന്നും ഹരിജൻ കോളനി വഴി തോളൂർ ഏലായിലേക്ക് പോകുന്ന റോഡ് വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കണം.
18. കക്കോട് പടിഞ്ഞാറ്റേല റോഡ് കശുവണ്ടി ഫാക്ടറി ആനക്കുന്നം റോഡുമായി ബന്ധിപ്പിക്കുക.
19. ലാവേറ്റിപൊയ്ക കക്കോട് റോഡ് വില്ലേജ് ഓഫീസ് മലവിള റോഡുമായി ബന്ധിപ്പിക്കുക.
20. മണ്ടയ്ക്കാട് അയണിക്കാട്ടുകോണം റോഡ് കാഞ്ഞാംവിള ഹരിജൻ കോളനിയുമായി ബന്ധിപ്പിച്ച് 1 ഉം 2 ഉം വാർഡുകളെ തമ്മിൽ ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
21. മടവൂർ ഗവ: എൽ.പി. എസിന് പടിഞ്ഞാറുവശത്തുനിന്ന് ആരംഭിയ്ക്കുന്ന റോഡ് ലക്ഷം വീട് കോളനിയുമായി ബന്ധിപ്പിക്കുക.
22. അയണിക്കാട്ടുകൊണത്തുനിന്ന് വിളയ്ക്കാട് ഏലായിലേയ്ക്കുള്ള തടവും ഹരിജൻ കോളനിയിലേയ്ക്ക് പോകുന്ന തടവും സഞ്ചാരയോഗ്യമാക്കുക.
23. വേട്ടയ്ക്കാട്-മാങ്കോണം റോഡ് വികസിപ്പിച്ച് വാഹനഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.
24. വേമൂട് ഇളമ്പ്രക്കോട് വഴി വികിപ്പിച്ച് ഇളമ്പ്രക്കോട് ക്ഷേത്രത്തിലേക്ക് പോകുന്ന ഭക്ത ജനങ്ങൾക്ക് യാത്രാ സൗകര്യം ഒരുക്കുക.
25. മടവൂർ മാർക്കറ്റ് മുന്നാവിള റോഡിൽ പഞ്ചവടി പാലത്തിനു സമീപം സൈഡ്വാൾക്കെട്ടി ബലപ്പെടുത്തണം.
26. കൊച്ചാലുംമൂട് - പില്ലാന്നിക്കോണം ഹരിജൻ കോളനിയിലേക്കുള്ള വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.
27. സി.എൻ.പി. എസ്.യു.പി. എസ് പടിഞ്ഞാറ്റേല നടവഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
28. സീമന്തപുരം വലിയവിള പൊയ്ക തടം മുട്ടയം ഏലാവരെ നീട്ടണം.
29. സീമന്തപുരം - എരു പൊയ്കതടം മുട്ടയംവഴി നഗരൂർ പഞ്ചായത്തിന്റെ അതിർത്തി വരെ നീട്ടുക.
30. സീമന്തപുരം പ്ലാന്താനം ഇടവഴി വീതി കൂട്ടണം.
31. മംഗ്ലാംവിളറോഡ് - ചാലിൻ റോഡുമായി ബന്ധിപ്പിക്കുക.
32. മടവൂർ മഹിളാസമാജത്തിന്റെ വശത്തുകൂടി ഏലായിലേക്കുപോകുന്ന റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.
33. മടവൂർ നവോദയം വായനശാലമുതൽ നടവത്തേലയിൽ അവസാനിക്കുന്ന റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കണം.
34. ചുമടുതാങ്ങി-കൈപ്പള്ളിക്കോണം കുറ്റിക്കാട് റോഡ് പാറയിൽ റോഡുമായി ബന്ധിപ്പിക്കുക.
35. കാരീഞ്ചയിൽ നിന്ന് ഏലായിലേക്കുള്ള ഇടവഴി വീതികൂട്ടി ട്രില്ലർ ട്രാക്ടർ തുടങ്ങി കാർഷിക യന്ത്രങ്ങൾ കൊണ്ടുപോകുന്നതിന് സൗകര്യം ഉണ്ടാക്കണം.
36. അമ്പിളിമുക്കിൽ നിന്നും മുല്ലനെല്ലൂർ ജംഗ്ഷൻ വരെ നിലവിലുള്ള ഇടവഴി വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം.
37. ഇലഞ്ഞിക്കോട്ടുനിന്നും പഞ്ചവടിപ്പാലംവരെ വാഹനഗതാഗത സൗകര്യം വർദ്ധിപ്പിക്കണം.
38. ചാലാംകോണത്തു നിന്നും കൊല്ലൻഴികം വഴി മുണ്ടപ്പള്ളി വാതുക്കലേയ്ക്കുള്ള റോഡ് വികസിപ്പിച്ച് വാഹനഗതാഗതയോഗ്യമാക്കണം.
39. കുന്നത്തുകോണം ഹരിജൻ കോളനിയിൽ നിന്നും ഇടമുടുമ്പ് ഹരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കണം.
40. മരുതൻ ചേരിക്കണത്തു നിന്നും മലവിളയിൽ എത്തിച്ചേരുന്ന ഇടവഴി വികസിപ്പിച്ച് റോഡാക്കി മാറ്റുക.
41. ഞാറയിൽക്കോണം തയ്ക്കാവിൽ നിന്നും നക്രാംകോണം ഏലായിൽ ഇറങ്ങുന്ന ഇടവഴി സഞ്ചാര

യോഗ്യമാക്കുക.

42. കൊച്ചാലുംമൂട്ടിൽ നിന്ന് ആരംഭിക്കുന്ന റോഡ് വയൽ നികത്തി ഞാറയിൽകോണം ചെങ്കോട്ടുകോണം റോഡുമായി ബന്ധിപ്പിക്കുക.
43. ഗാർഡർ സ്റ്റേഷനിൽ നിന്നും ആരംഭിക്കുന്ന തടം പാലോട്ടുകോണം വഴി കാരോട്ടുകോണം കുറിച്ചിറോഡിൽ എത്തിക്കുക.
44. പൊയ്കമുക്കിൽ നിന്നു കടവിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കണം.
45. ചെമ്പകത്തുവാതുക്കൽ നിന്നും ശിശുവിഹാറുമായി ബന്ധപ്പെടുന്നവഴി പുനരുദ്ധരിക്കുക.
46. കെ. കെ ഹൗസിന്റെ സമീപത്തുള്ള പഞ്ചായത്തുകിണർ തൊട്ടമരുതം ചേരി ഏലായിൽ ഇറങ്ങത്തക്കവണ്ണം വഴി സഞ്ചാരയോഗ്യമാക്കുക.
47. വിളയ്ക്കാട്- കുഴിക്കാട്ടുകോണം പഞ്ചായത്തു റോഡ് വീതികൂട്ടി പി ഡബ്ലിയു ഡി റോഡുമായി ബന്ധിപ്പിക്കുക.
48. മണ്ടയ്ക്കാട് ക്ഷേത്രത്തിന് കിഴക്കുഭാഗത്തുകൂടി പോകുന്ന റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
49. വിളയ്ക്കാടിനെ മണ്ടയ്ക്കാടുമായി ബന്ധിപ്പിക്കുന്ന റോഡ് വികസിപ്പിക്കുക.
50. എൻ എസ് എസ് എച്ച് എസിനു പടിഞ്ഞാറുള്ള വിളയ്ക്കാട് കുഴിക്കാട്ടുകോണം റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് കോൺക്രീറ്റ് ചെയ്യുക.
51. മേച്ചിറ- സീമന്തപുരം ഇടവഴി വികസിപ്പിക്കുക
52. കൊല്ലോണം- മുട്ടയം ഇടവഴി വീതികൂട്ടുക.
53. വൈ എം എ മുട്ടയം ഇടവഴി വീതികൂട്ടുക.
54. ചാണിക്കുൻ കൊഴുവൻചിറ തടം സഞ്ചാരയോഗ്യമാക്കുക.
55. കൊഴുവൻചിറ ഇടവഴി വീതികൂട്ടുക.
56. വാഴമൺ വാറുപൊയ്ക, നടവഴി വീതികൂട്ടുക.
57. തകരപ്പറമ്പ് ചുരോട്ട് ഇടവഴി വീതികൂട്ടുക.
58. പാടത്തുപാറ ചങ്ങയിൽക്കോണം വലംപിരിപ്പള്ളി മംറോഡ് ഗതാഗതയോഗ്യമാക്കണം.
59. കൃഷ്ണൻകുന്ന് കൃഷ്ണൻകുന്ന് കുളത്തിലേക്ക് റോഡ് വികസിപ്പിക്കണം.
60. ചെട്ടിയാർ കോണം- പുലിയൂർക്കോണം റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം.
61. കക്കോട് കോട്ടം റോഡ് കശുവണ്ടി ഫാക്ടറി ആനക്കുന്നം റോഡുമായി ബന്ധിപ്പിക്കുക.
62. താന്നിമുകൾ- ചാങ്ങയിൽ കോണം റോഡ് വീതി കൂട്ടണം
63. വലിയവിള- ചാങ്ങയിൽകോണം, നെടുമ്പച്ച ചിറവിള റോഡ് വീതികൂട്ടി ടാർ ചെയ്യുക.

പുതിയ റോഡ് നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. കുന്നത്തുകോണം ഹരിജൻ കോളനിയിലേക്ക് എത്തിച്ചേരുന്നതിന് അടിയന്തിരമായ റോഡു നിർമ്മിക്കണം.
2. പുലിയൂർകോണത്തുനിന്ന് ചിറവിള മേലുവശം വഴി ചീങ്കണ്ണിക്കുഴി ചാലാംകോണം സർക്കാർ ആശുപത്രിയിലേക്ക് പുതിയതായി റോഡ് നിർമ്മിക്കണം.

ബസ് സർവ്വീസുകൾ ആവശ്യമായ റോഡുകൾ

1. മടവൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് മടവൂർ പഞ്ചായത്തിലെ ഗവ. അലോപ്പതി ആശുപത്രി (പി എച്ച് സി) സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എത്തിച്ചേരുവാൻ കൃഷ്ണൻകുന്ന് ചാലാം കോണം മേമൂട് വഴി ബസ് സർവ്വീസ് ആരംഭിക്കണം (വാർഡ് 5-6 എന്നീ ഗ്രാമസഭകളുടെ ഐകകണ്ഠ്യേനയുള്ള നിർദ്ദേശം)
2. കിളിമാനൂർ പള്ളിക്കൽ മടവൂർ പുലിയൂർകോണം വേട്ടയ്ക്കാട്ടുകോണം ഗണപതിനട, ആയൂർ അഞ്ചൽ പുനലൂർ വരെ ഒരു ബസ്സർവ്വീസ് ആരംഭിക്കണം.
3. കൊട്ടാരക്കര ചടയമംഗലം ഗണപതിനട വേട്ടയ്ക്കാട്ടുകോണം മടവൂർ കിളിമാനൂർ വഴി ഒരു ബസ് സർവ്വീസ് ആരംഭിക്കണം.
4. കിളിമാനൂർ തുമ്പോട് സീമന്തപുരം തലവിള വഴിയുള്ള മെഡിക്കൽകോളേജ് ബസ് സർവ്വീസുകൾ പുനസ്ഥാപിക്കുക. ഈ റൂട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുക.
5. മടവൂർ മൂന്നാം വിള വഴി തീരദേശ ബസ് സർവ്വീസ് ആരംഭിക്കണം.
6. കിളിമാനൂർ തുമ്പോട് സീമന്തപുരം മൂന്നാം വിള വഴി കൊല്ലത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കണം.
7. ആറ്റിങ്ങൽ കെ എസ് ആർ റ്റി സി ഡിപ്പോയിൽ നിന്ന് ഞാറയിൽകോണം മൂന്നാംവിള കക്കോട്വഴി പള്ളിക്കലേക്ക് ഒരു ബസ് സർവ്വീസ് ആരംഭിക്കണം.
8. രാവിലെ 6 മണിക്ക് ഞാറയിൽ കോണം കടന്നു പോകത്തക്കവിധത്തിൽ നിലമേൽ നിന്നും തിരുവനന്തപുരത്തേക്ക് ഒരു കെ എസ് ആർ റ്റി സി ബസ് സർവ്വീസ് ആരംഭിക്കണം.
9. കിളിമാനൂർ ഡിപ്പോയിൽ നിന്നും തട്ടത്തുമല തങ്കക്കല്ല് വേമൂട് വഴികൊല്ലത്തേക്ക് ഒരു കെ എസ് ആർ റ്റി സി ബസ് സർവ്വീസ് ആരംഭിക്കണം.
10. തിരുവനന്തപുരത്തുനിന്ന് മെഡിക്കൽ കോളേജു വഴി ആറ്റിങ്ങൽ നാവായ്ക്കുളം തോളൂർ മൂന്നാം വിള ആനക്കുന്നം വഴി മടവൂർ ഇംഗ്ഷനിലേക്ക് ഒരു കെ എസ് ആർ റ്റി സി ബസ് സർവ്വീസ് ആരംഭിക്കുക.

12 വർക്കല കല്ലമ്പലം നാവായ്ക്കുളം തോളൂർ- മു

ന്നാംവിള മടവൂർ നിലമേൽ വഴി കടയ്ക്കലുമായി ബന്ധിപ്പിക്കുന്ന കെ എസ് ആർ റ്റി സി ബസ് സർവ്വീസ് ആരംഭിക്കുക.

13. ചിറയിൻകീഴ് നിന്നും, കല്ലമ്പലം നാവായ്ക്കുളം തോളൂർ, മടവൂർ നിലമേൽ ചടയമംഗലം ആയൂർ അഞ്ചൽവഴി പുനലൂർവരെ ഒരുബസ് സർവ്വീസ് ആരംഭിക്കണം.

14 മടവൂർ ചന്തമുക്ക് വഴിമുന്നാംവിള തോളൂർ റൂട്ടിലേക്ക് ഒരു ബസ്സർവ്വീസ് ആരംഭിക്കുക

സാദ്ധ്യതകൾ

മടവൂർ പഞ്ചായത്തിൽ ഏകദേശം 10 കിലോമീറ്റ റോളം ബസ് സർവ്വീസുള്ള പി ഡബ്ലി. യു ഡി റോഡ് കഴിഞ്ഞാൽ പിന്നെയുള്ളത് ഗ്രാമ പഞ്ചായത്ത് റോഡുകളാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കിലോമീറ്ററുകൾ നടന്നെത്തിയാൽ മാത്രമേ പഞ്ചായത്തിലെ ഭൂരിഭാഗം ആൾക്കാർക്കും ബസ്സർവ്വീസുള്ള പി ഡബ്ലിയു ഡി റോഡുകളിൽ എത്തിച്ചേരാൻ കഴിയുകയുള്ളു. അതുകൊണ്ട് ഗ്രാമ പഞ്ചായത്ത് റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് അവയെ ഗതാഗതയോഗ്യമാക്കി കെ എസ് ആർ റ്റി സി ബസ്സുകളും സ്വകാര്യ ബസ്സുകളും പഞ്ചായത്തിന്റെ പ്രധാനപ്പെട്ട റോഡുകൾ വഴി സർവ്വീസ് നടത്തണം. ഇതിലേക്കായി കിളിമാനൂർ ആറ്റിങ്ങൽ, കൊട്ടാരക്കര, കൊല്ലം, തിരുവനന്തപുരം ഡിപ്പോകളിൽനിന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കണം. പഞ്ചായത്തിലെ ഗതാഗതയോഗ്യവും പ്രധാനപ്പെട്ട സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും റോഡുകൾ വഴി സ്വകാര്യ ബസ് സർവ്വീസ് നടത്തുന്നതിനുംനടപടികൾ സ്വീകരിക്കണം.

1943 ൽ നാഗപ്പൂരിൽ വച്ച് കൂടിയ സ്റ്റേറ്റ് ചീഫ് എൻജിനീയേഴ്സിന്റെ കോൺഫ്രൻസിൽ ഇൻഡ്യയിലെ റോഡുകളെ ദേശീയ പാതകളായും സംസ്ഥാന ഹൈവേകളായും ജില്ലാ റോഡുകളായും, ഗ്രാമീണ റോഡുകളായും തരം തിരിക്കുകയുണ്ടായി. ഓരോ ഗ്രാമത്തിലയും വികസിത കാർഷിക മേഖലയിലെയും റോഡുകളെ പ്രദേശത്തെ പ്രധാനറോഡുകളുമായും ദേശീയ പാതകളുമായി സാദ്ധ്യമായ രീതിയിൽ കൂട്ടിയോജിപ്പിക്കുവാൻ ഗവൺമെന്റിനോട് ശുപാർശചെയ്തു.

മടവൂർ പഞ്ചായത്തിൽ കൂടി ദേശീയ പാതകൾ കടന്നുപോകുന്നില്ല. എന്നാൽ ദേശീയ പാതയെയും കേരളത്തിലെ എം സി റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാരിപ്പള്ളി നിലമേൽ പി ഡബ്ലിയു ഡി റോഡ് നാലുകിലോമീറ്റർ ദൈർഘ്യത്തിൽ മടവൂർ പഞ്ചായത്തുവഴി കടന്നുപോകുന്നുണ്ട്. എന്നാൽ പ്രസ്തുത റോഡിൽ പഞ്ചായത്തിന്റെ ഭാഗത്ത് ഉടനീളംഗതാഗതയോഗ്യമല്ലാത്ത രീതിയിൽ റോഡ് മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിനുള്ള കാരണം യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണ്. ഇതുപോലെതന്നെ നാഷണൽ ഹൈവേയും എം സി റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാരിപ്പള്ളി കിളിമാനൂർ റോഡ് 4 കിലോമീറ്ററോളം മടവൂർ പഞ്ചായത്തിൽകൂടി കടന്നുപോകുന്നുണ്ട്. ഈ റോഡും ശരിയായി റിപ്പയർ ചെയ്യാത്തതുമൂലം ഗതാഗതയോഗ്യമല്ല. ഈ രണ്ട് റോഡുകളുടെയും ശരിയായ അറ്റകുറ്റപ്പണികളിൽ കൂടി മാത്രമേ ബസു സർവീസുകൾ സുഗമമാക്കാൻ കഴിയുകയുള്ളു. നിലവിലുള്ള പി.ഡബ്ലിയു.ഡി റോഡുകളിൽ ഓടകൾ നിർമ്മിച്ചും ചപ്പാത്തുകൾ നിർമ്മിച്ചും റോഡിന്റെ ഇരുവശങ്ങളിലും വെള്ളം ഒഴുകിപ്പോകാൻ സൗകര്യപ്രദമായി ചാലുകൾ നിർമ്മിച്ചും റോഡുകൾ സംരക്ഷിക്കണം.

മടവൂർ ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ പുരോഗതിക്ക് പഞ്ചായത്ത് റോഡുകളിൽ യഥാസ്ഥാനത്ത് പാലങ്ങൾ നിർമ്മിച്ചും കലിങ്കുകൾ കെട്ടിയും അവയെ പ്രധാനപ്പെട്ട റോഡുമായി ബന്ധിപ്പിച്ചാൽ മാത്രമെ ഈ പ്രദേശത്തിന്റെ വികസനം സാധ്യമാകുകയുള്ളു.

മടവൂർ ഗ്രാമപഞ്ചായത്തിന്റെ പ്രാഥമിക ആരോഗ്യകേന്ദ്രം, സ്ഥിതിചെയ്യുന്ന ചാലാംകോണത്തുകൂടി കടന്നുപോകുന്ന വേമൂട് കൃഷ്ണൻകുന്ന് റോഡുവഴി ഒരു ബസ് സർവ്വീസ് ആരംഭിച്ചാൽ മടവൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആളുകൾക്ക് ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ എത്തിച്ചേരുന്നതിന് സാദ്ധ്യമാകും.

മടവൂർ പഞ്ചായത്തിലെ തന്നെ മറ്റൊരു പ്രധാനപ്പെട്ട റോഡാണ് തങ്കക്കല്ല് ചാലാം കോണം റോഡ് തങ്കക്കല്ല് മുതൽവേമൂട് വരെ ഏകദേശം 4 കിലോമീറ്റർ ദൂരം വരുന്ന ഈ റോഡിൽ കിഴക്കനേലഭാഗം വയൽ നികത്തി എടുക്കേണ്ടതായിട്ടുണ്ട്. അതിനായി നാട്ടുകാരുടെ സംഘടിത ഫലമായി ആവശ്യമായ നിലം വിലയ്ക്കുവാങ്ങി പഞ്ചായത്തിന് കൈമാറിയിരിക്കുകയാണ്. വയൽ നികത്തി ഈ റോഡിനെ പ്രധാനപ്പെട്ട റോഡുമായി ബന്ധിപ്പിച്ചാൽ മാത്രമെ ഈ റോഡ് പ്രധാനമായും കടന്നുപോകുന്ന പഞ്ചായത്തിലെ വളരെ കൂടുതൽ പ്രദേശം വരുന്ന മൂന്നാം വാർഡിലുള്ള ആളുകൾക്ക് വാഹനഗതാഗതം ലഭിക്കുകയുള്ളു. വളരെ വിസ്തൃതിയുള്ള ഈ വാർഡിന്റെ പുലിയൂർകോണം ഭാഗത്ത് പാലം നിർമ്മിക്കാത്തതുകൊണ്ടും ഈ വാർഡ് പഞ്ചായത്തിന്റെ വികസനം കൈവരിക്കാത്ത ഒറ്റപ്പെട്ട സ്ഥലമായി മാറിയിരിക്കുന്നു

ഏകദേശം രണ്ടുകിലോമീറ്ററോളം ദൈർഘ്യമുള്ള മാങ്കോണം അറുകാഞ്ഞിരം റോഡ് സമീപകാലത്ത് നാട്ടുകാരുടെ ശ്രമഫലമായി നിർമ്മിച്ചതാണ് പ്രസ്തുത റോഡ് ശരിയായ അറ്റകുറ്റപ്പണികൾ നടത്തി വികസിപ്പിച്ചാൽ രണ്ടാം വാർഡിന്റെ നെടുകയിൽകൂടി പോകുന്ന റോഡ് പ്രയോജനപ്രദമാകു.

മടവൂർ മാർക്കറ്റുമുതൽ തോളൂർ വരെ പോകുന്ന

മെറ്റലിംഗും ടാറിഗും നടത്തിയിട്ടുള്ള റോഡാണ് വള രെയേറെ പ്രാധാന്യമർഹിക്കുന്നത്. വർക്കല ആറ്റിങ്ങൽ എന്നീ സ്ഥലങ്ങളിൽ നിന്നും തോളൂർ മലവിള വഴി മട വൂർ ജംഗ്ഷനിലേക്ക് ബസ് സർവ്വീസ് ആരംഭിച്ചാൽ ഈ പഞ്ചായത്തിലെ 6,7,8 എന്നീ വാർഡുകളിലെ ആള കൾക്ക് യാത്രവളരെ സൗകര്യപ്രദമാകും. ആനകുന്നം ഞാറയിൽകോണം റൂട്ടിൽ ബസ് സർവ്വീസ് ആരംഭി ക്കുന്നത് ഈ പ്രദേശത്തിലുള്ള ആളുകൾക്ക് പ്രധാന പ്പെട്ട റോഡുകളുമായും സ്ഥലങ്ങളുമായും എളുപ്പം എ ത്തിച്ചേരുവാൻ സഹായകമാകുന്നു. അടുക്കോട്ടുകോ ണം കുറക്കുളത്തുകോണം ക്ലാവറകുന്ന് എന്നീ പ്രദേ ശങ്ങളിലെ ജനങ്ങൾക്ക് വാഹന ഗതാഗത സൗകര്യം ലഭിക്കുന്നതിന് ഈ പ്രദേശങ്ങളിലെ തടങ്ങളെ പുലി യൂർ കോണം മാങ്കോണം പി ഡബ്ലിയു ഡി റോഡുമാ യി ബന്ധിപ്പിക്കുക.

മടവൂർ എൽ പി എസ് ജംഗ്ഷനിൽ നിന്ന് ആരം ഭിച്ച് കൊല്ലായിൽ വഴി മുതലയിലേക്കുള്ള റോഡ് ടാർ ചെയ്ത് വാഹനഗതാഗത യോഗ്യമാക്കുകയാണെങ്കിൽ മടവൂരിൽ നിന്ന് മുതലറോഡിൽ എത്തിച്ചേരുന്നതിനുള്ള എളുപ്പമാർഗ്ഗമാവും.

മുകളിൽ സൂചിപ്പിച്ച മടവൂർ പഞ്ചായത്തിലെ പ്ര ധാനപ്പെട്ട റോഡുകൾ വഴി ബസ് സർവ്വീസുകൾ ആരം ഭിച്ചാൽ മാത്രമെ മടവൂരിന്റെ വിവിധ ഭാഗങ്ങളിൽ താ മസിക്കുന്ന ആളുകൾക്ക് വാഹന സൗകര്യം ലഭ്യമാ ക്കുകയുള്ളു.

ഊർജ്ജം

കേരളത്തിലെ വൈദ്യുത മേഖല പൊതുവിൽ നേ രിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം വൈദ്യുതിയുടെ ഉപഭോഗവും ലഭ്യതയും തമ്മിലുള്ള അന്തരമാണ്. ആ വശ്യവുമായി താരതമ്യപ്പെടുത്തിയാൽ 40%ത്തോളം വൈദ്യുതിയുടെ കുറവ് അനുഭവപ്പെടുന്നു. ഇതുതന്നെ യാണ് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെയുംസ്ഥിതി. കു ളമട ആറ്റിങ്ങൽ എന്നീ സബ് സ്റ്റേഷനുകളിൽ നി ന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർ മറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ എല്ലാട്രാൻസ്ഫോർമറുകളും അധിക ലോഡ് വഹിക്കുന്നതാണെന്ന് മനസ്സിലാക്കാം. മടവൂർ പഞ്ചായത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണ വും ഉപഭോഗവും വളരെയേറെ വർദ്ധിച്ചിട്ടുള്ളതായി കാണാം.

നമ്മുടെ പഞ്ചായത്തിൽ മണ്ണെണ്ണ പ്രകൃതിവാതകം വൈദ്യുതി എന്നീ വാണിജ്യ ഇന്ധനങ്ങളെ അപേക്ഷി ച്ച് വിറക്, തെങ്ങ് ഉൽപ്പന്നങ്ങൾ റബർ കായ്തോട്, ചപ്പുചവർ എന്നിവയാണ് വ്യാപകമായി ഉപയോഗി ക്കുന്ന മറ്റ് ഊർജ്ജ സ്രോതസ്സുകൾ . നമ്മുടെ പഞ്ചാ യത്തിലെ വീടുകളിൽ മുഖ്യമായും പാചകത്തിന് വിറ കാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ 70% ത്തി ലേറെ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തി നുള്ള ഊർജ്ജ സ്രോതസ്സ് മുഖ്യമായും വൈദ്യുതിത ന്നെയാണ്. ഏകദേശം 30%ത്തിലേറെ വീടുകളും വൈ ദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തിനുള്ള ഊർജ്ജ സ്രോ തസ്സ് മുഖ്യമായും വൈദ്യുതിതന്നെയാണ്. ഏകദേശം 30% ത്തോളം വീടുകളിൽ വെളിച്ചത്തിനുവേണ്ടി മണ്ണെ ണ്ണതന്നെയാണ് ഉപയോഗിക്കുന്നത്. ഏകദേശം 3% ത്തോളം വീടുകളിൽ പാചക വാതകം ഉപയോഗിക്കു ന്നുണ്ട്. ഈ വീടുകളിലും വിറക് ഇന്ധനമായി ഉപ യോഗിക്കുന്നു. കൂടാതെ മണ്ണെണ്ണയും ബയോഗ്യാസും പാചകത്തിന് ഉപയോഗിച്ചുവരുന്നു.

പഞ്ചായത്തിൽ 96,97 ൽ വൈദ്യുതി ബോർഡ് വൈ ദ്യുതീകരണത്തിനും വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനു മായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നട പ്പിലാക്കിയിട്ടുണ്ട്.

I അയണിക്കോട്ടുകോണം ഹരിജൻ കോളനിയിൽ 100 കെ വി എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് അനുബ ന്ധലൈനുകൾ പൂർത്തീകരിച്ചു.

II മടവൂർ പാറയിൽ വാതുക്കൽ 100 കെവി എ ട്രാൻസ്ഫോർമറുകളും ലൈനുകളും സ്ഥാപിച്ചു.

III മലയക്കൽ 100 കെ വി എം ട്രാൻസ്ഫോർമറുക ളും ലൈനുകളും സ്ഥാപിച്ചു.

IV 1996-97 പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതികൾ

V കക്കോട്ഹരിജൻ കോളനി 100 KVM ട്രാൻ സ്ഫോർമറും ലൈനുകളും

അനുവദിച്ചിട്ടുള്ളതും ഇനി പൂർത്തിയാക്കാനുള്ള തുമായ പദ്ധതികൾ.

I ചാലാം കോണം 100 കെ വി എ ട്രാൻസ്ഫോർ മറും 11. കെ വി സി റ്റി ലൈനുകളും

II കക്കോട് ട്രാൻസ്ഫോർമറും 100 കെ വി എ ലൈനുകളും

III ചാങ്ങയിൽകോണം 100 കെ. വി. എ ട്രാൻ സ്ഫോർമർ ലൈനുകളും

മടവൂർ പഞ്ചായത്തിലെ വൈദ്യുതി സംബന്ധിച്ചു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം കറന്റ് ല ഭിക്കാനുള്ള അപേക്ഷകൾ സ്ട്രീറ്റ് ലൈനുകളുടെ എ ണ്ണം

എ ഗാർഹികം 3445 ഓർഡിനറി 20 17.5.95 ബൾബ് 436

ബി. വ്യാപാരം 390 O T P 42 29.11.95 ട്യൂബ് 2x40w. 66

സി വ്യാവസായികം 42 OYEE 26-10-96

L.T ട്രാൻസ്ഫോർമറുകളുടെ പേരുകൾ (പഞ്ചാ യത്ത് പരിധിയിൽ വരുന്ന വൈദ്യുതി വിതരണം ചെ

യ്യുന്നവ) 1 മാവിൻ മൂട് 2 അയണിക്കാട്ടുകോണം 3 എലികുന്നാംമുകൾ

4. മടവൂർ പാറയിൽ. 5. മടവൂർ ഠൗൺ 6 തുമ്പോട് 7 കരിമ്പുവിള 8. കാട്ടുവള്ളിക്കോണം 9. കൃഷ്ണൻകുന്ന് 10. പനപ്പാംകുന്ന് 11. മാങ്കുഴി (തങ്കക്കല്ല്) 12. മലയ്ക്കൽ 13. ചിന്ത്രല്ലൂർ 14. വാഴാം തോട്

സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം പഞ്ചായത്ത് അടയ്ക്കുന്ന തുക 7291 രൂപ

പഞ്ചായത്തിലെ ഊർജ്ജക്ഷാമം പരിഹരിക്കുന്നതിന് ഗ്രാമസഭകളിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാവീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകണം
2. പഞ്ചായത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
3. പഞ്ചായത്തിലെ എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് ഇടുകയും കേടായവ മാറ്റിസ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുകയും വേണം.
4. മടവൂർ എൽ പി എസ് ജംഗ്ഷൻ, മടവൂർ ഠൗൺ തുമ്പോട്ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കണം.
5. അനർട്ടിന്റെ സഹായത്തോടെ പഞ്ചായത്തിൽ സൗരോർജ്ജം മുഖാന്തിരം വൈദ്യുതി ലഭ്യമാക്കണം.
6. പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ എല്ലാ വീടുകളും വൈദ്യുതീകരിക്കണം.
7. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കുറിച്ചി, മാങ്കോണം, ചാങ്ങയിൽ കോണം, ചാലാംകോണം സിമന്തപുരം, വൈ എം എ ജംഗ്ഷൻ, മൂന്നാംവിള,കക്കോട് ലാവേറ്റി പൊയ്ക, എന്നീസ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
8. പഞ്ചായത്തിൽ ദുർബല വിഭാഗങ്ങൾക്ക് ഗോബർ ഗ്യാസ് പ്ലാന്റും പുകയില്ലാത്ത അടുപ്പും, സൗജന്യ റേറ്റിൽ നിർമ്മിച്ചുകൊടുക്കണം.
9. മടവൂർ പഞ്ചായത്തിലെ ഇലക്ട്രിസിറ്റി എത്തിയിട്ടില്ലാത്ത എല്ലാ റോഡുകളിലും ലൈൻവലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കണം.
10. മണലുവട്ടം ഹരിജൻ കോളനി ജംഗ്ഷൻ, വട്ടക്കൈതെ ചാങ്ങയിൽ കോണം ജംഗ്ഷൻ, കുവക്കുഴി ലക്ഷം വീട് കോളനി അടുക്കോട്ടുകോണം ഹരിജൻ കോളനി, പുലിയൂർ കോണം, തെന്നാൻ കോണം കോളനി, കക്കോട് പടിഞ്ഞാറ്റേല റോഡ് അവസാനിക്കുന്ന സ്ഥലം, ലാവേറ്റി പൊയ്ക ജംഗ്ഷനിലും, കക്കോട് ജംഗ്ഷനിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.
11. പഞ്ചായത്തിലെ ദുർബലവിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് സൗജന്യറേറ്റിൽ വൈദ്യുതി ലഭ്യമാക്കണം.
12. പുലിയൂർക്കോണം ചാങ്ങയിൽ കോണം റോഡിലും വാവച്ചേരി ചാങ്ങയിൽ കോണം റോഡിലും എസ് ബി റ്റി പടിഞ്ഞാറ്റേല തടം, ഞാറയിൽ കോണം– ചേങ്കോട്ടുകോണം ഒകൊച്ചാലുംമൂട് വഴി തെന്നാൻകോണം തോളൂർ ജംഗ്ഷൻ വരെയുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.
13. കിടാരിക്കുഴി, ഭാഗത്ത് വാഴമൻതോട്ടിലെ വെള്ളച്ചാട്ടത്തിൽ ഒരു മിനി വൈദ്യുത പ്രോജക്ട് സ്ഥാപിച്ച പഞ്ചായത്തിൽ ആവശ്യമായ വൈദ്യുതി ഇവിടെത്തന്നെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യണം.
14 ഒഎൻജിസി യുടെ ഒരു പാചക വാതക വിതരണ കേന്ദ്രം സ്ഥാപിക്കുക.
15. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പാലാം കോണത്ത് അടിയന്തിരമായി ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും വേമൂട് മുതൽ കൃഷ്ണൻ കുന്ന് വരെയുള്ള ലൈൻ ഒന്നാക്കുകയും, കൃഷ്ണൻ കുന്നുമുതൽ വേമൂട് വരെയുള്ള റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്യുക.
16. തുമ്പോട് സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമർ റോഡിനോട് ചേർന്ന് വളവിലുമായതിനാൽ അത് സീമന്തപുരം ക്ഷേത്രപരിസരത്തേയ്ക്ക് മാറ്റിസ്ഥാപിക്കണം.
17. ഇന്ധന ക്ഷമതയുള്ള അടുപ്പുകൾ വ്യാപകമായി വിതരണം ചെയ്യുക
18. വൈദ്യുതി ദുർവിനിയോഗം അവസാനിപ്പിക്കണം
19 അനർട്ടുമായി ബന്ധപ്പെട്ട് മാതൃകാ ഊർജ്ജ വാർഡായി പഞ്ചായത്തിലെ VI ാം വാർഡിനെ പ്രഖ്യാപിക്കണം.
20. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന കടവിള ജംഗ്ഷൻ മുതൽ മൂന്നാംവിള ജംഗ്ഷൻ വരെയുള്ള പ്രദേശത്തെ നിലവിലുള്ള സിംഗിൾ ഫെയ്സ് ലൈൻ ത്രീ ഫെയ്സ് ലൈനാക്കി ഉയർത്തണം.
21 കരിമ്പുവിള ട്രാൻസ്ഫോർമറിൽ നിന്നും വലിയകുന്നിലേക്കുള്ള ലൈൻ ഏലാഭാഗം വരെനീട്ടുകയും സ്ട്രീറ്റുലൈറ്റുകൾ സ്ഥാപിക്കുകയും വേണം
22 ചെറുകിട വ്യവസായത്തിനും വീടുകൾക്കും അനർട്ടിന്റെ സഹായത്തോടുകൂടി പാരമ്പര്യേതര ഊർജ്ജംലഭ്യമാക്കണം.
23. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പഞ്ചായത്തിലെ ആളുകൾക്ക് പരിശീലനം നൽകണം.
24. ഇലക്ട്രോണിക് ചോക്കുകളും സൗരോർജ്ജ നിർമ്മിത സൂര്യറാന്തലുകളും സൗജന്യ നിരക്കിൽ വിതരണംചെയ്യണം.
25. പാചകത്തിനും വെളിച്ചത്തിനും ആവശ്യമായ മണ്ണെണ്ണ പഞ്ചായത്തിലെ എല്ലാവീടുകൾക്കും സൗജന്യനിരക്കിൽ ലഭ്യമാക്കണം.
26. ചാലാംകോണത്ത് അനുവദിച്ചിട്ടുള്ള ട്രാൻസ്ഫോർമർ പണി തുടങ്ങണം.

ഊർജ്ജ രംഗത്തെ മുഖ്യപ്രശ്നങ്ങൾ

1. വോൾട്ടേജിന്റെ കുറവ്
2. തുടരെ തുടരെയുള്ള അപ്രഖ്യാപിത കറന്റ് കട്ടുകൾ
3. പഞ്ചായത്തിലെ എല്ലാവീടുകൾക്കും വൈദ്യുതി ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല.
4. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നില്ല.
5. വൈദ്യുതി പ്രസരണ നഷ്ടം
6. വിറക് ലഭ്യതയുടെ കുറവ്
7. വിറകിന്റെ അമിതമായ വില വർദ്ധനവ്
8. മണ്ണെണ്ണയുടെ ലഭ്യതകുറവും വില വർദ്ധനവും
9. പാചക വാതകം കിട്ടാനുള്ള ബുദ്ധിമുട്ട്.

സാദ്ധ്യതകൾ

1. ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുക.
2. കച്ചിപ്പെട്ടി അറക്കപ്പൊടി അടുപ്പ്, പ്രഷർകുക്കർ തുടങ്ങിയ ദക്ഷിത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കണം
3. വിറകുല്പാദനം വർദ്ധിപ്പിക്കണം.
4. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റണം.
5. ഊർജ്ജ ലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കുക.

പരിഹാരങ്ങൾ

1. മടവൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് മേജർ ഇലക്ട്രിക്ക് സെക്ഷൻ ഓഫീസായി ഉയർത്തണം.
2. വാഴമൺ തോട്ടിലെ കിടാരക്കുഴിയിൽ വെള്ളച്ചാട്ടമുള്ള സ്ഥലത്ത് മിനി ഡാം നിർമ്മിക്കുന്നതിനുള്ള എല്ലാഭൗതിക സാഹചര്യങ്ങളും നിലവിലുണ്ട് ആയതിനാൽ സർക്കാർ തലത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കിടാരക്കുഴി ഭാഗത്ത് ഒരു മിനി വൈദ്യുത പ്രോജക്ട് സ്ഥാപിച്ച് പഞ്ചായത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാവുന്നതാണ്.
3. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദിഷ്ട സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
4. അനർട്ടിന്റെ സഹായത്തോടുകൂടി പഞ്ചായത്തിൽ ഒരു സൗരോർജ്ജ സ്രോതസ്സ് സ്ഥാപിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.
5. പഞ്ചായത്തിലെ എല്ലാ റോഡുകളിലും പൊതുവഴികളിലും സ്ട്രീറ്റ് ലൈറ്റ് ഇടുന്നതിനും അവ സംരക്ഷിക്കുന്നതിനും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി പദ്ധതി പൂർത്തീകരിക്കുക.
6. പഞ്ചായത്തിലെ വൈദ്യുതികരിക്കാത്ത എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള സമഗ്രപദ്ധതി ആവിഷ്ക്കരിക്കുക.
7. അനർട്ടുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ നിർദ്ദേശിക്കപ്പെട്ട VI ാം വാർഡിനെ മാതൃകാ ഊർജ്ജവാർഡായി ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുക.
8. ലാഭകരമായി പ്രവർത്തിപ്പിക്കാവുന്ന ഇലക്ട്രോണിക് ചോക്കുകളും സൗരോർജ്ജ നിർമ്മിതമായ സൂര്യറാന്തലുകളും സൗജന്യമായി ലഭ്യമാക്കുന്നതിന് ഗവൺമെന്റുമായി ബന്ധപ്പെട്ട് പരിപാടികൾ ആവിഷ്ക്കരിക്കുക.
9. വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് വൈദ്യുത ലൈനുകളിൽ തട്ടുന്ന വൃക്ഷ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിനും സന്നദ്ധ പ്രവർത്തനം വൈദ്യുത ബോർഡ് അധികൃതരുമായി ബന്ധപ്പെട്ട് നടത്തണം.
10 പഞ്ചായത്ത് ആസ്ഥാനമാക്കി ഒ എൻ ജി സിയുടെ ഒരു പാചക വാതക വിതരണ കേന്ദ്രം സ്ഥാപിച്ച് സൗജന്യനിരക്കിൽ പാചകവാതകം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.
11. ഊർജ്ജ സംരക്ഷണത്തിനുവേണ്ടിയുള്ള ബോധവത്ക്കരണ സെമിനാറുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സംഘടിപ്പിക്കുക.
12 പൊതുവിതരണ ശൃംഖല വഴി ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് തീരെ അപര്യാപ്തമായതിനാൽ ഗവൺമെന്റുമായി ബന്ധപ്പെട്ട് മണ്ണെണ്ണയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.





പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

കുന്നിൻ ചരിവുകളും താഴ്വരകളും മിക്കപ്പോഴും ഇടകലർന്നുവരുന്ന കേരളീയ ഭൂപ്രകൃതിയുമായി യോജിച്ചു പോകുന്നതിന് കേരളീയ വാസ്തുവിദ്യ വളരെ ശ്രദ്ധിച്ചിരുന്നു. ലാളിത്യത്തിനായിരുന്നുമുൻതൂക്കം. ഒന്നിനുമുകളിൽ മറ്റൊന്ന് എന്ന രീതിയിൽ പലനിലകളിലായി പൊങ്ങിപ്പോകുന്ന മന്ദിരഘടകങ്ങൾ കേരളീയ വാസ്തുവിദ്യക്ക് സ്വീകാര്യമായിരുന്നില്ല. ശരാശരി തെങ്ങിനെക്കാൾ ഉയരമുള്ള ഒരു മന്ദിരമോ കോവിലഴികമോ കേരളത്തിലുണ്ടായിരുന്നില്ല. കൂട്ടുകുടുംബവ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് കുടുംബാംഗങ്ങൾക്ക് ഒന്നിച്ച് താമസിക്കുവാൻ സൗകര്യം നൽകുന്ന വിധത്തിലായിരുന്നു നാലുകെട്ടുകളുടെ സംവിധാനം. നടുമുറ്റത്തോടുകൂടിയതും അതിനുചുറ്റും പതിനൊന്നുമുറികളോടുകൂടിയ നാലുകെട്ടുകളാണ് കേരളത്തിൽ പൊതുവെ കണ്ടുവന്നിരുന്നത്. ഇരട്ട നടുമുറ്റങ്ങളോടുകൂടിയ മന്ദിരത്തെ പതിനാറ്കെട്ട് എന്നും പറഞ്ഞിരുന്നു. നമ്മുടെ വാസ്തുവിദ്യാചരിത്രത്തെ മൂന്നായി തരം തിരിക്കാം. പ്രാരംഭഘട്ടം, മദ്ധ്യഘട്ടം, അനന്തരഘട്ടം. ഇതിൽ ഒന്നാമത്തെ ഘട്ടത്തിൽ (800–1200 എ ഡി) ലളിതമായ വീടുകൾക്കായിരുന്നു പ്രാധാന്യം. മദ്ധ്യഘട്ടത്തിലാകട്ടെ (1200–1500 എ. ഡി) വീടിന്റെ ലാളിത്യ സ്വഭാവം ക്രമേണ മാറുവാൻ തുടങ്ങി. ചവിട്ടുപടികളോടുകൂടിയ പല മന്ദിരങ്ങളും ഈ ഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. അനന്തരഘട്ടം (1500–1800 എ ഡി) ഇന്നത്തെ പല ക്ഷേത്രങ്ങളും ഇക്കാലത്ത് നിർമ്മിച്ചവയാണ്.

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനമായത് പാർപ്പിടമാണ്. അലഞ്ഞ് തിരിഞ്ഞ് നടന്നിരുന്ന മനുഷ്യൻ കൃഷി രീതി നടപ്പാക്കിയതോടെയാണ് പാർപ്പിടത്തിന്റെ ആവശ്യമുണ്ടായത്. വീടും കുടുംബബന്ധങ്ങളും അവനെ മാനുഷികമായും സാംസ്കാരികമായും സാമൂഹ്യമായും ഉയർത്തി. യു എൻ ഒ പോലുള്ള അന്താരാഷ്ട്ര പാർപ്പിടവർഷം കൊണ്ടോടി ഈ പ്രശ്നത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടിയിട്ടുണ്ട്. നിർഭാഗ്യവശാൽ ആവർത്തന സ്വഭാവമുള്ളതുകാരണം ഈ സങ്കീർണ്ണ പ്രശ്നത്തിനും പരിഹാരം കാണുവാൻ നമുക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. ഒരു ഗ്രാമത്തിലെ പാർപ്പിട ലഭ്യത അവിടത്തെ ജനങ്ങളുടെ സാമൂഹ്യപുരോഗതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം 4749 ആണ്. വർഷം തോറും ഇതിലേയ്ക്കായി മുതൽ മുടക്കുന്നവരുടെ എണ്ണവും ആസ്തിയും കൂടിവരികയുമാണ്. (സംസ്ഥാനതലത്തിൽ ഒരുവർഷം 3500 കോടി രൂപയിലധികം ചിലവിടുന്നു) കൂട്ടുകുടുംബവ്യവസ്ഥിതി മാറി ന്യൂക്ലിയസ് കുടുംബങ്ങളായതുമുതലാണ് ഈപ്രശ്നം നമ്മുടെ നാട്ടിൽ സങ്കീർണ്ണ പട്ടികയിൽപെട്ടത്. ഗൾഫ് പണത്തിന്റെ സ്വാധീനവും അഴിമതിമൂലമുണ്ടാകുന്ന പണവും ഉപയോഗിച്ചാണ് നമ്മുടെ നാട്ടിൽ കോൺക്രീറ്റ് വനങ്ങൾ കെട്ടിപ്പൊക്കുന്നത്. പണ്ട് നമ്മുടെ നാട്ടിൽ തടി ഉപയോഗിച്ചുള്ള വീടുകളാണ് നിർമ്മിച്ചിരുന്നത്. ഇന്ന് ആസ്ഥാനം കോൺക്രീറ്റ് കയ്യടക്കി. തൽഫലമായി വേന നിർമ്മാണ ചെലവ് ഗണ്യമായി കൂടി. ആധുനികവീട് നിർമ്മാണ അസംസ്കൃത വസ്തുക്കളായ കമ്പി, സിമന്റ്, ഇഷ്ടിക, മണൽ, ചല്ലി ഇവയിലധികവും ഗ്രാമപ്രദേശത്ത് ലഭ്യമല്ലാത്തതിനാൽ ഈ മേഖലയിൽ ചെലവഴിക്കുന്ന തുക ഗ്രാമീണർക്ക് ലഭിക്കുന്നില്ല. ചുരുക്കത്തിൽ ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത അളക്കുന്ന അളവുകോലായിട്ടാണ് പാർപ്പിടത്തെ ഇന്ന് വീക്ഷിക്കുന്നത്. പണം വെറുതെ കുഴി

ച്ചിടുന്ന വികല വികസന നയം നാം പാടെ ഉപേക്ഷിച്ചില്ലെങ്കിൽ നമ്മുടെ ആർഇജ്ജിത വികസനത്തോത് വിദൂരഭാവിയിൽതന്നെ അന്യം നിന്നുപോകും. ആകെയുള്ള വീടുകളിൽ ഒന്നിൽ കൂടുതൽ നിലകളുള്ളവ 44 ഉം കോൺക്രീറ്റ് നിർമ്മാണത്തോതിലുള്ളവ 690 ഉം ഓടിട്ടവ 1638 ഉം ഓലമേഞ്ഞത് 2351 ഉം ആണ്.

മടവൂർഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ പട്ടിക 7(1)

(അവലംബം പഞ്ചായത്ത് രേഖകൾ)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതലുള്ളവ	കോൺ ക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	609	11	112	269	211	6
2	530	4	45	213	265	3
3	584	2	43	181	356	2
4	584	2	43	181	356	2
5	672	9	96	223	340	4
6	557	7	112	209	228	1
7	420	4	67	115	234	-
8	373	4	56	116	196	1
9	451	2	72	171	206	-
ആകെ	4749	44	690	1638	2351	18

കിളിമാനൂർ ഹൗസിംഗ് സഹകരണസംഘം നമ്മുടെ പഞ്ചായത്തിൽ 24 കുടുംബങ്ങൾക്ക് 95-96 സ 11, 96000 രൂപ വായ്പയായി ലഭ്യമാക്കി. പഞ്ചായത്തിലെ ലക്ഷം വീട് കോളനിയിലെ വീടുകളുടെ പൊതു അവസ്ഥയും ദുർബലവിഭാഗങ്ങളുടെ വീടുകളുടെ കാര്യവും ശോചനീയമാണ്. വെള്ളവും വെളിച്ചവും ഇവിടങ്ങളിൽ എത്തിയിട്ടുണ്ടെങ്കിലും വീടുകളുടെ അറ്റകുറ്റപ്പണികൾ യഥാകാലം നടക്കുന്നില്ല.

ചെലവ് കുറഞ്ഞ ഗൃഹനിർമ്മാണശൈലിക്ക് ഈ അടുത്തകാലത്തായി പ്രിയം കൂടിയിട്ടുണ്ടെങ്കിലും ചെലവ്കൂടുന്നതായിട്ടാണ് അനുഭവം.

നിർമ്മാണ സാമഗ്രികളുടെ യഥാസമയ ദൗർലഭ്യവും വിദഗ്ധ തൊഴിലാളികളുടെ അഭാവവുമാണ് ഇതിന് കാരണം. ഒരു വീട് നിർമ്മാണ തൊഴിലാളിക്ക് ശരാശരി 100 രൂപമുതൽ 150 രൂപവരെ ഒരു ദിവസം കൂലിയായികിട്ടുന്നുണ്ട്. സ്ത്രീ തൊഴിലാളിക്ക് 100 രൂപയിൽ താഴെയാണ് ലഭിക്കുന്നത്.

ഐ ആർ ഡി പി സർവ്വെപ്രകാരം നമ്മുടെ പഞ്ചായത്തിൽ ആകെ ആവശ്യമുള്ള വീടുകളുടെ എണ്ണം 1040 ആണ്. അതിൽ വിവിധ പദ്ധതികളിലായി അനുവദിച്ചവ 538 ഉം പൂർത്തീകരിച്ചത് 534 ഉം ആണ്. ഇനി ആവശ്യമുള്ളവയുടെ എണ്ണം 930 ആണ്. വാർഡുതലത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഐ ആർ ഡി പി സർവ്വെ പ്രകാരം ആവശ്യമുള്ള വീടുകളുടെ എണ്ണം 7(2) (വാർഡുതലം)

(അവലംബം വി ഇ ഒ മടവൂർ)

വാർഡ്	വീട് ആവശ്യമുള്ളവരുടെ എണ്ണം	അനുവദിച്ചത്	പൂർത്തീകരിച്ചത്	പൂർത്തിയാകാത്തവ	ഇനി ആവശ്യമുള്ള വീടുകളുടെ എണ്ണം
1	120	78	78	-	120
2	90	74	74	-	90
3	200	66	64	2	200
4	85	88	88	-	85
5	65	73	71	2	65
6	150	50	50	-	150
7	145	35	35	-	135
8	110	44	44	-	110
9	75	30	30	-	75
ആകെ	1040	538	534	4	930
ശതമാനം	-	51.73	99.25	0.75	-

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഹരിജൻ കോളനികളിലും വീട് കോളനികളിലും ഇന്ന് നിലവിലുള്ളതും അറ്റകുറ്റപ്പണി നടത്തേണ്ടതുമായ എല്ലാവീടുകളും പുനരുദ്ധാരണം ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.
2. ഗ്രാമ പഞ്ചായത്തിലെ എല്ലാ ദുർബല ജനവിഭാഗങ്ങൾക്കും സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകണം.
3. സ്വന്തമായി സ്ഥലമില്ലാത്ത എല്ലാ കുടുംബങ്ങൾക്കും നാല് സെന്റ് ഭൂമിവീതം നൽകി പാർപ്പിട സൗകര്യം ലഭ്യമാക്കണം.
4. പഞ്ചായത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ഓലമേഞ്ഞ വീടുകൾ ഓടിടുന്നതിന് പരിപൂർണ്ണ ധനസഹായം നൽകണം.
5. പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതരായ കുടുംബങ്ങൾക്കും സൗജന്യമായി പാർപ്പിടം നിർമ്മിച്ചു കൊടുക്കാനുള്ള നടപടികൾക്ക് രൂപം നൽകണം.
6. വീടില്ലാത്ത കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനു വേണ്ടി കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം ലഭ്യമാക്കണം.
7. ഇന്ന് സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹാ

യം വീട് നിർമ്മാണത്തിന് പര്യാപ്തമല്ല. ആയതിനാൽ ധനസഹായതുക ആനുപാതികമായി വർദ്ധിപ്പിക്കണം.

8. ഗൃഹനിർമ്മാണം വസ്തുക്കളുടെ ലഭ്യതയില്ലായ്മയും വിലവർദ്ധനവും മൂലം സാധാരണ ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുവാൻ കഴിയാതെ വരുന്നു.

പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും വിലക്കയറ്റം
2. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം
3. വായ്പകൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ
4. പഞ്ചായത്ത് കോളനികളിൽ നിലനില്ക്കുന്ന പശ്ചാത്തല സൗകര്യമില്ലായ്മ,
5. ചെലവ് കുറഞ്ഞ പാർപ്പിടം നിർമ്മിക്കുന്നതിനാവശ്യമായ വിദഗ്ധ തൊഴിലാളികളുടെ അഭാവം
6, മതിലുകളുടെ ആധിക്യവും തന്മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും

സാധ്യതകൾ പരിഹാരങ്ങൾ

പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിച്ച് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമായി വസ്തുക്കളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗപ്പെടുത്തി ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കെട്ടിടനിർമ്മാണ വസ്തുക്കളുടെ അമിത വില നിയന്ത്രിച്ച് കുറഞ്ഞവിലക്ക് ടി സാധനങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സംസ്ഥാന തലത്തിൽ കാര്യക്ഷമമായി ആവിഷ്കരിക്കണം.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്തുന്നതിനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

ദുർബലജനവിഭാഗങ്ങൾക്ക് പാർപ്പിടം നിർമ്മിച്ച് നൽകുന്നതിന് ഒരു മാസ്റ്റർ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കണം.

പാർപ്പിട നിർമ്മാണത്തിന് സർക്കാർ നൽകുന്ന ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കണം. വിഭവ ഭൂപട സർവ്വെ തയ്യാറാക്കുന്നതോടൊപ്പം സമഗ്ര സർവ്വെ നടത്തി പഞ്ചായത്തിലെ ഭവനരഹിതരെ കണ്ടെത്തുകയും അർഹരായ എല്ലാവർക്കും പരമ്പരാഗത വാസ്തുശില്പ മാതൃകയിൽ പാർപ്പിടം നിർമ്മിച്ചു നൽകുകയും ചെയ്യണം.

ആഡംബരപൂർണ്ണമായ ഭവന നിർമ്മാണം നടത്തുന്നവരിൽ നിന്നും പഞ്ചായത്ത് പ്രത്യേക നികുതി ഈടാക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് ഭവനരഹിതർക്ക് പാർപ്പിട സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

സാമൂഹ്യക്ഷേമം

പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ അനുപേക്ഷണീയമാണ്. ദരിദ്രജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ വിശകലനം ചെയ്യുവേണം സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്ക് രൂപ രേഖ തയ്യാറാക്കേണ്ടത്. നമ്മുടെ പഞ്ചായത്തിലെ സാമൂഹിക പശ്ചാത്തലം പരിശോധിക്കുമ്പോൾ ആകെയുള്ള 4749 കുടുംബങ്ങളിൽ 1603 (33.75%) കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് കാണാം. അതിൽ 350 (31.83%) കുടുംബങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെടുന്നവയാണ്.

ഐ ആർ ഡി പി സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരപ്പട്ടിക ചുവടെ ചേർക്കുന്നു.

ആർ. ഡി പി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ

വാർഡ് നമ്പർ	സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ എസ് സി എസ് റ്റി കുടുംബങ്ങൾ	സ്വന്തമായി സഹായം ലഭിച്ചകുടുംബങ്ങൾ	ഇതിൽ എസ് സി എസ് റ്റി	സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
1	198	53	29	12	25	173
2	164	23	28	10	24	140
3	266	45	31	13	30	236
4	173	20	40	15	38	135
5	138	24	34	18	30	108
6	200	58	29	14	25	160
7	185	36	27	12	25	160
8	154	60	36	18	30	124
9	125	29	28	14	25	100
ആകെ	1603	350	281	126	252	1351

പട്ടിക 7(3) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും ഗവൺമെന്റ് ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. സഹായം ലഭിച്ച കുടുംബങ്ങൾ തന്നെ പൂർണ്ണമായും നിർദ്ദിഷ്ട പദ്ധതി പ്രയോജനപ്പെടുത്തി സാമ്പത്തിക ഉന്നമനം നേടിയില്ല.

ആയതിനാൽ പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള എല്ലാകുടുംബങ്ങൾക്കും ധനസഹായം ലഭ്യമാക്കുകയും കാര്യക്ഷമമായി നിർദ്ദിഷ്ട പദ്ധതിക്ക് തന്നെ ഉപയോഗിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടിരിക്കുന്നു.

പഞ്ചായത്തിലെ ക്ഷേമപ്രവർത്തനത്തിന്റെ ഭാഗമായി ട്രൈസം തൊഴിൽ പരിശീലനം 43 പേർക്ക് നൽകുകയുണ്ടായി പരിപൂർണ്ണമായ ഒരുതൊഴിൽ പരിശീലന പദ്ധതിയുടെ അഭാവം ഈ മേഖലയിൽ കണ്ടുവരുന്നു.

ട്രൈസം പരിശീലന വിവരപ്പട്ടിക 7(4)

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം
1.	നെയ്ത്ത്	1	1
	ടൂവീലർ റിപ്പയറിംഗ്	1	1
	ഇലക്ട്രീഷ്യൻ	1	1
2	ട്രാക്ടർ ഡ്രൈവിംഗ്	1	1
	സൈക്കിൾ റിപ്പയറിംഗ്	1	1
	ടൂവീലർ റിപ്പയറിംഗ്	1	1
3.	നെയ്ത്ത്	5	5
	പ്ലാസ്റ്റിക്ക് പണി	3	3
	ബാറ്ററി ചാർജ്ജിംഗ്	1	1
4.	ഇലക്ട്രീഷ്യൻ	1	1
	വെൽഡിംഗ്	1	1
	ബുക്ക്ബൈന്റിംഗ്	1	1
5	വെൽഡിംഗ്	1	1
	ഇലക്ട്രീഷ്യൻ	4	4
	പ്ലംബിംഗ്	2	2
	വയർമാൻ	3	3
	നെയ്ത്ത്	2	2
	ടൈലറിംഗ്	7	7
	കാർപ്പെന്റിസ്	1	1
	ബുക്ക് ബയന്റിംഗ്	1	1
7.	കമ്പോസ്റ്റിംഗ്	1	1
	പ്ലാസ്റ്റിക്ക് പണി	1	1
8.	കമ്പോസിംഗ്	1	1
9	കമ്പോസിംഗ്	1	1
	ആകെ	43	43

നമ്മുടെ നാട്ടിൽ ഗ്രാമീണ കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ വളരെ പരിമിതമാണ്. ഈ മേഖലയിലുള്ള പരിജ്ഞാനവും ആധുനിക ഉപകരണങ്ങളുടെ പരിമിതിയും അസംസ്കൃത സാധനങ്ങളുടെ കുറവുമാണ് ഈ മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കാത്തത്. മാത്രവുമല്ല ഗവൺമെന്റ് ഈ മേഖലയിൽ ആകർഷകമായ തൊഴിൽ പരിപാടികൾ വളരെ വിരളമായി മാത്രമെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളു. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കിയ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിലെ കൈത്തൊഴിലാളി വിവരസംഖ്യ 7(5)

വാർഡ് നമ്പർ	ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം
1	12	1	11
2	11	0	11
3	5	1	4
4	4	3	1
5	2	2	0
6	15	0	15
7	10	1	9
8	1	0	1
9	6	4	2
ആകെ	66	12	54

പഞ്ചായത്തിലെ ആകെയുള്ള 66 ഗ്രാമീണ തൊഴിലാളികളിൽ 12 പേർക്ക് മാത്രമേ സഹായം ലഭിച്ചിട്ടുള്ളു. ഈ മേഖലയിൽ ഇനിയും 54 പേർക്ക് കൂടി സഹായം ലഭിക്കാനുണ്ട്.

മടവൂർ പഞ്ചായത്തിൽ പനപ്പാംകുന്ന്കേന്ദ്രമാക്കി ഡി ഡബ്ലിയു സി ആർ എ പദ്ധതി പ്രകാരം ഒരു നെല്ല് സംസ്ക്കരണ യൂണിറ്റ് ഭാഗികമായി പ്രവർത്തിക്കുന്നു. ഇവിടെ 12 വനിതകൾക്ക് തൊഴിൽ ലഭിച്ചു. പഞ്ചായത്തിൽ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ നാലുബാലവാടികളും നാലു മഹിളാ സമാജങ്ങളും മടവൂർ, ചാലാംകോണം, പനപ്പാംകുന്ന്, ഞാറയിൽകോണം എന്നീസ്ഥലങ്ങളിൽ പ്രവർത്തിച്ച് വരുന്നു. എന്നാൽ അവയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. ആയതിനാൽ ഈ മേഖലയുടെ പ്രവർത്തനം കൂടുതൽ പരിപോഷിപ്പിക്കുന്നതിന് വേണ്ടി ഒരു സമഗ്രപദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ പൊതുവിതരണ മേഖലയിൽ ആകെ ഒമ്പത് റേഷൻകടകളും ഒരു മാവേലിസ്റ്റോറും പ്രവർത്തിച്ച്വരുന്നു. ഈ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇവിടെ നിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരം പുലർത്തുന്നില്ല. മാത്രവുല്ല യഥാസമയങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യാനുസരണം സാധനങ്ങൾ ലഭ്യവുമാകുന്നില്ല.

ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും മാവേലിസ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന നിത്യോപയോഗസാധനങ്ങൾ ഗുണനിലവാരം മെച്ചപ്പെടുത്തി കൃത്യസമയത്ത് തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ വേണ്ട നടപടിസ്വീകരിക്കണം.

2. വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയവ കാലതാമസം കൂടാതെ പഞ്ചായത്തിലെ അർഹരായ എല്ലാവർക്കും ലഭ്യമാക്കണം.

3. പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും സൗജന്യമായി വീട്, കക്കൂസ്, കിണർ ഇവ നിർമ്മിച്ച് നല്കണം.

4 തോളൂർ കേന്ദ്രമാക്കി ഒരുബ്രാഞ്ച് പോസ്റ്റാഫീസും, കക്കോട് ആസ്ഥാനമായി ഒരു തപാൽപെട്ടിയും സ്ഥാപിക്കണം.

5 മടവൂർ ഠൗൺ കേന്ദ്രമാക്കി ഒരു പ്ലാസ്റ്റിക്ക് നെയ്ത്ത് പരിശീലനകേന്ദ്രം സ്ഥാപിക്കുക,.

6 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ട് ബാലവാടികൾ വീതവും ഓരോ അങ്കണവാടികളും അനുവദിക്കുക.

7 ഡി ഡബ്ലിയു സി ആർ എ യുടെ ഓരോ യൂണിറ്റ് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

8 പഞ്ചായത്തിലെ രണ്ടാം വാർഡിൽ ഒരുമാവേലിസ്റ്റോർ അനുവദിക്കുക. ഗവ സഹായത്തോടെ നിർമ്മിതമായിട്ടുള്ള ഭവനങ്ങൾ അറ്റകുറ്റപണി ചെയ്യുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുക.

പ്രശ്നങ്ങൾ

1 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.

2 ഐ ആർ ഡി പി ലിസ്റ്റിൽ അർഹർ അല്ലാത്ത കുടുംബങ്ങൾ ഉൾപ്പെട്ടിരിക്കുന്നത് മൂലം അർഹരായവർക്ക് ആനുകൂല്യം കിട്ടാത്ത സ്ഥിതി.

3 അഴിമതി

4 ഇടത്തട്ടുകാരുടെ ചൂഷണം

5 പദ്ധതികളുടെ വിവരം പലർക്കും അറിയില്ല.

6 അർഹമായ ആനുകൂല്യം യഥാസമയം ലഭിക്കുന്നില്ല.

സാധ്യതകളും പരിഹാരങ്ങളും

1. ഐ ആർ ഡി പി ലിസ്റ്റ് സമഗ്രമായി തയ്യാറാക്കി അർഹരായ എല്ലാവർക്കും ആനുകൂല്യം യഥാസമയം നല്കണം.

2 വനിതകൾക്കായി എല്ലാ വാർഡിലും പുതുതായി ഡി ഡബ്ലിയു സി ആർ എ യൂണിറ്റുകൾ സ്ഥാപിക്കണം.

3. പഞ്ചായത്തിൽ ട്രൈസം പരിശീലനം കഴിഞ്ഞവർക്ക് സമഗ്രമായി തൊഴിൽ സാധ്യത ഉണ്ടാക്കുന്നതിനും ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനും പ്രത്യേക പരിപാടികൾ ആവിഷ്ക്കരിക്കണം.

4 ധനസഹായ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്താനും ആനുകൂല്യങ്ങൾ ലഭ്യമാക്കാനും വേണ്ട ജനകീയ സംവിധാനം ഏർപ്പെടുത്തണം.

5 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനും പ്രദേശത്തെ ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട് സ്കീം തയ്യാറാക്കി സാമ്പത്തികസഹായം ലഭിക്കുന്നതിന് നടപടികൾ ഉണ്ടാകണം

6 പഞ്ചായത്തിലെ പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് ഒരു ജനകീയ വിജിലിൻസ് കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പൊതുവിതരണ സമ്പ്രദായം അവലോകനം ചെയ്യുക.

7 പഞ്ചായത്ത് തലത്തിൽ വിവിധ ക്ഷേമപ്രവർത്തനങ്ങളെ കുറിച്ച് ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

- കമ്മ്യൂണിറ്റി ഹാളിൽ (കല്യാണമണ്ഡപം) ഇന്നുള്ള പ്രതിധ്വനി നിയന്ത്രിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും ഇന്ന് 170 പേർക്ക് ഇരിക്കാൻ സൗകര്യമുള്ളതുമായ ഡൈയിനിംഗ് ഹാൾ 400 പേർക്ക് ഇരിക്കുവാനായി സൗകര്യം വിപുലപ്പെടുത്തുകയും ചെയ്യുക.
- കല്യാണാവശ്യത്തിനായി ചെമ്പ്,വാർപ്പ് മുതലായ പാത്രങ്ങളും ബിരിയാണി പാത്രങ്ങളും കുടുവം-മറ്റ് വിളമ്പുപാത്രങ്ങൾ മുതലായവ അടിയന്തിരമായി വാങ്ങി ടിസ്ഥാപനം പഞ്ചായത്ത് വാസികൾക്ക് ഉപയോഗപ്രദമാക്കുക
- ടി സ്ഥാപനത്തിലെ സ്റ്റേജിൽ നാടകം മുതലായ കലാപരിപാടികൾക്കായി മുൻകർട്ടൻ, സൈഡ് കർട്ടൻ തുടങ്ങിയവയും കല്യാണ മണ്ഡപം ഉണ്ടാക്കുകയും ചെയ്യുക.
- ടി സ്ഥാപനത്തിന്റെ തറ നിരപ്പ് ഒരേപോലെയായതിനാൽ കലാപരിപാടികളും മറ്റും നടക്കുമ്പോൾ പുറകിലിരിക്കുന്നവർക്ക് നേരെ കാണുവാൻകഴിയാത്ത സാഹചര്യമുള്ളതിനാൽ പൊതുഹാളിന്റെ തറനിരപ്പ് രണ്ടു തരത്തിൽ ലവൽ ആക്കി പുനർ നിർമ്മിക്കുക
- പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിന് ഒരു കൗൺസിൽ ഹാളും രണ്ട് മുറികളും കെട്ടണം.
- വേട്ടയ്ക്കാട് പുലിയൂർ കോണം ഇവിടങ്ങളിൽ ടി വി കോസ്ക്കുകൾ വേണം.



സംസ്കാരം

നൂറ്റാണ്ടുകൾക്കുമുമ്പ് തന്നെ മഹത്തായൊരു സംസ്ക്കാരം നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു. വ്യത്യസ്ത മതവിഭാഗങ്ങളുമായും വിദേശസഞ്ചാരികളുമായുമുള്ള ബന്ധത്തിന്റെ പരിണതഫലമായി നമ്മുടെ സംസ്കാരം മാറ്റത്തിന് വിധേയമായി. 'സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ മൂല്യബോധവും ആചാരാനുഷ്ഠാനുങ്ങളും ധാർമ്മികബോധവുമൊക്കെ അതിൽ ഉൾപ്പെടും. മാനവപുരോഗതിയും ജനക്ഷേമവുമായിരുന്നു സംസ്കാരത്തിന്റെ ആത്യന്തിക ലക്ഷ്യമായി ആചാര്യൻമാർ കണക്കാക്കിയിരുന്നത്. മഹത്തായ ഭാരതീയ പാരമ്പര്യം ഇതിനുദാഹരണമാണ്.

സ്വാതന്ത്ര്യം, സോഷ്യലിസം, ജനാധിപത്യം തുടങ്ങിയ ആദർശങ്ങളും ശാസ്ത്രസാങ്കേതികവിദ്യയും ഈ നൂറ്റാണ്ടിന്റെ മുഖമുദ്രയായ തന്നെമാറ്റി. സമസ്തമേഖലകളിലുമുണ്ടായ മാറ്റം നമ്മുടെ സംസ്കാരത്തെയും സ്വാധീനിച്ചു. വാമൊഴികളിലൂടെയും വരമൊഴികളിലൂടെയും ഇമേജുകളിലൂടെയുമാണ് സംസ്കാരം വികാസം പ്രാപിക്കുന്നത്. വരമൊഴിയിലൂടെയുള്ള സാംസ്ക്കാരികസംക്രമണം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് നൂറ്റാണ്ടുകളായി കൈമാറിവരുന്നു. എഴുത്തും അച്ചടിയുമായി വരമൊഴി കടന്നുവന്നതോടെ ഇതിന് വ്യക്തതയും ദൃഢതയും കൈവന്നു. എന്നാൽ വരേണ്യവർഗ്ഗത്തിനുമാത്രം വിദ്യാഭ്യാസസൗകര്യമുണ്ടായിരുന്ന കാലഘട്ടത്തിൽ സംസ്ക്കാരം ഒരു ന്യൂനപക്ഷത്തിന്റെ മാത്രം കുത്തകയായിരുന്നു. വിദ്യാഭ്യാസവും സാക്ഷരതയും പ്രചരിച്ച സമൂഹങ്ങളിൽ പോലും അക്ഷരമാധ്യമം സാർവ്വജനീനമായി എന്ന് പറഞ്ഞ് കൂടാ. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, വീഡിയോ മുതലായവ സംവേദനത്തിന്റെ സാദ്ധ്യതകൾ വർദ്ധിപ്പിച്ചു.

മാധ്യമങ്ങളുടെയും ഇലക്ട്രോണിക് യുഗത്തിന്റെയും ഇരച്ചുകയറ്റത്തോടെ സാംസ്കാരികസംക്രമണം കുടുംബബന്ധങ്ങളിൽ നിന്ന് വേർപെട്ട് മാധ്യമങ്ങളുടെ നിയന്ത്രണത്തിലായി. കൂട്ടുകുടുംബസമ്പ്രദായങ്ങളും ഗ്രാമീണകൂട്ടായ്മകളും അസ്തമിച്ച് അണുകുടുംബങ്ങളും പൊതുവിദ്യാലയങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും ശക്തമായതോടെ സാംസ്കാരിക സംക്രമണശൈലി കീഴ്മേൽ മറിഞ്ഞു. ജാതിമതസംഘടനകളും യാഥാസ്ഥിതിക വിദ്യാകേന്ദ്രങ്ങളും ഇപ്പോഴും പഴയ ശൈലി തുടരാൻ ശ്രമിക്കുന്നെങ്കിലും ആധുനികതയുടെ തള്ളിക്കയറ്റത്തിനിടയിൽ പിടിച്ചുനിൽക്കാനാവുന്നില്ല. ഒടുവിൽ അവയും ആധുനികസാങ്കേതികവിദ്യയിൽ അഭയം തേടുന്നു. ആധുനികസാങ്കേതികവിദ്യയും സൗകര്യവും പലപ്പോഴും ഒരു സമ്പന്ന ന്യൂനപക്ഷത്തിന്റെ കൈപ്പിടിയിലൊതുങ്ങുകയും ബഹുഭൂരിപക്ഷം വരുന്ന അധഃസ്ഥിതവർഗക്കാർക്ക് അനഭിഗമ്യമായിത്തീരുകയും ചെയ്യുന്നു. സാർവ്വദേശീയരംഗത്തെ ബഹുരാഷ്ട്രകുത്തകകൾക്കും രാഷ്ട്രത്തിനകത്തെ ജാതി,മത, ധനിക വിഭാഗങ്ങൾ ക്കും അവയെ ചൊൽപ്പൊടിയിലൊതുക്കാൻ കഴിയുന്നു. ആധുനികയുഗത്തിലെ സാംസ്ക്കാരികാപചയത്തിനു കാരണം ഈ ദുരവസ്ഥയാണ്.

മനുഷ്യാദ്ധ്വാനത്തിലും ജനപങ്കാളിത്തത്തിലും അടിയുറച്ച ഒരു വികസന പ്രക്രിയയ്ക്കുമാത്രമേ ഇത്തരം സാംസ്കാരികമേൽക്കോയ്മയും മലിനീകരണവും അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. ജനകീയാസൂത്രണം ഭൗതിക നേട്ടങ്ങൾ ഉണ്ടാക്കാനുള്ള ഒരു ഉപാധിയും ന

വസംസ്കാരത്തെ പ്രചരിപ്പിക്കാനും സ്വാംശീകരിക്കാനുള്ളതാണെന്നും മനസിലാക്കണം. ഈ ഭൗതികനേട്ടങ്ങൾ ഉറപ്പിക്കാനുള്ള മനുഷ്യശക്തി സ്വരൂപിക്കാനും ലക്ഷ്യബോധംനൽകാനും നമുക്ക് കഴിയണം.

സാംസ്കാരിക നവോത്ഥാനത്തെ ഊട്ടിവളർത്തുന്ന ഏറ്റവുംപ്രധാനപ്പെട്ട സ്ഥാപനങ്ങൾ വിദ്യാലയങ്ങളാണ്. വിദ്യഭ്യാസം സാംസ്കാരിക സംക്രമണത്തിന്റെ മുഖ്യോപാധിയാണ്. സാംസ്കാരികരംഗത്തെ വിവിധ ധാരകൾ തമ്മിലുള്ള സംഘർഷത്തിന്റെ വേദികൾ കൂടിയാണം വിദ്യാലയങ്ങൾ. അതിനാൽ സാംസ്കാരികപ്രവർത്തന പരിപാടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സ്ഥാനം അനിഷേധ്യമാണ്. വിദ്യാലയങ്ങൾ സംസ്കാരത്തെ ഊട്ടിവളർത്തുന്ന കളരികളാവണം.

വിദ്യാഭ്യാസമേഖല കഴിഞ്ഞാൽ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രങ്ങൾ ഗ്രന്ഥശാലകളാണ്. പഴയകാലങ്ങളിൽ കൊട്ടാരങ്ങളോടനുബന്ധിച്ചുണ്ടായിരുന്ന രാജസഭകളും ക്ഷേത്രസങ്കേതങ്ങളും നിർവ്വഹിച്ചുപോന്ന സാംസ്കാരിക പ്രവർത്തനങ്ങൾ ഇന്ന് അക്കാഡമികളും സർക്കാർ സ്ഥാപനങ്ങളുമാണ് നിർവ്വഹിക്കുന്നത്. എന്നാൽ ഇവ പലപ്പോഴും നിലവിലുള്ള വ്യവസ്ഥതിയുടെ സംരക്ഷകരായിമാറുന്നു. ഈ സാംസാരികസ്ഥാപനങ്ങളെ പുരോഗാമികളായി വളർത്തുന്നതിനുതകുന്ന സാംസ്കാരിക നയത്തിന് രൂപം നൽകണം.

ഗ്രന്ഥശാലപ്രസ്ഥാനം- കേരളത്തിന്റെ സാമൂഹികവികാസത്തിലും സാംസ്കാരിക നവോത്ഥാനത്തിലും ഏറ്റവും വലിയ പങ്കുവഹിച്ച പ്രസ്ഥാനമാണ് ഗ്രന്ഥശാലാസംഘം. തിരുവിതാംകൂർ മഹാരാജാവ് 1829-ൽ തുടക്കംകുറിച്ച ഗ്രന്ഥശാലപ്രസ്ഥാനം ഇന്ന് നാലായിരത്തിലധികം ഗ്രന്ഥശാലകളുള്ള ഒരു മഹാപ്രസ്ഥാനമായി വളർന്നിരിക്കുന്നു. വായിച്ചുവളരുക എന്ന മുദ്രാവാക്യവുമായി ഗ്രന്ഥശാല സംഘം പ്രവർത്തകർ കേരളത്തിലെ പല പ്രദേശങ്ങളിലും സഞ്ചരിച്ചു. അതിന്റെ ഫലമായി നമ്മുടെ നാടിന്റെ വ്യത്യസ്തഭാഗങ്ങളിൽ ഒട്ടനവധി വായനശാലകൾ ഉടലെടുത്തു. ആനകുന്നം കലാപോഷിണി വായനശാല, മടവൂർ നവോദയ ഗ്രന്ഥശാല, മുതല ഗ്രാമോദ്ധാരണ വായനശാല എന്നിവ ഇങ്ങനെ ഉണ്ടായവയാണ്. തുടർന്ന് സീമന്തപുരം (YMA വായനശാല) ഞാറയിൽക്കോണം, വേമൂട്, പനപ്പാംകുന്ന് എന്നിവിടങ്ങളിലും വായനശാലകൾ രൂപീകൃതമായി. വായനശാലകളോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന കലാസമിതികൾ നമ്മുടെ സാംസ്കാരികവളർച്ച പ്രോത്സാഹിപ്പിച്ചു. നമ്മുടെ നാട്ടിൻപുറത്തെ ജനങ്ങളിൽ വായനശീലവും അതിലൂടെ സാംസ്കാരികമായൊരു ഉണർവ്വും വളർത്തിയെടുക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വക്കം, വെട്ടൂർ, കൊല്ലം എന്നിവിടങ്ങളിൽ നടന്ന നാടക മത്സരത്തിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയ കലാപോഷിണിഗ്രന്ഥശാലക്ക് കേരള സംഗീത നാടക അക്കാഡമിയുടെ ഗ്രാന്റും ലഭിച്ചിരുന്നു.

ദേശീയ സ്വാതന്ത്ര്യസമരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ജാതിക്കും അന്ധവിശ്വാസത്തിനുമെതിരായ പോരാട്ടത്തിലും സാക്ഷരതാ പ്രവർത്തനങ്ങളിലും നമ്മുടെ ഗ്രന്ഥശാലകൾ മഹത്തായ പങ്കുവഹിച്ചു. ഗ്രാമീണ മേഖലയിലെ വിജ്ഞാനസമ്പാദനത്തിന്റേയും സഹകരണസംരഭങ്ങളുടേയും കേന്ദ്രമായി മാറാൻ ഗ്രന്ഥശാലകൾക്ക് കഴിഞ്ഞിട്ടുണ്ട്. സാംസ്കാരികരംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് ഗ്രന്ഥശാലകൾക്ക് വലിയ പങ്കുണ്ട്. ഫിലിംസൊസൈറ്റികൾ, വീഡിയോ ക്ലബുകൾ, കലാസമിതികൾ എന്നിവക്ക് രൂപം നൽകാൻ വായനശാലകൾ മുൻകൈയെടുക്കണം. ഗ്രന്ഥശാലകളോടനുബന്ധിച്ചുള്ള കേന്ദ്രങ്ങളിൽ അവ ആരംഭിക്കുന്നതം സൗകര്യപ്രദമായിരിക്കും. ഇന്നത്തെ ജനകിയാസൂത്രണത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാനും. ഗ്രന്ഥശാലകളുടെ പ്രവർത്തനം കാലോചിതമായി വികസിപ്പിക്കാനും ഗ്രന്ഥശാലകൾക്ക് കഴിയണം.

ജ്യോതിഷം, വൈദ്യം - നമ്മുടെ നാട്ടിൽ ഒട്ടനവധി പരമ്പരാഗത വൈദ്യൻമാരും ജ്യോതിഷകളുമുണ്ടായിരുന്നു. ആയുർവേദ, ജ്യോതിഷ പണ്ഡിതനും, വിഷവൈദ്യനുമായ മലക്കൽ ശ്രീ മാതേലിൻ ഉണ്ണിത്താൻ അദ്ദേഹത്തിന്റെ മകനായ ശ്രീ. N.V. ചെല്ലപ്പൻ ഉണ്ണിത്താൻ പടിഞ്ഞാറ്റേല കാഞ്ഞിരക്കാട്ടുവീട്ടിൽ ശ്രീ മാധവൻപിള്ള തുടങ്ങിയവർ ഈ രംഗത്തിന് മഹത്തായ സംഭാവനകൾ നൽകി.

കലാസാംസ്കാരികസംഘടനകൾ

ഏതൊരു പ്രദേശത്തിന്റേയും സാംസ്കാരിക തനിമ നിലനിർത്തുന്നതിലും വളർത്തുന്നതിലും കലാസാംസ്കാരിക സംഘടനകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നമ്മുടെ പഞ്ചായത്തിലും ഒട്ടനവധി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. കാലപോഷിണി, കലാമന്ദിർ, മടവൂർ ആർട്സ് ലവേഴ്സ് അസോസിയേഷൻ (മാല) നാഷണൽ ക്ലബ്, മടവൂർ മാസ്ക്ക്, നെഹ്റു യൂത്ത് ക്ലബ്ബ്, നാഷണൽ ഉദയാ സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബ് എന്നിവ നമ്മുടെ കലാകായിക സാംസ്കാരിക രംഗങ്ങളിൽ തനയായ വ്യക്തിമുദ്രപതിപ്പിച്ചവയാണ്.

പത്രമാസികൾ- സംസ്കാരത്തെപോഷിപ്പിക്കുന്നതിൽ പത്രങ്ങൾക്കും മാസികൾക്കും വളരെ വലിയ പങ്കുണ്ട്. നമ്മുടെ പഞ്ചായത്തിലു് വായനശീലത്തെ

പ്രോത്സാഹിപ്പിക്കുന്നതിലും വളർത്തുന്നതിലും പത്രങ്ങൾ വലിയ പങ്കു വഹിച്ചു. ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ്, മാതൃഭൂമി, മലയാള മനോരമ, കേരളകൗമുദി, മാധ്യമം, രാഷ്ട്രദീപിക, ദേശാഭിമാനി തുടങ്ങ പത്രങ്ങളും ഭാഷാപോഷിണി, മാതൃഭൂമി, മംഗളം, മനോരമ, കുങ്കുമം, നാന, ദവീക്ക്, ഫ്രണ്ട്ലൈൻ, ചിത്രഭൂമി, കുട്ടികൾക്കുവേണ്ടിയുള്ള ബാലരമ, പൂമ്പാറ്റ, അമർ ചിത്രകഥ, തുടങ്ങിയ പ്രസിദ്ധീകരണങ്ങളും ജനങ്ങളുടെ വൈവിധ്യമാർന്ന ചിന്തിഗതികളെ തൃപ്തമാക്കുന്നു. ജനാധിപത്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും വളർച്ചയിൽ പത്രങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. സങ്കുചിതമായ ചിന്താഗതികളും കക്ഷി ജാതി താൽപര്യങ്ങൾക്കും അതീതമായൊരു സംവേദനമാധ്യമമാവണം പത്രങ്ങൾ. എങ്കിൽ മാത്രമേ ജനങ്ങളുടെ ഹൃദയത്തുടിപ്പുകൾ ഉൾക്കൊള്ളാനും നാടിന്റെ വികസനപ്രക്രിയയിൽ സ്വാധീനം ചെലുത്താനും കഴിയുകയുള്ളു.

വിദ്യാഭ്യാസമേഖല– സാംസ്കാരികത്തനിമ നിലനിർത്തുന്നതിലും വളർത്തിയെടുക്കുന്നതിലും വിദ്യാഭ്യാസ സ്ഥാപങ്ങൾക്കുള്ളപങ്ക് വളരെ വലുതാണ്. നാടിന്റെ ഐശ്വര്യത്തിലും പുരോഗതിയിലും നേരിട്ട് സ്വാധീനം ചെലുത്താനും പ്രോത്സാഹിപ്പിക്കാനും വിദ്യാലയങ്ങൾക്ക് കഴിയും. വിദ്യാർത്ഥികളുടെ മനസുകളിൽനിന്ന് അന്ധവിശ്വാസങ്ങളും സങ്കുചിത മതചിന്താഗതികളും ഒഴിവാക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം. നാളെയുടെ വിധാതാക്കായി മാറേണ്ട വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ട്. നൂറ്റാണ്ടുകളുടെ വിദ്യാഭ്യാസ പൈതൃകമുള്ള നമ്മുടെ നാടിന്റെ വികസനത്തിനും നവോത്ഥാനത്തിനും വിദ്യാലയങ്ങൾ ഗണ്യമായ സ്വാധീനം ചെലുത്തി. വിദൂരദേശങ്ങളിൽനിന്ന്പോലും വിദ്യാർത്ഥികൾ ഇവിടെയെത്തി വിദ്യാഭ്യാസം നേടിയിരുന്നു. ഉന്നത വിദ്യാഭ്യാസമേഖലയിൽ തിളങ്ങിയ ഒട്ടനവധിയാളുകൾ നമ്മുടെ കൊച്ചുഗ്രാമത്തിലുണ്ട്. മടവൂർ രാമചന്ദ്രൻ (നാടകകൃത്ത്) മടവൂർ സുരേന്ദ്രൻ, നിമിഷകവി മടവൂർ കുട്ടൻപിള്ള, മതിര ബാലചന്ദ്രൻ, വേമൂട് ഭാസി, മടവൂർ രാധാകൃഷ്ണൻ, ഞാറയിൽക്കോണം ഖലാം തുടങ്ങിയവർ സാഹിത്യ കലാമേഖലകളിൽ തങ്ങളുടെ സജീവസാന്നിദ്ധ്യം പ്രകടമാക്കിയവരാണ്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, ഉപഭോക്തൃസംരക്ഷണസമിതി തുടങ്ങിയ സംഘടനകളും നമ്മുടെ സാംസ്കാരിക രംഗത്ത് മെച്ചപ്പെട്ട സേവനം കാഴ്ചവെയ്ക്കുന്നു.

റേഡിയോ, ടെലിവിഷൻ– തുടങ്ങിയ മാധ്യമങ്ങൾക്ക് സാംസ്കാരിക പുരോഗതി ഉയർത്തുന്നതിൽ വലിയപങ്കുണ്ട്. എന്നാൽ നമ്മുടെ ദൃശ്യശ്രാവ്യമാധ്യമങ്ങൾക്ക് ആശാവഹമായ രീതിയിൽ സാംസ്കാരിക നിലവാരം ഉയർത്താൻ കഴിയുന്നുണ്ടോ എന്നതിനെക്കുറിച്ച് ഗൗരവമായ ചർച്ചകളും പഠനങ്ങളും നടത്തേണ്ടതുണ്ട്.

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ.


1. മടവൂർ L.P.S. നു സമീപം ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.
2. പുലിയൂർക്കോണം, വേട്ടയ്ക്കാട്ടുകോണം, മാങ്കോണം, കാഞ്ഞാംവിള, ചാങ്ങയിൽക്കോണം, പുലിയൂർക്കോണം, കൃഷ്ണൻകുന്ന്, വലിയകുന്ന്, ചാലാംകോണം എന്നിവിടങ്ങളിൽ വായനശാലകൾ സ്ഥാപിക്കണം.
3. കുറിച്ചയിൽ ഒരു സാംസകാരികനിലയം സ്ഥാപിച്ച് അക്ഷരസംഘങ്ങൾ രൂപികരിക്കണം.
4. പഞ്ചായത്തിലെ എല്ലാ വായനശാലകളുടേയും ഗ്രാന്റ് വർദ്ധിപ്പിക്കണം.
5. കുന്നത്തുകോണം, പുലിക്കോട്ടുകോണം, ലാവേറ്റി പൊയ്ക, കുറിച്ചിയിൽ, പ്ലാന്താനം, മരുതഞ്ചേരിക്കോണം, തറട്ടക്കോളനി, വലിയകുന്ന്, അമ്പിളിമുക്ക്, മൂന്നാംവിളദേശീയ വായനശാല, സീമന്തപുരം, കൊഴുവൻചിറ, പില്ലാന്നികോണം, തുമ്പോട്, മടവൂർ ജംഗ്ഷൻ, പനപ്പാംകുന്ന് L.P.S. ജംഗ്ഷൻ, വാവച്ചേരി, കാരോട്ടുകോണം, മണ്ണടിക്കോണം, ചാലാംകോണം, ചാങ്ങയിൽക്കോണം, തങ്കക്കല്ല്, മണലുവെട്ടം, അടുക്കോട്ടുകോണം എന്നിവിടങ്ങളിൽ T.V. ക്ലാസ്സുകൾ ആരംഭിക്കണം.
6. സാക്ഷരതാ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ശക്തിപ്പെടുത്തണം.
7. രജിസ്ട്രേഷനുള്ള കലാസാംസ്കാരികസംഘടനകൾക്ക് സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ എന്നിവ ഉണ്ടാക്കാനുള്ള ധനസഹായം ലഭ്യമാക്കണം.
8. ചാലാംകോണം, തുമ്പോട്, കക്കോട് എന്നിവിടങ്ങളിൽ ബ്രാഞ്ച് പോസ്റ്റാഫീസ് അനുവദിക്കണം.
9. പഞ്ചായത്തിൽ ഒരു കളിസ്ഥലം സ്ഥാപിക്കുകയുംകലാകായികപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണം.
10. സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനുവേണ്ടി ധനസഹായം അനുവദിക്കണം.
11. പ്രവർത്തനരഹിതമായ ടി.വി. കേന്ദ്രങ്ങൾ പുനരുദ്ധരിക്കുക.
12. പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ രൂപീകരിക്കുക.

13. ഫിലിം ഫെയർ സെമിനാർ സാംസ്കാരിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുക.

സാദ്ധ്യതകൾ/നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാവാർഡുകളിലും വായനശാലകളുംസാംസ്കാരികനിലയങ്ങളും സ്ഥാപിക്കണം.
2. സ്കൂൾതലം മുതൽ വായനാശീലം പ്രോത്സാഹിപ്പിക്കുകയും മെച്ചപ്പെട്ട പുസ്തകങ്ങൾ ലഭ്യമാക്കുകയും വേണം.
3. സാക്ഷരതാ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും വേണം.
4. സാംസ്കാരിക-കായിക സംഘടനകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുകയും ധനസഹായം നൽകുകയും വേണം.
5. സാംസ്കാരിക കേന്ദ്രങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.
6. എല്ലാ വായനശാലകളിലും സാംസ്കാരികവകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കണം.
7. സ്ത്രീകളിൽ വായനാശീലം വളർത്തിയെടുക്കുന്നതിന് സാംസ്കാരികമായി ഉയർത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യണം.
8. വായനശാലകൾ, മഹിളാ സമാജങ്ങൾ, അങ്കണവാടികൾ എന്നിവ സാംസ്കാരിക നാവോത്ഥാന കേന്ദ്രങ്ങളാക്കി മാറ്റണം.
9. വേട്ടക്കാട്ടുകോണം പുലിയൂർകോണം എന്നിവിടങ്ങൾ T.V. ക്ലാസ്സുകൾ സ്ഥാപിക്കണം.

വിജ്ഞാനസമ്പാദനത്തോടൊപ്പം ജനങ്ങളുടെ സാധാരണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും ജനകീയാസൂത്രണസിരാകേന്ദ്രമാകാനും സാംസ്കാരികകേന്ദ്രങ്ങൾക്കു കഴിയണം. അതിനുവേണ്ടി ഫിലിംസൊസൈറ്റികൾ, വീഡിയോക്ലബ്ബ് കലാസമിതികൾ എന്നിവ വായനശാലകളോടനുബന്ധിച്ച് പ്രവർത്തനക്ഷമമാക്കണം. വിനോദത്തോടൊപ്പം വികസനത്തിനും ആസൂത്രണത്തിനും പ്രധാന്യം നൽകുന്ന ഒരു പദ്ധതിക്ക് മാത്രമേ നമ്മുടെ നാടിനെ രക്ഷിക്കാൻ കഴിയുകയുള്ളൂ. നമ്മുടെ നാടിന്റെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും നമുക്ക് മാത്രമേ കഴിയുകയുള്ളൂ. മഹാരഥൻമാരായ മുൻഗാമികൾ തുടക്കംകുറിച്ച സാംസ്കാരികക്ഷേമപ്രവർത്തനങ്ങൾ പൂർണമാക്കേണ്ടത് നമ്മുടെ കടമയാണ്. അതാവണം നമ്മുടെ ലക്ഷ്യം.





വനിതാക്ഷേമം

സഹസ്രാബ്ദങ്ങളായി നിലനിന്നുപോന്ന കുടുംബസംവിധാനവും സമൂഹസംവിധാനവും ഭാരതീയ സ്ത്രീകൾക്ക് ലോകത്തിലെ മറ്റ് ജനസമൂഹങ്ങളിലെ സ്ത്രീകളേക്കാൾ ഉയർന്ന ഒരു സ്ഥാനം നേടിക്കൊടുത്തു. പുരാണേതിഹാസങ്ങളിലെ മികവുറ്റ സ്ത്രീകഥാപാത്രങ്ങൾ ഇതിന് തെളിവാണ്. 'നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന് ഉൽഘോഷിച്ച മനുസ്മൃതിപോലും സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയിരുന്നു. സ്ത്രീത്വം മാതൃത്വാഭിലാഷത്തിൽ കേന്ദ്രീകരിക്കുകയും അവളുടെ യശസ് കാമത്തിൽവിലയിക്കുകയും ചെയ്യുന്നു. സൗന്ദര്യാവിഷ്ക്കരണത്തോടൊപ്പം ബുദ്ധിപ്രവർത്തനത്തോട് ബന്ധപ്പെട്ട സാഹിത്യാദി കലാനിർമ്മാണത്തിലേർപ്പെടാതെതന്നെ സ്ത്രീവർഗ ചരിത്രത്തിലെ യുഗയുഗാന്തരങ്ങൾ കഴിഞ്ഞുപോയതിനു കാരണമിതാകാം. മനുഷ്യവർഗം നിലനിർത്തുകയെന്ന പ്രക്രിയയ്ക്ക് കൂടുതൽ കാലം ഏർപ്പെടേണ്ടതും കൂടുതൽ ക്ലേശം അനുഭവിക്കേണ്ടതും സ്ത്രീയാണ്.

പുരുഷമനസ്സിൽ ഒരു സ്ത്രൈണഭാവം ഒളിഞ്ഞുകിടക്കുന്നതുപോലെ സ്ത്രൈണ മനസ്സിൽ ഒരു പുരുഷഭാവവും നിലീനമായി കിടപ്പുണ്ട്. മനഃശാസ്ത്രജ്ഞൻമാർ ' അനിമസ്' എന്ന് വിശേഷിപ്പിക്കുന്ന ആ പുരുഷസ്വഭാവം ചിലപ്പോൾ സ്വതന്ത്രമായ ആവിഷ്ക്കാരം തേടാറുണ്ട്. അങ്ങനെയുള്ള സന്ദർഭത്തിൽ സാഹചര്യത്തിന്റെ സവിശേഷതയും വ്യക്തിമനോഘടനയുമനുസരിച്ച് ആധിപത്യം സ്ഥാപിക്കുന്നതിനുള്ള തന്ത്രങ്ങളിലോ ധൈഷണിക പ്രവർത്തനങ്ങളിലോ, സാഹിത്യാദികലകളുടെ നിർമ്മാണത്തിലോ, സ്ത്രീ ഏർപ്പെടുകയും വിജയിക്കുകയും ചെയ്യുന്നു. എല്ലാരംഗത്തും പുരുഷൻമാരോടൊപ്പം പ്രവർത്തിക്കാനും മത്സരിക്കാനും സ്ത്രീയെ അനുവദിക്കുന്നൊരു സാമൂഹികാവസ്ഥ സ്ത്രീയുടെ ' അനിമസ്' ഉണ്മലമായി ബാഹ്യാവിഷ്കാരം നേടുന്നതിന് സഹായിക്കും. അതിന് വഴിയൊരുക്കേണ്ടത് പുരുഷനാണ്. പുരുഷന്റെ പൂർണത സ്ത്രീയിലാണെന്ന വസ്തുത ഉൾക്കൊള്ളുകയും സ്ത്രീകളെ പണ്ടങ്ങളും വിൽപ്പനചരക്കുകളുമാക്കുന്ന ആധുനിക മനോഭാവത്തിന് പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ ജനസംഖ്യയിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണ്. ജനസംഖ്യാ കണക്കുകൾ പ്രകാരം കേരളത്തിൽ 1000 പുരുഷൻമാർക്ക് 1042 സ്ത്രീകളുണ്ട്. പഞ്ചായത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 18541 ആണ്. ഇതിൽ 8875 പേർ പുരുഷൻമാരും 9666 പേർ സ്ത്രീകളുമാണ്. എണ്ണത്തിൽ കൂടുതൽ സ്ത്രീകളാണെങ്കിലും സാംസ്കാരിക, രാഷ്ട്രീയ പൊതുരംഗങ്ങളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറവാണ്. പഞ്ചായത്തിലെ വനിതാ അംഗങ്ങളുടെ എണ്ണം തന്നെ ഉദാഹരണം. സ്ത്രീകളുടെ അടിസ്ഥാന പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടാത്തതിനു കാരണം പൊതുരംഗത്തെ പങ്കാളിത്തക്കുറവാണെന്ന് കാണാം.

സാംസ്കാരിക രംഗങ്ങളിൽ നമ്മൾ ഏറെ മുന്നിലാണെങ്കിലും സാക്ഷരതയിൽ വനിതകൾ പുരുഷൻമാരേക്കാൾ പിന്നിലാണ്. 1990 ഏപ്രിലിൽ 8-ന് നടത്തിയ സാക്ഷരതാസർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിൽ 2348 നിരക്ഷരരാണുള്ളത്. ഇതിൽ 1502 പേർ സ്ത്രീക

ളും 846 പേർ പുരുഷൻമാരുമാണ്. വിദ്യാഭ്യാസത്തിലും സാംസ്കാരിക നിലവാരത്തിലും സ്ത്രീകൾ മുൻപന്തിയിലാണെങ്കിലും സാമൂഹിക രംഗങ്ങളിൽ അവരുടെ പങ്കാളിത്തം ആശാവഹമല്ല. പുതിയ ഗ്രാമപഞ്ചായത്ത് നഗരപാലിക നിയമപ്രകാരം ഭരണത്തിന്റെ അടിത്തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതൽ പാർലമെന്റിൽ വരെ വനിതകൾക്ക് സംവരണം ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു എന്നത് മാറ്റത്തിന്റെ സൂചനയാണ്. കുടുംബത്തിന്റെ ചുമതല മിക്ക അവസരങ്ങളിലും സ്ത്രീകൾക്കായിരിക്കും. ധനാഗമമാർഗ്ഗങ്ങൾ അന്വേഷിച്ചിറങ്ങുന്ന പുരുഷൻമാർക്ക് പലപ്പോഴും കുടുംബകാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് അവസരം കുറവായിരിക്കും. അതുകൊണ്ടുതന്നെ കുട്ടികളുടെ സംരക്ഷണം വിദ്യാഭ്യാസം, ആരോഗ്യം എന്നിവയിൽ പുരുഷൻമാരെക്കാൾ ശ്രദ്ധിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. കുടുംബകാര്യങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പലപ്പോഴും ധനസമ്പാദനത്തിനോ സാമൂഹിക പ്രവർത്തനങ്ങൾക്കോ സമയം ലഭിക്കാറില്ല.

ഇതിനൊക്കെ പുറമേ വീട്ടമ്മമാർ ചെയ്യുന്ന കാണാപ്പണികൾഅനവധിയാണ്. അവർ നിത്യവും ചെയ്യുന്ന പല പണികളും മറ്റുള്ളവരുടെ ദൃഷ്ടിയിൽപ്പെടാത്തവയാണ്. ഭക്ഷണത്തിനാവശ്യമായ വിറക്, ജലം എന്നിവ സംഭരിക്കുക, ആഹാരം പാകം ചെയ്യുക എന്നിവയൊക്കെ ഏറെ ശാരീരികാദ്ധ്വാനമുള്ളവയാണെങ്കിലും മറ്റുള്ളവർ അവ കാണാറില്ല. സ്ത്രീകൾ നാഥകളും അവർമാത്രം പണിയെടുക്കുന്നതുമായ കുടുംബങ്ങളുടെ അവസ്ഥ ഏറെ ദയനീയവും സങ്കടകരവുമാണ്.. പുരുഷൻമാരുടെ സഹായമോ സമ്മതമോ ഇല്ലാതെ കുടുംബം പുലർത്തുന്ന സ്ത്രീകൾ അനുഭവിക്കുന്ന മാനസിക ക്ലേശം കായികാധ്വാനത്തേക്കാൾ വലുതാണ്. അവ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല.

സ്ത്രീകളെ ബഹുമാനിക്കുകയും പൂജിക്കുകയും ചെയ്തിരുന്ന ആർഷഭാരതസംസ്കാരത്തിൽ നിന്ന് ആധുനിക കാലഘട്ടത്തിൽ എത്തുമ്പോൾ മാറ്റങ്ങൾ ഏറെ ഉണ്ടായി. അവരുടെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കുകയും സാമൂഹികമായി ഉയർത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. നമ്മുടെ സർക്കാരുകളും സാമൂഹികക്ഷേമ സംഘടനകളും സ്ത്രീകളുടെ ഉയർച്ചയ്ക്കും സാമൂഹിക പുരോഗതിക്കും വേണ്ടി ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷേ അതിന്റെ ഗുണഫലങ്ങൾ പലപ്പോഴും അർഹരായ സ്ത്രീകൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്.

നിരാലംബരായ വിധവകൾക്ക് ആശ്വാസമെത്തിക്കുന്നതിനുവേണ്ടി സർക്കാർ നൽകുന്ന ധനസഹായമാണ് വിധവാപെൻഷൻ. അവരുടെ ആവശ്യങ്ങൾ പൂർണമായും നിറവേറ്റപ്പെടാനാവില്ലെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടും പ്രയാസങ്ങളും ഒരു പരിധിവരെ പരിഹരിക്കാൻ ഈ പദ്ധതിയിലൂടെ കഴിയുന്നുണ്ട്. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനും ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

സ്ത്രീകൾ അഭിമുഖീകരിക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ ഏറെയാണെങ്കിലും പലപ്പോഴും അവ അധികാരികളുടെ മുന്നിൽ യഥാസമയത്തെത്തിക്കാൻ കഴിയാറില്ല. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യതയാണിതിനു കാരണം. സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനോ അർഹരായവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിനോ കഴിയാറില്ലെന്നുള്ളത് ഒരു പോരായ്മതന്നെയാണ്. സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തത്തിലൂടെ മാത്രമേ ഇത് പരിഹരിക്കാനാവുകയുള്ളൂ. ബാലികാവിവാഹം, സ്ത്രീധനപീഡനങ്ങൾ, സ്ത്രീകളോടുള്ള അവഗണന, നഗ്നചിത്രീകരണം തുടങ്ങിയ പ്രശ്നങ്ങൾ ശാശ്വതമായി പ

DWCRA പദ്ധതിപ്രകാരം രൂപീകരിച്ച തൊഴിൽസംരംഭങ്ങളുടെ വിവരം. പട്ടിക 7(2ദ)

DWCRA വനപ്പാംകുന്ന്.

1	2	3	4	5
വാർഡ്	തൊഴിൽസംരംഭത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
4	നെല്ല് സംസ്കരണ കേന്ദ്രം	1994-95	12	തൃപ്തികരം

DWCRA യൂണിറ്റ് മടവൂർ (Reg.No.T1100)

1	2	3	4	5	6	
V	പ്ലാസ്റ്റിക് നെയ്ത്ത്	1996-97	14		പുരോഗമിച്ചുവരുന്നു	2,24,000 രൂപ

രിഹരിക്കുന്നതിന് കൂട്ടായ ചർച്ചകളും നിർദ്ദേശങ്ങളും അത്യാവശ്യമാണ്. സ്ത്രീസംഘടനകളുടെ നേതൃത്വത്തിൽ ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് വിദഗ്ദ്ധരെ സംഘടിപ്പിച്ച് സെമിനാറുകളും പഠനശിബിരങ്ങളും നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

വർത്തമാനമുള്ള പണിയിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണത്തിൽ ഇന്ന് വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും മെച്ചപ്പെട്ടിട്ടുണ്ടെന്ന് പറയാനാവില്ല. കുടുംബച്ചെലവുകൾ വർദ്ധിക്കുകയും സാമ്പത്തിക പ്രശ്നങ്ങൾ രൂക്ഷമാവുകയും ചെയ്തതോടെ നിലനിൽപ്പിനു വേണ്ടിയുള്ളസമരത്തിൽ പുരുഷൻമാരോടൊപ്പം സ്ത്രീക്കും പങ്കുചേരേണ്ടി വരുന്നു. അവരുടെ മാനസികോല്ലാസത്തിനും സാമ്പത്തിക ഭദ്രതയ്ക്കും സാംസ്കാരികോന്നമനത്തിനും ഇത് ഒരു പരിധിവരെ സഹായകമായി.

സ്ത്രീധനപീഡനങ്ങളും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും മനുഷ്യൻ സാംസ്കാരികമായി ഉയർന്ന ഇരുപതാം നൂറ്റാണ്ടിലെ ഉത്തരാർദ്ധത്തിലും നിലനിൽക്കുന്നു എന്നത് വിരോധാഭാസമാണ്. മറ്റ് നാടുകളെ അപേക്ഷിച്ച് ഇത്തരം പ്രശ്നങ്ങൾ കൂടുതല നമ്മുടെ നാട്ടിലാണ്. സ്ത്രീകളെ ദേവതകളാക്കി പൂജിക്കുകയും ആദരിക്കുകും ചെയ്തിരുന്ന നമ്മുടെ നാട്ടിൽ സ്ത്രീകൾ ഇന്ന് പീഡിപ്പിക്കപ്പെടുന്നു. അപമാനിക്കപ്പെടുന്ന സ്ത്രീത്വവും അവഹേളിക്കപ്പെടുന്ന മാതൃത്വവും ഇന്ന് വാർത്തയായിമാറിയിരിക്കുന്നു. ഇതിനെതിരെ പൊതുജനാഭിപ്രായം ഉയർത്തേണ്ടത് വനിതാസംഘടനകളുടേയും പൊതുപ്രവർത്തകരുടേയും സന്നദ്ധസംഘടനകളുടേയും കടമയാണ്.

വനിതകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും വനിതാക്ഷേമം ഉറപ്പാക്കി അവരെ സാംസ്കാരിക ധാരയിലേക്ക് ആനയിക്കുന്നതിനുംവേണ്ടി സംസ്ഥാന കേന്ദ്രസർക്കാറുകൾ ഓട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

മഹിളാസമാജങ്ങൾ / അങ്കണവാടികൾ

സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്രമായ പുരോഗതിയും മാനസികവികാസവും വർദ്ധിപ്പിക്കുന്നതിൽ ഈ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ട്. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും സംരക്ഷണത്തിൽ ഈ സ്ഥാപനങ്ങൾ ശ്രദ്ധചെലുത്തുന്നു. D.W.C.R.A യൂണിറ്റുകൾ ഈ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പലയിടത്തും പ്രവർത്തിക്കുന്നു. വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം അവരുടെ സാമ്പത്തികനേട്ടങ്ങൾക്കും ഇത്തരം യൂണിറ്റുകൾ സഹായിക്കുന്നു. അഭ്യസ്തവിദ്യരായ വനിതകളെ സംഘടിപ്പിച്ച് സഹകരണ മേഖലയിൽ ചെറുകിട വ്യവസയയൂണിറ്റ് ആരംഭിക്കുന്നതിന് ദീർഘകാല വായ്പകൾ ബാങ്കുകളിൽ നിന്ന് ഇന്ന് ലഭ്യമാണ്. പക്ഷേ അതിനുള്ള ഉപദേശങ്ങളോ സാങ്കേതികസഹായമോ പലപ്പോഴും ലഭിക്കാറില്ലെന്നുള്ളത് ഇത്തരം പദ്ധതികളുടെ പ്രധാന പോരായ്മകളാണ്. വനിതകളുടെ സംരക്ഷണത്തിനും സാമൂഹികോന്നമനത്തിനും വേണ്ടി ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണ്- ഐ. സി. ഡി. എസ്.

ഐ.സി.ഡി. എസ്

' ആരോഗ്യമുള്ള തലമുറ രാഷ്ട്രത്തിന്റെ സമ്പത്ത്'- എന്ന തത്വം അടിസ്ഥാനമാക്കി 6 വയസിനുതാഴെ പ്രായമുള്ള കുട്ടികളുടേയും ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടെയും 14 വയസിനും 45 വയസിനുമിടയ്ക്കുള്ള സ്ത്രീകളുടേയും ആരോഗ്യക്ഷേമം ലക്ഷ്യമാക്കി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും സാമൂഹ്യക്ഷേമവകുപ്പ് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് സംയോജിത ശിശുവികസന സേവന പദ്ധതി പരിശീലനം ലഭിച്ച തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസേവകരായ അങ്കണവാടി പ്രവർത്തകർ അങ്കണവാടികളിലൂടെ ഇതിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. പൂരകാഹാരം, അനൗപചാരിക പ്രീ പ്രൈമറി വിദ്യാഭ്യാസം, ആരോഗ്യപരിശോധന, രോഗപ്രതിരോധകുത്തിവയ്പ്പുകൾ റഫറൽ സർവ്വീസ്, ആരോഗ്യപോഷക വിദ്യാഭ്യാസം എന്നീ സേവനങ്ങളാണ് ഐ. സി.ഡി. എസ് പദ്ധതിയിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

1994-ൽ കിളിമാനൂർ ബ്ലോക്കിൽ 164 അങ്കണവാടികൾ അനുവദിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കാനുള്ള അനുമതി ലഭിച്ചെങ്കിലും ഇതുവരെ പൂർണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ബ്ലോക്കിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന 35 അങ്കണവാടികൾ മാത്രമാണ് ഇപ്പോൾ ഐ.സി.ഡി. എസിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. ഇതിൽ മടയൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 4 അങ്കണവാടികളിലായി 6 മാസം മുതൽ 1 വയസുവരെയുള്ള 42 കുട്ടികളും 1 വയസ്സു മുതൽ 3 വയസ്സുവരെയുള്ള 64 കുട്ടികളും 3 വയസ്സു മുതൽ 6 വയസ്സുവരെയുള്ള 117 കുട്ടികളും 24 ഗർഭിണികളും 24 മുലയൂട്ടുന്ന അമ്മമാരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. നമ്മുടെ പഞ്ചായത്തിൽ ഇനിയും 12 അങ്കണവാടികൾ കൂടി ആരംഭിക്കാനുണ്ട്. അങ്കണവാടിവർക്കർമാരേയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു. അങ്കണവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. 50%ത്തിലധികം ഹരിജൻകുട്ടികൾ പ്രീ-

സ്കൂളിനുവരുന്ന അങ്കണവാടികളെ എ.ഡി.പി അങ്കണവാടികളായി കണക്കാക്കി പ്രത്യേക ഘടകപദ്ധതി പ്രകാരം 25000/ രൂപയും, മറ്റ് അങ്കണവാടികൾ ജനറൽ സെക്ടർ സ്കീമിൽ ഉൾപ്പെടുത്തി 20,000/ രൂപയും അനുവദിക്കുന്നുണ്ട്. അങ്കണവാടിയുടെ പരിധിയിൽ വരുന്ന വനിതകൾക്ക് പ്രത്യേകഘടകപദ്ധതിപ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഈ അനുവദിക്കുന്നുണ്ട്.

അങ്കണവാടികളിൽനിന്ന് ശേഖരിച്ച വിവരങ്ങൾ പട്ടിക 9(1)

പഞ്ചായത്തിലെ ആകെ ജനസംഖ്യ	18541
പുരുഷൻമാർ	8875
സ്ത്രീകൾ	9666
പട്ടികജാതിജനസംഖ്യ	2668
അങ്കണവാടികളുടെ എണ്ണം	4
a. ഒരു വയസ്സിനെ താഴെപ്രായമുള്ള കുട്ടികൾ	211
b. 12 വയസുവരെ പ്രായമുള്ള കുട്ടികൾ	254
c. 23 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	288
d. 35 വയസ്സുവരെപ്രായമുള്ള കുട്ടികൾ	281
a. പഞ്ചായത്തിലെ മൊത്തം ഗർഭിണികൾ	239
b. ഇവരിൽ പ്രത്യേകപരിചരണം ആവശ്യമുള്ളവർ	204
c. മുലയൂട്ടുന്ന അമ്മമാർ	
[illegible] വരെ പ്രായമുള്ള കുട്ടികളുള്ള)	105

വനിതകൾ നടത്തുന്ന ഒരു നെല്ലുംസ്ക്കരണ കേന്ദ്രം പനപ്പാംകുന്ന് കേന്ദ്രമായി നല്ലനിലയിൽ ലാഭകരമായി പ്രവർത്തിച്ചുവരുന്നു. പന്ത്രണ്ട് വനിതകൾക്ക് പ്രത്യക്ഷമായി തൊഴിൽ നൽകാൻ ഈ സംരംഭത്തിന് കഴിഞ്ഞിട്ടുണ്ട്.

DWCRA പദ്ധതിപ്രകാരം ചാലിൽപ്രദേശത്ത് ഒരു പ്ലാസ്റ്റിക്ക് നെയ്ത്ത് സംഘം 20-11-96-ൽ രൂപീകൃതമായി 2,24,000 രൂപ ഇതിന്റെ പ്രവർത്തനമൂലധനം ഉണ്ട്. 14 വനിതകൾക്ക് ഈ മേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) വനിതകളുടെ പുരോഗതിക്കായി മടവൂർ പഞ്ചായത്തിലെ മഹിളാസമാജങ്ങൾ ആസ്ഥാനമാക്കി DWCRA പദ്ധതി അനുസരിച്ച് 10 വനിതകൾക്ക് ഒരു ചെറുകിട വ്യവസായം എന്ന തോതിൽ നടപ്പാക്കുക.
2) പഞ്ചായത്തിൽ ഒരു വനിതാ ലീഗൽ സെൽ രൂപീകരിച്ച് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ബോധവൽക്കരണം നടത്തുകയും വേണം. ഇവ സ്ഥിരം സംവിധാനമാക്കി നിലനിർത്തണം.
3) പഞ്ചായത്തിൽ, മാവിൻമൂട്, മുന്നാംവിള, വലിയകുന്ന്, ചേങ്കോട്ടുകോണം കാതോട്, പൂന്താനം, ലാവേറ്റിപൊയ്ക കുറിച്ചി എന്നീ പ്രദേശങ്ങളിൽ അങ്കണവാടികൾ, തയ്യൽ പരിശീലനകേന്ദ്രങ്ങൾ, മെഴുകുതിരി-സോപ്പ് നിർമ്മാണ യൂണിറ്റുകൾ എന്നിവ ആരംഭിക്കണം.
4) നിലവിലുള്ള മഹിളാസമാജങ്ങളുടെയും ICDEP സെന്ററുകളിലൂടെയും വനിതാക്ഷേമം ഉറപ്പാക്കണം.
5) മഹിളകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.
6) അങ്കണവാടിയിലെ കുട്ടികളുടെ മാനസികോല്ലാസത്തിനാവശ്യമായ കളിക്കോപ്പുകൾ സജ്ജമാക്കുകയും വീട്ടമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യപരിപാലനത്തിന് അർഹമായ പരിഗണന നൽകുകയും വേണം.
7) കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിന് ഫാക്ടറിയോടനുബന്ധിച്ച് സംവിധാനങ്ങൾ ഏർപ്പെടുത്തണം.
8) വിധവകൾക്കും വികലാംഗസ്ത്രീകൾക്കും ഭവന നിർമ്മാണത്തിനും സ്വയംതൊഴിൽ പദ്ധതികൾക്കും മുൻഗണന നൽകണം.
9) പ്ലാന്താനം,മരുതൻചേരിക്കോണം, തറട്ട, കുറിച്ചി, എന്നീ സ്ഥലങ്ങളിൽ അക്ഷരസംഘങ്ങളും കറി പൗഡർ, സോപ്പുനിർമ്മാണം എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുകയും വേണം.10) പ്ലാന്താനം, ലാവേറ്റി പൊയ്ക, കുറിച്ചി , മരുതഞ്ചേരിക്കോണം, തറട്ടകോളനി എന്നിവിടങ്ങളിൽ ടി.വി. ക്ലാസ്സുകൾ സ്ഥാപിക്കണം.
11) തോളൂർ, മടവൂർ, വലിയകുന്ന് എന്നിവിടങ്ങളിൽ വനിതാസഹകരണസംഘങ്ങൾ തുടങ്ങുകയും പച്ചക്കറിയും നിത്യോപയോഗസാധനങ്ങളും വിതരണം ചെയ്യുകയും വേണം.
12) സ്ത്രീതൊഴിലാളികളുടെ പ്രസവാനുകൂല്യങ്ങൾ, വിധവപെൻഷൻ, ചികിത്സാസഹായപദ്ധതി എന്നിവ സമഗ്രമായി പരിഷ്ക്കരിക്കണം.
13) പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും സാമ്പത്തിക-സാങ്കേതിക സഹായങ്ങളും ലഭിക്കുകയും DWCRA യൂണിറ്റുകൾ എല്ലാവാർഡുകളിലും ആരംഭിക്കുകയും വേണം.
14) കുറിച്ചി കേന്ദ്രമാക്കി ഒരു ലൈബ്രറി സ്ഥാപിക്കണം.

പ്രശ്നങ്ങൾ


1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനങ്ങൾ
3. പണിയെടുക്കുന്ന സ്ഥാപനങ്ങളുടെ മേൽ സ്ത്രീകൾക്കുള്ളനിയന്ത്രണമില്ലായ്മ.


4. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ സ്ത്രീകളോടുള്ള അവഗണന.
5. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത
6. സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
7. ബാലികാവിവാഹം.
8. സ്ത്രീപീഡനം.
9. അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ

സാധ്യതകൾ/പരിഹാരങ്ങൾ

1. പരമ്പരാഗത വ്യവസായങ്ങൾ സാങ്കേതികമായി നവീകരിക്കുമ്പോൾ സ്ത്രീകൾക്കു പ്രാധാന്യം നൽകണം.
2. കാർഷിക രംഗത്തെ വികസനവുമായി ബന്ധപ്പെടുത്തി സർവ്വീസ് സഹകരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പങ്കാളിത്തം നൽകണം.
3. വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണം.
4. സ്ത്രീകൾക്കായി പ്രത്യേക നേതൃത്വ പരിശീലനങ്ങൾ ഏർപ്പെടുത്തണം.
5. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണപരിപാടികൾ നടപ്പാക്കണം.
6. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
7. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കുവേണ്ടി പ്രാഥമിക സൗകര്യകേന്ദ്രങ്ങൾ സ്ഥാപിക്കണം.
8. സ്ത്രീകൾ കുടുംബനാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനയും പരിരക്ഷയും നൽകണം.
9. സ്ത്രീ പുരുഷ സമത്വം ഉറപ്പാക്കണം.

നമ്മുടെ സാംസ്ക്കാരിക നവോത്ഥാനത്തിന് തുടക്കം കുറിക്കേണ്ടത് വനിതാ ക്ഷേമപ്രവർത്തനങ്ങളിലൂടെയും സംരക്ഷണത്തിലൂടെയുമായിരിക്കണം. സമൂഹത്തിനുവേണ്ടി അഹോരാത്രം പണിയെടുക്കുന്ന അവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് മനുഷ്യത്വമാണ്. സ്ത്രീകളെ പൂജിക്കുന്നിടത്ത് ദേവതകൾ രമിക്കുന്നുവെന്ന ആർഷഭാരതചിന്താഗതി നമ്മുടെ സമൂഹത്തിലും നടപ്പാക്കണം. എങ്കിൽമാത്രമേ സാമൂഹികമായ വൈകൃതങ്ങളും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും അവസാനിപ്പിക്കാനും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാനും കഴിയുകയുള്ളൂ. അതിനായിരിക്കണം നമ്മുടെ ശ്രമം.





സഹകരണം

ഇരുപതാം നൂറ്റാണ്ടിലെ പരിഷ്കൃതരായ മഹാപ്രതിഭകൾ അവരുടെ ഇതഃപര്യന്തമുള്ള പരിജ്ഞാനത്തിന്റെ വെളിച്ചത്തിലാണ് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ നമ്മുടെ ഭാരതത്തിന്റെ ഭരണഘടനവിഭാവനം ചെയ്തിട്ടുള്ളത്. അതിലധിഷ്ഠിതമായാണ് സഹകരണപ്രസ്ഥാനത്തിന്റെ നിയമങ്ങളും ചട്ടങ്ങളും ക്രാന്തദർശികളായ സംഘാടകർ രൂപം നൽകിയിട്ടുള്ളത്. ഒരു പ്രമുഖസഹകാരിയായ കൽവർട്ടിന്റെ അഭിപ്രായത്തിൽ "സഹകരണം ഗ്രാമീണ ഭാരത്തിന്റെ കനകപ്രതീക്ഷയാണ്. അത് പരാജയപ്പെട്ടാൽ ഭാരതത്തിന്റെ തന്നെ പരാജയമാണ്."

ഇന്ത്യയിലെ സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം 1904-ൽ സഹകരണനിയമം പാസാക്കിയതോടെയാണ്. പ്രസ്തുത നിയമത്തിൽ പ്രാഥമിക ക്രെഡിറ്റ് സംഘങ്ങളെ മാത്രം ഉൾപ്പെടുത്തുകയും മറ്റുള്ള സംഘങ്ങളെ നിയമത്തിന്റെ പുറത്ത് നിറുത്തുകയും ചെയ്തു. എന്നാൽ 1912-ലെ സഹകരണനിയമം ഈ പോരായ്മകൾ പലതും ഇല്ലാതാക്കുകയും പിന്നീട് 'സഹകരണസംഘം' 1919ലെ ഭരണഘടനാപുനർനിർമാണത്തിൽ ഒരു സംസ്ഥാനവിഷയമായിമാറുകയും ചെയ്തപ്പോൾ വിവിധസംസ്ഥാന [illegible] ന് മാതൃകയായത് ഈ നിയമമായിരുന്നു.

റൂറൽ ക്രെഡിറ്റ് സർവെകമ്മിറ്റി 1954-ൽ സഹകരണം ഒരു സംസ്ഥാനത്തെ വിഷയമായി അംഗീകരിക്കുകയും സംസ്ഥാനത്തെ സാമ്പത്തിക വികസനങ്ങൾക്ക്, പ്രത്യേകിച്ച് കൃഷിക്ക്, സഹായകരമാകും വിധത്തിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുക എന്ന നയം രൂപീകൃതമാവുകയും ചെയ്തു. ഇത് സംസ്ഥാനത്തിന് സംഘങ്ങളുടെ ഓഹരിയിലും ഭരണത്തിലും പങ്കാളിത്തം നൽകുന്നതിലേയ്ക്ക് നയിക്കുകയുണ്ടായി. 1955-ൽ സർക്കാർ നിയമിച്ച കമ്മിറ്റി സഹകരംഗത്ത് സംസ്ഥാനങ്ങളുടെ ഫലപ്രദമായ പങ്കാളിത്തം വേണമെന്ന് അഭിപ്രായപ്പെടുകയും, സഹകരണനിയമനിർമ്മാണരംഗത്ത് പലഭേദഗതികളും നിർദ്ദേശിക്കുകയും അതനുസരിച്ച് സംസ്ഥാനസർക്കാരുകൾ സഹകരണനിയമങ്ങൾ ഭേദഗതിചെയ്യുകയും ചെയ്തു. തൽഫലമായി സംസ്ഥാനതലത്തിൽ സംസ്ഥാനസഹകരണബാങ്കും, ജില്ലാതലത്തിൽ ജില്ലാസഹകരണബാങ്കുകളും ഗ്രാമതലത്തിൽ സർവ്വീസ് സഹകരണസംഘങ്ങളും നിലവിൽ വന്നു.

പ്രാഥമിക സംഘങ്ങളാണ് ത്രിതല വായ്പാമേഖലയുടെ അടിസ്ഥാനമെന്നിരിക്കെ അവയെ ആരോഗ്യകരമായ സ്ഥാപനങ്ങളാക്കി മാറ്റിയെടുക്കുക എന്നത് ആ മേഖലയിലെ അടിയന്തിര കർത്തവ്യമാണ്. സർവ്വീസ് സഹകരണ ബാങ്കുകൾ പരമാവധി വിഭവസമാഹരണം നടത്തി ഗ്രാമതലത്തിൽ ഗ്രാമീണരുടെ ഏതൊരാവശ്യങ്ങൾക്കും വായ്പാ സഹായം ലഭ്യമാക്കുമ്പോഴെ സഹകരണത്തിലൂടെ വിഭാവനം ചെയ്യുന്ന വികസന സ്വപ്നങ്ങൾ പൂർത്തിയാക്കാൻ കഴിയൂ.

മടവൂർ സർവ്വീസ് സഹകരണ ക്രെഡിറ്റ്സംഘം 11.11.1963-ൽ [illegible] പ്രവർത്തനമാരംഭിച്ചു. ടി. സംഘം രജിസ്റ്റർ ചെയ്യുന്നതിന്വേണ്ടി സർവശ്രീ. K.N. നാരായണപിള്ള, ചാത്തറ നാരായണൻ നായർ, ഗോപാലകൃഷ്ണകുറുപ്പ്, K. ത്രിവിക്രമൻ നായർ എന്നിവർ അക്ഷീണം പ്രവർത്തിച്ചിരുന്നു. സംഘത്തിന്റെ ആദ്യപ്രസിഡന്റ് ശ്രീ. K.N. നാരായണപിള്ളയായിരുന്നു.

ജില്ലാ സഹകരണബാങ്കിൽനിന്ന് കാർഷികവായ്പ,

മധ്യകാല വായ്പ എന്നിവ പിൻവലിച്ച് അംഗങ്ങളുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം കൃഷിയ്ക്കാവശ്യമായ രാസവസ്തുക്കൾ, കീടനാശിനി എന്നിവ ആവശ്യാനുസരണം വിതരണം ചെയ്തിരുന്നു. കൂടാതെ റേഷൻകടകളിലൂടെ അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിതരണവും സംഘത്തിനായിരുന്നു. വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സംഘം കുറ്റമറ്റ പ്രവർത്തനമാണ് കാഴ്ച വച്ചത്. തുടർന്ന് ശ്രീ. K. ത്രിവിക്രമൻ നായർ സംഘം പ്രസിഡന്റായി. അദ്ദേഹത്തിന്റെ ഭരണകാലത്താണ് സംഘത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹു. ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് നിർവഹിച്ചത്. 1976-ൽ സംഘം അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിലായി. 1977-78 മുതൽ അധികാരമേറ്റ ഭരണസമിതിയുടെ കാര്യക്ഷമമായ പ്രവർത്തനം മൂലം ബാങ്കിന് വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.സർവ്വശ്രീ അബ്ദുൾ റഷീദ്, ജി. ബാലകൃഷ്ണൻ നായർ, ആർ. ബാലകൃഷ്ണപിള്ള എന്നിവരായിരുന്നു പിന്നീട് സംഘം പ്രസിഡന്റുമാരായി വന്നത്. ബാങ്കിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് അഡ്വ. വി മോഹനൻ ആണ്. ഇന്ന് 7300 ലധികം അംഗങ്ങളും 12.25 ലക്ഷം രൂപയുടെ ഓഹരിമൂലധനവും 2.5 കോടി രൂപനിക്ഷേപവും 3 കോടിയോളം രൂപാ പ്രവർത്തന മൂലധനവുമുള്ള ജില്ലയിലെ ഏറ്റവും വലിയ സഹകരണബാങ്കുകളിൽ ഒന്നാണിത്.

ഗൃഹോപകരണങ്ങൾ വളം, കീടനാശിനി, കാർഷികോപകരണങ്ങൾ, തുണിത്തരങ്ങൾ എന്നിവയുടെ വിൽപന,ചിട്ടികൾ, ബാങ്കിംഗ് പ്രവർത്തനം, കാർഷികവും കാർഷികേതര വായ്പയും നൽകൽ തുടങ്ങിയ മേഖകളിൽ സേവനം നടത്തിവരുന്നു. ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ബാങ്ക് വിവിധ ഇനങ്ങളിൽ നൽകിയിട്ടുള്ള വായ്പാ വിവരങ്ങൾ മനസ്സിലാക്കാം.

മടവൂർ സർവ്വീസ് സഹകരണബാങ്ക്
വായ്പാ വിവരം 1996 10(1)

ഇനം	തുക (രൂപ)
കാർഷിക വായ്പ	
1. ഗ്രഡിപരിപാലനം	22,24444
2. റബ്ബർ	63062
3 റോളർ	51718
4. ജലസേചന കിണർ	1,17,031
5. കാലിവളർത്തൽ	30292
മറ്റ്വായ്പകൾ	
1. IRDP	11800
2. ഹൗസിംഗ്	5170
3. മറ്റ്ലോണുകൾ	6005650
4 തുണിത്തരങ്ങൾ	19582
5 H.P	16,14383
6 ആഭരണവായ്പ	1,04,67856
പ്രത്യേകവായ്പ	
1. ഓട് മേയൽ	34,848
കക്കൂസ്	
ആകെ	**2,06,50,076**

പുരോഗതി ഒറ്റനോട്ടത്തിൽ

	1977-78	1995-96
അംഗത്വം	1602	7296
ഓഹരി	80,000	12,25115
നിക്ഷേപം	-	23961054
വായ്പ	260,000	-
പ്രവർത്തന മൂലധനം	3,76,000	-

എസ് ബി റ്റി മടവൂർ

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കേരളത്തിലെ സബ്സിഡിയറിബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) മടവൂർ ടൗണിൽ പ്രവർത്തിക്കുന്നു. 1990 ൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് 6000 ഓളം അംഗങ്ങൾക്കായി 6.25 കോടിയോളം രൂപ നിക്ഷേപമുണ്ട്. എന്നാൽ അംഗങ്ങൾക്ക് പരമാവധി ലോണുകൾ 1.65 കോടി രൂപ മാത്രമാണ്. (26.4%) കേരളത്തിലെ ശരാശരി പൊതുമേഖലാ ബാങ്കിന്റെ ലോൺ അനുപാതം നിക്ഷേപത്തുകയുടെ 40 %മാണ്. നമ്മുടെ നാട്ടിൽ സംസ്ഥാന ശരാശരിക്കും വളരെ താഴെയാണ്. കൊടുത്ത ലോൺതുകയാകട്ടെ പൂർണ്ണമായും സ്വർണ്ണത്തിന്റെതാണ്. ഡെപോസിറ്റിന്റെ 10 % ക്യാഷ് റിസർവ് റേഷ്യോ ആയി 35 % സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ ആയി ഗവൺമെന്റിന് അടയ്ക്കേണ്ടതിനാലും വായ്പാ അനുപാതം താരതമ്യേന കുറവാണ്. ഗൾഫ് മലയാളികൾക്ക് മാത്രമായി ടി ബാങ്കിൽ 2.5 കോടിരൂപ നിക്ഷേപമുണ്ട്. 2.5 ദശാബ്ദമായി പ്രവർത്തിച്ചിട്ടും ഒരു വ്യാവസായിക അന്തരീക്ഷം നമ്മുടെ നാട്ടിൽ ബാങ്കിന് സൃഷ്ടിക്കാൻ കഴിയാതെ പോയത് വളരെ പരിതാപകരമാണ്.

നാട്ടിൽ ഇന്നും സാധാരണ അവരുടെ നിത്യേനയുള്ള ആവശ്യങ്ങൾക്ക് സമീപിക്കുന്നത്കൊള്ളപലിശക്കാരെയാണ്.50 ഓളം പേർ ഈരംഗത്തായി ഇവിടെയുണ്ട്. മൂന്ന് സ്ഥാപനങ്ങൾ ഉൾപ്പെടെ അധികംപേരുടെയും ചിട്ടികൾ രജിസ്റ്റർ പോലുംചെയ്തിട്ടില്ല. ശരാശരി 1 ലക്ഷത്തിലധികം രൂപയുടെ കൈമാറ്റം ഇവരിലൂടെ ദിവസവും നടക്കുന്നു. നിലവിലുള്ള രണ്ട് ബാങ്കുകളിലുമുള്ള ബൈലാകളും മറ്റ് സാങ്കേതിക കാരണങ്ങളാലുമാണ് ഈ രംഗം നാട്ടിൽ അഭിവൃദ്ധിപ്രാപിക്കുന്നത്.

മടവൂർ ക്ഷീര വ്യവസായ സഹകരണസംഘം ടി. 52(1)

മടവൂർ കേന്ദ്രമാക്കി ഒരു ക്ഷീരവ്യവസായ സഹകരണസംഘം 9.8.76 ൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചു. 18.8.83 ൽ ഇത് APCOS ആയി ഉയർന്നു ശരാശരി 180 ലിറ്റർ വരെ പാൽ ദിവസേന ഇവിടെ ശേഖരിച്ചിരുന്നു. പിന്നെ ഇത് 750 ലിറ്റർ ആയി ഉയർന്നിട്ടുണ്ട്. അതിൽ 200 ലിറ്ററും തദ്ദേശവാസികൾക്കായി വിതരണം നടത്തുന്നു.ബാക്കി മിൽമയ്ക്ക് വിൽക്കുകയാണ്. ആകെ മെമ്പർമാർ 722 ആണ്. സെക്രട്ടറി ഉൾപ്പെടെ നാലുജീവനക്കാർ. തുമ്പോട് സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ട്. ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തനം. സൗജന്യനിരക്കിൽ ഹരിജനങ്ങൾക്ക് കന്നുകുട്ടികൾ വിതരണം ചെയ്യുന്നു. പശു വാങ്ങാൻ വായ്പയുടെ 50% ഇളവ് ഹരിജനങ്ങൾക്ക് ഉണ്ട്.ജില്ലയിലെ എ ഗ്രേഡിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം അതിന്റെ സേവനംകൂടുതൽ കാര്യക്ഷമമാക്കി ജനങ്ങളിൽ എത്തിക്കേണ്ടതുണ്ട്. ശ്രീ എ. താജുദ്ദീൻ ആണ് പ്രസിഡന്റ്.

മടവൂർ ക്ഷീരവ്യവസായ സഹകരണസംഘം ടി 52(1)

1995 -96 ൽ ആകെശേഖരിച്ച പാൽ	പഞ്ചായത്തിൽ വിറ്റത്	പുറത്ത് വിറ്റത്
1,68000 ലിറ്റർ	93,600 ലിറ്റർ	74400 ലിറ്റർ

9/96 വരെ DRDA-യുടെ സബ്സിഡിയായി 1,94820 രൂപ വിതരണം ചെയ്തു.

ക്ഷീരവ്യവസായ സഹകരണസംഘം

തിരുവന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ മടവൂർ പഞ്ചായത്തിൽ മലയ്ക്കൽ കേന്ദ്രമായി 19.2.1988 ഒരു ക്ഷീരോല്പാദക സഹകരണസംഘം രജിസ്റ്റർ ചെയ്യുകയും 19-4-88 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പ്രവർത്തനമേഖല - മടവൂർ പഞ്ചായത്തിലെ മൂന്നാം വാർഡായ പുലിയൂർക്കോണം, നാലാം വാർഡായ കിഴക്കനേല എന്നിവയും കിളിമാനൂർ പഞ്ചായത്തിലെ ചില പ്രദേശങ്ങളും.

ക്ഷീരോല്പാദക സഹകരണസംഘം പനപ്പാംകുന്ന്

രജിസ്റ്റർ ചെയ്ത അഗങ്ങൾ	പാൽ നൽകുന്നവർ	ലഭിക്കുന്ന പാൽ
442	130	350 ലിറ്റർ

സ്വന്തമായി അഞ്ച് സെന്റ് സ്ഥലമുള്ള സംഘമന്ദിരത്തിൽ ഒരു ഐ.സി.ഡി.പി. സെന്റർ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. മടവൂർ ഗവ. എൽ. പി. എസ് കേന്ദ്രമാക്കി ക്ഷീരോല്പാദന സഹകരണസംഘം തുടങ്ങുക
2. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു നാളികേര ശേഖരണ സംസ്കരണയൂണിറ്റ്
3. ഈറ്റ, ചൂരൽ സഹകരണസംഘം പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.
4. ആടുമാട് വളർത്തൽ, തീറ്റപ്പുല്ല് കൃഷി, പച്ചക്കറി കൃഷി എന്നിവയ്ക്ക് സബ്സിഡിയോട് കൂടി സർവ്വീസ് സഹകരണ സംഘത്തിൽ നിന്നു വായ്പാ സൗകര്യമുണ്ടാക്കുക.
5. പുലിയൂർകോണത്ത് സർവ്വീസ്കോ ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരുശാഖ ആരംഭിക്കുക
6. മടവൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഒരു സായാഹ്ന കൗണ്ടർ തുടങ്ങണം
7. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പാൽ സഹകരണസംഘം, വനിതാസഹകരണസംഘം , റബർ മാർക്കറ്റിംഗ്സൊസൈറ്റി , ഭവന നിർമ്മാണ സഹകരണസംഘം , ബീഡിതൊഴിലാളിസഹകരണസംഘം തുടങ്ങിയവ ആരംഭിക്കുക.
8. കാരോട്ടുകോണത്ത് പട്ടികജാതി സഹകരണസംഘം തുടങ്ങുക
9. കാർഷിക മേഖലയിൽ ഉള്ള വിവിധ ഉല്പന്നങ്ങൾ സംഘം കർഷകരിൽ നിന്ന് നേരിട്ട് വാങ്ങി വിപണന സൗകര്യം മെച്ചപ്പെടുത്തണം.
10. കാർഷികവായ്പയ്ക്ക് 5 ശതമാനം വരെ ഉല്പാദനചെലവ് കാലതാമസം കൂടാതെ അപേക്ഷയിൽ നൽകുക.
11. സംഘത്തിലെ ഷെയർ ഉടമകൾക്ക് ലാഭവിഹിതം നല്കണം
12. ക്ഷീരവില വർദ്ധിപ്പിച്ച്ക്ഷീര കർഷകരെ സംരക്ഷിക്കുക
13. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു സഹകരണ ആശുപത്രി , സഹകരണ മെഡിക്കൽസ്റ്റോർ എന്നിവ തുടങ്ങുക
14. പഴുവടി കേന്ദ്രമാക്കി ഇഷ്ടിക നിർമ്മാണ സഹകരണസംഘം ആരംഭിക്കുക.
15. പഞ്ചായത്ത് തലത്തിൽ വനിതാ കൺസ്യൂമർ സഹകരണ സംഘം ആരംഭിക്കുക
16. മൂന്നാം വിള കേന്ദ്രമാക്കി പാൽ സംഭരണകേന്ദ്രം ആവശ്യമാണ്
17. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് മടവൂർ സർവ്വീസ് സഹകരണബാങ്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുക.
18. കക്കോട് പാറയിലെ ക്വാറിയിംഗ്ലൈസൻസ് തൊഴിൽ രഹിതരായവർക്കും തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിന് ഒരു സഹകരണസംഘം അവ

ശ്യമാണ്.

19. നാളികേരം, റബർ , നെല്ല്, എന്നീ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യകൾക്കായി ഒരു സഹകരണ സംഘം ആരംഭിക്കണം.
20. ഒരുക്രഷർ യൂണിറ്റ് - മടവൂർ കേന്ദ്രമാക്കി ആരംഭിക്കണം.
21. IRDP ലോൺ സഹകരണസംഘം വഴികൊടുക്കുക
22. മടവൂർ സർവ്വീസ് സഹകരണബാങ്കിൽ സർഹതപ്പെട്ടവർക്കെല്ലാം മെമ്പർഷിപ്പും വായ്പകളും ലഭ്യമാക്കണം.

പ്രശ്നങ്ങൾ

1. മാനേജ്മെന്റിന്റെ കാര്യക്ഷമതക്കുറവ്
2. ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം
3. തൊഴിലാളികളുടെ പങ്കാളിത്തം പൂർണമായി ഉറപ്പ് വരുത്താൻ കഴിയാതെ വരുന്നത്.
4. സങ്കുചിതമായ കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിലുള്ള മൽസരങ്ങൾ
5. അഴിമതിക്കുള്ള സാധ്യത
6. പുതിയ പ്രവർത്തനമേഖലയിലേക്ക് കടന്നുവരാനുള്ളകഴിവില്ലായ്മ, ധൈര്യമില്ലായ്മ
7. അമിത ഭരണ ചെലവ്
8. സാങ്കേതിക നവീകരണത്തിന്റെ അഭാവം
9. എല്ലാ മേഖലകളിലും സഹകരണസംഘങ്ങളുടെ പ്രവർത്തനം എത്തുന്നില്ല.
10. സഹകാരികൾക്ക് സഹകരണസംഘങ്ങളെ കുറിച്ചുള്ള അജ്ഞത
11. സാമ്പത്തിക സഹായം ലഭിക്കുവാനുള്ള സങ്കീർണ്ണതകാരണം സാധാരണക്കാർ സ്വകാര്യ ബാങ്കുകളെയും വ്യക്തികളെയും ആശ്രയിക്കുന്നു.
12. SBT യിൽ നിക്ഷേപത്തിനെ 27% മാത്രമേ വായ്പയായി നൽകുന്നുള്ളു.

സാധ്യതകളും പരിഹാരങ്ങളും

1. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം മുന്നിൽ കണ്ടുകൊണ്ട് ഒരു വ്യവസായ സഹകരണസംഘവും ഒരുഹൗസിംഗ് സൊസൈറ്റിയും ഒരു മാർക്കറ്റിംഗ് സഹകരണസംഘവും രൂപീകരിക്കണം.
2. സംഘങ്ങളുടെ ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം നൽകുന്നതിന് ആസൂത്രണം നൽകുക.
3. സംഘത്തിലെ ജീവനക്കാർക്ക് പ്രത്യേക പഠന ക്ലാസുകൾ നടത്തി സംഘം പ്രവർത്തനങ്ങൾ കൂടുതൽ മെച്ചമാക്കണം.
4. സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്കിന്റെ ഭരണം വൈവിധ്യവൽക്കരിക്കുക.
5. സംഘത്തിൽ അംഗങ്ങളുടെ ആവശ്യത്തിന് അനുസരിച്ചുള്ള പുതിയ സ്കീമുകൾ തയ്യാറാക്കി നടപ്പിലാക്കണം.
6. സാമ്പത്തിക അച്ചടക്കം പൂർണമായും പാലിച്ചുകൊണ്ട് പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറി സേവനതൽപരതയോടെ പ്രവർത്തിക്കണം.
7. സഹകാരികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തി സംഘവും സംഘാംഗങ്ങളുമായുള്ള ബന്ധം കൂടുതൽ സുദൃഢമാക്കണം
8. സംഘാംഗങ്ങൾക്ക് നിശ്ചിത കാര്യങ്ങൾക്ക് ആവശ്യാനുസരണം വായ്പ നൽകുകയും അവയുടെ ഉപയോഗ ക്രമം പരിശോധിക്കുകയും വേണം
9. വായ്പക്കാർ നിശ്ചിത കാലയളവിൽ തന്നെ വായ്പതുകകൾ മടക്കിയടച്ച് സംഘത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കണം.
10. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് പഞ്ചായത്തിലെ വികസന തുറയുമായി ബന്ധപ്പെട്ട്പ്രവർത്തിക്കണം.
11. ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല വിപുലീകരിക്കുകയും നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കി വിവിധ പാലുൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണംനടത്തുകയും വേണം.
12. നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ സബ് സെന്ററുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയും പാൽ ഉല്പാദകരെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയും വേണം.
13. നിലവിലുള്ള ഹരിജൻ സൊസൈറ്റി പ്രവർത്തനം കാര്യക്ഷമമാക്കി സംഘാംഗങ്ങൾക്ക് കൂടുതൽപ്രയോജനം ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

നിർദ്ദേശങ്ങൾ

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ ഒരു വികസന മാതൃകയാണ് കേരളത്തിന്റെത്. കുറഞ്ഞൊരു പ്രോത്സാഹനം മതി സഹകരണ ബാങ്കുകളിലൂടെ നമ്മുടെ പുത്തൻ വികസന സാദ്ധ്യതകൾ സാക്ഷാത്ക്കരിക്കാൻ. നമ്മുടെബാങ്കിന്റെ നിക്ഷേപം വർദ്ധിപ്പിച്ച് പ്രവർത്തന മൂലധനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. വിഭവ പരിമിതി പരിഹരിക്കുന്നതോടൊപ്പം ചെറുകിട ദരിദ്രകർഷകരെ സഹായിക്കുന്ന ഒരു വ്യക്തമായ സമീപനം കൂടി സ്വായത്തമാക്കേണ്ട

ഹരിജൻ കോളനിയുടെ വൈദ്യുതികരണം സംബന്ധിച്ച വിവരപ്പട്ടിക II (I)

	ഹരിജൻ കോളനിയുടെപേര്	വൈദ്യുതി ലഭിച്ച കുടുംബങ്ങൾ	സൗജന്യമായി വൈദ്യുതി ഉപയോഗിക്കുന്നവർ	പണം നൽകി വൈദ്യുതി ഉപയോഗിക്കുന്നവർ
1.	വാക്കയിൽക്കോണം പില്ലാന്നിക്കോണം	40	5	35
2.	അടുക്കോട്ടുകോണം, മാങ്കുഴി	30	5	25
3.	വലിയകുന്ന്	36	3	33
4.	കാഞ്ഞാംവിള	24	10	14
5.	വിളയ്ക്കാട്	30	2	28
6.	കൊഴുവൻചിറ, തുമ്പോട്	37	30	7
7.	കക്കോട്	69	52	17
8.	ചാലിൽ മുളവന	30	2	28
9.	പ്ലാന്താനം	15	3	12
10.	അയണിക്കാട്ടുകോണം	5	5	-
11.	മുട്ടുക്കോണം	12	2	10
12.	മണലുവട്ടം	10	12	8
13	തറട്ടയിൽ	10	2	8
14.	ചേങ്കോട്ടുകോണം	12	2	-
16.	കാരോട്ടുകോണം മണ്ണടിക്കോണം	24	8	16

പട്ടികജാതി കോളനികളിൽ എല്ലാം അടിസ്ഥാന സൗകര്യങ്ങൾ എത്തിയിട്ടുണ്ടെങ്കിലും അവ പൂർണമാ ല്ല. ഇനിയും പരിഹാരം കണ്ടെത്തേണ്ട പ്രശ്നങ്ങൾ ധാരാളമാണ്.

സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന പട്ടിക ജാതിക്കാർക്ക് ദശാബ്ദങ്ങൾക്കുമുമ്പ് വിദ്യാഭ്യാസസൗ കര്യങ്ങൾ കുറവായിരുന്നെങ്കിലും സന്നദ്ധസംഘടനക ളുടെയും ഗവൺമെന്റിന്റേയും ആസൂത്രിത ബോധവൽ ക്കരണ പരിപാടിയുടേയും പരിണിതഫലമായി ഇന്ന് ഏറെ മാറ്റം സംഭവിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വി ദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും സാമ്പത്തിക സഹായങ്ങളും ഇന്ന് ലഭ്യമാണ്. വിദ്യാഭ്യാസത്തിനു വേണ്ടി ഇങ്ങനെ ഒട്ടനവധി സഹായങ്ങളും പ്രോത്സാ ഹനങ്ങളും ലഭിക്കുന്നുണ്ടെങ്കിലും ഏകദേശം 20%ത്തിൽ താഴെ പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാ ഭ്യാസം ലഭിക്കുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികളുടെ 17.63% പട്ടികജാതിക്കാരാണ് സ്കൂ ളിൽ എത്തുന്ന വിദ്യാർത്ഥികൾ തന്നെ പലപ്പോഴും വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് താൽപര്യം കാ ട്ടാറില്ല. ഇളയകുട്ടികളുടെ സംരക്ഷണം, തൊഴിൽമേഖ ലയിലെ ചെറിയ പണികൾ, മാതാപിതാക്കളുടെ സാ മൂഹികനിലവാരമില്ലായ്മ എന്നിവ കുട്ടികളെ വിദ്യാലയ ങ്ങളിൽനിന്ന് അകറ്റുന്നു. ഭൗതികസാഹചര്യങ്ങൾ ഏറെ ഉയർന്നെങ്കിലും പഴയ പാരമ്പര്യത്തിന്റെ ചങ്ങലക്കെ ട്ടുകൾ പൊട്ടിച്ചെറിയാൻ എന്തുകൊണ്ടോ അവർ തയ്യാ റാകുന്നില്ല. വിദ്യാഭ്യാസമേഖലയിൽനിന്ന് അകന്നുനിൽ ക്കാനുള്ള പ്രവണതയാണ് യുവതലമുറയിൽ പോലും കാണുന്നത്. ഇതിന്റെ കാരണങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുകയും ബോധവൽക്കരണ പ്രക്രിയയിലൂടെ അവരെ വിദ്യാഭ്യാസമേഖലയിൽ എത്തിക്കുകയും വേ ണം.

ഈ അദ്ധ്യയനവർഷം പഞ്ചായത്തിലെ വ്യത്യസ്ത സ്കൂളുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴു നൂറോളം കുട്ടികൾ പഠിക്കുന്നുണ്ട്. പരീക്ഷയിൽ പരാ ജയപ്പെട്ട 101 കുട്ടികൾ വീണ്ടും പഠിക്കാൻ തയ്യാറായ പ്പോൾ വിവിധകാരണങ്ങൾ 21 വിദ്യാർത്ഥികൾ വി ദ്യാലയങ്ങളോട് വിടപറഞ്ഞു. വിദ്യാഭ്യാസരംഗത്തെ ഈ കൊഴിഞ്ഞുപോക്ക് ഗൗരവമായിക്കാണേണ്ടിയിരിക്കു ന്നു. താഴ്ന്ന ക്ലാസ്സുകളിൽ വച്ച് തന്നെ വിദ്യാഭ്യാസം മതിയാക്കുന്ന ഹരിജൻ വിദ്യാർത്ഥികളെ വിദ്യാഭ്യാസ മേഖലയിലേക്ക് കൂട്ടിക്കൊണ്ടുവരികയും വേണം എങ്കിൽമാത്രമേ അവരെ സാംസ്കാരികമായി ഉയർത്താ നും പൊതുജീവിതധാരയുമായി ബന്ധപ്പെടുത്താനും കഴിയുകയുള്ളൂ. പഠിക്കുന്നവരും പഠനംനിർത്തിയവരു മായ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം, പഠിക്കുന്ന ക്ലാസ്സ്, എന്നിവ ചുവടെ ചേർക്കുന്നു.(പട്ടിക II (2))

പട്ടികജാതിക്കാരിൽ ഭൂരിപക്ഷവും കാർഷികമേഖ ലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനാൽ വർ ഷത്തിൽ എല്ലാദിവസവും അവർക്ക് പണി ലഭിക്കാറി ല്ല. അതിനാൽ അവരിൽ പലർക്കും ദാരിദ്ര്യവും പട്ടി ണിയും അഭിമുഖീകരിക്കേണ്ടിവരുന്നു. ഇവരുടെ പി ന്നോക്കാവസ്ഥ മാറ്റി പൊതുജീവിതധാരയിലേക്ക് ആ

പഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണവും ക്ലാസ്സും പട്ടിക 11 (2)

ക്ലാസ്സ്	പട്ടികജാതികുട്ടികളുടെ എണ്ണം			തോറ്റ് പഠിക്കുന്നവർ			പഠനം നിർത്തിയവർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	24	23	47	-	-	-	2	-	2
II	28	37	65	4	4	8	3	3	
III	25	32	57	5	5	10	-	-	-
IV	27	35	62	6	5	11	1	-	1
V	46	33	79	2	7	9	-	-	-
VI	32	39	71	4	5	9	-	-	-
VII	49	44	93	17	8	25	-	-	-
VIII	38	32	70	94	13	34	7		
IX	43	26	69	9	7	16	4	4	8
X	13	23	36						
ആകെ	325	324	649	56	45	101	10	11	21

നയിക്കുന്നതിനുവേണ്ടി സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളും സന്നദ്ധസംഘടനകളും ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി പട്ടികജാതിപട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗസങ്കേതങ്ങൾ കേന്ദ്രീകരിച്ച് പദ്ധതികൾ നടപ്പാക്കുന്ന ഒരു തന്ത്രത്തിന് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ട്. 1992 മുതൽ ഇത്തരം കേന്ദ്രങ്ങളിൽ വിവിധപദ്ധതികൾ ഫലപ്രദമായി നടപ്പാക്കിവരുന്നു. പ്രത്യേകഘടക പദ്ധതിപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി പത്തോ അതിലധികമോ പട്ടികജാതിക്കാർ അധിവസിക്കുന്ന സങ്കേതങ്ങൾ കണ്ടെത്തുക ഉണ്ടായി. ഇതനുസരിച്ച് നമ്മുടെ ജില്ലയിൽ 670 പട്ടികജാതി സങ്കേതങ്ങളും 176 പട്ടികവർഗസങ്കേതങ്ങളും കണ്ടെത്തുകയും വികസനക്ഷേമപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മടവൂർ പഞ്ചായത്തിലെ വാക്കയിൽകോണം, പില്ലാന്നികോണം, അടുക്കോട്ടുകോണം മാങ്കുഴി, വലിയകുന്ന്, കാഞ്ഞാംവിള, വിളക്കാട്, തുമ്പോട്, കൊഴുവൻചിറ, കക്കോട്, ചാലിൽ മുളവന, പ്ലാന്താനം, അയണിക്കാട്ടുകോണം, മുട്ടുക്കോണം, മണലുവട്ടം, തറട്ടയിൽ, ചേക്കോട്ടുകോണം, മണ്ണടിക്കോണം കാരോട്ടുകോണം എന്നീ പട്ടികജാതി സങ്കേതങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

വിവിധ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന നിർദ്ദേശങ്ങൾ

1. സ്വന്തമായി വീടില്ലാത്ത പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും, വീട്, കക്കൂസ്, കിണർ, വൈദ്യുതി എന്നിവ ലഭ്യമാക്കണം.
2) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമിവാങ്ങി ഭവനനിർമ്മാണ പദ്ധതികൾ ഏർപ്പെടുത്തണം.
3) പഞ്ചായത്തിലെ എല്ലാ ലക്ഷം വീടുകളും അടിയന്തിരമായി പുനർനിർമ്മാണം ചെയ്തു വാസയോഗ്യമാക്കണം.
4) പട്ടയമില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കണം.
5) മടവൂർ ലക്ഷംവീട് കോളനി കേന്ദ്രമാക്കി പട്ടികജാതിക്കാർക്കായി ഒരു മിനി വ്യവസായ യൂണിറ്റ് ആരംഭിക്കണം.
6) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കൃഷിയ്ക്കും ചെറുകിട വ്യവസായങ്ങൾക്കും പലിശ രഹിത വായ്പകൾ അനുവദിക്കണം.
7) ആട്, മാട്, കോഴി, പശു, മുയൽ, പന്നി എന്നിവ വാങ്ങുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.
8) കാരോട്ടുകോണം കേന്ദ്രീകരിച്ച് ഒരു ഈറവ്യവസായ യൂണിറ്റ് ആരംഭിക്കണം.
9) പഞ്ചായത്തിൽ നിലവിലുള്ള ഹരിജൻ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പട്ടികജാതിക്കാർക്ക് മുഴുവൻ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പുനഃസംഘടിപ്പിക്കുകയും വേണം.
10) പ്രീ-മെട്രിക്ക് ഹോസ്റ്റൽ പഞ്ചായത്ത് തലത്തിൽ ആൺകുട്ടികൾക്കും-പെൺകുട്ടികൾക്കും ആരംഭിക്കണം.
11) തുമ്പോട് കൊഴുവൻചിറ കോളനി കേന്ദ്രമാക്കി പട്ടികജാതി യുവതീയുവാക്കൾക്കായി ഒരു തൊഴിൽപരിശീലന കേന്ദ്രം ആരംഭിക്കണം.
12) പട്ടികജാതിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങളും പഠനോപകരണ

ങ്ങളും ലഭ്യമാക്കുകയും വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുകയും വേണം.

13 പഞ്ചായത്തിലെ കോളനികൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് സായാഹ്നക്ലാസുകൾ ആരംഭിക്കണം.

14,. പട്ടികജാതിയിൽപ്പെട്ട പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് റഗുലർ കോളേജ് വിദ്യാർത്ഥികൾക്ക്ലഭിക്കുന്നതുപോലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

15. ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിന് നൽകുന്ന യാത്രപ്പടി വർദ്ധിപ്പിക്കണം,.

16. പഞ്ചായത്തിലെ അഭ്യസ്ത വിദ്യരായ മുഴുവൻ ഹരിജനങ്ങൾക്കും കുടിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള പരിശീലനവും സാങ്കേതിക സഹായവും ലഭ്യമാക്കണം.

17. SSLC പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ പഠന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

18. പൊതു കിണർ ഇല്ലാത്ത കോളനികൾ അവ നിർമ്മിക്കുകയും പഴയ കിണറുകൾ ആഴം കൂട്ടി വൃത്തിയാക്കുകയും വേണം

19. എല്ലാ ഹരിജൻ കോളനികളിലും ടി. വി ക്ലാസ്സുകൾ സ്ഥാപിക്കണം.

20 ഹരിജനങ്ങളുടെ വീടുകളിൽ സൗജന്യമായി പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം

21 പഞ്ചായത്തിലെ എല്ലാകോളനികളും IHEDP കോളനികളോ അംബേദ്കർ കോളനികളോ ആയി ഉയർത്തണം

22. കോളനികളിലേക്കുള്ള റോഡുകൾ ടാറ് ചെയ്ത് ഗതാഗതയോഗ്യമാക്കണം.

23 DWCRA യൂണിറ്റ് കക്കോട് കേന്ദ്രമാക്കി സ്ഥാപിക്കണം.

പ്രശ്നങ്ങൾ

1) കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

2) സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ

3) വിദ്യാഭ്യാസപിന്നോക്കാവസ്ഥ

4) അന്ധവിശ്വാസങ്ങൾ കാരണമുള്ളപ്രശ്നങ്ങൾ

അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ

5) സഹായ പദ്ധതികളെകുറിച്ചുള്ള അജ്ഞത

6) സാമ്പത്തിക പിന്നോക്കവസ്ഥ

7) കൈവശഭൂമിയുടെ പട്ടയമില്ല

പരിഹാരങ്ങൾ

1. പഞ്ചായത്തിലെ എല്ലാ പട്ടികജാതികുടുംബങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും അർഹരായവർക്ക് ആനുകൂല്യങ്ങളും സാമ്പത്തിക സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുകയും വേണം.

2. പട്ടികജാതിക്കാരായ എല്ലാവർക്കും വീട്, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കണം.

3. വിദ്യാഭ്യാസത്തിലൂടെയും ബോധവൽക്കരണത്തിലൂടെയും പട്ടികജാതിക്കാരെ സാമൂഹികമായി ഉയർത്തണം.

4. സ്വന്തമായി പട്ടമില്ലാത്തതിനാൽ പട്ടികജാതിക്കാർക്ക് പല ആനുകൂല്യങ്ങളും നഷ്ടമാകുന്നതിനാൽ കൈവശഭൂമിയുടെ പട്ടയം ലഭ്യമാക്കുന്നതിന് സത്വര നടപടികൾ ഉണ്ടാകണം.

5. എല്ലാഹരിജൻ കോളനികളിലും കാർഷിക മേഖലയും കരിങ്കൽ മേഖലയുമായി ബന്ധപ്പെട്ട ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കണം.

6. പരമ്പരാഗത വ്യവസായങ്ങളായ കുട്ട, വട്ടി, പായ് നിർമ്മാണത്തിനുവേണ്ടി ഒരു ചെറുകിട വ്യവസായയൂണിറ്റ് കാരോട്ടുകോണം, മാങ്കുഴി (മണലുവെട്ടം) എന്നിവിടങ്ങളിൽ സ്ഥാപിക്കണം.

7 മടവൂർ കേന്ദ്രമാക്കി ഒരു പ്രീ-മെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കണം.


8. അന്ധവിശ്വാസങ്ങൾ, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ എന്നിവ പരിഹരിക്കുന്നതിന് ബോധവൽക്കരണം ആരംഭിക്കണം.

9. പട്ടികജാതിക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടത്തണം.

10. പട്ടികജാതി ദുർബലവിഭാഗങ്ങൾക്ക് കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിന് സാമ്പത്തിക സഹായം ലഭിക്കണം.

കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് ഉയരുകയും സാമൂഹികസാംസ്കാരികവിദ്യാഭ്യാസ രംഗങ്ങളിൽ മുൻനിരയിലേക്ക് എത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെകുറിച്ച് പട്ടികജാതിക്കാരെ ബോധ്യപ്പെടുത്തണം. ചൂഷണത്തിനും ബാഹ്യ ഇടപെടലുകൾക്കും വിധേയമാകാതെ രാഷ്ട്ര നിർമ്മാണ പ്രക്രീയയിൽ പങ്കാളികളാകേണ്ടതിന്റെ പ്രാധാന്യം അവർക്ക് മനസ്സിലാക്കി കൊടുക്കണം.

9-ാം ഇനകീയാസൂത്രണ പദ്ധതിയുടെ പ്രാധാന്യം മനസ്സിലാക്കികൊടുക്കുന്നതോടൊപ്പം അവരുടെ പങ്കാളിത്തത്തെകുറിച്ച് ബോധ്യപ്പെടുത്തുകയും വേണം. ഇങ്ങനെ സമഗ്രവും ആസൂത്രിതവും സംഘടിതവുമായൊരു പ്രവർത്തനത്തിലൂടെ പട്ടികജാതിക്കാരുടെ ആത്മാഭിമാനം ഉയർത്താനും നിർമ്മാണ പ്രക്രീയയിൽ പങ്കാളികളാക്കാനും കഴിയും. അതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.



വിഭവസമാഹരണം

ജനങ്ങളുടെ പ്രശ്നങ്ങൾ ആസൂത്രണത്തിലൂടെ മാത്രമെ പരിഹരിക്കാൻ കഴിയുകയുള്ളൂ. വിശാലമായ കാഴ്ചപ്പാടോടെ സമഗ്രമായി നടത്തുന്ന ആസൂത്രണ പ്രക്രിയയുടെ വിജയത്തിന് ജനങ്ങളുടെ പങ്കാളിത്തത്തോടൊപ്പം വിഭവങ്ങളും അത്യാവശ്യമാണ്. ആസൂത്രണം ചെയ്യുന്ന പല പദ്ധതികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ നമുക്ക് കഴിയാറില്ല. അതിനാൽ ഉദ്ദേശിച്ചതിനെക്കാൾ അടങ്കൽതുക പല പ്പോഴും വർദ്ധിക്കുന്നു. തൽഫലമായി കൂടുതൽ വിഭവങ്ങളും സമ്പത്തും കണ്ടെത്തേണ്ടിവരുന്നു. ഒരു പദ്ധതിക്കുരൂപം നൽകുമ്പോൾ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യതകളും അതു നിശ്ചിത സമയത്ത് തന്നെ പൂർണമായി നടപ്പിലാക്കാനും നടപടികൾ സ്വീകരിക്കണം. കേരളത്തിലെ മിക്ക പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളവും വിഭവ സമാഹരണം വലിയബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നായി മാറും. ദൈനംദിന ചെലവുകൾക്ക് പോലും സാമ്പത്തികമായി ഭദ്രതയില്ലാത്ത പഞ്ചായത്തുകൾക്ക് ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ മുന്നോടിയായുള്ള ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഈ സ്ഥിതിക്ക് മാറ്റമുണ്ടാകുമെങ്കിലും അധിക വിഭവസമാഹരണം പൂർണമായി നടപ്പിലാക്കാൻ കഴിയുമോ എന്നത് ചിന്തനീയമാണ്.

ഭൂമി,ജലം മനുഷ്യ വിഭവ ശേഷി തുടങ്ങിയ വിഭവങ്ങളെ പരമാവധി ചൂഷണം ചെയ്തുകൊണ്ടുള്ള ഒരു വികസന സമീപനതന്ത്രത്തിന് മാത്രമെ സാമ്പത്തികാടിത്തറ ശക്തമാക്കി സമഗ്രമായതും സ്ഥായിയായതുമായ ഗ്രാമവികസന ലക്ഷ്യം നേടുവാൻ കഴിയൂ. നമ്മുടെ നാടിന്റെ വിഭവ ലഭ്യത അനുസരിച്ചും സമൂഹത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുമായിരിക്കണം വികസന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്.

കാർഷികോല്പാദനത്തിനാവശ്യമായ വിഭവങ്ങളാൽ സമ്പന്നമാണ് കേരളം. അനുഗ്രഹീതമായ കാലാവസ്ഥയും ജലസേചന സൗകര്യങ്ങളും സവിശേഷമായ ഭൂപ്രകൃതിയും മറ്റെങ്ങും കാണാനാവില്ല. ഭൂമിയിൽ നിന്ന് ലഭിക്കുന്ന വരുമാനം ഇവിടെ താരതമ്യേന ഉയർന്നതാണ്.(ദേശീയ ശരാശരിയുടെ ഏകദേശം ഇരട്ടി) എന്നാൽ ഇത്രമേൽ വിഭവ സമ്പന്നത ഉണ്ടായിരുന്നിട്ടും ഭൂപ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടും, ഒരു യൂണിറ്റ് ഭൂമിയിൽ നിന്ന് കർഷകർക്ക് മികച്ച വരുമാനമുണ്ടായിട്ടും കേരളത്തിലെ കാർഷിക വിളകളുടെ ഉല്പാദനക്ഷമത വളരെ താഴെയാണ്. കഴിഞ്ഞ നാലു ദശാബ്ദക്കാലമായി ഭൂമിയിലെ നിക്ഷേപവും വികസന പരിപാടികളും മാത്രമല്ല കാർഷിക വിളകളുടെ ഉല്പാദനവും വർദ്ധിച്ചില്ല എന്നതാണ് യാഥാർത്ഥ്യം. ചില വിളകളുടെ ഉല്പാദനക്ഷമത ഗണ്യമായി കുറഞ്ഞ് വരികയാണ്. കാർഷിക വിളകളുടെ ഉല്പാദന ക്ഷമത രണ്ടും മൂന്നുമിരട്ടി വർദ്ധിപ്പിക്കാനാകുമെന്നും (മനുഷ്യപ്രയത്ന ശേഷി ഫലപ്രദമായി ഉപയോഗിച്ചാൽ) കാർഷിക ഗവേഷണ ശാലകളിൽ മറ്റും നടത്തിയ ഗവേഷണങ്ങൾ തെളിയിക്കുന്നു.

കഴിഞ്ഞ അഞ്ചുവർഷത്തെ പഞ്ചായത്ത് വരവ് ചെലവ് പരിശോധിക്കുമ്പോൾ വരവിനെക്കാൾ ചെലവ്കൂടിയതായികാണാം. ഇതിൽ ഭരണചെലവ് വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക പൂർണ്ണമായ തോതിൽ കൃത്യമായി തിരിച്ചടക്കാൻ കഴിയാത്തതായിട്ടുണ്ട്. ഇതിന് പ്രധാന കാരണം വായ്പകളുടെ ധനസഹായങ്ങളുടെയും ലക്ഷ്യം വിട്ടുള്ള വിനിയോഗമാണ്. അതിനാൽ നിശ്ചിത പദ്ധതികൾക്കായുള്ള ചെലവിനങ്ങൾ അതാത് പദ്ധതികൾക്ക് സ്കീമുകൾക്ക് തന്നെ വിനിയോഗിക്കണം. പഞ്ചായത്തിന്റെ കഴിഞ്ഞ 4 വർഷത്തെ വരവ് ചെലവ്കണക്കുകൾ ചുവടെ കൊടുക്കുന്നു.

പഞ്ചായത്തു വരുമാന പട്ടിക 1991-1995 (രൂപയിൽ) 12(1)

നമ്പർ	വരുമാന മാർഗ്ഗങ്ങൾ	1991-92	1992-93	1993-94	1994-95
1	മുൻനിക്കിയിരിപ്പ്	116494.56	194163.41	273844.43	316441.03
2	നികുതിയിൽ നിന്നുള്ളവ	327093.40	231861.45	364361.50	431791.50
3		8490.00	14125.00	18288.40	17954.00
4	പഞ്ചായത്ത് വക	30859.15	41330.00	39481.05	42034.90
5	ഫീസ്	3822.75	2428.60	3058.15	3005.00
6	ഗവ. ഗ്രാന്റുകൾ& സംഭാവന	3,46,227.00	91639.00	262122.00	431238.00
7	പലവക	7755.25	3129.60	13264.50	12092.95

പഞ്ചായത്ത് ചെലവ് വിവരപട്ടിക 1991-1995 രൂപയിൽ 12(2)

നമ്പർ	ചെലവിനം	1991-92	1992-93	1993-94	1994-95
1	ഭരണം	234643.00	285485.10	409254.00	396034.00
2.	പബ്ലിക് വർക്ക്	137659.00	11801.00	146233.00	111539.00
3.	വിദ്യാഭ്യാസം	44622.00	25561.00	13136.00	14714.00
4.	കുടിവെള്ളം	ഇല്ല	ഇല്ല	ഇല്ല	50,350.00
5.	പൊതുജനാരോഗ്യം	10348.00	143237.00	10425.00	5325.00
6	തെരുവുവിളക്ക്	56266.00	70461.00	70126.00	75418.0
7.	കൃഷി, സാമൂഹ്യക്ഷേമം	37561,00	4095.00	ഇല്ല	150200.00
8.	പഞ്ചായത്ത് സ്ഥാപനം	ഇല്ല	ഇല്ല	ഇല്ല	ഇല്ല
9	മറ്റുള്ളവ	1.38,479,50	7584.00	8805.00	ഇല്ല

വരവ് ചെലവ് വിവരം 1995-1996 (രൂപയിൽ) 12(3)

നമ്പർ	ഇനം	വരവ് തുക	ഇനം	ചെലവ് തുക
1.	കെട്ടിട നികുതി	90160.00	ഭരണം	3,90,338.00
2.	തൊഴിൽ നികുതി	75735.00	പൊതുമരാമത്ത്	34895.00
3.	വിനോദ നികുതി	10765.00	വിദ്യാഭ്യാസം	13,129.00
4.	അഡീ. വിനോദ നികുതി	6458.60	പൊതുജനാരോഗ്യം ജലവിതരണം	5187.00
5.	പ്രവേശന നികുതി	1970.00	തെരുവുവിളക്ക്	91,773.00
6.	പ്രദർശന നികുതി സർചാർജ്ജ്	492.50	മറ്റുള്ളവ	2.48.526.00
7.	ചന്തവരവ്	14725.00	ആകെ	7,83,848,00
8	ലൈസൻസ് ഫീസ്	2283.00		
9.	വസ്തുകൈമാറ്റനികുതി75%	1,24835.00		
10.	വസ്തു കൈമാറ്റ നികുതി25%	50000.00		
11.	മറ്റു വരവുകൾ (ഗ്രാന്റ് ഒഴികെ)	46431.70		
12.	സംഭാവന	880.00		
13	ഡെപ്പോസിറ്റ്	3009.00		
14	മറ്റുള്ളവ	43771.30		

സാമ്പത്തിക നില 1995-96

ഇനം	പൊതുകണക്ക്	മുഖ്യധന കണക്ക്	കടംസംബന്ധിച്ചകണക്ക്
വരവ്	1022727.20	292290.00	8022.90
ചെലവ്	558878	219200.00	5770.00

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം ചെയ്യുന്നതിനുള്ള ഒരു കേന്ദ്രം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.
3. ഗൾഫിലും മറ്റു നാടുകളിലും ജോലിചെയ്യുന്നവരുടെ മിച്ചധനം മടവൂർ സഹകരണബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കുക.
4. സഹകരണബാങ്കിലെയും, മടവൂർ SBT ബ്രാഞ്ചിലെയും നിക്ഷേപതുകയിൽ നിന്ന് പരമാവധി വായ്പകളും അഡ്വാൻസുകളും ഇട പ്രദേശത്ത് തന്നെ നൽകണം
5. ശാസ്ത്ര സാങ്കേതിക മേഖലകളിൽ നിന്ന് പെൻഷൻ പറ്റിയ നാട്ടിലെ വിദഗ്ദ്ധരുടെ സേവനം നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക
6. മറുനാടൻ മലയാളികളുടെ സാമ്പത്തിക സഹായത്തോട്കൂടി ചെറുകിട വ്യവസായങ്ങൾ സ്ഥാപിക്കുക
7. ആഡംബരവീടുകൾക്ക് ആഡംബര നികുതി ചുമത്തിപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.
8. കക്കോട് പാറ പൊട്ടിക്കുന്നതിനുള്ള ലൈസൻസ് കൊടുക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുകയും ടി വരുമാനം വികസനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുക.
9. മടവൂർ പഞ്ചായത്തിൽ മൂന്നാം വാർഡിൽ ഒരു ലക്ഷം രൂപ ചെലവുവരുന്ന അടുക്കോട്ട് കോണം റോഡ് അടുക്കോട്ട് കോണം കോളനി നിവാസികളും സമീപവാസികളും കൂടി ചേർന്ന് ശ്രമദാനമായി നിർമ്മിക്കുവാൻ തീരുമാനിച്ചു.
10. ടി വാർഡിലെ വട്ടക്കൈത- പുലിയൂർകോണം റോഡ് ഗ്രാമവാസികളുടെ സന്നദ്ധ പ്രവർത്തനം കൊണ്ട് നിർമ്മിക്കുവാൻ തീരുമാനിച്ചു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ വരുമാന സാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ.
2. ഭരണചെലവിലുണ്ടായ വർദ്ധനവ്.
3. കോൺട്രാക്ടർമാരും ഇടത്തട്ടുകാരും കവർന്നെടുക്കുന്ന അധികലാഭം
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭിക്കുന്നതിനുള്ള കാലതാമസം
5. പ്രാദേശികാടിസ്ഥാനത്തിൽ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യങ്ങൾ
6. വായ്പകളുടെ ദുർവിനിയോഗം
7. സന്നദ്ധപ്രവർത്തനങ്ങളുടെ അപര്യാപ്തത.
8. സുതാര്യതയില്ലായ്മ

സാധ്യതകളും പരിഹാരങ്ങളും

വരുമാന സാധ്യതകൾ ഉൾക്കൊണ്ട് സമഗ്രമായി കണക്കുകൾ തയ്യാറാക്കി നിലവിലുള്ള നികുതി പിരിവ് കാര്യക്ഷമമാക്കുക.

പഞ്ചായത്ത് ഭരണചെലവ് 1991 മുതൽ ആനുപാതികമായി കൂടിവരികയാണ്. അതിനാൽ ഭരണ ചെലവ് ഗണ്യമായി കുറച്ച് ഭരണ നിപുണത വർദ്ധിപ്പിക്കുകയും സേവനതുറകൾക്ക് പ്രാമുഖ്യം നൽകുകയും വേണം.

ധനകാര്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സ്കീമുകൾ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കുന്നതിന് പ്രത്യേകസംവിധാനം ഉണ്ടാക്കണം.

പഞ്ചായത്ത് ചെലവുകളും വരവുകളും സുതാര്യമാക്കുന്നതിന് വേണ്ടി കണക്കുകൾ പ്രസിദ്ധീകരിക്കുകയും ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ചെയ്യുക.

രജിസ്റ്റർ ചെയ്ത വികസന സമിതികൾക്കും മറ്റ് കേന്ദ്ര, സംസ്ഥാന ഗവ.കളിൽ നിന്ന് വിവിധ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് അടിസ്ഥാനത്തിൽ സഹായധനം ലഭിക്കുന്നത്. ക്രിയാത്മകമായി ഉപയോഗിക്കുവാൻ വേണ്ട സംവിധാനം.

സഹകരണ സ്ഥാപനത്തിൽ ഗൾഫ്മേഖലയിൽ നിന്ന് ലഭിക്കുന്ന നിക്ഷേപം നിയന്ത്രിക്കുവാനും ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായം ആരംഭിക്കുന്നത് വായ്പയായി നൽകുകയും, ഈ വ്യവസായങ്ങളിൽ നിന്ന്കിട്ടുന്ന ലാഭത്തിന്റെ നിശ്ചിത വിഹിതം നിക്ഷേപകന് പലിശയോടൊപ്പം ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. ഇതോടൊപ്പം തന്നെ ടി വ്യവസായ ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിന് ബ്ലോക്ക്ജില്ലാതലങ്ങളിൽ പ്രത്യേക സ്ഥിര സംവിധാനം ഉണ്ടാക്കണം.

ഭരതവാക്യം

പ്രിയമുള്ളവരേ,

ഭാരതത്തിന്റെ ജനാധിപത്യ സംവിധാനക്രമത്തിൽ ജനകീയാസൂത്രണം പുതിയ സംഭവമാണ്. ഈ പ്രവർത്തനത്തിന് മാതൃകകളില്ല സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യതകുറവ്, ഉള്ളവ ശരിയായി വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ, പദ്ധതികളെകുറിച്ചുള്ള ജനങ്ങളുടെ അജ്ഞത, തുടങ്ങിയവ പ്രധാന പോരായ്മകളാണ്. ഇവിടെയാണ് ആസൂത്രണത്തിന്റെ പ്രസക്തിയും പ്രാധാന്യവും.

ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാണ് വികസനം. എന്നാൽ വികസനം ഒരിക്കലും ഒരു ന്യൂനപക്ഷത്തിന്റെ ധനികവൽക്കരണത്തിലേക്കും ഭൂരിപക്ഷത്തിന്റെ ദാരിദ്ര്യവൽക്കരണത്തിലേക്കുമാകരുത്. നീതിപൂർവ്വമായ വിതരണത്തോടൊപ്പം താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ജീവിത ഗുണമേന്മ ജനങ്ങൾക്ക് ഉറപ്പുനൽകാനും കഴിയണം.

ആസൂത്രണ പ്രക്രിയയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പരിഹാരംകണ്ടെത്തേണ്ടതുണ്ട്. വനവൽക്കരണം, സാംസ്കാരികോന്നമനം, വനിതാക്ഷേമം എന്നിവയ്ക്ക് അർഹമായ പ്രാധാന്യം നൽകണം. സംസ്കാരം നമ്മുടെ ജൈവവാസനകളെ സാമൂഹിക പ്രചോദനങ്ങളാക്കിമാറ്റുകയും കർത്തവ്യനിരതരാക്കി ജീവിത സാക്ഷാത്ക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. സാംസ്കാരികരംഗത്തിന്റെ മഹിമ ഉയർത്തുന്നതോടൊപ്പം കള്ള നാണയങ്ങളെ മാറ്റി നിർത്തുകയും വേണം.


സാംസ്കാരികരംഗത്തെ വിവിധധാരകൾ തമ്മിലുള്ള സംഘർഷത്തിന്റെ വേദികളാണ് വിദ്യാലയങ്ങൾ അതുകൊണ്ട് തന്നെ സാംസ്കാരിക പ്രവർത്തന പരിപാടിയിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് വളരെ വലുതാണ്.

വികസന രംഗത്തെ ഒരു കുതിച്ചുചാട്ടത്തിന് വേണ്ടി ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന്റെ നാഴികകല്ലായി ഈ വികസന റിപ്പോർട്ട് മാറുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. എങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

ജില്ലാ റിസോഴ്സ് പേഴ്സൺസ്
മടവൂർ ഗ്രാമപഞ്ചായത്ത്.

ആർ ബാലകൃഷ്ണപിള്ള (കൺവീനർ)
ജെ. തുളസീധരക്കുറുപ്പ്, എ.ആർ.ജലീൽ

വി. എസ്. സതീശ്ചന്ദ്രൻ
എസ്. അരുളീധരൻ



Computerised Typesetting & Scanning: **FLINT Computers**, TVM-1, Phone: 476465
Coverdesign & Layout : **Prasanth Puthoor**, Parishath Bhavan, TVM - 35



Computerised Typesetting & Scanning: FLINT Computers, TVM-1, Phone: 476465
Coverdesign & Layout : Prasanth Puthoor, Parishath Bhavan, TVM - 35
Printed at KSAVRC, Punnapuram, West Fort, Thiruvananthapuram - 24.